# സമൂഹശാസ്ത്രത്തിന് ഒരു ആമുഖം

## (സമൂഹശാസ്ത്രം)

ഭാഗം - 1

XI

കേരളസർക്കാർ

പൊതുവിദ്യാഭ്യാസ വകുപ്പ്

തയാറാക്കിയത്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം

2018

*First Edition*
*March 2006 Chaitra 1928*

***Reprinted***
*June 2014*

**PD 45T MJ**

© ***National Council of Educational Research and Training, 2006***

**ALL RIGHTS RESERVED**

- No part of this publication may be reproduced, stored in a retrieval system or transmitted, in any form or by any means, electronic, mechanical, photocopying, recording or otherwise without the prior permission of the publisher.
- This book is sold subject to the condition that it shall not, by way of trade, be lent, re-sold, hired out or otherwise disposed of without the publisher's consent, in any form of binding or cover other than that in which it is published.
- The correct price of this publication is the price printed on this page, Any revised price indicated by a rubber stamp or by a sticker or by any other means is incorrect and should be unacceptable.

**Rs. .....**

*Printed on 80 GSM paper*

Published by the SCERT, Thiruvananthapuram
Department of Education,
Government of Kerala
&
Printed at:
Centre for Advanced Printing and Training (C-apt),
(Government of Kerala), Thiruvananthapuram

# ആമുഖം

ഏതു വിജ്ഞാനവും മാതൃഭാഷയിൽ പഠിക്കാനും പ്രകാശനം ചെയ്യാനും സാധിക്കും. അതിനുള്ള അവസരം പഠിതാക്കൾക്ക് ഒരുക്കേണ്ടത്, ഏതൊരു പഠന സമ്പ്രദായത്തിന്റെയും അനിവാര്യതയാണ്. അതിന്റെ തുടക്കമെന്ന നിലയ്ക്കാണ് ഹയർസെക്കന്ററി തലത്തിൽ ഭാഷേതര വിഷയങ്ങളിലെ പാഠപുസ്തകങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നത്.

മാതൃഭാഷയിലൂടെയുള്ള വിദ്യാഭ്യാസം, ജ്ഞാനസമ്പാദനത്തിനുള്ള സുഗമമാർഗം എന്നതിനോടൊപ്പം സാംസ്കാരികത്തനിമയുടെ തിരിച്ചറിയൽ കൂടിയാണ്. അതുകൊണ്ടാണ് വികസിതരാജ്യങ്ങൾ മാതൃഭാഷയെ മുഖ്യബോധന മാധ്യമമായി സ്വീകരിച്ചിരിക്കുന്നത്. ഇന്ത്യയിലാകട്ടെ, ദേശീയതലത്തിലുള്ള പ്രധാന പരീക്ഷകളെല്ലാം പ്രാദേശിക ഭാഷകളിൽക്കൂടി നടത്തുന്നതിനുള്ള സംവിധാനവും ഉണ്ടായി വരികയാണ്. ഈയൊരു സാഹചര്യത്തിൽ നമ്മുടെ കുട്ടികളും മാതൃഭാഷയുടെ ശക്തിസൗന്ദര്യങ്ങൾ തിരിച്ചറിഞ്ഞ് വിവിധ വിഷയങ്ങളിൽ ജ്ഞാനനിർമിതിയിൽ ഏർപ്പെടേണ്ടതുണ്ട്. അതിന് അവരെ സജ്ജരാക്കുകയാണ് ഈ പാഠപുസ്തകങ്ങളുടെ മുഖ്യ ലക്ഷ്യം.

പരിഭാഷപ്പെടുത്തിയ പുസ്തകങ്ങളിൽ അതത് വിഷയങ്ങളിലെ സാങ്കേതിക പദങ്ങൾ പരമാവധി മലയാളത്തിലാക്കിയിട്ടുണ്ട്. നമ്മുടെ ഭാഷയിൽ ചിരപരിചിതമായ ഇംഗ്ലീഷ് പദങ്ങളെ അതേപടി സ്വീകരിച്ചിട്ടുമുണ്ട്. വിവർത്തനത്തിന് തീർത്തും വഴങ്ങാത്ത പദങ്ങളെ അതേരീതിയിൽ തന്നെ ഉപയോഗിച്ചിരിക്കുന്നു. മാതൃഭാഷയിൽ പഠിക്കുന്നവർക്ക് ആശയഗ്രഹണം സുഗമമാക്കുന്ന വിധത്തിലാണ് പാഠപുസ്തകരചന നടത്തിയിരിക്കുന്നത്. അതോടൊപ്പം മലയാളഭാഷയുടെ വളർച്ചയ്ക്കും ഈ പ്രവർത്തനം സഹായകമാകുമെന്ന് കരുതുന്നു.

പാഠപുസ്തകവിവർത്തന രംഗത്ത് നമ്മുടെ രാജ്യത്ത് നടന്ന വലിയൊരു കാൽവെപ്പാണ് ഇത്. പ്രഥമ സംരംഭമെന്നനിലയിൽ പല പരിമിതികളും പരിഭാഷയിൽ വന്നിട്ടുണ്ടാകാം. ക്ലാസ്മുറിയിൽ പ്രയോഗത്തിൽ വരുമ്പോഴാണ് അവയെല്ലാം കൂടുതൽ ബോധ്യപ്പെടുക. തുടർന്ന് വരുന്ന ഘട്ടങ്ങളിൽ അവയൊക്കെ പരിഹരിക്കുന്നതിന് എല്ലാ അഭ്യുദയകാംക്ഷികളിൽ നിന്നും വിശിഷ്യ അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരിൽ നിന്നും അഭിപ്രായങ്ങളും നിർദേശങ്ങളും പ്രതീക്ഷിക്കുന്നു.


**ഡോ.ജെ. പ്രസാദ്**

ഡയറക്ടർ,

എസ്.സി.ഇ.ആർ.ടി. കേരളം

# FOREWORD

The National Curriculum Framework (NCF) 2005, recommends that children's life at school must be linked to their life outside the school. This principle marks a departure from the legacy of bookish learning which continues to shape our system and causes a gap between the school, home and community. The syllabi and textbooks developed on the basis of NCF signify an attempt to implement this basic idea. They also attempt to discourage rote learning and the maintenance of sharp boundaries between different subject areas. We hope these measures will take us significantly further in the direction of a child-centred system of education outlined in the National Policy on Education (1986).

The success of this effort depends on the steps that school principals and teachers will take to encourage children to reflect on their own learning and to pursue imaginative activities and questions. We must recognise that, given space, time and freedom, children generate new knowledge by engaging with the information passed on to them by adults. Treating the prescribed textbook as the sole basis of examination is one of the key reasons why other resources and sites of learning are ignored. Inculcating creativity and initiative is possible if we perceive and treat children as participants in learning, not as receivers of a fixed body of knowledge.

These aims imply considerable change in school routines and mode of functioning. Flexibility in the daily time-table is as necessary as rigour in implementing the annual calendar so that the required number of teaching days are actually devoted to teaching. The methods used for teaching and evaluation will also determine how effective this textbook proves for making children's life at school a happy experience, rather than a source of stress or boredom. Syllabus designers have tried to address the problem of curricular burden by restructuring and reorienting knowledge at different stages with greater consideration for child psychology and the time available for teaching. The textbook attempts to enhance this endeavour by giving higher priority and space to opportunities for contemplation and wondering, discussion in small groups, and activities requiring hands-on experience.

The National Council of Educational Research and Training (NCERT) appreciates the hard work done by the textbook development committee responsible for this book. We wish to thank the Chairperson of the advisory group in Social Sciences, Professor Hari Vasudevan and the Chief Advisor for this book, Professor Yogendra Singh for guiding the work of this committee. Several teachers contributed to the development of this textbook; we are grateful to their principals for making this possible. We are indebted to the institutions and organisations which have generously permitted us to draw upon their resources, material and personnel. We are especially grateful to the members of the National Monitoring Committee, appointed by the Department of Secondary and Higher Education, Ministry of Human Resource Development under the Chairpersonship of Professor Mrinal Miri and Professor G.P. Deshpande, for their valuable time and contribution. As an organisation committed to systemic reform and continuous improvement in the quality of its products, NCERT welcomes comments and suggestions which will enable us to undertake further revision and refinement.

***Director***
National Council of Educational Research and Training

New Delhi
*20 December 2005*

## Textbook Development Committee

**Chairperson, Advisory Committee for Social Science Textbooks at the Higher Secondary Level**

Hari Vasudevan, *Professor*, Department of History, University of Kolkata, Kolkata

**Chief Advisor**

Yogendra Singh, *Emeritus Porfessor*, Centre for the Study of Social Systems, Jawaharlal Nehru University, New Delhi

**Members**

Anjan Ghosh, *Fellow*, Centre for Studies in Social Sciences, Kolkata

Arshad Alam, *Lecturer*, Centre for Jawaharlal Nehru Studies, Jamia Milia Islamia, New Delhi

Arvind Chouhan, *Professor*, Department of Sociology, Barkatullah University, Bhopal

**Debal Singh Roy, *Professor*, Department of Sociology, Indira Gandhi National Open University, New Delhi**

Dinesh Kumar Sharma, *Professor*, Department of Education in Social Sciences and Humanities, NCERT

Jitendra Prasad, *Professor*, Department of Sociology, Mahrishi Dayanand University, Rohtak

M.N. Karna, *Professor (Retd.)*, Department of Sociology, North Eastern Hill University, Shillong

Maitrayee Chaudhuri, *Professor*, Centre for the Study of Social Systems, Jawaharlal Nehru University, New Delhi

Manju Bhatt, *Professor*, Department of Education in Social Sciences and Humanities, NCERT

Pushpesh Kumar, *Doctoral Fellow*, Institute of Economic Growth, University of Delhi, Delhi

Rajesh Mishra, *Professor*, Department of Sociology, Lucknow University, Lucknow

Rajiv Gupta, *Professor*, Department of Sociology, University of Rajasthan, Jaipur

S. Srinivasa Rao, *Assistant Professor*, Zakir Husain Centre for Educational Studies, Jawaharlal Nehru University, New Delhi

Satish Deshpande, *Professor*, Department of Sociology, University of Delhi, Delhi

Soumendra Mohan Patnayak, *Professor*, Department of Anthropology, University of Delhi, Delhi

Subhangi Vaidya, *Assistant Director*, Regional Service Division, Indira Gandhi National Open University, New Delhi

**Member-Coordinator**

Sarika Chandrawanshi Saju, *Assistant Professor*, Department of Education in Social Sciences and Humanities, NCERT

# പാഠപുസ്തക വിവർത്തനം

## ശില്പശാലയിൽ പങ്കെടുത്തവർ

**അജിത് ആർ. പിള്ള**
എച്ച്.എസ്.എസ്.ടി, ഡി.ബി.എച്ച്.എസ്.എസ്. പത്തനംതിട്ട

**പ്രവീൺകുമാർ സി.ഡി.**
എച്ച്.എസ്.എസ്.ടി., പി.ടി.എം.എച്ച്.എസ്.എസ്. താഴേക്കോട്, മലപ്പുറം

**ജൻകേഷ് കെ.**
എച്ച്.എസ്.എസ്.ടി., ഇരിട്ടി എച്ച്.എസ്.എസ്. കണ്ണൂർ

**ഫൈസൽ കെ.**
എച്ച്.എസ്.എസ്.ടി., ഇ.എം.ഇ.എ.എച്ച്.എസ്.എസ്. കൊണ്ടോട്ടി, മലപ്പുറം

**സാനു കെ. സുഗതൻ**
എച്ച്.എസ്.എസ്.ടി., ടി.കെ.എം.എച്ച്.എസ്.എസ്. വാണിയംകുളം, പാലക്കാട്

**അബ്ദുൽ സമദ് കെ. സി.**
എച്ച്.എസ്.എസ്.ടി., ജി.എച്ച്.എസ്.എസ്., വടകര, പുത്തൂർ, കോഴിക്കോട്

**മധുസൂദനൻ എം.**
എച്ച്.എസ്.എസ്.ടി., ജി.വി.എച്ച്.എസ്.എസ്. ഇടയന്നൂർ, കണ്ണൂർ

## വിദഗ്ധർ

**ഡോ. സജി പി. ജേക്കബ്**
പ്രിൻസിപ്പൽ, ലയോള കോളേജ് ഓഫ് സോഷ്യൽ സയൻസ് തിരുവനന്തപുരം

**ഡോ. സുന്ദരരാജ് ടി.**
അസി. പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് സോഷ്യോളജി പെരിയാർ യൂണിവേഴ്സിറ്റി, സേലം

**ഡോ. പുഷ്പം എം.**
ഡിപ്പാർട്ട്മെന്റ് ഓഫ് സോഷ്യോളജി, യൂണിവേഴ്സിറ്റി ഓഫ് കേരള

**ഡോ. കെ.എം. ഭരതൻ**
പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് കൾച്ചറൽ ഹെറിറ്റേജ് മലയാളം യൂണിവേഴ്സിറ്റി

## പ്രൂഫ്

**പി. യഹിയ**
ജി.ജി.എം.ജി. എച്ച്.എസ്.എസ്., ചാലപ്പുറം, കോഴിക്കോട്

## ചിത്രങ്ങൾ

**സന്തോഷ് വെളിയന്നൂർ**

## അക്കാദമിക് കോർഡിനേറ്റർ

**അഞ്ജന വി. ആർ. ചന്ദ്രൻ,** റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.

M7C4U2

# ഉള്ളടക്കം


1. സമൂഹശാസ്ത്രവും സമൂഹവും ........................................ 1–29
2. പദങ്ങളും സങ്കൽപ്പനങ്ങളും അവയുടെ ഉപയോഗവും സമൂഹശാസ്ത്രത്തിൽ ........................................ 30–47
3. സാമൂഹികസ്ഥാപനങ്ങളെ മനസ്സിലാക്കൽ ........................................ 48–71
4. സംസ്കാരവും സാമൂഹീകരണവും ........................................ 72–94
5. സമുഹശാസ്ത്രപഠനം - ഗവേഷണരീതികൾ ........................................ 95–119

**ഈ പുസ്തകത്തിൽ സൗകര്യത്തിനായി ചില മുദ്രകൾ ഉപയോഗിച്ചിരിക്കുന്നു.**

| | |
|---|---|
|  | പ്രവർത്തനം |
|  | പദാവലി |
|  | ചോദ്യങ്ങൾ |
|  | ആധാരഗ്രന്ഥങ്ങൾ |

# സമൂഹശാസ്ത്രവും സമൂഹവും

# 1

# SOCIOLOGY AND SOCIETY

## I

### ആമുഖം




'പഠനമേഖല' തിരഞ്ഞെടുക്കുമ്പോൾ നാം നേരിടുന്ന ചില ചോദ്യങ്ങളും നിർദേശങ്ങളുമാണല്ലോ ഇവ.

ഈ നിർദേശങ്ങൾ നമുക്കു പരിശോധിക്കാം. ആദ്യത്തെ നിർദേശം അടുത്ത മൂന്ന് അഭിപ്രായങ്ങളോടും യോജിക്കുന്നവയാണോ? ഒന്നാമത്തേത് ഉത്തരവാദിത്വങ്ങൾ മുഴുവൻ പഠിതാവിൽ നിർത്തുന്നില്ലേ? രണ്ടാമത്തേത് തൊഴിൽ വിപണിയുടെ പ്രാധാന്യം ചൂണ്ടിക്കാട്ടുന്നു. അടുത്ത രണ്ടു നിർദേശങ്ങളും കാര്യങ്ങൾ കൂടുതൽ സങ്കീർണമാക്കുന്നു. നമ്മുടെ വ്യക്തിപരമായ കഴിവുകളോ തൊഴിൽവിപണിയുടെ താൽപ്പര്യങ്ങളോ മാത്രമല്ല – ലിംഗഭേദം, കുടുംബം, സാമൂഹികപശ്ചാത്തലം എന്നിവയൊക്കെച്ചേർന്നാണ് നമ്മൾ എന്തു പഠിക്കണമെന്നതിനെ സ്വാധീനിക്കുന്നത്.

അടിസ്ഥാനപരമായി വ്യക്തിശേഷികൾ മാത്രമല്ല, സാമൂഹികഘടകങ്ങളും പാഠ്യവിഷയതിരഞ്ഞെടുപ്പിനെ സ്വാധീനിക്കുന്ന പ്രധാന ഘടകങ്ങളായി വർത്തിക്കുന്നു. തൊഴിൽവിപണി, സാമൂഹിക-സാമ്പത്തിക സാഹചര്യങ്ങൾ, ലിംഗഭേദം എന്നിവയല്ലാത്ത മറ്റു സ്വാധീനഘടകങ്ങൾ ചൂണ്ടിക്കാട്ടാൻ നിങ്ങൾക്ക് കഴിയുമോ?

'നല്ല തൊഴിൽ' എന്നത് ആരു തീരുമാനിക്കുന്നു? എല്ലാ സമൂഹത്തിലും 'നല്ല തൊഴിൽ' എന്നതിന് ഒരേ വിലയിരുത്തലാണോ ഉള്ളത്? നല്ല തൊഴിൽ എന്നതിന്റെ മാനദണ്ഡം പണമാണോ, സാമൂഹിക അംഗീകാരവും പദവിയുമോ? അല്ലെങ്കിൽ വ്യക്തിപരമായ സംതൃപ്തിമാത്രമോ? സംസ്കാരത്തിനും സാമൂഹികക്രമത്തിനും തീരുമാനമെടുക്കുന്നതിൽ എന്തെങ്കിലും പങ്ക് നിർവഹിക്കാനുണ്ടോ?

മികച്ച വിജയം ലഭ്യമാകാൻ ഒരു വിദ്യാർഥി നല്ല രീതിയിൽ പ്രയത്നിക്കണം. പ്രയത്നം എത്രമാത്രം മികച്ചതാണെന്ന് നിർണയിക്കുന്നത് നിരവധി സാമൂഹികഘടകങ്ങൾ ചേർന്നാണ്. സമ്പദ്‌വ്യവസ്ഥ തൊഴിൽവിപണിയെ നിർവചിക്കുന്നു. സമ്പദ്‌വ്യവസ്ഥയുടെ ആവശ്യങ്ങൾ നിർണയിക്കുന്നത് അതത് സർക്കാരുകളുടെ സാമ്പത്തിക-രാഷ്ട്രീയനയങ്ങളാണ്. ഒരു വ്യക്തിയെന്ന നിലയിൽ നമ്മുടെ സാധ്യതകളെ വിശാലമായ സാമ്പത്തിക-രാഷ്ട്രീയ നയങ്ങളും സ്വന്തം കുടുംബത്തിന്റെ സാമൂഹികപശ്ചാത്തലവും തീരുമാനിക്കുന്നു. ഈ വിലയിരുത്തൽ സമൂഹശാസ്ത്രം എങ്ങനെ മനുഷ്യസമൂഹത്തെ പ്രാഥമികമായി ഒരു പരസ്പരബന്ധിത പൂർണത (Inter connected whole) യായി കാണുന്നു എന്നതിന്റെ ഏകദേശരൂപം നൽകുന്നു. അതോടൊപ്പം വ്യക്തിയും സമൂഹവും പരസ്പരം എങ്ങനെ ബന്ധപ്പെട്ടിരിക്കുകയും സ്വാധീനം ചെലുത്തുകയും ചെയ്യുന്നു എന്നും കാണാം.

പഠിതാവിനെ സംബന്ധിച്ചിടത്തോളം പാഠ്യവിഷയ തിരഞ്ഞെടുപ്പ് എത്രമാത്രം വ്യക്തിപരമായ പ്രശ്നമെന്നതുപോലെത്തന്നെ പൊതുപ്രശ്നം കൂടിയാണെന്ന് വ്യക്തമാണ്. വ്യക്തിഗതപ്രശ്നവും (Personal Problem) പൊതുപ്രശ്നവും (Public Issues) തമ്മിലുള്ള ബന്ധം തുറന്നുകാട്ടുക എന്നത് സമൂഹ ശാസ്ത്രത്തിന്റെ കടമകൂടിയാണ്. ഇതാണ് ഈ പാഠഭാഗത്തിന്റെ പ്രഥമ പ്രതിപാദ്യവിഷയം.

'നല്ല തൊഴിൽ' ('Good Job') എന്നതിൽ വിവിധ സമൂഹങ്ങൾക്ക് വ്യത്യസ്ത സങ്കൽപ്പനമാണെന്നു നമ്മൾ കണ്ടുകഴിഞ്ഞു. ഒരു തൊഴിലിന് സമൂഹത്തിലുള്ള മാന്യത വ്യക്തി ഉൾപ്പെടുന്ന സമൂഹത്തിന്റെ സംസ്കാരം നിർണയിക്കുന്നു. അതായത് തൊഴിൽമാന്യത നിർണയിക്കുന്നത് ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം അയാൾക്ക് പ്രസക്തമായ സമൂഹമാണ് (Relevant Society). എന്താണ് പ്രസക്തമായ സമൂഹം? വ്യക്തിയുടെ സമൂഹത്തെയാണോ അത് അർഥമാക്കുന്നത്? അതോ അയൽപക്കത്തെ ആണോ? അദ്ദേഹത്തിന്റെ സമുദായ (Community) ത്തെയോ? ജാതിയോ വർഗമോ ഏതാണ് പ്രസക്തമായ സമൂഹം? രക്ഷിതാവിന്റെ തൊഴിൽമേഖല നിർവചിച്ച പദവി സമൂഹമാണോ, ദേശമാണോ? ഏതാണത്?

രണ്ടാമതായി, ഒരു വ്യക്തി ആധുനികകാലത്ത് എങ്ങനെ ഒന്നോ അതിലധി

കമോ സമൂഹങ്ങളിൽ അംഗമാകുന്നു എന്നും സമൂഹങ്ങൾ എങ്ങനെ വ്യതിരിക്തമാകുന്നു എന്നും ഈ പാഠഭാഗം നോക്കിക്കാണുന്നു.

മൂന്നാമതായി, സമൂഹശാസ്ത്രം സമൂഹത്തെക്കുറിച്ചുള്ള ഒരു ചിട്ടയായ ശാസ്ത്രീയപഠനമാണെന്ന് ഈ യൂണിറ്റിൽ അവതരിപ്പിക്കുന്നു. ദർശനങ്ങൾ, മതപരമായ പ്രതിഫലനങ്ങൾ എന്നിവയിൽ നിന്നും സമൂഹത്തെക്കുറിച്ചുള്ള സാമാന്യബോധത്തിൽനിന്നും സമൂഹശാസ്ത്രപഠനം എങ്ങനെ വേറിട്ടു നിൽക്കുന്നു എന്ന് ഇവിടെ ചർച്ചചെയ്യുന്നു. നാലാമതായി വിശകലനം ചെയ്യുന്നത് സമൂഹശാസ്ത്രം ജന്മമെടുക്കാനിടയായ ഭൗതികസാഹചര്യങ്ങളുടെയും ധൈഷണികവളർച്ചയുടെ ചരിത്രപശ്ചാത്തലത്തെയുമാണ്. ഈ ആശയങ്ങളും ഭൗതികവികാസങ്ങളും പാശ്ചാത്യമായിരുന്നെങ്കിലും അവയ്ക്ക് ആഗോളഫലങ്ങളുണ്ട്.

അഞ്ചാമതായി ഇന്ത്യയിലെ സമൂഹശാസ്ത്രത്തിന്റെ വളർച്ചയുടെ രീതിയും അതിനു സഹായിച്ച ആഗോളസാഹചര്യങ്ങളും വിശകലനം ചെയ്യുന്നു. ഓരോ പാഠ്യവിഷയത്തിനും അതിന്റേതായ ഒരു ജീവചരിത്രമുണ്ടാകും (Biography). വിഷയത്തെ ആഴത്തിൽ മനസ്സിലാക്കാൻ അവയുടെ വിശകലനം സഹായിക്കും. യൂണിറ്റിന്റെ അന്ത്യത്തിൽ സമൂഹശാസ്ത്രത്തിന് മറ്റു മാനവികവിഷയങ്ങളുമായുള്ള ബന്ധങ്ങളെക്കുറിച്ചും പഠനമേഖലകളെക്കുറിച്ചും ചർച്ചചെയ്യുന്നു.

## II

### സമൂഹശാസ്ത്രസങ്കൽപ്പം: വ്യക്തിഗത പ്രശ്നവും പൊതുപ്രശ്നവും (The Sociological Imagination: The Personal Problem and the Public Issue)

വ്യക്തിപരമായ പ്രശ്നങ്ങളും സാമൂഹികപ്രശ്നങ്ങളും വ്യക്തിയും സമൂഹവും തമ്മിലുള്ള വൈരുധ്യാത്മകബന്ധത്തിലേക്കു നമ്മെ എത്തിക്കുന്ന ചില നിർദേശങ്ങളാണ് ആരംഭത്തിൽ നമ്മൾ കണ്ടത്. സമൂഹശാസ്ത്രജ്ഞർ ഏറെക്കാലമായി ചർച്ചചെയ്തിരുന്ന ആശയമാണിത്. വ്യക്തിഗതവും സാമൂഹികവുമായ പ്രശ്നങ്ങൾ എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നതിന്റെ രഹസ്യം ചുരുളഴിക്കുന്നതിലേക്ക് 'സമൂഹശാസ്ത്രസങ്കൽപ്പം' (Sociological Imagination) എന്ന ആശയം പ്രശസ്ത സമൂഹശാസ്ത്രജ്ഞനായ സി. ഡബ്ല്യൂ. മിൽസ് (C. W. Mills) പ്രയോജനപ്പെടുത്തി.

സമൂഹശാസ്ത്രസങ്കൽപ്പത്തിന് അതിരുകളില്ല.



സമൂഹശാസ്ത്രം പ്രവൃത്തിപഥത്തിൽ

പാർപ്പിടമില്ലായ്മ എന്ന പ്രശ്നത്തെ സമൂഹശാസ്ത്രസങ്കൽപ്പം ഉപയോഗിച്ച് എങ്ങനെ പഠിക്കാമെന്നു നോക്കാം. സമൂഹശാസ്ത്രസങ്കൽപ്പം ഭവനരാഹിത്യത്തെ ഒരു പൊതുപ്രശ്നമായി മനസ്സിലാക്കാനും വിശദീകരിക്കാനും സഹായിക്കുന്നു.

**പാർപ്പിടമില്ലായ്മയുടെ കാരണങ്ങൾ എന്തെല്ലാമായിരിക്കും?**


1. തൊഴിലില്ലായ്മ
2. തൊഴിൽസാധ്യതകൾ
3. ഗ്രാമ-നഗര കുടിയേറ്റം
4. ..........................................

ദേശീയതലത്തിൽ ഗ്രാമീണവികസന മന്ത്രാലയം 1999-2000ത്തിൽ ആരംഭിച്ച ഇന്ദിരാ ആവാസ് യോജന എന്ന പദ്ധതി, അതുപോലെ കേരളത്തിൽ 1970ലെ എം.എൻ. ലക്ഷംവീട് പദ്ധതി 2009-10ൽ ആരംഭിച്ച ഇ.എം.എസ് സമ്പൂർണ ഭവനപദ്ധതി എന്നിവ പാവപ്പെട്ടവർക്കും വീടില്ലാത്തവർക്കും സൗജന്യമായി വീടുവച്ച് നൽകി.

വ്യക്തിഗതപ്രശ്നങ്ങളും സാമൂഹിക പ്രശ്നങ്ങളും തമ്മിലുള്ള ബന്ധങ്ങൾക്ക് കേരള പശ്ചാത്തലത്തിലുള്ള ഉദാഹരണം കണ്ടെത്തുക.

ഈ മേഖലകളെക്കുറിച്ച് വിവരങ്ങൾ ശേഖരിക്കുക. ചെറുഗ്രൂപ്പുകളായി അവ ചർച്ചചെയ്യുക. ഒരു പൊതുവിഷയം എന്ന രീതിയിൽ ഭവനരാഹിത്യത്തെ രാജ്യം എങ്ങനെയാണ് സമഗ്രനടപടികളുമായി സമീപിക്കുന്നത് എന്നു ശ്രദ്ധിക്കുക. ഉദാ: ഇന്ദിരാ ആവാസ് യോജന.

സി.ഡബ്ല്യു. മിൽസിന്റെ ലേഖനഭാഗമാണ് താഴെ നൽകിയിരിക്കുന്നത്. അത് വായിച്ചശേഷം ചിത്രവും റിപ്പോർട്ടും കാണുക. ഭവനരഹിതരും ദരിദ്രരുമായവരുടെ ചിത്രം ശ്രദ്ധിക്കുക.



*ചരിത്രത്തെക്കുറിച്ചും ജീവചരിത്രത്തെക്കുറിച്ചും (History and Biography) ധാരണ ഉളവാക്കാനും സമൂഹത്തിൽ അവ തമ്മിലുള്ള ബന്ധം മനസ്സിലാക്കാനും സമൂഹശാസ്ത്ര സങ്കൽപ്പം നമ്മെ സഹായിക്കുന്നു എന്നതാണ് ഇതിന്റെ കർത്തവ്യവും വാഗ്ദാനവും. സമൂഹശാസ്ത്ര സങ്കൽപ്പത്തിന്റെ ഏറ്റവും ഫലവത്തായ വ്യതിരിക്ത പ്രവർത്തനം വ്യക്തിഗതപ്രശ്നങ്ങൾക്കും സമൂഹഘടനയിലെ പൊതുപ്രശ്നങ്ങൾക്കും ഇടയിലുള്ളതാണ്. പ്രശ്നങ്ങൾ ഉണ്ടാവുന്നത് വ്യക്തിയുടെ സ്വഭാവത്തിലും ഏറ്റവും അടുത്ത ബന്ധങ്ങളുടെ വ്യാപ്തിയിലുമാണ്. ഈ പ്രശ്നങ്ങൾ അവരെയും അവരുടെ ചുറ്റുപാടുകളെയും ബാധിക്കുന്നുവെന്ന് അവർ തിരിച്ചറിയുന്നു.*

*സമൂഹം വ്യവസായവൽക്കരിക്കപ്പെടുമ്പോൾ കർഷകൻ തൊഴിലാളിയായി മാറുന്നു. ഫ്യൂഡൽ പ്രഭു പാപ്പരാവുകയോ കച്ചവടക്കാരനാവുകയോ ചെയ്യുന്നു. വർഗഘടനയിൽ മാറ്റം വരുമ്പോൾ ഒരു വ്യക്തി തൊഴിലാളിയോ തൊഴിൽരഹിതനോ ആകുന്നു. നിക്ഷേപത്തിന്റെ നിരക്ക് ഉയരുമ്പോഴോ താഴുമ്പോഴോ ഒരാൾ ആവേശം കൊള്ളുകയോ നിരാശനാവുകയോ ചെയ്യുന്നു. യുദ്ധമുണ്ടാകുമ്പോൾ ഇൻഷുറൻസ് വിപണികാരൻ റോക്കറ്റ് വിക്ഷേപകനായിമാറുന്നു. സ്റ്റോർ സൂക്ഷിപ്പുകാരൻ റഡാർ വിദഗ്ധനായി പരിണമിക്കുന്നു. ഭാര്യക്ക് ഒറ്റയ്ക്ക് ജീവിക്കേണ്ടിവരുന്നു. കുട്ടിക്ക് പിതാവില്ലാതെ വളരേണ്ടിവരുന്നു. ഒരു വ്യക്തിയുടെ ജീവിതത്തെയോ സമൂഹത്തിന്റെ ചരിത്രത്തെയോ മനസ്സിലാക്കണമെങ്കിൽ രണ്ടും കൂടി മനസ്സിലാക്കാതെ പറ്റില്ല.*

*(മിൽസ് 1959)*

# III

## സമൂഹങ്ങളിലെ ബഹുസ്വരതയും അസമത്വങ്ങളും (Pluralities and inequalities among societies)

ആധുനികകാലത്ത് നമ്മൾ ഒരേസമയം ഒന്നിലധികം സമൂഹങ്ങളിൽ അംഗങ്ങളാണ്. നമ്മുടെ സമൂഹം എന്നു പ്രയോഗിക്കുമ്പോൾ വ്യത്യസ്ത സാഹചര്യങ്ങളിൽ വ്യത്യസ്തമായ അർഥമാണ് ഉളവാക്കുന്നത്. വിദേശികൾക്കൊപ്പം നിൽക്കുമ്പോൾ, നമ്മൾ 'നമ്മുടെ സമൂഹം' എന്നു പറയുന്നത് ഇന്ത്യൻ സമൂഹത്തെയാണ്. എന്നാൽ ഇന്ത്യക്കാർക്കൊപ്പമാകുമ്പോൾ അത് ഭാഷാവിഭാഗത്തെയോ അല്ലെങ്കിൽ വംശീയസമുദായത്തെയോ അതുമല്ലെങ്കിൽ മതത്തെയോ ജാതിയെയോ ഗോത്രത്തെയോ സൂചിപ്പിച്ചേക്കാം.

നമ്മൾ ഏതു സമൂഹത്തെയാണ് ഉദ്ദേശിക്കുന്നത് എന്ന് തിരിച്ചറിയുന്നത് ഈ വൈവിധ്യം പ്രയാസകരമാക്കുന്നു. ഇതു സമൂഹശാസ്ത്രജ്ഞരെ മാത്രമല്ല കുഴക്കുന്നത്. സമൂഹവിശകലനത്തിൽ എവിടെ ശ്രദ്ധ കേന്ദ്രീകരിക്കണം എന്നത് സമൂഹശാസ്ത്രത്തിന്റെ ഏറ്റവും പ്രധാന വിഷയമാണ്.


മഹാനായ ചലച്ചിത്രകാരൻ സത്യജിത്ത് റായ് തന്റെ ചലച്ചിത്രങ്ങളിൽ സമൂഹത്തിലെ എന്തു സവിശേഷതകളിലാണ് ശ്രദ്ധകേന്ദ്രീകരിക്കേണ്ടത് എന്നു പലപ്പോഴും ആശങ്കപ്പെട്ടിട്ടുണ്ട്.

*നിങ്ങൾ നിങ്ങളുടെ സിനിമയുടെ പ്രമേയമായി എന്തു തിരഞ്ഞെടുക്കും? എന്തെല്ലാം ഒഴിവാക്കും? പശുക്കൾ മേഞ്ഞുനടക്കുന്ന, ആട്ടിടയന്മാർ ഓടക്കുഴൽ മീട്ടുന്ന, അനന്തമായി നീണ്ടുകിടക്കുന്ന വയലുകളുള്ള ഗ്രാമത്തിലേക്ക് നഗരത്തെ ഉപേക്ഷിച്ച് നിങ്ങൾ പോകുമോ? തോണിക്കാരന്റെ മൃദുലതാളത്തിലുള്ള പാട്ടുകളടങ്ങിയ ശുദ്ധമായൊരു സിനിമ നിങ്ങൾക്ക് നിർമിക്കാനാവുമോ? അല്ലെങ്കിൽ ഇതിഹാസങ്ങളിലും പുരാണങ്ങളിലുമുള്ള ദൈവങ്ങളും ദുർദേവതകളും, സഹോദരങ്ങൾ തമ്മിലുള്ള യുദ്ധത്തിൽ പക്ഷംപിടിക്കുന്ന സിനിമ എടുക്കാം. അല്ലെങ്കിൽ വർത്തമാനകാലത്തിൽ പൈശാചികതനിറഞ്ഞ, അന്ധാളിപ്പിക്കുന്ന നഗരത്തിന്റെ ഹൃദയപശ്ചാത്തലത്തിൽ കാഴ്ചയുടെ സന്തുലിതാവസ്ഥയുണ്ടാക്കാൻ ശ്രമിക്കുമോ?*

*ഗ്രാമത്തിലെ ഓലമേഞ്ഞ ചെറിയ ചായക്കടയുടെ മുമ്പിലുള്ള പൊടിപടലം നിറഞ്ഞ റോഡിൽ അവനിരിക്കുന്നത് ഞാൻ കണ്ടു. ഒരു കപ്പും സോസ്സറും വ്യക്തമായി കാണത്തക്കരീതിയിൽ അവന്റെയടുത്ത് വച്ചിരിക്കുന്നു. അസ്പൃശ്യനായ ഒരു വ്യക്തി ചായ വാങ്ങാൻ വന്നു എന്നുള്ളതിന് കടക്കാരനുള്ള നിശ്ശബ്ദമായ അടയാളമായിരുന്നു അത്. മുറുക്കിച്ചുവന്ന, കറപിടിച്ച പല്ലുകളുള്ള, നാൽപ്പതു വയസ്സുള്ള 'മൂലി' ആയിരുന്നു അത്. അവന്റെ മുടി നീട്ടിവളർത്തപ്പെട്ടിരുന്നു.*


(Freeman: 1978).

സമൂഹങ്ങൾക്കിടയിലെ വ്യത്യാസങ്ങൾക്ക് അസമത്വങ്ങൾ എങ്ങനെ കേന്ദ്രമായി വർത്തിക്കുന്നുവെന്ന് അമർത്യാ സെൻ ചൂണ്ടിക്കാണിക്കുന്നു: *ഇന്ത്യക്കാരിൽ ചിലർ സമ്പന്നരാണ്, ബഹുഭൂരിപക്ഷവും ദരിദ്രരാണ്. ചിലർ വിദ്യാഭ്യാസം നേടിയവർ, മറ്റു ചിലർ നിരക്ഷരരും. ചിലർ കഷ്ടപ്പെട്ട് പണിയെടുത്തു ജീവിക്കുന്നു, മറ്റു ചിലർ സുഖലോലുപതയിൽ ജീവിതം ആസ്വദിക്കുന്നു. കുറച്ചുപേർ രാഷ്ട്രീയമായി ശക്തരാണെങ്കിൽ മറ്റുള്ളവർക്കെതീരെ സ്വാധീനമില്ലാത്തവർ. വളരാനും മുന്നേറാനും*



അമർത്യാ സെൻ







ഇന്ത്യൻ ജനസംഖ്യയുടെ 31 ശതമാനത്തിനു മാത്രമേ ശുചീകരണസൗകര്യം ലഭ്യമായിട്ടുള്ളൂ എന്ന് ഇന്ത്യാ ഗവൺമെന്റിന്റെ ഇക്കോണമിക് സർവേ ചൂണ്ടിക്കാട്ടുന്നു. സാമൂഹിക അസമത്വത്തിന്റെ മറ്റു സൂചകങ്ങൾ കണ്ടെത്തുക. ഉദാഹരണത്തിന് വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ തുടങ്ങിയവ.


**പട്ടിണി**
**ലോകത്തെ കൊല്ലുന്നു**

- ശീതയുദ്ധകാലം നിലനിന്ന പട്ടിണി 2005ൽ ലോകമാകെ 6 മില്യൺ ആളുകളെ കൊന്നു
- എയ്ഡ്സും മലേറിയയും ക്ഷയരോഗവും കാരണമുള്ള മരണത്തേക്കാൾ പട്ടിണിയും അനുബന്ധ രോഗങ്ങളും കൂടുതൽ ജീവനുകൾ എടുക്കുന്നു.
- പോഷകാഹാരക്കുറവിനാൽ ഹെയ്ത്തിയിൽ മണിക്കൂറിൽ അഞ്ചു വയസ്സിൽ താഴെയുള്ള ഒരു കുട്ടി വീതം മരിക്കുന്നു.
- ലോകത്തിന്റെ പട്ടിണി അവസാനിപ്പിക്കാൻ കുട്ടികളുടെ [illegible] ചെലവിച്ചാൽ മതിയാകും.









**മേദസ്സ് തകർക്കുക.....**

[illegible] രാജ്യങ്ങളിൽ [illegible] ഇന്ത്യയും [illegible]. [illegible] വർധിപ്പിക്കുന്ന ഭക്ഷണം [illegible]



**ചിത്രങ്ങളിൽ പ്രതിപാദിക്കുന്ന നാനാത്വങ്ങളെയും അസമത്വങ്ങളെയും കുറിച്ച് ചർച്ചചെയ്യുക.**

*സാധ്യതകളുള്ളവരായി ചിലർ, ഒരു സാധ്യതയുമില്ലാതെ മറ്റു പലർ, നിയമപാലകരാൽ ബഹുമാനിതരായി ചിലർ, മറ്റുചിലർ അഴുക്കിന് സമാനമായപരിഗണന മാത്രമുള്ളവർ. അസമത്വത്തിന്റെ വിവിധതരങ്ങളാണ് ഇവ. ഇവയ്ക്ക് ഓരോന്നിനും ഗൗരവമേറിയ ശ്രദ്ധവേണ്ടതുണ്ട്. (അമർത്യാ സെൻ 2005:210–11)*


# IV

## സമൂഹശാസ്ത്രത്തെ പരിചയപ്പെടൽ (Introducing Sociology)

പരസ്പരബന്ധിതപൂർണത എന്ന നിലയിൽ സമൂഹത്തെ പഠിക്കുക എന്നതാണ് സമൂഹശാസ്ത്രത്തിന്റെ പ്രധാന താൽപ്പര്യം എന്നും സമൂഹശാസ്ത്ര സങ്കൽപ്പത്തെക്കുറിച്ചും നാം മനസ്സിലാക്കി. ഒരു വ്യക്തിയുടെ തിരഞ്ഞെടുക്കലും തൊഴിൽവിപണിയും എന്നതിനെക്കുറിച്ചുള്ള ചർച്ചയിൽ സാമ്പത്തിക, രാഷ്ട്രീയ, കുടുംബ, സാംസ്കാരിക, വിദ്യാഭ്യാസ, സമൂഹികസ്ഥാപനങ്ങൾ എങ്ങനെയാണ് പരസ്പരബന്ധിതമായി വർത്തിക്കുന്നത് എന്നു കണ്ടെത്താൻ കഴിഞ്ഞു. ഒരു വ്യക്തി ഇവമൂലം സമൂഹത്തിൽ എത്രമാത്രം നിയന്ത്രിക്കപ്പെടുന്നുവെന്നും അവയെ എത്രമാത്രം മാറ്റിയെടുക്കാമെന്നും മനസ്സിലാക്കി. വരുംപാഠഭാഗങ്ങളിൽ സമൂഹശാസ്ത്രസങ്കൽപ്പനങ്ങളും അതിലെ ചില പദങ്ങളും പരിചയപ്പെടും. സമൂഹശാസ്ത്രമെന്നത് സാമൂഹികജീവിതത്തിന്റെയും സംഘങ്ങളുടെയും സമൂഹങ്ങളുടെയും പഠനമാണ്. സാമൂഹികജീവികളെന്ന നിലയിലുള്ള നമ്മുടെ പെരുമാറ്റങ്ങളാണ് ഇതിന്റെ പഠനവിഷയം.

മനുഷ്യരാശിയുടെ വിവിധ ഘട്ടങ്ങളിൽ തങ്ങളുടെ സമൂഹത്തെക്കുറിച്ച് തനതായ രീതിയിൽ ഓരോ സമൂഹവും നിരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്. വ്യത്യസ്ത സംസ്കാരങ്ങളിലെയും കാലഘട്ടങ്ങളിലെയും തത്ത്വചിന്തകരുടെയും മതപുരോഹിതരുടെയും നിയമനിർമാതാക്കളുടെയും രചനകൾ ഇതിന് തെളിവാണ്.

സമൂഹത്തെക്കുറിച്ച് മതങ്ങളുടെയും ദാർശനികരുടെയും കാഴ്ചപ്പാട് ധാർമികതയും അധാർമികതയും അടങ്ങിയ മനുഷ്യപെരുമാറ്റത്തെക്കുറിച്ചും അനുഗുണമായ ജീവിതരീതി



കളെക്കുറിച്ചും ഒരു നല്ല സമൂഹത്തെക്കുറിച്ചുമാകുമ്പോൾ, സമൂഹത്തെ സമൂഹശാസ്ത്രം നോക്കിക്കാണുന്നത് വ്യത്യസ്തമായാണ്. ഉദാഹരണത്തിന് 'മൂല്യങ്ങളും' 'വഴക്കങ്ങളും' പരിശോധിക്കാം. മേൽപ്പറഞ്ഞവർ മൂല്യങ്ങളെയും വഴക്കങ്ങളെയും പിന്തുടരേണ്ട ലക്ഷ്യങ്ങൾ എന്ന നിലയിലല്ല, അവ സമൂഹത്തിൽ യഥാർഥത്തിൽ പ്രാവർത്തികമാകുന്ന രീതിക്കാണ് പ്രാധാന്യം നൽകുന്നത്.

രാജ്യങ്ങൾ തമ്മിലുള്ളതോ രാഷ്ട്രീയമായതോ ആയ സംഘർഷങ്ങൾക്കിടയിൽ എതിർചേരിയുടെ രഹസ്യങ്ങൾ ചോർത്തിയെടുക്കുക എപ്പോഴും ഗുണമായി ഭവിക്കാറുണ്ട്. അങ്ങനെയാകണമെങ്കിൽ പക്ഷപാതരഹിതമായ വിവരങ്ങൾ ലഭ്യമാകേണ്ടത് അനിവാര്യമാണ്. ചാരൻ തന്റെ മേലുദ്യോഗസ്ഥന്റെ താൽപ്പര്യങ്ങൾക്കനുസൃതമായതോ ഹിതകരമായതോ ആയ വിവരങ്ങൾ മാത്രമാണ് നൽകുന്നതെങ്കിൽ ആ വിവരങ്ങൾ തന്റെ പക്ഷത്തിന് ഉപയോഗശൂന്യമായി മാറുന്നു.

പീറ്റർ ബർജറിന്റെ അഭിപ്രായത്തിൽ, സമൂഹശാസ്ത്രജ്ഞൻ ഒരു ചാരനെപ്പോലെ പ്രവർത്തിക്കണം. ഒരു പ്രത്യേക സംഭവത്തെക്കുറിച്ച് എത്രമാത്രം കൃത്യതയോടുകൂടി റിപ്പോർട്ട് ചെയ്യാമോ, അത്രയും കൃത്യമായി റിപ്പോർട്ട് ചെയ്യണം. (പീറ്റർ എൽ. ബർജർ 1963:16–17)

## V

## സമൂഹശാസ്ത്രവും സാമാന്യബോധ ജ്ഞാനവും (Sociology and Common Sense Knowledge)

മതത്തിന്റെയും തത്ത്വശാസ്ത്രത്തിന്റെയും നിരീക്ഷണങ്ങൾ സമൂഹശാസ്ത്ര നിരീക്ഷണങ്ങളിൽനിന്നു വ്യത്യസ്തമായിരിക്കുന്നതുപോലെ, സമൂഹശാസ്ത്രനിരീക്ഷണങ്ങൾ സാമാന്യബോധജ്ഞാന (Common Sense Knowledge) ത്തിലധിഷ്ഠിതമായ നിരീക്ഷണങ്ങളിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു. സാമാന്യ ബോധ വിശദീകരണങ്ങളുടെ അടിസ്ഥാനം സ്വാഭാവികമോ (Naturalistic) വ്യക്തിപരമോ (Individualistic) ആണ്. സാമാന്യ ജ്ഞാനത്തിലധിഷ്ഠിതമായ ചില നിഗമനങ്ങൾ ഏതൊരു വിഷയത്തെക്കുറിച്ചും നമുക്ക് ഉണ്ടായേക്കാം. അവ ശരിയോ തെറ്റോ ആയേക്കാം. ഇവയ്ക്ക് യാതൊരു ശാസ്ത്രീയ അടിത്തറയും ഉണ്ടാകണമെന്നില്ല.

സാമാന്യജ്ഞാനനിരീക്ഷണങ്ങൾ വ്യക്തിപരമായതിനാലും ശാസ്ത്രീയമായ അടിത്തറ ഇല്ലാത്തതിനാലും സമൂഹശാസ്ത്രം അവയെ അംഗീകരിക്കുന്നില്ല.

| സമൂഹശാസ്ത്രം | സാമാന്യബോധജ്ഞാനം |
|---|---|
| • ശാസ്ത്രീയമായ രീതിശാസ്ത്രം ഉപയോഗിക്കുന്നു.<br>• ചിട്ടയാർന്ന ചോദ്യങ്ങൾ ഉപയോഗിക്കുന്നു.<br>• പഠനരീതികളുടെയും വിവരശേഖരണത്തിന്റെയും ഒരു ചട്ടക്കൂട് ഉപയോഗിക്കുന്നു.<br>• കണ്ടെത്തലുകളെ വീണ്ടും ശാസ്ത്രീയമായ പരിശോധനയ്ക്കു വിധേയമാക്കാം.<br>• എല്ലാ അറിവുകളെയും ചോദ്യം ചെയ്യാൻ അനുവദിക്കുന്നു.<br>• അറിവിന്റെ യാഥാർഥ്യത്തെ അറിയാൻ ശ്രമിക്കുന്നു. | • ശാസ്ത്രീയതയോ ചട്ടക്കൂടോ പുനപ്പരിശോധനയോ ഇല്ല.<br>• സ്വയംപ്രതിഫലന (Self reflexivity) സാധ്യതയില്ല.<br>• സാമാന്യജ്ഞാനത്തിന്റെ കണ്ടെത്തലുകളുടെ ഉൽപ്പത്തി ചോദ്യം ചെയ്യപ്പെടാറില്ല.<br>• എന്തിന് ഇതിൽ വിശ്വസിക്കണമെന്ന ചോദ്യമില്ല. |




ഭവനരാഹിത്യവുമായി ബന്ധപ്പെട്ട് ദാരിദ്ര്യത്തെക്കുറിച്ച് നമ്മൾ നേരത്തേ ചർച്ചചെയ്തിരുന്നല്ലോ. മറ്റു സാമൂഹികപ്രശ്നങ്ങളെക്കുറിച്ച് ചിന്തിക്കുക. അവ എങ്ങനെ സമൂഹശാസ്ത്രപരമായി വിശദീകരിക്കാമെന്നു കണ്ടെത്തുക.

ഒരു ഉദാഹരണം നോക്കാം:

| വിശദീകരണം | സാമാന്യബോധജ്ഞാന വിശദീകരണം | സമൂഹശാസ്ത്ര വിശദീകരണം |
|---|---|---|
| • ദാരിദ്ര്യം | • ജനങ്ങൾക്കു ജോലിചെയ്യാൻ താൽപ്പര്യമില്ലാത്തതുകൊണ്ട്.<br>• കുടുംബപ്രശ്നങ്ങൾ മൂലം.<br>• കൃത്യമായി വരവുചെലവുകൾ സന്തുലിതമാക്കാൻ കഴിവില്ല.<br>• ബുദ്ധിക്കുറവും സൂക്ഷ്മതയില്ലായ്മയും | • സമൂഹത്തിലെ വർഗ അസമത്വമാണ് ഇതിനു കാരണം.<br>• സ്ഥിരമായ തൊഴിലില്ലാത്തതുകൊണ്ട്<br>• കുറഞ്ഞ വേതനം<br>• അവസരങ്ങളില്ലായ്മ |

## അറിവിന്റെ സ്രോതസ്സുകൾ




സമൂഹശാസ്ത്രം തത്ത്വശാസ്ത്രചിന്തയിൽനിന്നും മതചിന്തയിൽനിന്നും സാമാന്യബോധ ധാരണകളിൽനിന്നും തികച്ചും വ്യത്യസ്തമായി നിൽക്കുന്നു.

**അപ്രതീക്ഷിത ബന്ധങ്ങൾ**

*അച്ഛനിൽനിന്നു മകനിലേക്കു പാരമ്പര്യസ്വത്ത് കൈമാറ്റം ചെയ്യപ്പെടുക എന്നതാണ് ഇന്ത്യൻ സമൂഹത്തിൽ സാധാരണയായി കണ്ടുവരുന്നത്. പിതൃദായക്രമം എന്ന നിലയിലാണ് ഇത് മനസ്സിലാക്കപ്പെടുന്നത്. സ്ത്രീകൾക്ക് പാരമ്പര്യസ്വത്തവകാശം നൽകപ്പെടില്ല എന്നു മനസ്സിലാക്കി ഇന്ത്യാ ഗവൺമെന്റ് കാർഗിൽ യുദ്ധത്തിൽ മരണപ്പെട്ടവർക്കുള്ള നഷ്ടപരിഹാരത്തുക വിധവകൾക്കുതന്നെ നൽകാൻ നടപടി സ്വീകരിച്ചു.*

*അപ്രതീക്ഷിതമായ ചിലതു സംഭവിച്ചു. ചിലയിടങ്ങളിൽ വിധവകളെ നിർബന്ധിതമായി മരിച്ചയാളുടെ സഹോദരങ്ങളെക്കൊണ്ട് വിവാഹം കഴിപ്പിച്ചു. പ്രായത്തിൽ കുറഞ്ഞവരും കുട്ടികളുമായിപ്പോലും വിവാഹം നടത്തപ്പെട്ടു. നഷ്ടപരിഹാരത്തുക മരിച്ച ആളുകളുടെ കുടുംബത്തിൽത്തന്നെ ലഭിക്കാനുള്ള തന്ത്രമായിരുന്നു അത്. ഇത്തരത്തിൽ സർക്കാരിന്റെയോ സമൂഹത്തിന്റെയോ പ്രവർത്തനങ്ങളുടെ അപ്രതീക്ഷിത പരിണതഫലങ്ങൾക്ക് മറ്റ് ഉദാഹരണങ്ങൾ കണ്ടെത്താമോ?*

സങ്കൽപ്പനങ്ങളുടെയും പഠനരീതികളുടെയും ദത്തങ്ങളുടെയും ചട്ടക്കൂട് സമൂഹശാസ്ത്രത്തിനുണ്ട്. അവയ്ക്ക് പകരംവയ്ക്കാൻ സാമാന്യബോധത്തിനാവില്ല. സാമാന്യബോധം സ്വയംപ്രതിഫലനത്തിന് (Self Reflexivity) വിധേയമാകുന്നില്ല. എന്തിന് നാം ഇത് വിശ്വസിക്കണമെന്ന ചോദ്യം ചെയ്യലുണ്ടാകുന്നില്ല. എന്നാൽ സമൂഹശാസ്ത്രജ്ഞർ സ്വന്തം വിശ്വാസം എത്ര വിലപ്പെട്ടതായി കരുതപ്പെടുന്നതായാലും അതിനെ ചോദ്യം ചെയ്യുന്നവരായിരിക്കും. ശാസ്ത്രീയ അന്വേഷണത്തിന്റെ വിശാലതയിൽനിന്നാണ് സമൂഹശാസ്ത്രത്തിന്റെ ക്രമബദ്ധതയും ചോദ്യംചെയ്യലുകളും നിർവചിക്കപ്പെട്ടിട്ടുള്ളത്. ആധുനികശാസ്ത്രത്തിന്റെ വളർച്ചയുടെ സ്വാധീനം സമൂഹശാസ്ത്രത്തിൽ എങ്ങനെയാണ് ചെലുത്തപ്പെടുന്നതെന്നും സമൂഹശാസ്ത്രവീക്ഷണത്തിന്റെ ഉദയത്തെ സ്വാധീനിച്ച സാമൂഹികസാഹചര്യങ്ങളെക്കുറിച്ചും മനസ്സിലാക്കേണ്ടത് സമൂഹശാസ്ത്രത്തിന്റെ ഉത്ഭവം പഠിക്കാൻ അനിവാര്യമാണ്.

# VI

## സമൂഹശാസ്ത്ര രൂപീകരണത്തിൽ ബൗദ്ധിക ആശയങ്ങളുടെ പങ്ക് (The Intellectual Ideas that went into the making of Sociology)

സ്വാഭാവികപരിണാമത്തിന്റെ (Natural Evolution) ശാസ്ത്രതത്ത്വങ്ങളും ആധുനികപൂർവ സമൂഹ(Pre-modern Societies) ത്തെക്കുറിച്ചുള്ള സഞ്ചാരികളുടെയും കോളനിഭരണാധികാരികളുടെയും കണ്ടെത്തലുകളും സമൂഹശാസ്ത്രജ്ഞരെയും നരവംശശാസ്ത്രജ്ഞരെയും വളരെയധികം സ്വാധീനിച്ചു. സമൂഹത്തെ പല വിഭാഗങ്ങളായി വർഗീകരിക്കുന്നതിനും സാമൂഹികവികസനത്തിലെ ഘട്ടങ്ങൾ വേർതിരിക്കുന്നതിനും ഇത് അവരെ സഹായിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ സമൂഹത്തെ പലതരത്തിൽ വിഭജിക്കുന്നതിനുള്ള പരിശ്രമങ്ങളെക്കുറിച്ച് 19-ാംനൂറ്റാണ്ടിലെ അഗസ്ത് കോംതേ, കാൾ മാക്സ്, ഹെർബർട്ട് സ്പെൻസർ എന്നിവരുടെ കൃതികൾ ചൂണ്ടിക്കാണിക്കുന്നു.

- നായാടി – സമാഹരണസമൂഹങ്ങൾ, ഇടയ – കാർഷികസമൂഹങ്ങൾ, കാർഷിക-വ്യാവസായികേതര സമൂഹങ്ങൾ എന്നിങ്ങനെയുള്ള പൂർവാധുനിക സമൂഹങ്ങളും വ്യാവസായികസമൂഹങ്ങളെ പോലെയുള്ള ആധുനികസമൂഹങ്ങളും ഇവയ്ക്കുദാഹരണങ്ങളാണ്.


ഈ വീക്ഷണം വച്ചുപുലർത്തിയവർ, പാശ്ചാത്യർ വളരെയധികം പുരോഗതി പ്രാപിച്ചവരും സംസ്കാരസമ്പന്നരുമാണെന്നു വിശ്വസിച്ചു. പാശ്ചാത്യേതര സമൂഹങ്ങളെ അപരിഷ്കൃതവും അവികസിതവുമായാണ് അവർ കണ്ടിരുന്നത്. ഇന്ത്യയുടെ കൊളോണിയൽ അനുഭവത്തെയും ഈ പശ്ചാത്തലത്തിലാണ്

കാണേണ്ടത്. ഇന്ത്യയിലെ ജനങ്ങളെ അപരിഷ്കൃതരായാണ് കൊളോണിയൽഭരണാധികാരികൾ കണ്ടത് (Singh, 2004: 19). 'സമൂഹത്തെ മനസ്സിലാക്കൽ' എന്ന പുസ്തകത്തിൽ (NCERT - 2006) ഇന്ത്യൻ സമൂഹശാസ്ത്ര ചിന്തകളും, സമൂഹശാസ്ത്രത്തിന്റെ താൽപ്പര്യങ്ങളും ശീലങ്ങളും വിശദമായി ചർച്ചചെയ്യുന്നു (Chowdary, 2003).

സമൂഹശാസ്ത്രത്തിന്റെ ആദ്യകാല ചിന്തയെ ഏറ്റവും സ്വാധീനിച്ചത് ഡാർവിന്റെ പരിണാമസിദ്ധാന്തമാണ്.

ഡാർവിന്റെ ആശയങ്ങൾ അടിസ്ഥാനമാക്കി സമൂഹത്തെ പലരും ഒരു ജൈവവസ്തുവുമായി താരതമ്യം ചെയ്യാൻ തുടങ്ങി. ഒരു ജൈവവസ്തുവിന്റെ ജീവിതത്തിൽ പല ഘട്ടങ്ങളുമുള്ളതുപോലെ സമൂഹത്തിന്റെ വികസനത്തിലും പല ഘട്ടങ്ങൾ കണ്ടെത്താനുള്ള ശ്രമങ്ങൾ നടന്നു.

നിരവധി ഭാഗങ്ങളടങ്ങിയ വ്യവസ്ഥിതിയായി



പരിഷ്കൃത പൗരസമൂഹം എന്നത് നിയതമല്ലാത്ത, ഇഴുകിച്ചേരാത്ത സജാതീയമായ ഒന്നിൽനിന്നു നിയതമായ ഇഴുകിച്ചേർന്ന വൈജാത്യത്തിലേക്കുള്ള പുരോഗതിയാണ്.

–ഹെർബർട്ട് സ്പെൻസർ


സമൂഹത്തെ കാണുന്നതും ഓരോ ഭാഗവും അവരവരുടെ ധർമങ്ങൾ ചെയ്യുന്നതുമായ കാഴ്ചപ്പാട് കുടുംബം, വിദ്യാലയങ്ങൾ, സാമൂഹികസ്ഥാപനങ്ങൾ എന്നിവയെക്കുറിച്ചുള്ള പഠനത്തെ സ്വാധീനിച്ചു. ശ്രേണീകരണത്തെപ്പോലെയുള്ള ഘടനാപരമായ അവസ്ഥകൾ മനസ്സിലാക്കാനും ഇവ ഏറെ സഹായിച്ചു. സമൂഹശാസ്ത്ര നിർമിതിയിലേക്കു നയിച്ച ഭൗതികാശയങ്ങളുടെ പങ്ക് സമൂഹശാസ്ത്രത്തിന്റെ



*ഫ്രഞ്ച് വിപ്ലവം കൊണ്ടുവന്ന സാമൂഹിക മാറ്റങ്ങളും വിപ്ലവാനന്തരമുണ്ടായ അരാജകത്വവും ഫ്രഞ്ച് ചിന്തകരായ സെന്റ് സിമോണിനെയും അഗസ്ത് കോംതേയെയും ആഴത്തിൽ സ്വാധീനിച്ചു. ഈ മാറ്റങ്ങളെ സൈദ്ധാന്തികമായി വിലയിരുത്താനുള്ള അവരുടെ പരിശ്രമങ്ങൾ സമൂഹശാസ്ത്രത്തിന്റെ ഉത്ഭവത്തിന് കാരണമായി.*

അനുഭവസിദ്ധയാഥാർഥ്യത്തെക്കുറിച്ചുള്ള (Empirical Reality) പഠനത്തിന് ഗുണകരമായി മാറി.

ജ്ഞാനോദയവും (Enlightenment),



ശാസ്ത്രവിപ്ലവവും സമൂഹശാസ്ത്രത്തിന്റെ നിർമിതിയെ സഹായിച്ച ധൈഷണിക ആശയങ്ങളാണ്.

പതിനേഴാം നൂറ്റാണ്ടിന്റെ അന്ത്യത്തിലും 18-ാം നൂറ്റാണ്ടിലും യൂറോപ്പിലുണ്ടായ ഒരു ധൈഷണികപ്രസ്ഥാനമാണ് 'ജ്ഞാനോദയം.' യുക്തിക്കും വ്യക്തിവാദത്തിനും (Reason and Individualism) അത് ഊന്നൽ നൽകി. കൂടാതെ ശാസ്ത്രീയമായൊരു സമീപനം അതു മുന്നോട്ടുവയ്ക്കുകയും ചെയ്തു.

ഇക്കാലത്ത് ശാസ്ത്രവിജ്ഞാനത്തിലും വലിയ മുന്നേറ്റങ്ങളുണ്ടായി. പ്രകൃതിശാസ്ത്രങ്ങളുടെ പഠനരീതികൾ ഉപയോഗിച്ചുകൊണ്ട് മനുഷ്യന്റെ അവസ്ഥകളെക്കുറിച്ചു പഠിക്കാൻ കഴിയുമെന്ന ധാരണ ഇതോടെ വളർന്നുവന്നു. ഉദാഹരണത്തിന്, അതുവരെ ഒരു 'പ്രാകൃതിക പ്രതിഭാസമായി' കണ്ടിരുന്ന ദാരിദ്ര്യത്തെ മനുഷ്യന്റെ അജ്ഞതയും ചൂഷണവും വരുത്തിവയ്ക്കുന്ന ഒരു സാമൂഹികപ്രശ്നമായി കാണാൻ തുടങ്ങി. അതിനാൽ ദാരിദ്ര്യത്തെക്കുറിച്ച് പഠിക്കാനും പരിഹാരം കണ്ടെത്താനും സാധിച്ചു.

ജ്ഞാനോദയകാലത്ത് സാമൂഹികമായ അവസ്ഥകൾ (ഉദാ. ദാരിദ്ര്യം) മനസ്സിലാക്കുന്നതിനു വേണ്ടി സർവേ നടത്തുന്ന സമ്പ്രദായം ആരംഭിച്ചിരുന്നു. മാനവികപ്രതിഭാസങ്ങളെ അളക്കാനും തരംതിരിക്കാനും കഴിയുമെന്ന വിശ്വാസമാണ് സാമൂഹികസർവേയുടെ അടിസ്ഥാനം. എല്ലാ സാമൂഹികതിന്മകൾക്കുമുള്ള പരിഹാരം അറിവിലുള്ള പുരോഗതിയാണെന്ന് ആധുനികയുഗത്തിലെ ആദ്യകാല ചിന്തകർ വിശ്വസിച്ചു. ഉദാഹരണത്തിനു സമൂഹശാസ്ത്രത്തിന്റെ പിതാവായി കരുതുന്ന അഗസ്ത് കോംതേ (Auguste Comte) സമൂഹശാസ്ത്രം മനുഷ്യരാശിയുടെ ഉന്നമനത്തിനായി നിലകൊള്ളുന്നുവെന്നു വിശ്വസിച്ചു.

# VII

## സമൂഹശാസ്ത്ര രൂപീകരണത്തിലേക്ക് നയിച്ച ഭൗതികപ്രശ്നങ്ങൾ (The Material Issues that went into the making of Sociology)

വ്യാവസായികവിപ്ലവം (Industrial Revolution) മുതലാളിത്തമെന്ന ചലനാത്മകപ്രവർത്തനത്തെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാണ്. വ്യാവസായിക ഉൽപ്പാദന വളർച്ചയുടെ ചാലകശക്തിയായി മുതലാളിത്ത വ്യവസ്ഥിതി മാറി. മുതലാളിത്തത്തിൽ പുതിയ മനോഭാവങ്ങളും സാമൂഹികസ്ഥാപനങ്ങളും ഉൾപ്പെട്ടു. ഇവിടെ വ്യവസായികൾ സ്ഥിരതയാർന്ന, ലാഭത്തിനുവേണ്ടിയുള്ള ക്രമാനുഗത ശ്രമങ്ങളിൽ ഏർപ്പെട്ടു. ഫലപ്രദമായ ജീവിതത്തിനുള്ള ഉപകരണമായി വിപണി വളർന്നു. ഉൽപ്പന്നങ്ങൾ, സേവനങ്ങൾ, തൊഴിൽ എന്നിവ ക്രയവസ്തുക്കളായി (Commodities). അവയുടെ ഉപയോഗത്തെ യുക്തമായ കണക്കുകൂട്ടലുകളിലൂടെ നിർണയിച്ചു.



വ്യാവസായികവിപ്ലവത്തിന്റെ അടിസ്ഥാനം മുതലാളിത്തമാണ്. മുതലാളിത്തം സാമ്പത്തികപ്രവർത്തനങ്ങൾക്ക് ഊർജസ്വലത പകർന്നു. അത് വ്യാവസായിക ഉൽപ്പാദനത്തിന്റെ വളർച്ചയ്ക്ക് പിറകിലെ ചാലകശക്തിയായിത്തീർന്നു.

സമൂഹത്തിന്റെ എല്ലാ മേഖലകളിലും വലിയ മാറ്റങ്ങൾ കൊണ്ടുവന്ന പുതിയ വ്യാവ

സായിക സമ്പദ്വ്യവസ്ഥ പഴയതിൽനിന്നു വളരെ വ്യത്യസ്തമായിരുന്നു. ഇംഗ്ലണ്ടായിരുന്നു വ്യാവസായികവിപ്ലവത്തിന്റെ കേന്ദ്രം. വ്യവസായവൽക്കരണം കൊണ്ടുവന്ന ദൂരവ്യാപകമായ മാറ്റങ്ങൾ മനസ്സിലാക്കണമെങ്കിൽ വ്യവസായവൽക്കരണത്തിനു മുമ്പുള്ള ഇംഗ്ലണ്ടിലെ ജീവിതം എങ്ങനെയായിരുന്നുവെന്ന് പരിശോധിക്കണം.


വ്യവസായവൽക്കരണത്തിനു മുമ്പ് ബ്രിട്ടിഷുകാരുടെ പ്രധാന തൊഴിലുകൾ കൃഷിയും വസ്ത്രവ്യാപാരവുമായിരുന്നു. ജനങ്ങളിൽ ഭൂരിഭാഗവും ഗ്രാമങ്ങളിലാണ് താമസിച്ചിരുന്നത്. നമ്മുടെ ഇന്ത്യൻ ഗ്രാമത്തിലുള്ളതുപോലെ കർഷകരും ഭൂവുടമകളും കൊല്ലനും ചെരുപ്പുകുത്തിയും നെയ്ത്തുകാരനും കുംഭാരനും ആട്ടിടയനും മദ്യവിൽപ്പനക്കാരനും അവിടെയുണ്ടായിരുന്നു. സമൂഹം വളരെ ചെറുതും ശ്രേണീബദ്ധവുമായിരുന്നു. വിവിധ ജനവിഭാഗങ്ങളുടെ പദവിയും വർഗസ്ഥാനവും വ്യക്തമായി നിർവചിക്കപ്പെട്ടിരുന്നു. മറ്റു പരമ്പരാഗത സമൂഹങ്ങളെപ്പോലെ ജനങ്ങൾക്കിടയിൽ അടുത്ത പരസ്പരബന്ധവും പ്രവർത്തനങ്ങളും നിലനിന്നിരുന്നു. വ്യവസായവൽക്കരണത്തോടെ ഈ സവിശേഷതകൾക്കെല്ലാം മാറ്റം വന്നു.

വ്യവസായവൽക്കരണത്തോടെ തൊഴിലാളികൾ തരംതാഴ്ത്തപ്പെട്ടു. വാണിജ്യമണ്ഡലങ്ങളിലും (Guild) ഗ്രാമത്തിലും കുടുംബത്തിലുമെല്ലാം തൊഴിലാളികൾക്കു ലഭിച്ചിരുന്ന സംരക്ഷണം നഷ്ടമായി. സാധാരണ തൊഴിലാളികളുടെ പദവിയിലുണ്ടായ ഈ തകർച്ച പുരോഗമനവാദികളായ ചിന്തകരെയും യാഥാസ്ഥിതികരായ ചിന്തകരെയും ഒരുപോലെ നടുക്കി.

വ്യവസായവൽക്കരണത്തിന്റെ ഫലമായി നഗരകേന്ദ്രങ്ങൾ വളരാനും വികസിക്കാനും തുടങ്ങി. അവിടെ മുമ്പ് നഗരങ്ങൾ ഉണ്ടായിരുന്നില്ല എന്നല്ല, വ്യവസായവൽക്കരണത്തിനു മുമ്പ് അവയുടെ സ്വഭാവം തികച്ചും വ്യത്യസ്തമായിരുന്നു എന്നതാണ് പ്രധാനം. വ്യാവസായിക നഗരങ്ങൾ തികച്ചും പുതുമയാർന്ന ഒരു നാഗരികലോകത്തിന് ജന്മമേകി. ഫാക്ടറികൾ, പുതിയ വ്യാവസായിക തൊഴിലാളിവർഗം തിങ്ങിപ്പാർക്കുന്ന ചേരികൾ, മോശപ്പെട്ട ശുചീകരണ സംവിധാനങ്ങൾ, മാലിന്യക്കൂമ്പാരങ്ങൾ എന്നിവയായിരുന്നു അതിന്റെ പ്രധാന സവിശേഷതകൾ. പുതിയ തരത്തിലുള്ള സാമൂഹിക ബന്ധങ്ങളും പ്രവർത്തനങ്ങളും രൂപപ്പെട്ടു.

ഇംഗ്ലണ്ടിൽ വ്യവസായവൽക്കരണം സൃഷ്ടിച്ച ഒരു പ്രധാന മാറ്റം മുതലാളിത്ത വ്യവസ്ഥിതിയുടെ ആവിർഭാവമാണ്. മുതലാളിത്തം പുതിയ മനോഭാവങ്ങളും വൻകിട ഉൽപ്പാദനവും പ്രോത്സാഹിപ്പിച്ചു. ഇത് ആ രാജ്യത്ത് പുതിയ സാമൂഹിക-സാമ്പത്തിക ക്രമത്തിന് രൂപം നൽകി. മുതലാളിത്ത ഉൽപ്പാദനപ്രക്രിയയുടെ പ്രധാന സവിശേഷതകളിൽ ഒന്നാണ് തൊഴിൽ അപചയം (Degradation of Labour). ലാഭം മാത്രം ലക്ഷ്യമാക്കിയ മുതലാളിത്തവ്യവസ്ഥിതിയിൽ തൊഴിലും തൊഴിലാളിയും തമ്മിലുള്ള ആത്മബന്ധാംശം ഇല്ലാതാവുന്നു.

വ്യവസായവൽക്കരണത്തിന്റെ മറ്റൊരു ഫലം യാന്ത്രികമായ തൊഴിൽവിഭജനമാണ് (Division of Labour). പട്ടാളക്യാമ്പുകൾക്കും കാരാഗൃഹങ്ങൾക്കും സമാനമായ ഒന്നായി പുത്തൻ സാമ്പത്തികവ്യവസ്ഥയെ ചിലർ കണ്ടു. കാൾ മാർക്സ്, ഫാക്ടറിയെ ഒരു പീഡനോപാധിയായാണു കണ്ടത്. അതേ സമയംതന്നെ വിമോചനസംഭവ്യവുമാണ് (Potentially Liberating). ഇവിടെ തൊഴിലാളികൾ കൂട്ടായ പ്രവർത്തനത്തിന്റെയും മികച്ച സാഹചര്യങ്ങൾക്കായി സംഘടിതമായ പരിശ്രമങ്ങളുടെ അനിവാര്യതയെയും കുറിച്ച് പഠിച്ചു. ആധുനികസമൂഹത്തിന്റെ സൂചകമായി സാമൂഹികസംഘാടനത്തിന് ഘടികാരസമയം (Clock-Time) ഉയർന്നുവന്നു. വ്യാവസായിക മുതലാളിത്തത്തിനു മുമ്പ് തൊഴിൽ താളക്രമം



തൊഴിലാളിവർഗം അയൽപക്കങ്ങളിൽനിന്നു ചേരിപ്രദേശങ്ങളിലേക്ക്

നിർണയിച്ചിരുന്നത് പകൽവെളിച്ചമായിരുന്നു. മുതലാളിത്തം വ്യാവസായിക ഉൽപ്പാദനം കൃത്യനിഷ്ഠമായ പ്രവർത്തനമാക്കി.

'സമയം പണമാണ്, അത് പാഴാക്കാനുള്ള തല്ല, ചെലവഴിക്കാനുള്ളതാണെന്ന്' സങ്കൽപ്പം തൊഴിൽദാതാവും തൊഴിലാളിയും വച്ചു പുലർത്താൻ തുടങ്ങി. വ്യവസായവിപ്ലവം അങ്ങനെ സാമൂഹികരംഗത്ത് വലിയ ചലനങ്ങ ളുണ്ടാക്കി.



പ്രധാനമായും ഒരു ഗ്രാമീണസമൂഹമായിരുന്ന ബ്രിട്ടൺ വ്യവസായവിപ്ലവത്തിലൂടെ എത്ര പെട്ടെന്നാണ് നാഗരികസമൂഹമായി മാറിയത്. ഈ പ്രക്രിയ ഇന്ത്യയിലേതിന് സമാനമായിരുന്നോ?

1810– ജനസംഖ്യയുടെ ഇരുപതുശതമാനവും പട്ടണങ്ങളിലും നഗരങ്ങളിലും ജീവിച്ചിരുന്നു.

1910– ജനസംഖ്യയുടെ എൺപതുശതമാനവും പട്ടണങ്ങളിലും നഗരങ്ങളിലും ജീവിക്കുന്നു.



പരമ്പരാഗത ഗ്രാമത്തിലും വ്യവസായശാലയിലും കാൾ സെന്ററിലും തൊഴിൽ എങ്ങനെയാണ് സംഘടിപ്പിക്കപ്പെട്ടിരിക്കുന്നത് എന്നു കണ്ടെത്തുക.



വ്യവസായമുതലാളിത്തം ഗ്രാമങ്ങളിലെയും നഗരങ്ങളിലെയും ഇന്ത്യൻ ജീവിതത്തെ എങ്ങനെ മാറ്റിമറിച്ചു എന്നു കണ്ടെത്തുക.

## VIII
## യൂറോപ്പിലെ സമൂഹശാസ്ത്രത്തിന്റെ ആരംഭവും വളർച്ചയും എന്തിന് പഠിക്കണം?
## (Why should we study the beginning and growth of Sociology in Europe?)

പതിനെട്ട്-പത്തൊൻപത് നൂറ്റാണ്ടിലെ മുതലാളിത്തത്തിന്റെയും വ്യവസായവൽക്കരണത്തിന്റെയും വളർച്ചയോടുകൂടിയാണ് യൂറോപ്യൻ സമൂഹത്തിൽ വലിയ മാറ്റങ്ങൾ സംഭവിച്ചത്. ഈ കാലഘട്ടത്തിൽ ഉയർന്നുവന്ന നഗരവൽക്കരണത്തിന്റെയും വ്യാവസായിക ഉൽപ്പാദനത്തിന്റെയും പ്രശ്നങ്ങൾ എല്ലാ ആധുനിക സമൂഹത്തിലും വ്യത്യസ്തരീതിയിൽ പ്രതിഫലിക്കപ്പെടുന്നു. ഇന്ത്യൻസമൂഹവും ഇതിനൊരു അപവാദമല്ല. കൊളോണിയൽ ഭരണകാലത്താണ് ഇന്ത്യൻ സമൂഹത്തെക്കുറിച്ചുള്ള ചിട്ടയായ പഠനം ആരംഭിച്ചത് . കൊളോണിയലിസവുമായി ബന്ധപ്പെടുത്തിക്കൊണ്ടു മാത്രമേ ഇന്ത്യൻ സമൂഹശാസ്ത്രത്തിന്റെ വളർച്ചയെക്കുറിച്ച് പഠിക്കാൻ കഴിയുകയുള്ളൂ. കൊളോണിയലിസം വ്യവസായവിപ്ലവത്തിന്റെയും മുതലാളിത്തത്തിന്റെയും സന്തതിയാണ്. ഈ സന്ദർഭത്തിൽ യൂറോപ്പിലെ സമൂഹശാസ്ത്രത്തിന്റെ ആരംഭവും വളർച്ചയും പഠിച്ചുകൊണ്ടു മാത്രമേ നമുക്ക് ഇന്ത്യയിലെ സമൂഹശാസ്ത്രത്തിന്റെ ഉത്ഭവത്തെക്കുറിച്ച് മനസ്സിലാക്കാൻ കഴിയൂ.

ഇന്ത്യയുടെ ചരിത്രം ബ്രിട്ടിഷ് മുതലാളിത്തത്തിന്റെയും കൊളോണിയലിസത്തിന്റെയും ചരിത്രവുമായി ബന്ധപ്പെട്ടതാണ്.

പാശ്ചാത്യമുതലാളിത്തം ലോകമൊട്ടാകെ വ്യാപിക്കുകയും ലോകത്തെ ആകെ സ്വാധീനിക്കുകയും ചെയ്തു. ഇന്ത്യയും കോളനിവാഴ്ചയുടെ കാലത്ത് ആഗോളസമ്പദ്വ്യവസ്ഥയുടെ ഭാഗമായി. അതുകൊണ്ടുതന്നെ സമൂഹശാസ്ത്രപഠനം യൂറോപ്പിൽനിന്നു തുടങ്ങേണ്ടത് അനിവാര്യമായിരുന്നു.



ആർ.കെ. ലക്ഷ്മണിന്റെ യാത്രക്കുറിപ്പുകൾ മൗറീഷ്യസിലെ ആഗോള കോളനിഭൂതകാലം പരാമർശിക്കുന്നു:

"ഇവിടെ ആഫ്രിക്കക്കാരും ചൈനക്കാരും ഡച്ചുകാരും പേർഷ്യക്കാരും അറബികളും ഫ്രഞ്ചുകാരും ഇംഗ്ലീഷുകാരും ബിഹാരികളും തമിഴരും സന്തോഷത്തോടെ ജീവിക്കുന്നു. തമിഴന് മോഹിപ്പിക്കുന്ന തെക്കേ ഇന്ത്യൻ മുഖച്ഛായയും അതോടൊപ്പം അതിനു യോജിച്ച ഒരു പേരുമുണ്ടാകും. രാധാകൃഷ്ണൻ, ഗോവിന്ദൻ എന്നിവർ തീർച്ചയായും മദിരാശികളാണ്. ഞാൻ തമിഴിൽ സംസാരിച്ചപ്പോൾ ഫ്രഞ്ച് ഉച്ചാരണഭേദ (Accent) ഇംഗ്ലീഷിൽ സംസാരിച്ച് അവർ എന്നെ അത്ഭുതപ്പെടുത്തി. ഗോവിന്ദന്റെ നാവിന് കാലങ്ങളായി പറയാതിരുന്നതിനാൽ തമിഴ് അറിയില്ലായിരുന്നു." (Laxman, 2003)

## മുതലാളിത്തം; ആഗോളസ്വഭാവവും അസമത്വമാർന്ന സാമൂഹികപരിവർത്തനവും

പതിനേഴും പത്തൊമ്പതും നൂറ്റാണ്ടുകൾക്കിടയിൽ 24 ദശലക്ഷം ആഫ്രിക്കക്കാർ അടിമകളാക്കപ്പെട്ടു. ആധുനികചരിത്രത്തിലെ അമേരിക്കയിലേക്കുള്ള വലിയ ജനസംഘങ്ങളുടെ മാറ്റത്തിൽ ഈ അടിമകളിൽ പതിനൊന്നു ലക്ഷം പേർ അതിജീവിച്ചു. ഇവരെ അവരുടെ വാസസ്ഥലങ്ങളിൽനിന്നും സംസ്കാരങ്ങളിൽനിന്നും പറിച്ചെടുത്ത് ലോകത്തിന്റെ വിവിധ ഇടങ്ങളിൽ ഭീകരമായ സാഹചര്യങ്ങളിൽ മുതലാളിത്തത്തിനു വേണ്ടി ജോലിയെടുപ്പിക്കുകയും ചെയ്തു. അടിമവൽക്കരണം ആധുനികതയുടെ വളർച്ചയ്ക്കുവേണ്ടി അടിമകളാക്കപ്പെട്ടവരുടെ ആഗ്രഹങ്ങൾക്ക് വിരുദ്ധമായി നടത്തപ്പെട്ടവയാണ്.



1800-കളിൽ അടിമത്തം എന്ന സമ്പ്രദായം ക്ഷയിക്കാൻ തുടങ്ങി. എന്നാൽ ഇതേ കാലഘട്ടത്തിലാണ് ഇന്ത്യയിൽനിന്നുള്ള കരാർത്തൊഴിലാളികളെ കപ്പലുകളിൽ കയറ്റി തെക്കേ അമേരിക്കയിലും വെസ്റ്റിൻഡീസിലും ഫിജിദ്വീപിലുമുള്ള പരുത്തിത്തോട്ടങ്ങളിലേക്കും കരിമ്പിൻതോട്ടങ്ങളിലേക്കും കൊണ്ടുപോയി പണിയെടുപ്പിച്ചത്. ഇങ്ങനെ ആയിരക്കണക്കിനു പേർ അവർ ഒരിക്കലും കണ്ടിട്ടില്ലാത്ത നാടുകളിൽ എത്തിച്ചേരുകയും നാട്ടിലേക്കു മടങ്ങാൻ കഴിയാതെ അവിടെ വച്ചുതന്നെ മരിച്ചുപോവുകയും ചെയ്തു. നോബൽ പുരസ്കാരജേതാവും ഇംഗ്ലീഷ് എഴുത്തുകാരനുമായ വി.എസ്. നെയ്പോൾ ഇവരിൽ ഒരാളുടെ പിന്മുറക്കാരനാണ്.

# IX

## സമൂഹശാസ്ത്രത്തിന്റെ വളർച്ച ഇന്ത്യയിൽ (The Growth of Sociology in India)

കൊളോണിയലിസം ആധുനികമുതലാളിത്തത്തിന്റെയും വ്യവസായവൽക്കരണത്തിന്റെയും ഒരു പ്രധാന ഭാഗമാണ്. മുതലാളിത്തത്തെക്കുറിച്ചും ആധുനികസമൂഹത്തിന്റെ പല തലങ്ങളെക്കുറിച്ചുമുള്ള പാശ്ചാത്യ സമൂഹശാസ്ത്രജ്ഞരുടെ കൃതികൾ ഇന്ത്യൻ സാമൂഹികമാറ്റങ്ങൾ മനസ്സിലാക്കുന്നതിന് വളരെ ഉപകാരപ്രദമായിട്ടുണ്ട്.

കൊളോണിയലിസം ഇന്ത്യയിൽ എത്തിച്ച വ്യവസായവൽക്കരണം പാശ്ചാത്യലോകത്തെ വ്യവസായവൽക്കരണത്തിൽനിന്ന് വ്യത്യസ്തമാണെന്നു കാണാം.


തദ്ദേശീയ പരമ്പരാഗതവ്യവസായങ്ങളെ സംരക്ഷിച്ചുകൊണ്ടുള്ള ഒരു വ്യവസായവൽക്കരണമാണ് പാശ്ചാത്യരാജ്യങ്ങൾ നടപ്പിലാക്കിയത്. എന്നാൽ ഇന്ത്യൻ പരമ്പരാഗത വ്യവസായങ്ങളെ തകർത്തുകൊണ്ടുള്ള ഒരു വ്യവസായവൽക്കരണമാണ് കൊളോണിയലിസം ഇവിടെ കൊണ്ടുവന്നത്. ഈസ്റ്റിന്ത്യാ കമ്പനിയുടെ സ്വാധീനത്തെക്കുറിച്ചുള്ള മാക്സിന്റെ അഭിപ്രായം ഈ വൈരുധ്യം വെളിപ്പെടുത്തുന്നു.

> സ്വന്തം ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുവേണ്ടി ഇന്ത്യയിലെ കരകൗശല-കുടിൽ വ്യവസായങ്ങളെ നശിപ്പിക്കുന്നൊരു നയമാണ് ഈസ്റ്റിന്ത്യാ കമ്പനി സ്വീകരിച്ചത്. പരുത്തിയുടെ നാടായ ഇന്ത്യയിലേക്ക് അവർ കുറഞ്ഞ നികുതിനിരക്കിൽ പരുത്തിവസ്ത്രങ്ങൾ ഇറക്കുമതിചെയ്തു. യന്ത്രനിർമിതമായ ബ്രിട്ടിഷ് പരുത്തിവസ്ത്രങ്ങളുടെ പ്രളയത്തിൽപ്പെട്ട് ഇന്ത്യയിലെ പരുത്തി വസ്ത്രവ്യവസായം തകർന്നടിഞ്ഞത് മാക്സ് ചൂണ്ടിക്കാണിക്കുന്നു. ചുരുക്കത്തിൽ, പാശ്ചാത്യവ്യവസായവൽക്കരണം ഇന്ത്യയിലെ വ്യവസായങ്ങളുടെ വളർച്ച മുരടിപ്പിക്കുകയാണു ചെയ്തത്.
>
> (Marx 1853, cited in Desai 1975)

തെറ്റിദ്ധാരണ നിറഞ്ഞ ആശയങ്ങൾ ഉൾക്കൊള്ളുന്നവയായിരുന്നു ഇന്ത്യൻ സമൂഹത്തെക്കുറിച്ചുള്ള പാശ്ചാത്യരുടെ രചനകൾ. അതുകൊണ്ടുതന്നെ ഇന്ത്യൻ സമൂഹശാസ്ത്രം അവയെ സൂക്ഷ്മതയോടുകൂടി കൈകാര്യം ചെയ്യേണ്ടതുണ്ട്. കൊളോണിയൽ ഉദ്യോഗസ്ഥരുടെയും പാശ്ചാത്യപണ്ഡിതരുടെയും വിവരണങ്ങളിലാണ് ഇവ പ്രകടിപ്പിക്കപ്പെട്ടത്. അവർ പലരും ഇന്ത്യൻസമൂഹത്തെ 'മാറ്റമില്ലാത്ത' ഒന്നായാണ് ചിത്രീകരിച്ചത്. സമൂഹത്തിന്റെ ശൈശവദശയിലുള്ള ഒരു അവശിഷ്ടമായാണ് പാശ്ചാത്യ എഴുത്തുകാർ ഗ്രാമങ്ങളെ കണ്ടത്. അതേസമയം പാശ്ചാത്യസമൂഹത്തിലെ ഗ്രാമങ്ങളെ ഊർജസ്വലവും ചലനാത്മകവുമായി അവർ ചിത്രീകരിച്ചു.

ഇന്ത്യയെ പോലുള്ള രാജ്യങ്ങളിലെ കൊളോണിയൽ സ്വാധീനത്തിന്റെ മറ്റൊരു തെളിവാണ് സമൂഹശാസ്ത്രവും (Sociology) സമൂഹനരവംശശാസ്ത്രവും (Social Anthropology) തമ്മിലുള്ള വേർതിരിവ്. വ്യാവസായികലോകത്തിന്റെ വിശകലനത്തിന് പ്രത്യേക ഊന്നൽ നൽകിക്കൊണ്ടുള്ള മനുഷ്യസംഘങ്ങളുടെയും സമൂഹങ്ങളുടെയും പഠനമായാണ് പാശ്ചാത്യർ സമൂഹശാസ്ത്രത്തെ നിർവചിച്ചത് (Giddens, 2001:699). "ലളിതസമൂഹങ്ങളുടെയും പാശ്ചാത്യേതര സംസ്കാരങ്ങളുടെയും ('ഇതര' സംസ്കാരങ്ങളുടെ)പഠന"ത്തെയാണ് സമൂഹനരവംശശാസ്ത്രമെന്നു പാശ്ചാത്യർ നിർവചിച്ചത്.

എം.എൻ. ശ്രീനിവാസ് ചൂണ്ടിക്കാട്ടുന്നു: "വൈജാത്യങ്ങളും വലുപ്പവും ഏറെയുള്ള ഇന്ത്യയെപ്പോലുള്ള ഒരു രാജ്യത്ത് പ്രാദേശികത, ഭാഷ, മതം, വംശം, നഗര-ഗ്രാമങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ അനവധി 'മറ്റുള്ളവരുമുണ്ട്' (Others). ഇന്ത്യയെപ്പോലുള്ള ഒരു സമൂഹത്തിൽ ആ 'മറ്റുള്ളവർ' അയൽപക്കത്തുതന്നെ ഉണ്ടാവും..." (ശ്രീനിവാസ്: 1966 : 205)




ഫാഷൻ, വസ്ത്രധാരണം, വിപണിയിടങ്ങൾ, നഗരത്തിലെ തെരുവുകൾ എന്നിവയെക്കുറിച്ച് ചരിത്രം, സമൂഹശാസ്ത്രം, രാഷ്ട്രമീമാംസ, ധനതത്ത്വശാസ്ത്രം എന്നീ ശാസ്ത്രങ്ങൾ പഠിക്കുന്നതെങ്ങനെയെല്ലാമായിരിക്കും? ചർച്ചചെയ്യുക.

പ്രാക്തന (Primitive People) ജനവിഭാഗങ്ങളെക്കുറിച്ചുള്ള പഠനമെന്ന നിലയിൽനിന്നു കർഷകത്തൊഴിലാളികളെയും വംശസംഘടനകളെയും സാമൂഹികവർഗങ്ങളെയും പ്രാചീന സംസ്കാരങ്ങളെയും ആധുനിക വ്യാവസായിക സമൂഹത്തെയും കുറിച്ച് പഠിക്കുന്ന വിഷയമായി ഇന്ത്യൻ നരവംശശാസ്ത്രം സാവധാനം മാറി. ഇന്ത്യൻ സമൂഹശാസ്ത്രവും നരവംശശാസ്ത്രവും തമ്മിൽ അയവില്ലാത്ത വ്യത്യാസങ്ങൾ ഒന്നുംതന്നെയില്ല. ആധുനികതയും പാരമ്പര്യവും തമ്മിലും ഗ്രാമവും മഹാനഗരവും തമ്മിലും നിലനിൽക്കുന്ന വ്യത്യാസങ്ങളാകാം ഇതിനു കാരണം.

# X

## സമൂഹശാസ്ത്രത്തിന്റെ വ്യാപ്തി (Scope of Sociology)

വിപുലമായ വ്യാപ്തിയുള്ള പഠനവിഷയമാണ് സമൂഹശാസ്ത്രം. സമൂഹശാസ്ത്രം ശ്രദ്ധകേന്ദ്രീകരിക്കുന്നത് വ്യക്തികൾ തമ്മിലുള്ള പരസ്പരബന്ധത്തിന്റെ വിശകലനത്തിലാണ്. കച്ചവടക്കാരനും ഉപഭോക്താവും , വിദ്യാർഥികളും അധ്യാപകരും, സുഹൃത്തുക്കൾ തമ്മിൽ, കുടുംബാംഗങ്ങൾക്കിടയിൽ – ഇവിടങ്ങളിലൊക്കെ നിലനിൽക്കുന്ന പാരസ്പര്യത്തെ സമൂഹശാസ്ത്രം വിശകലനം ചെയ്യുന്നു.

ദേശീയപ്രശ്നങ്ങളായ തൊഴിലില്ലായ്മ, ജാതി, വിവിധ സംഘർഷങ്ങൾ, ഗോത്രജനതയുടെ വനത്തിന്മേലുള്ള അവകാശങ്ങളിൽ രാഷ്ട്രീയനയങ്ങൾ വരുത്തിയ മാറ്റങ്ങൾ, ഗ്രാമീണപ്രശ്നങ്ങൾ തുടങ്ങിയവ പഠിക്കാനും സമൂഹശാസ്ത്രത്തിനു കഴിയും.

ആഗോളപ്രശ്നങ്ങളായ തൊഴിൽനിയന്ത്രണങ്ങൾ, നവമാധ്യമങ്ങൾക്ക് യുവജനങ്ങളിലുള്ള സ്വാധീനം, വിദ്യാഭ്യാസസമ്പ്രദായത്തിലേക്കു വിദേശ സർവകലാശാലകളുടെ കടന്നുവരവ് എന്നിവയൊക്കെ സമൂഹശാസ്ത്ര വിശകലനത്തിനു വിധേയമാവും. സമൂഹശാസ്ത്രം എന്നത് എന്തു പഠിക്കുന്നു എന്നുള്ളതല്ല, വിഷയത്തെ എങ്ങനെ പഠിക്കുന്നുവെന്നതാണ് പ്രധാനം.

# XI

## സമൂഹശാസ്ത്രത്തിന് മറ്റു സാമൂഹ്യശാസ്ത്ര വിഷയങ്ങളുമായുള്ള ബന്ധം (Its Relationship to other Social Science Disciplines)


സാമൂഹ്യശാസ്ത്ര വിഷയങ്ങളിൽ ഒന്നുമാത്രമാണ് സമൂഹശാസ്ത്രം. നരവംശശാസ്ത്രം, സാമ്പത്തികശാസ്ത്രം, രാഷ്ട്രമീമാംസ, ചരിത്രം എന്നിവയും സാമൂഹ്യശാസ്ത്രങ്ങളിൽ ഉൾപ്പെടുന്നു. വിവിധ സാമൂഹ്യശാസ്ത്രങ്ങൾ തമ്മിലുള്ള വിഭജനം കൃത്യമല്ല. പല ആശയങ്ങളും പങ്കുവയ്ക്കുന്നുണ്ടെങ്കിലും അവ തമ്മിൽ അടിസ്ഥാനപരമായ വ്യത്യാസങ്ങളുണ്ട്.

സാമൂഹ്യശാസ്ത്രങ്ങളെ വേർതിരിക്കുന്നത് അവയ്ക്കിടയിലുള്ള വ്യത്യാസങ്ങൾ പെരുപ്പിച്ചു കാണിക്കുകയും സാമ്യങ്ങൾ മറച്ചുവയ്ക്കുകയും ചെയ്യും. അതിനാൽ അന്തർവിഷയാത്മകമായ (Interdisciplinary) ഒരു സമീപനമാണ് നമുക്കാവശ്യം. ഉദാഹരണത്തിന്, ലിംഗപദവിയും പങ്കും (Gender Status and Role) എന്നതിന്റെ സമ്പദ്വ്യവസ്ഥയിലെയും രാഷ്ട്രമീമാംസയിലെയും സ്വാധീനം പഠിക്കുമ്പോൾ കുടുംബത്തിന്റെ സമൂഹശാസ്ത്രവും തൊഴിൽവിഭജനവും പരിഗണിക്കാതിരിക്കാൻ സാധിക്കില്ല.

### സമൂഹശാസ്ത്രവും സാമ്പത്തികശാസ്ത്രവും (Sociology and Economics)

സാമ്പത്തികശാസ്ത്രം സാധനങ്ങളുടെയും സേവനങ്ങളുടെയും ഉൽപ്പാദന-വിതരണ തത്ത്വങ്ങളെക്കുറിച്ചുള്ള പഠനമാണ്. പ്രാമാണിക സാമ്പത്തികശാസ്ത്രം ( Classi-

cal Economics) വില, ചോദനം, വിതരണം, പണത്തിന്റെ ഒഴുക്ക്, സമ്പാദ്യം, നിക്ഷേപം തുടങ്ങിയ പ്രതിഭാസങ്ങൾ പഠനവിധേയമാക്കുന്നു. സമ്പത്തിനെക്കുറിച്ചുള്ള പഠനമാണ് സാമ്പത്തികശാസ്ത്രത്തിന്റെ കേന്ദ്രബിന്ദു. പരമ്പരാഗത സാമ്പത്തികശാസ്ത്രം വിരളമായ ചരക്കുകളുടെയും സേവനങ്ങളുടെയും സാമ്പത്തിക പ്രവർത്തനങ്ങളിലെ അറിവുകളിലേക്ക് ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നു. രാഷ്ട്രീയ സാമ്പത്തികശാസ്ത്ര (Political Economics) സമീപനത്താൽ സ്വാധീനിക്കപ്പെട്ട സമൂഹശാസ്ത്രജ്ഞർ സാമ്പത്തികപ്രവർത്തനത്തെ (Economic Acitivity) ഉൽപ്പാദന ഉപാധിയുമായുള്ള ബന്ധത്തിന്റെയും ഉടമസ്ഥാവകാശത്തിന്റെയും വിശാല ചട്ടക്കൂട്ടിൽ കാണാൻ ശ്രമിക്കുന്നു.


ബെർട്രന്റ് റെസ്സൽ

ജനങ്ങൾ എങ്ങനെ തിരഞ്ഞെടുക്കുന്നു എന്നതാണ് സാമ്പത്തികശാസ്ത്രം ചർച്ചചെയ്യുന്നതെങ്കിൽ, എന്തുകൊണ്ട് ജനങ്ങൾക്കു തിരഞ്ഞെടുക്കാൻ ഒന്നുമില്ലാതാവുന്നത് എന്നതാണ് സമൂഹശാസ്ത്രത്തിന്റെ താൽപ്പര്യമേഖല.

ഫാക്ടറികൾ, ബാങ്കുകൾ, വ്യാപാരം, ഗതാഗതം തുടങ്ങിയ സാമ്പത്തികസ്ഥാപനങ്ങളെക്കുറിച്ചും ഈ വിജ്ഞാനശാഖ പഠനം നടത്തുന്നു. സാമ്പത്തിക പെരുമാറ്റത്തിന്റെ കൃത്യമായ നിയമങ്ങൾ രൂപപ്പെടുത്തുക എന്നതാണ് സാമ്പത്തികവിശകലനത്തിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്ന്.



- പരസ്യങ്ങൾ യഥാർഥത്തിൽ ജനങ്ങളുടെ ഉപഭോഗക്രമത്തെ സ്വാധീനിക്കുന്നതായി നിങ്ങൾക്കു തോന്നിയിട്ടുണ്ടോ?

- 'നല്ല ജീവിതം' എന്നതു സാമ്പത്തികാടിസ്ഥാനത്തിൽ മാത്രം നിർവചിക്കപ്പെട്ടതാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ?
- ചെലവാക്കലും മിച്ചംവയ്ക്കലും സാംസ്കാരികമായി നിർമിക്കപ്പെട്ട ശീലങ്ങളാണെന്ന് നിങ്ങൾ കരുതുന്നുവോ?

സാമ്പത്തികശാസ്ത്രത്തിന്റെ വ്യാപ്തി വളരെ വലുതാണ്. സാഹചര്യങ്ങൾക്ക് അനുസരിച്ച് സാമ്പത്തികശാസ്ത്രത്തിന് ഉള്ളടക്കത്തിലും മാറ്റങ്ങൾ വരുത്താൻ കഴിയുന്നുണ്ട്. സമൂഹശാസ്ത്ര സമീപനം സാമ്പത്തിക പെരുമാറ്റങ്ങളെ സാമൂഹികക്രമങ്ങൾ, മൂല്യങ്ങൾ, ശീലങ്ങൾ, താൽപ്പര്യങ്ങൾ തുടങ്ങിയ വിപുലമായ കാഴ്ചപ്പാടിൽ പഠിക്കാൻ ശ്രമിക്കുന്നു. കോർപറേറ്റ് വിഭാഗത്തിലെ മാനേജർമാർ കോടികൾ മുതൽമുടക്കി പരസ്യം ചെയ്യുന്നത് കണ്ടിട്ടുണ്ടല്ലോ. ജനങ്ങളുടെ ജീവിതശൈലിയും ഉപഭോഗതാൽപ്പര്യങ്ങളും അവർ പരസ്യങ്ങളിലൂടെ മാറ്റിയെടുത്ത് തങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നു. സാമ്പത്തികശാസ്ത്രവും സമൂഹശാസ്ത്രവും ഇതിന് അവർക്ക് പ്രയോജനകരമായിത്തീരുന്നു. സാമ്പത്തികശാസ്ത്രത്തിൽ ചില പുത്തൻ പ്രവണതകൾ ഉടലെടുത്തവയിൽ ഒന്നാണ് ഫെമിനിസ്റ്റ് സാമ്പത്തികശാസ്ത്രം. സമൂഹത്തിന്റെ സംഘാടനത്തിൽ സ്ത്രീകൾക്കുള്ള പങ്കിനെ അത് അടിവരയിടുന്നു. ഉദാഹരണമായി, എങ്ങനെയാണ് വീട്ടുജോലി പുറത്തുള്ള ഉൽപ്പാദനശേഷിയുമായി ബന്ധപ്പെട്ടിരിക്കുന്നതെന്ന് അവർ പരിശോധിക്കുന്നു.

സാമ്പത്തികശാസ്ത്രജ്ഞരുടെ സാങ്കേതിക പദപ്രയോഗത്തിലുള്ള കൃത്യതയും അളവുകളുടെ സൂക്ഷ്മതയും സമൂഹശാസ്ത്രജ്ഞരിൽ പലപ്പോഴും അസൂയ ഉളവാക്കിയിട്ടുണ്ട്. തങ്ങളുടെ സിദ്ധാന്തങ്ങളെ പ്രായോഗികതലത്തിലേക്കു മാറ്റുന്നതിൽ സാമ്പത്തികശാസ്ത്രജ്ഞർക്കു കഴിവുണ്ട്. ഇത് പൊതുനയ

രൂപീകരണത്തിൽ വലിയ സ്വാധീനം ചെലുത്തുന്നു.

കൃത്യമായ പ്രവചനങ്ങൾ നടത്തുന്നതിൽ ചിലപ്പൊഴൊക്കെ സാമ്പത്തികശാസ്ത്രജ്ഞർക്കു പാളിച്ച പറ്റാറുണ്ട്. സമൂഹശാസ്ത്രജ്ഞർ പഠിക്കുന്ന ചില മേഖലകളെ (വ്യക്തിപരമായ പെരുമാറ്റം, സാംസ്കാരിക മാതൃകകൾ, സ്ഥാപനപരമായ ചെറുത്തുനിൽപ്പ്) അവർ അവഗണിക്കുന്നതാണ് ഇതിനു കാരണം.

*പീയറി ബോഡിയോ (Pierre Bourdieu) 1998–ൽ എഴുതി: ഒരു ശരിയായ സാമ്പത്തികശാസ്ത്രം കമ്പനികളുടെ മൂല്യങ്ങളെ സംബന്ധിച്ച ഉത്കണ്ഠകളെ മാത്രമല്ല, സമ്പദ്ഘടനയുടെ എല്ലാതലത്തിലുള്ള മൂല്യത്തെയും കാണാൻ ശ്രമിക്കുന്നു. അതോടൊപ്പം കുറ്റകൃത്യങ്ങൾ, ആത്മഹത്യകൾ തുടങ്ങിയവയും. സുരക്ഷപോലെയുള്ള പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രതീകാത്മകവും ഭൗതികവും സംഘടിതവും വ്യക്തിഗതവും ആയവയും അതോടൊപ്പം പ്രവർത്തനരാഹിത്യവും അസ്ഥിര തൊഴിലുകളും ഉദാഹരണത്തിന് മരുന്നുകളുടെ ഉപഭോഗം (മയക്കുമരുന്നുകളുടെ ഉപയോഗത്തിൽ ഫ്രാൻസിനാണ് ലോകറിക്കാർഡ്) മൂലമുള്ള എല്ലാ ലാഭങ്ങളും പരിഗണിക്കുന്ന സന്തോഷത്തിന്റെ സാമ്പത്തികശാസ്ത്രം നമ്മൾ മുമ്പോട്ട് വയ്ക്കേണ്ടതുണ്ട് (Cited in Swedberg 2003).*


സമൂഹശാസ്ത്രം സാമ്പത്തികശാസ്ത്രത്തെപ്പോലെ സാങ്കേതികമായ പരിഹാരങ്ങൾ നൽകാറില്ല. എന്നാൽ ചോദ്യം ചെയ്യാനും വിമർശനാത്മകമായ നിലപാടുകൾ സ്വീകരിക്കാനും അത് പ്രോത്സാഹനം നൽകുന്നതു മൂലം അടിസ്ഥാനധാരണകളെ ചോദ്യം ചെയ്യുന്നതിന് സഹായകമാകുന്നു.

സമൂഹശാസ്ത്രത്തിന്റെ ഈ നിലപാട് ഒരു നിശ്ചിത ലക്ഷ്യത്തിലേക്കുള്ള സാങ്കേതിക മാർഗങ്ങളെക്കുറിച്ചുള്ള ചർച്ചയ്ക്ക് ഇടനൽകുകയും ആ ലക്ഷ്യത്തിന്റെ, സാമൂഹിക അഭിലഷണീയത ചർച്ചാവിധേയമാക്കുകയും ചെയ്യുന്നു. സമകാലീനപ്രവണതകൾ സാമ്പത്തിക സമൂഹശാസ്ത്രത്തിന്റെ പുനരുത്ഥാനം സൂചിപ്പിക്കുന്നു. അതിനുകാരണം ഒരുപക്ഷേ സമൂഹശാസ്ത്രത്തിന്റെ വിശാലവും വിമർശനാത്മകവുമായ കാഴ്ചപ്പാടാണ്.

മുൻകാലങ്ങളിൽനിന്നു വ്യത്യസ്തമായി സമൂഹശാസ്ത്രം സാമൂഹികസാഹചര്യങ്ങളുടെ മതിയായ വിശദീകരണം നൽകുന്നു. അത് വസ്തുനിഷ്ഠമായ അറിവിലൂടെയോ എന്തുകൊണ്ടത് സംഭവിക്കുന്നുവെന്നതിനെക്കുറിച്ചുള്ള സൈദ്ധാന്തിക അറിവുകളിലൂടെയോ (Theoritical Knowledge) ആയിരിക്കും.

## സമൂഹശാസ്ത്രവും രാഷ്ട്രമീമാംസയും (Sociology and Political Science)

സമൂഹശാസ്ത്രത്തിന്റെയും രാഷ്ട്രമീമാംസയുടെയും രീതികളും സമീപനങ്ങളും തമ്മിൽ ബന്ധമുണ്ട്. പരമ്പരാഗത രാഷ്ട്രമീമാംസ മുഖ്യമായും രാഷ്ട്രീയ സിദ്ധാന്തം, ഗവൺമെന്റ് ഭരണം എന്നീ രണ്ടുവിഷയങ്ങളിലാണ് ശ്രദ്ധ പതിപ്പിച്ചിരുന്നത്. രാഷ്ട്രീയ പെരുമാറ്റത്തിന് (Political Behaviour) അത് ഒരു പ്രാധാന്യവും നൽകിയിരുന്നില്ല. പ്ലേറ്റോ മുതൽ മാക്സ് വരെയുള്ളവർ ഗവൺമെന്റിനെക്കുറിച്ച് വച്ചുപുലർത്തിയിരുന്ന ആശയങ്ങളിലാണ് 'രാഷ്ട്രീയസിദ്ധാന്തം' ശ്രദ്ധകേന്ദ്രീകരിച്ചത്. സർക്കാരിന്റെ ഔപചാരികഘടനയ്ക്കാണ് 'ഗവൺമെന്റ് ഭരണ' ത്തെക്കുറിച്ചുള്ള രാഷ്ട്രമീമാംസയുടെ പഠനങ്ങൾ ഊന്നൽ നൽകിയത്, അതിന്റെ യഥാർഥ പ്രവർത്തനങ്ങൾക്കല്ല.



സമൂഹത്തിന്റെ എല്ലാ തലങ്ങളെക്കുറിച്ചുമുള്ള പഠനമാണ് സമൂഹശാസ്ത്രം. എന്നാൽ മുഖ്യമായും അധികാരത്തെക്കുറിച്ചുള്ള പഠനത്തിൽ പരമ്പരാഗത രാഷ്ട്രമീമാംസ ഒതുങ്ങിനിൽക്കുന്നു.

സർക്കാർ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ തമ്മിലുള്ള പരസ്പരബന്ധങ്ങൾക്ക് സമൂഹശാസ്ത്രം ഊന്നൽ നൽകുമ്പോൾ സർക്കാരിനുള്ളിലുള്ള പ്രക്രിയകൾക്ക് രാഷ്ട്രമീമാംസ ശ്രദ്ധചെലുത്തുന്നു.



- പരസ്പരം ആശയവിനിമയത്തിനും പ്രതിപ്രവർത്തനത്തിനും ഒപ്പം സ്വാധീനിക്കപ്പെടലിനും വിജ്ഞാന ശാഖകൾ ഇടനൽകുന്നുണ്ടോ എന്നു ചർച്ചചെയ്യുക.
- തിരഞ്ഞെടുപ്പ് അവലോകനപഠനങ്ങളിൽ സമൂഹശാസ്ത്രത്തിന്റെയും രാഷ്ട്രമീമാംസയുടെയും വിശേഷലക്ഷണങ്ങൾ കാണാൻ കഴിയുന്നുണ്ടോ?

ഈ വ്യത്യാസങ്ങൾക്കിടയിലും സമൂഹശാസ്ത്രവും രാഷ്ട്രമീമാംസയും തമ്മിലുള്ള ബന്ധം ശക്തമാണ്. രണ്ടുവിഷയങ്ങളും സമാനമായ ഗവേഷണതാൽപ്പര്യങ്ങൾ പങ്കുവയ്ക്കുന്നു. മാക്സ് വെബറിനെ പോലുള്ള സമൂഹശാസ്ത്രജ്ഞർ 'രാഷ്ട്രീയസമൂഹശാസ്ത്ര (Political Sociology) ത്തിന്റെ മേഖലയിൽ പ്രവർത്തിച്ചിട്ടുണ്ട്. രാഷ്ട്രീയപെരുമാറ്റത്തിന്റെ യഥാർഥ പഠനത്തിലാണ് രാഷ്ട്രീയസമൂഹശാസ്ത്രം ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ളത്. ഉദാഹരണത്തിന്, ഇന്ത്യയിൽ നടന്ന തിരഞ്ഞെടുപ്പുകളിൽ സമ്മതിദാനത്തിന്റെ രാഷ്ട്രീയമാതൃകകളെക്കുറിച്ചുള്ള വ്യാപകമായ പഠനങ്ങൾ നമുക്കു കാണാൻ കഴിയും. രാഷ്ട്രീയസംഘടനകളിലെ അംഗത്വം, സംഘടനകളിൽ തീരുമാനമെടുക്കുന്ന പ്രക്രിയ, രാഷ്ട്രീയപ്പാർട്ടികൾക്ക് പിന്തുണ ലഭിക്കാനുള്ള സാമൂഹിക കാരണങ്ങൾ, രാഷ്ട്രീയത്തിൽ ലിംഗഭേദത്തിന്റെ പങ്ക് തുടങ്ങിയ വിഷയങ്ങളെക്കുറിച്ചും പഠനങ്ങൾ നടന്നിട്ടുണ്ട്.

## സമൂഹശാസ്ത്രവും ചരിത്രവും (Sociology and History)

ചരിത്രകാരർ ഭൂതകാലത്തെ കുറിച്ച് പഠിക്കുന്നു. കഴിഞ്ഞകാല സംഭവവികാസങ്ങൾ ചരിത്രം പഠിക്കുകയും പുനർനിർമിക്കുകയും ചെയ്യുന്നു. എന്നാൽ സമകാലികമായ സംഭവവികാസങ്ങൾ പഠിക്കുന്നതിലാണ് സമൂഹശാസ്ത്രജ്ഞർക്കു കൂടുതൽ താൽപ്പര്യമുള്ളത്.

യഥാർഥ സംഭവവികാസങ്ങളെ ചിത്രീകരിക്കുകയും അവ യഥാർഥത്തിൽ എങ്ങനെയാണ് സംഭവിച്ചതെന്ന് സ്ഥാപിക്കുകയും ചെയ്യുന്നതിലാണ് മുൻകാലങ്ങളിൽ ചരിത്രം ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്. എന്നാൽ സംഭവവികാസങ്ങളുടെ കാര്യ-കാരണ (Cause-effect) ബന്ധങ്ങൾ സ്ഥാപിക്കുന്നതിനാണ് സമൂഹശാസ്ത്രം ശ്രദ്ധിച്ചിരിക്കുന്നത്.

മൂർത്തമായ (Concrete) വിശദാംശങ്ങൾ ചരിത്രം പഠിക്കുമ്പോൾ സമൂഹശാസ്ത്രം അവയിൽനിന്നുള്ള അമൂർത്ത (abstract) തയെ പഠിക്കുന്നു. അവയെ ഇനങ്ങളായി വർഗീകരിക്കുകയും സാമാന്യവൽക്കരിക്കുകയും ചെയ്യുന്നു.

രാജാക്കന്മാരുടെയും യുദ്ധങ്ങളുടെയും വിവരണമാണ് പരമ്പരാഗതചരിത്രം. പകിട്ടു കുറഞ്ഞ, അല്ലെങ്കിൽ ആവേശം ജനിപ്പിക്കാത്ത ഭൂവുടമസ്ഥതയിലും ബന്ധങ്ങളിലുമുള്ള മാറ്റങ്ങളെക്കുറിച്ചോ കുടുംബത്തിനുള്ളിലെ ലിംഗപരമായ ബന്ധങ്ങളെക്കുറിച്ചോ കാര്യമായ പഠനങ്ങളൊന്നും പരമ്പരാഗത ചരിത്രം നടത്തിയിരുന്നില്ല. സമൂഹശാസ്ത്രജ്ഞർ മുഖ്യമായും ശ്രദ്ധയൂന്നിയത് ഈ മേഖലയിലാണ്.



- ചരിത്രകാരർ എങ്ങനെയാണ് കല, കായികരംഗം, വസ്ത്രങ്ങൾ, ഫാഷൻ, ഗൃഹനിർമാണശൈലി, തച്ചുശാസ്ത്രം തുടങ്ങിയവയുടെ ചരിത്രരചന നടത്തിയിട്ടുള്ളതെന്നു കണ്ടെത്തുക.

ഇന്നു ചരിത്രം കൂടുതൽ സാമൂഹികമാണ്. സാമൂഹികചരിത്രമാണ് ചരിത്രത്തിന്റെ ഉള്ളടക്കം. ഭരണാധികാരികളുടെ പ്രവർത്തനങ്ങൾ, യുദ്ധങ്ങൾ, രാജവാഴ്ച എന്നിവയെക്കാൾ ചരിത്രകാരർ പ്രാധാന്യം നൽകുന്നത് സാമൂഹിക മാതൃകകൾക്കും ലിംഗപരമായ ബന്ധങ്ങൾക്കും വഴക്കങ്ങൾക്കും ആചാരങ്ങൾക്കും പ്രധാന സാമൂഹികസ്ഥാപനങ്ങൾക്കുമാണ്.

### സമൂഹശാസ്ത്രവും മനശ്ശാസ്ത്രവും (Sociology and Psychology)

മനശ്ശാസ്ത്രത്തെ പെരുമാറ്റത്തിന്റെ ശാസ്ത്രമായാണ് പലപ്പോഴും മനസ്സിലാക്കിയിട്ടുള്ളത്. മനശ്ശാസ്ത്രത്തിന് മുഖ്യമായും വ്യക്തിയുടെ പഠനവും ബുദ്ധിയും ഓർമയും പ്രചോദനവും നാഡീവ്യൂഹവും പ്രതികരണസമയവും പ്രതീക്ഷയും ആശങ്കകളുമൊക്കെയാണ് താൽപ്പര്യവിഷയങ്ങൾ.

> **സമൂഹികമാധ്യമം എന്നത് സാങ്കേതിക വിദ്യയേക്കാൾ സമൂഹശാസ്ത്രത്തെയും മനശ്ശാസ്ത്രത്തെയും കുറിച്ചാണ്.**
>
> **-ബ്രയിൻ സോളീസ്-**


സമൂഹമനശ്ശാസ്ത്രം (social psychology) മനശ്ശാസ്ത്രത്തെയും സമൂഹശാസ്ത്രത്തെയും പരസ്പരം ബന്ധിപ്പിക്കുന്ന ഒരു പാലമായി വർത്തിക്കുന്നു. മനശ്ശാസ്ത്രവും സമൂഹശാസ്ത്രവും പ്രാഥമികമായി വ്യക്തിയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നുവെങ്കിലും സാമൂഹികസംഘങ്ങളിലും മറ്റും അയാൾ എങ്ങനെ പെരുമാറുന്നു എന്നതിലും താൽപ്പര്യം പ്രകടിപ്പിക്കുന്നു.

സമൂഹശാസ്ത്രം സാമൂഹികപെരുമാറ്റത്തെക്കുറിച്ച് മനസ്സിലാക്കാൻ ശ്രമിക്കുന്നു. സാമ്പത്തിക - രാഷ്ട്രീയവ്യവസ്ഥ, കുടുംബം, രക്തബന്ധം, സംസ്കാരം, നാട്ടുനടപ്പുകൾ, മൂല്യങ്ങൾ തുടങ്ങിയ സമൂഹത്തിന്റെ വ്യത്യസ്ത വശങ്ങൾ വ്യക്തിത്വത്തെ എങ്ങനെ രൂപപ്പെടുത്തുന്നു എന്നും അത് പഠിക്കുന്നു. എമിൽ ദുർഖീം (Emile Durkheim) ആത്മഹത്യയെക്കുറിച്ചുള്ള പ്രശസ്തമായ പഠനത്തിൽ ആത്മഹത്യ ചെയ്യുന്നവരുടെയും ചെയ്യാൻ ശ്രമിക്കുന്നവരുടെയും വ്യക്തിപരമായ ഉദ്ദേശ്യങ്ങളെ സാമൂഹികസവിശേഷതകളുമായി ബന്ധപ്പെടുത്തുന്നു.

### സമൂഹശാസ്ത്രവും സമൂഹനരവംശശാസ്ത്രവും (Sociology and Social Anthropology )

മനുഷ്യന്റെ ലളിത സമൂഹങ്ങളെക്കുറിച്ചുള്ള സമഗ്രപഠനമാണ് നരവംശശാസ്ത്രം. ഭൗതിക നരവംശശാസ്ത്രം, സാംസ്കാരികചരിത്രം, ഭാഷാശാസ്ത്രത്തിന്റെ വിഭാഗങ്ങൾ തുടങ്ങിയ വിഷയങ്ങളെല്ലാം അത് ഉൾക്കൊള്ളാറുണ്ട്. സമൂഹനരവംശശാസ്ത്രവും സാംസ്കാരിക നരവംശശാസ്ത്രവും നമ്മൾ പരിഗണിക്കുന്നതിനു കാരണം ഇവ രണ്ടും സമൂഹശാസ്ത്രത്തിന്റെ പഠനവുമായി അടുത്തുനിൽക്കുന്നു എന്നതാണ്.

സമൂഹശാസ്ത്രവും നരവംശശാസ്ത്രവും തമ്മിൽ ഉറ്റബന്ധമുണ്ടെങ്കിലും ചില കാര്യങ്ങളിൽ വ്യത്യാസങ്ങളുണ്ട്. സമൂഹശാസ്ത്രത്തെയും നരവംശശാസ്ത്രത്തെയും വേർതിരിക്കുന്ന മുഖ്യഘടകം കാലമാണ്. പ്രാകൃതസമൂഹങ്ങളെ അഥവാ ലളിതസമൂഹങ്ങളെയാണ് നരവംശശാസ്ത്രം പഠനവിഷയമാക്കുന്നത്. സമൂഹശാസ്ത്രം സമകാലികസമൂഹങ്ങളെക്കുറിച്ചും പഠിക്കുന്നു.



സമൂഹശാസ്ത്രവും
സമൂഹനരവംശ ശാസ്ത്രവും

ഓരോ വിഷയത്തിനും അതിന്റേതായ ചരിത്രമോ ജീവചരിത്രമോ ഉണ്ട്. സമൂഹനരവംശശാസ്ത്രം രൂപംകൊണ്ടത് പാശ്ചാത്യ ലോകത്താണ്. പാശ്ചാത്യ പരിശീലനം സിദ്ധിച്ച സമൂഹനരവംശശാസ്ത്രജ്ഞർ യൂറോപ്പിതര സമൂഹങ്ങളെ വിചിത്രവും മ്ലേച്ഛവും അപരിഷ്കൃതവുമായി ചിത്രീകരിച്ചു. പഠിച്ചവരും പഠിക്കപ്പെട്ടവരും തമ്മിലുള്ള ഈ അസമമായ ബന്ധം പലപ്പോഴും മുമ്പു പരാമർശിച്ചതുപോലെയല്ല, ഇപ്പോൾ കാലം മാറി. മുമ്പത്തെ 'തദ്ദേശീയർ' അവർ ഇന്ത്യക്കാരോ സുഡാനികളോ നാഗന്മാരോ സന്താളുകളോ ആരുമായിക്കൊള്ളട്ടെ, അവരിപ്പോൾ തങ്ങളുടെ സമൂഹങ്ങളെക്കുറിച്ച് പറയാനും എഴുതാനും തുടങ്ങി. മുൻകാലങ്ങളിലെ നരവംശശാസ്ത്രജ്ഞർ പുറമേക്ക് നിഷ്പക്ഷവും ശാസ്ത്രീയവുമായ രീതിയിലുള്ളതാണെന്ന് തോന്നത്തക്കവിധത്തിൽ ലളിതസമൂഹങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുകയുണ്ടായി. എന്നാൽ പാശ്ചാത്യ ആധുനികസമൂഹങ്ങളുമായി ഈ സമൂഹങ്ങളെ താരതമ്യപ്പെടുത്തുകയാണ് യഥാർഥത്തിൽ അവർ ചെയ്തത്.

സമൂഹശാസ്ത്രത്തിന്റെയും സമൂഹനരവംശശാസ്ത്രത്തിന്റെയും പ്രകൃതത്തെ പുനർനിർവചിച്ച മറ്റു ചില മാറ്റങ്ങളും ഉണ്ടായിട്ടുണ്ട്. അതിലൊന്നാണ് ആധുനികത. ആധുനികത മൂലം ചെറിയ ഗ്രാമങ്ങൾപ്പോലും ആഗോളപ്രക്രിയകളാൽ സ്വാധീനിക്കപ്പെട്ടു. ഇതിന് നല്ല ഒരു ഉദാഹരണമാണ് കോളനിവൽക്കരണം.

വളരെ വിദൂരഗ്രാമങ്ങളിൽപ്പോലും ബ്രിട്ടിഷ് സ്വാധീനത്താൽ ഭൂനിയമങ്ങളിലും ഭരണതന്ത്രങ്ങളിലും മാറ്റങ്ങൾ നേരിട്ടതും നികുതിശേഖരണ സമ്പ്രദായത്തിൽ മാറ്റം വന്നതും ഉൽപ്പാദനകേന്ദ്രങ്ങൾ തകർന്നതും നാം കണ്ടതാണ്. സമകാലിക ആഗോളപ്രക്രിയകൾ (Global Process) ഭൂഗോളത്തിന്റെ ചുരുങ്ങലിനെ ഊന്നിക്കാട്ടുന്നു.

സമൂഹശാസ്ത്രം ആധുനികവും സങ്കീർണവുമായ സമൂഹങ്ങളുടെ പഠനമാണ്. എന്നാൽ സമൂഹനരവംശശാസ്ത്രം ലളിതസമൂഹങ്ങളെക്കുറിച്ച് പഠിക്കുന്നു.



ഇന്ത്യയിലെ പ്രാകൃത/ ആദിമ - സമൂഹങ്ങളുടെ പേരുകൾ പട്ടികപ്പെടുത്തുക.

ലളിതസമൂഹങ്ങളെക്കുറിച്ചുള്ള, പ്രദേശങ്ങളെ, അടിസ്ഥാനമാക്കിയുള്ള സവിശേഷ പഠനങ്ങളാണ് നരവംശശാസ്ത്രം നടത്തിയത്. ഉദാ: ആന്തമാൻ ദ്വീപുകൾ, ന്യൂറസ് അല്ലെങ്കിൽ മെലനേഷ്യ. സങ്കീർണ സമൂഹങ്ങളെക്കുറിച്ചാണ് സമൂഹശാസ്ത്രം പഠിക്കുന്നത്. അതിനാൽ സമൂഹത്തിന്റെ ഭാഗങ്ങളായ ബ്യൂറോ ക്രസി, മതം, ജാതി, സമൂഹചലനക്ഷമത (Social mobility) എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

സമൂഹനരവംശശാസ്ത്രത്തിന്റെ പഠനമാർഗം സുദീർഘമായ ഫീൽഡ് വർക്ക് പാരമ്പര്യമാണ്. അവർ പഠിക്കാനുദ്ദേശിക്കുന്ന സമൂഹങ്ങളിൽ താമസിച്ച് വംശവിവരണ പഠനമാർഗങ്ങൾ (Ethnography) ഉപയോഗിച്ച് വിവരശേഖരണം നടത്തുന്നു. സമൂഹശാസ്ത്രം ആശ്രയിക്കുന്നത് സർവേ, ചോദ്യാവലി തുടങ്ങിയ മാർഗങ്ങളിലൂടെ ശേഖരിക്കുന്ന സാംഖിക വിവരങ്ങളെയാണ് (Quantitative data).

ഇന്ന് സങ്കീർണസമൂഹമെന്നതിനും ലളിത സമൂഹമെന്നതിനും ഇടയിലുള്ള വ്യത്യാസത്തെക്കുറിച്ച് പുനർവിചിന്തനം ആവശ്യമാണ്. ഇന്ത്യൻസമൂഹം എന്നതുതന്നെ സങ്കീർണമായ കൂടിച്ചേരലാണ്; പാരമ്പര്യവും ആധുനികതയും, ഗ്രാമവും നഗരവും, വർഗവും ആദിവാസികളും. ന്യൂഡൽഹിയുടെ നഗരസമീപത്തുതന്നെ ഗ്രാമം കാണപ്പെടുന്നു. കാൾസെന്ററുകൾ ഇന്ത്യയിലെ ഗ്രാമ-നഗരങ്ങളെ യൂറോപ്പിലെയും അമേരിക്കയിലെയും ഇടപാടുകാരുമായി നേരിട്ടു ബന്ധപ്പെടുത്തുന്നു. സ്വന്തവും സ്വന്തമല്ലാത്തതുമായ സംസ്കാരങ്ങളെ ഇന്ത്യൻ സമൂഹശാസ്ത്രജ്ഞർ പഠിക്കാറുണ്ട്. ആധുനിക ഇന്ത്യൻ സങ്കീർണസമൂഹത്തെയും ഗോത്രസമൂഹത്തെയും ഒരേപോലെ ഇന്ത്യൻ സമൂഹശാസ്ത്രം സമഗ്രമായി പഠിക്കുന്നു.

ലളിതസമൂഹങ്ങളുടെ പതനത്തോടെ സമൂഹനരവംശശാസ്ത്രത്തിന് അതിന്റെ തനിമ നഷ്ടപ്പെടുമെന്നും സമൂഹശാസ്ത്രത്തിൽ അത് ലയിക്കുമെന്നും ആശങ്ക ഉയർന്നിരുന്നു. എന്നാൽ രണ്ടു വിഷയങ്ങളും തമ്മിൽ പരസ്പര കൈമാറ്റങ്ങൾ നടത്തിക്കൊണ്ട് ഗവേഷണരീതികളും സമ്പ്രദായങ്ങളും പരസ്പരം കടംകൊണ്ടു. തത്ഫലമായി പരമ്പരാഗത പഠനവിഷങ്ങളല്ലാതിരുന്നിട്ടും രാഷ്ട്രത്തെക്കുറിച്ചും ആഗോളവൽക്കരണത്തെക്കുറിച്ചുമുള്ള പഠനങ്ങൾ നരവംശശാസ്ത്രത്തിന്റെ ഭാഗമായി രൂപം കൊണ്ടപ്പോൾ, ആധുനികസമൂഹങ്ങളുടെ സങ്കീർണത പഠിക്കുന്നതിന് സമൂഹശാസ്ത്രം ഗുണാത്മകവും (Qualitative) പരിമാണാത്മകവുമായ (Quantitative) രീതികളും സ്ഥൂലവും സൂക്ഷ്മവുമായ സമീപനങ്ങളും ഉപയോഗിച്ചു.



അധ്യായം 5-ൽ ഈ ചർച്ച തുടരും. എന്തെന്നാൽ, ഇന്ത്യയെ സംബന്ധിച്ചിടത്തോളം സമൂഹശാസ്ത്രവും സമൂഹനരവംശശാസ്ത്രവും തമ്മിൽ വളരെയധികം അടുത്തബന്ധം നിലനിൽക്കുന്നു.



**അൽപ്പംകൂടി...**

### സമൂഹശാസ്ത്ര കാഴ്ച (Sociological Eye)

1998-ൽ ഡോ. രൺഡൽ കോളിൻസ് (Dr. Randall Collins) മുന്നോട്ടുവച്ച സങ്കൽപ്പനമാണിത്. സമൂഹശാസ്ത്ര കാഴ്ച (Sociological Eye) വികസിപ്പിച്ചാൽ നമുക്ക് സമൂഹത്തിനുള്ളിൽ കടന്ന് അവ എങ്ങനെ പ്രവർത്തിക്കുന്നു എന്നു കാണാൻ സാധിക്കും. ഒരു വ്യക്തി, സാമൂഹികശക്തികളെ (Social forces) രൂപപ്പെടുത്തുന്നതും അവയാൽ രൂപപ്പെടുന്നതും തിരിച്ചറിയാൻ കഴിയുന്നു. സംസ്കാരം ഒരു വ്യക്തിയിൽ ശക്തമായി ചെലുത്തുന്ന സ്വാധീനത്തെ പഠിക്കാൻ ഇതു സഹായിക്കുന്നു. നമ്മൾ ജനിച്ചതും വളർന്നതും പഞ്ചാബിലോ മിസോറാമിലോ തമിഴ്നാട്ടിലോ, അല്ലെങ്കിൽ വിദേശത്തോ ആയിരുന്നെങ്കിൽ, ബാഹ്യമായ മാറ്റങ്ങൾ ഒന്നും തന്നെ നമ്മളിൽ

കണ്ടെന്നു വരുകയില്ലായിരിക്കാം. പക്ഷേ, നമ്മുടെ മൂല്യങ്ങൾ, വിശ്വാസങ്ങൾ, ആദർശങ്ങൾ, ധർമങ്ങൾ എന്നിവയിൽ വ്യത്യാസങ്ങൾ ഉണ്ടാകുന്നു. സ്ത്രീ-പുരുഷ പങ്കാളിത്തത്തിൽ, മതദർശനത്തിൽ, തൊഴിൽലക്ഷ്യങ്ങളിൽ, വിദ്യാഭ്യാസത്തിൽ തുടങ്ങി എല്ലാറ്റിലും ആ പ്രത്യേക സംസ്കാരത്തിന്റെ സ്വാധീനം ഉണ്ടാകും.

സമൂഹശാസ്ത്ര കാഴ്ച ഉപയോഗിക്കുന്ന സമൂഹശാസ്ത്രവിദ്യാർഥി സമൂഹത്തെ വ്യത്യസ്ത തലങ്ങളിൽ കാണാൻ ശ്രമിക്കുന്നു. അവർ മറ്റുള്ളവർ വിട്ടുപോകുന്ന പലതും തനതായ വീക്ഷണകോണിലൂടെ പഠിക്കുന്നു എന്നു മാത്രമല്ല, ദൈനംദിന സാമൂഹികക്രമങ്ങളുടെ പുതുബന്ധങ്ങൾ കണ്ടെത്തുകയും ചെയ്യുന്നു.

**ആധാരഗ്രന്ഥം**

Korgen, K.O. (*etal*) 2009. The Engaged Sociologist. USA, Pine Forge Press.

### ജ്ഞാനോദയം (Enlightenment)

പതിനേഴും പതിനെട്ടും നൂറ്റാണ്ടുകളിൽ യൂറോപ്യൻ സമൂഹത്തിലുണ്ടായ അടിസ്ഥാന ശാസ്ത്രവികാസവും അവ ഉപയോഗപ്പെടുത്തിയുള്ള സാങ്കേതിവിദ്യയുടെ വളർച്ചയും, തുടർന്നുണ്ടായ കാർഷിക-വ്യാവസായികരംഗങ്ങളിലെ ഉൽപ്പാദനവർധനവും മനുഷ്യരുടെ ചിന്താമണ്ഡലത്തിൽ വലിയ മാറ്റങ്ങൾ സൃഷ്ടിച്ചു. ഭൂമികേന്ദ്രീകൃതമായ പ്രപഞ്ചത്തെ സൂര്യകേന്ദ്രീകൃതമാക്കി കോപ്പർ നിക്കസ് അവതരിപ്പിച്ചതും, സൗരയൂഥം ഒന്നാകെ ചലിച്ചുകൊണ്ടിരിക്കുകയാണെന്നു ഗലീലിയോ സിദ്ധാന്തിച്ചതും അന്നു നിലനിന്നിരുന്ന പാശ്ചാത്യ ആശയവാദത്തിന്റെ (Western Idealism) അടിത്തറയിൽ വിള്ളലുകളുണ്ടാക്കി. മനുഷ്യന്റെ അന്നുവരെയുണ്ടായിരുന്ന ചിന്താമണ്ഡലത്തിലുണ്ടായ ശക്തമായ ഈ പ്രകമ്പനത്തെ ജ്ഞാനോദയം (Enlightenment) അഥവാ ധൈഷണികവിപ്ലവം (Intellectual Revolution) എന്നു വിശേഷിപ്പിക്കാം. (കാർത്തികേയൻ നായർ, 2018)

**ആധാരഗ്രന്ഥം**

കാർത്തികേയൻ നായർ, 2018. ചരിത്രത്തിന്റെ സ്രഷ്ടാക്കളും ചരിത്രത്തിന്റെ സൃഷ്ടികളും; വിജ്ഞാനകൈരളി, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം, തിരുവനന്തപുരം.



**മുതലാളിത്തം (Capitalism)**

കൈമാറ്റവിപണിയെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു സാമ്പത്തികസംരംഭമാണിത്. വസ്തുവകകൾ, ധനം, യന്ത്രങ്ങൾ എന്നീ മൂലധനങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ലാഭേച്ഛയോടുകൂടി ഉൽപ്പാദനം നടത്തുന്നു. ഉൽപ്പാദനോപാധിയുടെയും മൂലധനത്തിന്റെയും സ്വകാര്യ ഉടമസ്ഥതയിലാണ് ഈ സമ്പ്രദായം നിലനിൽക്കുന്നത്.

**വൈരുധ്യാത്മകം (Dialectic)**

എതിർസാമൂഹികശക്തികളുടെ നിലനിൽപ്പോ പ്രവർത്തനമോ. ഉദാഹരണത്തിന്, സാമൂഹികനിയന്ത്രണവും വ്യക്തിഗത താൽപ്പര്യവും.

**അനുഭവസിദ്ധമായ അന്വേഷണം (Empirical Investigation)**

സമൂഹശാസ്ത്രപഠനത്തിലെ വസ്തുനിഷ്ഠ അന്വേഷണം.

**സ്ത്രീവിമോചനവാദസിദ്ധാന്തങ്ങൾ (Feminist Theories)**

സാമൂഹികലോകത്തിന്റെ സ്ത്രീപക്ഷ വിശകലനസിദ്ധാന്തങ്ങൾ. നിരവധി സിദ്ധാന്തങ്ങൾ ഉള്ളതിൽ എല്ലാംതന്നെ ലിംഗ സമത്വത്തെ ചൂണ്ടിക്കാട്ടാനും പരിഹരിക്കാനും പരിശ്രമിക്കുന്നു.

**സ്ഥൂലസമൂഹശാസ്ത്രം (Macrosociology)**

സമൂഹത്തിൽ നിലനിൽക്കുന്ന വലിയ സംഘങ്ങളുടെയും സംഘടനകളുടെയും സമ്പ്രദായങ്ങളുടെയും പഠനം.

**സൂക്ഷ്മസമൂഹശാസ്ത്രം (Microsociology)**

മുഖാമുഖബന്ധങ്ങളിൽ മനുഷ്യന്റെ പെരുമാറ്റങ്ങളെക്കുറിച്ചുള്ള പഠനം.

**സാമൂഹിക അടക്കിനിർത്തൽ, സാമൂഹികനിയന്ത്രണം (Social Constraint)**

നാമുൾക്കൊള്ളുന്ന സംഘങ്ങളും സമൂഹങ്ങളും നമ്മുടെ പെരുമാറ്റത്തെ നിയന്ത്രിക്കുന്നതിനെയും അടക്കിനിർത്തുന്നതിനെയും സൂചിപ്പിക്കുന്ന പദം.

**മൂല്യങ്ങൾ (Values)**

അവശ്യവും അനുയോജ്യവും, ശരിയും തെറ്റും എന്നിങ്ങനെ വ്യക്തികളും സമൂഹവും നിലനിർത്തിപ്പോരുന്ന ആശയങ്ങൾ. മനുഷ്യസംസ്കാരങ്ങളിലെ വ്യതിയാനങ്ങളുടെ കേന്ദ്ര സ്വഭാവങ്ങളായി വ്യതിരിക്ത മൂല്യങ്ങൾ പ്രതിഫലിക്കുന്നു.



1. സമൂഹശാസ്ത്രത്തിന്റെ ഉത്ഭവവും വളർച്ചയും പഠിക്കുന്നതിന്റെ പ്രാധാന്യമെന്ത്?
2. സമൂഹമെന്ന പദത്തിന്റെ വ്യത്യസ്ത വീക്ഷണങ്ങൾ എന്തെല്ലാം? നമ്മുടെ സാമാന്യബോധ തിരിച്ചറിവിൽനിന്ന് ഇത് എങ്ങനെ വ്യത്യാസപ്പെടുന്നു?
3. വ്യത്യസ്ത പാഠ്യവിഷയങ്ങൾ തമ്മിൽ ആധുനികകാലഘട്ടത്തിൽ കൊടുക്കൽ വാങ്ങലുകൾ വർധിച്ചിട്ടുണ്ട്, ചർച്ചചെയ്യുക.
4. നിങ്ങളോ സുഹൃത്തുക്കളോ ബന്ധുക്കളോ നേരിടുന്ന വ്യക്തിഗത പ്രശ്നങ്ങളിൽ ഒന്നു തിരിച്ചറിയുക. സമൂഹശാസ്ത്രസങ്കൽപ്പങ്ങൾ ഉപയോഗപ്പെടുത്തി അതിനെ മനസ്സിലാക്കാൻ ശ്രമിക്കുക.
5. വ്യക്തിയുടെ സ്വകാര്യപ്രശ്നങ്ങൾ എപ്രകാരമാണ് സാമൂഹിക പ്രശ്നങ്ങളായി മാറുന്നത്? സി. റൈറ്റ് മിൽസിന്റെ സമൂഹ ശാസ്ത്രസങ്കൽപ്പം എന്ന ആശയത്തിന്റെ പശ്ചാത്തലത്തിൽ ചർച്ചചെയ്യുക.
6. സമൂഹങ്ങൾക്കുള്ളിലെ ബഹുത്വം എന്ന ആശയത്തിന്റെ പശ്ചാത്തലത്തിൽ, മറ്റുള്ളവർ നമ്മുടെ സമൂഹത്തെക്കുറിച്ച് പ്രതിപാദിക്കുന്നതിലെയും നാം നമ്മുടെ സമൂഹം എന്നു പറയുന്നതിലെയും അർഥവ്യത്യാസം ചർച്ചചെയ്യുക.
7. ഒരു സമൂഹശാസ്ത്രജ്ഞന്റെ/ശാസ്ത്രജ്ഞയുടെ സാമൂഹികപ്രതി ബദ്ധത എപ്രകാരമുള്ളതാണ്? വിശദമാക്കുക.
8. തൊഴിലില്ലായ്മയെക്കുറിച്ച് നിങ്ങളുടെ സമൂഹത്തിൽ നിലനിൽക്കുന്ന സാമാന്യബോധം എന്താണ്? ഒരു സമൂഹശാസ്ത്രവിദ്യാർഥി എന്ന നിലയിൽ തൊഴിലില്ലായ്മയുടെ കാരണങ്ങൾ എങ്ങനെ വിശദീകരിക്കും?
9. വ്യാവസായികവിപ്ലവവും സമൂഹശാസ്ത്രത്തിന്റെ ഉത്ഭവവും തമ്മിലുള്ള ബന്ധം ചർച്ചചെയ്യുക.
10. ചാൾസ് ഡാർവിന്റെ പരിണാമസിദ്ധാന്തം എപ്രകാരമാണ് സമൂഹശാസ്ത്ര ത്തിന്റെ ഉത്ഭവത്തെയും വളർച്ചയെയും സ്വാധീനിച്ചത്? വിശദീകരിക്കുക.

11. യൂറോപ്പിൽ സമൂഹശാസ്ത്രത്തിന്റെ ഉത്ഭവത്തെയും വളർച്ചയെയും കുറിച്ച് പഠിക്കുന്നതിലെ സാംഗത്യം പരിശോധിക്കുക.
12. കൊളോണിയൽ ഭരണകർത്താക്കളും പാശ്ചാത്യസമൂഹശാസ്ത്രജ്ഞരും ഇന്ത്യൻ സമൂഹത്തെക്കുറിച്ച് പുലർത്തിയിരുന്ന കാഴ്ചപ്പാടിനോട് നിങ്ങൾ യോജിക്കുന്നുണ്ടോ? എന്തുകൊണ്ട്?
13. സമൂഹശാസ്ത്രം ആധുനിക സങ്കീർണസമൂഹങ്ങളെക്കുറിച്ചുള്ള പഠനമാണെങ്കിൽ ലളിതസമൂഹങ്ങളെക്കുറിച്ചുള്ള പഠനമാണ് ...................
14. സമൂഹശാസ്ത്രവും സാമ്പത്തികശാസ്ത്രവും തമ്മിലുള്ള സാമ്യവ്യത്യാസങ്ങൾ തിരിച്ചറിഞ്ഞ് രണ്ടു വിഷയങ്ങളും പരസ്പരം ആശ്രയിക്കേണ്ടതിന്റെ ആവശ്യകത വിശദമാക്കുക.




BERGER, PETER L. 1963. *Invitation to Sociology : A Humanistic Perspective*. Penguin, Harmondsworth.

BIERSTEDT, ROBERT. 1970. *Social Order*. Tata Mc. Graw-Hill Publishing Co. Ltd, Mumbai.

BOTTOMORE, TOM. 1962. *Sociology : A Guide to Problems and Literature*. George, Allen and Unwin, London.

CHAUDHURI, MAITRAYEE. 2003. *The Practice of Sociology*. Orient Longman, New Delhi.

DESAI, A.R. 1975. *Social Background of Indian Nationalism*. Popular Prakashan, Mumbai.

DUBE, S.C. 1977. *Understanding Society : Sociology : The Discipline and its Significance :* Part I. NCERT, New Delhi.

FREEMAN, JAMES M. 1978. 'Collecting the Life History of an Indian Untouchable', from VATUK, SYLVIA. ed., *American Studies in the Anthropology of India*. Manohar Publishers, Delhi.

GIDDENS, ANTHONY. 2001. *Sociology.* Fourth Edition, Polity Press, Cambridge.

INKELES, ALEX. 1964. *What is Sociology? An Introduction to the Discipline and Profession.* Prentice Hall, New Jersey.

JAYARAM, N. 1987. *Introductory Sociology.* Macmillan India Ltd, Delhi.

LAXMAN, R.K. 2003. *The Distorted Mirror.* Penguin, Delhi.

MILLS, C. WRIGHT. 1959. *The Sociological Imagination.* Penguin, Harmondsworth.

SINGH, YOGENDRA. 2004. *Ideology and Theory in Indian Sociology.* Rawat Publications, New Delhi.

SRINIVAS, M.N. 2002. *Village, Caste, Gender and Method : Essays in Indian Social Anthropology.* Oxford University Press, New Delhi.


SWEDBERG, RICHARD. 2003. *Principles of Economic Sociology.* Princeton University Press, Princeton and Oxford.

# പദങ്ങളും സങ്കൽപ്പനങ്ങളും അവയുടെ ഉപയോഗവും സമൂഹശാസ്ത്രത്തിൽ

# 2

# TERMS, CONCEPTS AND THEIR USE IN SOCIOLOGY

Q4X1Q5




## I
## ആമുഖം

മുൻ അധ്യായത്തിൽ സമൂഹം, സമൂഹശാസ്ത്രം എന്നീ സങ്കൽപ്പനങ്ങൾ നാം പരിചയപ്പെട്ടു. സമൂഹശാസ്ത്രത്തിന്റെ പ്രധാന ചുമതല സമൂഹവും വ്യക്തിയും തമ്മിലുള്ള പരസ്പരബന്ധം അനാവരണം ചെയ്യുക എന്നതാണെന്നും തിരിച്ചറിഞ്ഞു. സമൂഹത്തിലെ വ്യക്തികൾ ഒറ്റപ്പെട്ടുനിൽക്കുന്നവരല്ലെന്നും കുടുംബം, ഗോത്രം, ജാതി, കുലം എന്നീ കൂട്ടായ്മകളുടെ ഭാഗമാണെന്നും മനസ്സിലാക്കി. ഈ പാഠഭാഗത്തിൽ വ്യക്തികളെ രൂപപ്പെടുത്തുന്ന വ്യത്യസ്തങ്ങളായ സംഘങ്ങൾ, അസമത്വം നിറഞ്ഞ സാമൂഹികനിയന്ത്രണരീതികൾ, പദവി, പങ്ക് എന്നീ സങ്കൽപ്പനങ്ങൾ പരിചയപ്പെടുന്നു.

മറ്റൊരുതരത്തിൽ പറഞ്ഞാൽ, സമൂഹം എങ്ങനെ പ്രവർത്തിക്കുന്നു എന്നു കണ്ടെത്താൻ ശ്രമിക്കുകയാണിവിടെ. സമൂഹം സ്വരച്ചേർച്ചയുള്ളതാണോ? സംഘർഷം നിറഞ്ഞതാണോ? പദവിയും പങ്കും സമൂഹത്തിൽ സ്ഥായിയായി നിൽക്കുന്നതാണോ? എങ്ങനെയാണ് സാമൂഹികനിയന്ത്രണം സാധ്യമാകുന്നത്? സാമൂഹിക അസമത്വങ്ങൾ ഏതെല്ലാം രീതിയിലാണ് കാണുന്നത്? സമൂഹശാസ്ത്ര

കഴിഞ്ഞ അധ്യായത്തിൽ ഭൗതികവും ധൈഷണികവുമായ ഘടകങ്ങൾ സമൂഹശാസ്ത്രത്തിന്റെ ഉത്ഭവത്തിന് എങ്ങനെ കാരണമായെന്ന് നാം വിശകലനം ചെയ്തു. സമൂഹശാസ്ത്രത്തിന്റെ ഉത്ഭവത്തിന് കാരണമായ ഘടകങ്ങളെക്കുറിച്ചും ചർച്ചചെയ്തു. സമൂഹശാസ്ത്രത്തിലെ പല സങ്കൽപ്പനങ്ങളുടെയും പദങ്ങളുടെയും ഉത്ഭവത്തിന് ചരിത്രപരമായ പശ്ചാത്തലമുണ്ട്. ഉദാഹരണത്തിന്, പ്രാചീനസമൂഹത്തിൽനിന്ന് ആധുനികസമൂഹത്തിലേക്കുള്ള മാറ്റം പുതിയ പല സാമൂഹികശാസ്ത്രപദങ്ങൾക്കും സങ്കൽപ്പനങ്ങൾക്കും ജന്മം നൽകി. ലളിതവും ചെറുതും പ്രാചീനവുമായ സമൂഹങ്ങളെ അടയാളപ്പെടുത്താൻ അതിലെ മുഖാമുഖവും (Face to Face) അടഞ്ഞതുമായ (Close) ബന്ധങ്ങളാണ് സമൂഹശാസ്ത്രജ്ഞർ ഉപയോഗിച്ചത്. എന്നാൽ ആധുനികസമൂഹത്തിൽ ഔപചാരിക പാരസ്പര്യങ്ങളാണുള്ളത്. അതിനാൽ പ്രാഥമികസംഘങ്ങൾ ദ്വിതീയസംഘങ്ങളിൽനിന്നും സമുദായം സമാജത്തിൽ നിന്നും വേർതിരിക്കപ്പെട്ടു. സമൂഹത്തിലെ സംഘങ്ങളിൽ ഘടനാപരമായ അസമത്വങ്ങൾ സാമൂഹികശ്രേണീകരണംപോലെയുള്ള സങ്കൽപ്പനങ്ങൾ വിശദീകരിക്കാൻ സമൂഹശാസ്ത്രജ്ഞർ ഉപയോഗിച്ചു.

സമൂഹത്തിലെ വ്യത്യസ്ത വിഭാഗങ്ങൾക്കിടയിലുള്ള അസമത്വഘടനയെ മനസ്സിലാക്കുന്നതിൽ സമൂഹശാസ്ത്രജ്ഞർ നൽകിയ പരിഗണനയെയാണ് സാമൂഹ്യശ്രേണീകരണം (Social Stratification) പോലുള്ള സങ്കല്പനങ്ങൾ വ്യക്തമാക്കുന്നത്. വ്യത്യസ്ത ങ്ങളായ സംഘങ്ങളും വ്യക്തികളും സമൂഹ ത്തിന്റെ സവിശേഷതകളാണ്. അതുകൊണ്ടുതന്നെ സമൂഹശാസ്ത്രത്തിൽ വ്യത്യസ്തങ്ങളായ പദങ്ങളും സങ്കൽപ്പനങ്ങളും ആവിർഭവിക്കുന്നു. സമൂഹത്തെ മനസ്സിലാക്കുന്നതിനുള്ള പഠനത്തിന് ഇത്തരം പ്രത്യേക പദങ്ങളും സങ്കൽപ്പനങ്ങളും എന്തിനാണെന്ന ചോദ്യം നിലനിൽക്കുന്നു. നമ്മുടെ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന പങ്ക്, പദവി, സാമൂഹികനിയന്ത്രണം എന്നിവ എന്തിനാണ് സമൂഹശാസ്ത്രത്തിൽ ആവശ്യമായിവരുന്നത്?

ഒരു വിഷയമെന്ന നിലയിൽ ന്യൂക്ലിയർ ഫിസിക്സ് 'ദ്രവ്യ' ത്തെ (Matter) ക്കുറിച്ച് പഠിക്കുന്നു. 'ദ്രവ്യം' എന്ന സങ്കൽപ്പനം സാധാരണക്കാരെ സംബന്ധിച്ചിടത്തോളം അപരിചിതമാണ്. ഈ വിധത്തിൽ എല്ലാ വിഷയങ്ങളും അതിന്റേതായ സംജ്ഞകളും പദങ്ങളും സങ്കൽപ്പനങ്ങളും ആശ്രയിച്ചാണ് നിലകൊള്ളുന്നത്. എല്ലാ വിഷയങ്ങൾക്കും അതിന്റേതായ പഠനമേഖലകളുണ്ട്. വ്യത്യസ്തങ്ങളായ രീതിശാസ്ത്രങ്ങൾ ഉപയോഗിച്ചുകൊണ്ട് ഓരോ വിഷയവും പഠനവും ഗവേഷണങ്ങളും നടത്തുന്നു. സമൂഹശാസ്ത്രത്തെ സംബന്ധിച്ചിടത്തോളം പദങ്ങളും സങ്കൽപ്പനങ്ങളും സുവ്യക്തമായി നിർവചിക്കപ്പെടേണ്ടതുണ്ട്. കാരണം, സാധാരണക്കാരായ ജനങ്ങൾ ഉപയോഗിക്കുന്ന സങ്കൽപ്പനങ്ങൾക്കും പദങ്ങൾക്കും സമൂഹശാസ്ത്രജ്ഞർ ഉപയോഗിക്കുന്ന അതേ പദങ്ങൾക്കും സങ്കൽപ്പനങ്ങൾക്കും വ്യത്യസ്തങ്ങളായ മാനങ്ങളാണുള്ളത്. നാം എല്ലാവരും നമ്മെ സ്വാധീനിക്കുന്ന സാമൂഹികസനാപനങ്ങളെക്കുറിച്ച് ബോധമുള്ളവരാണ്. എന്നാൽ നമുക്ക് അവയെ വ്യക്തമായും സൂക്ഷ്മമായും കാണാൻ സാധ്യമല്ല (Berger 1976 : 25).

ഉദാഹരണമായി, ഒന്നാം അധ്യായത്തിൽ ഇതിനെക്കുറിച്ച് വിശദമാക്കിയിട്ടുണ്ട്. കുടുംബം എന്ന സാമൂഹികസ്ഥാപനത്തിന്റെ ഭാഗമാണ് നാമെല്ലാം. സാമാന്യബോധവിജ്ഞാനതലത്തിൽ കുടുംബത്തെക്കുറിച്ചുള്ള ധാരണയും വിശദീകരണവും അതു സംബന്ധിച്ച സമൂഹശാസ്ത്ര വിശദീകരണവും വ്യത്യസ്തങ്ങളാവാം.

വിവിധ മാർഗങ്ങളിലൂടെ സമൂഹശാസ്ത്രം സ്വയം അടയാളപ്പെടുത്തുകയും ആധുനികകാലത്തെ സാമൂഹികമാറ്റങ്ങളെ നാടകീയമായി നോക്കിക്കാണുകയും ചെയ്യുന്നു. വർഗം (class), വർഗസമരം (Class Struggle) എന്നീ സങ്കൽപ്പനങ്ങളെ ഉപയോഗിച്ചാണ് കാൾ മാക്സ് സമൂഹത്തെ വിശകലനം ചെയ്തത്. എന്നാൽ 'സാമൂഹിക ഐക്യദാർഢ്യം' (Social Solidarity), 'കൂട്ടായ അവബോധം' (Collective Conscience) എന്നീ സങ്കൽപ്പനങ്ങളാണ് എമിൽ ദുർഖീം ഉപയോഗിച്ചത്. രണ്ടാം ലോകയുദ്ധ കാലഘട്ടത്തിനു ശേഷം ഘടനാപര നിർവഹണവാദികൾ (Structural Function-alist) സമൂഹത്തെ ജീവനുള്ള വസ്തുവായി കണക്കാക്കുന്നു. നിർവഹണവാദികൾ, സമൂഹത്തെ ജൈവവസ്തുവിനോട് (Organism) താരതമ്യം ചെയ്യുന്നു. സമൂഹത്തിലെ ഭാഗങ്ങൾ സമൂഹത്തിന്റെ നിലനിൽപ്പിനുവേണ്ടി പ്രവർത്തിക്കുന്നു. എന്നാൽ സംഘട്ടനവാദികൾ മാക്സിയൻ ചിന്തകളാൽ സ്വാധീനിക്കപ്പെട്ട് സമൂഹം സംഘർഷഭരിതമാണെന്നു വാദിക്കുന്നു.

മനുഷ്യന്റെ പെരുമാറ്റത്തെ പഠിക്കാൻ വ്യക്തികളെ അടിസ്ഥാന യൂണിറ്റായി സമൂഹശാസ്ത്രജ്ഞർ കണക്കാക്കി. ഇത് സൂക്ഷ്മപാരസ്പര്യം (Micro Interaction) എന്നറിയപ്പെടുന്നു. എന്നാൽ മറ്റു ചില സമൂഹശാസ്ത്രജ്ഞർ സമൂഹത്തെ മനസ്സിലാക്കുന്നതിന് വർഗം, വിപണി, ജാതി, സമുദായം എന്നീ സങ്കൽപ്പനങ്ങൾ ഉപയോഗിച്ചു. ഇവ 'സ്ഥൂലഘടനകൾ' (Macro Structure) എന്നറിയപ്പെടുന്നു. പദവി, പങ്ക് എന്നീ സങ്കൽപ്പനങ്ങൾ വ്യക്തിയിൽനിന്ന് ആരംഭിക്കുന്നു. എന്നാൽ സാമൂഹികനിയന്ത്രണം, സാമൂഹികശ്രേണീകരണം എന്നീ സങ്കൽപ്പനങ്ങൾ വ്യക്തി ഉൾപ്പെടുന്ന വലിയ പശ്ചാത്തലത്തിൽനിന്നാണ് ആരംഭിക്കുന്നത്.



താഴെ പറയുന്നവയിൽ ഏതെങ്കിലും ഒരു വിഷയം ക്ലാസ്റൂമിൽ ചർച്ചചെയ്യുക.

1. ജനാധിപത്യം വികസനത്തിന് തടസ്സമോ ഗുണകരമോ?
2. ഒരു നല്ല സമൂഹം എങ്ങനെയായിരിക്കണമെന്ന കാഴ്ചപ്പാട് മുകളിൽ പറഞ്ഞവ സൂചിപ്പിക്കുന്നുണ്ടോ?
3. ചർച്ചയാണോ ശിക്ഷയാണോ സംഘർഷങ്ങൾ പരിഹരിക്കാൻ അനുയോജ്യം?

മറ്റു വിഷയങ്ങളെക്കുറിച്ച് ചിന്തിക്കൂ.

ഏതുതരത്തിലുള്ള വ്യത്യാസങ്ങളാണ് ഉയർന്നുവരുന്നത്?

ഈ കാഴ്ചപ്പാട് എങ്ങനെയായിരിക്കും ഒരു നല്ല സമൂഹമാണോ എന്നു സൂചിപ്പിക്കുന്നത്?

ഇവ മനുഷ്യസമൂഹത്തിന്റെ വ്യത്യസ്ത സങ്കൽപ്പനങ്ങളെയാണോ സൂചിപ്പിക്കുന്നത്?

സമൂഹശാസ്ത്രത്തിലെ വ്യത്യസ്ത സങ്കൽപ്പനങ്ങളും പദങ്ങളും അവയുടെ തരംതിരിക്കലും സമൂഹത്തെ മനസ്സിലാക്കാൻ സമൂഹശാസ്ത്രജ്ഞരെ സഹായിക്കുന്നു. ഇവ സമൂഹത്തെ മനസ്സിലാക്കാനുള്ള താക്കോലുകളാണ്. സമൂഹശാസ്ത്രം സാമൂഹികമാറ്റത്തിനനുസരിച്ച് സമൂഹത്തെ പഠിക്കാൻ പുതിയ സങ്കൽപ്പനങ്ങളും പദങ്ങളും ഉപയോഗിക്കുന്നു. അതേപോലെ പഴയ സങ്കൽപ്പനങ്ങളെയും പദങ്ങളെയും പരിഷ്കരിക്കുകയും ചെയ്യുന്നു. സമൂഹശാസ്ത്രത്തിൽ നിലനിൽക്കുന്ന സങ്കൽപ്പനങ്ങളും വിഭാഗങ്ങളും നിരന്തരം ചോദ്യം ചെയ്യപ്പെടുന്നു.

സമൂഹശാസ്ത്രത്തിലെ പദങ്ങൾക്കും സങ്കൽപ്പനങ്ങൾക്കും വ്യത്യസ്തങ്ങളായ നിർവചനങ്ങളുണ്ട്. സമൂഹത്തിന്റെ വ്യത്യാസങ്ങൾ ആധിക്യമുള്ള സമീപനത്തിന് തീവ്രത പ്രത്യേകിച്ചും സമൂഹശാസ്ത്രത്തിലുണ്ടാക്കുന്നു.


സമൂഹത്തെ വ്യത്യസ്ത കോണുകളിലൂടെ സമൂഹശാസ്ത്രം അപഗ്രഥിക്കുന്നതിനാൽ വ്യത്യസ്ത രീതികളും പ്രയോഗങ്ങളും സങ്കൽപ്പനങ്ങളും സമൂഹശാസ്ത്രം പിന്തുടരുന്നു.


# II

## സാമൂഹികസംഘങ്ങളും സമൂഹവും (Social Groups and Society)

സമൂഹശാസ്ത്രം മനുഷ്യന്റെ സാമൂഹിക ജീവിതത്തെക്കുറിച്ച് പഠിക്കുന്നു. പ്രതിപ്രവർത്തനം, ആശയവിനിമയം എന്നീ നിർവചനീയമായ പ്രധാന സവിശേഷതകളിലൂടെ മനുഷ്യജീവിതത്തിന്റെ സാമൂഹിക കൂട്ടായ്മകൾ രൂപപ്പെടുത്തുന്നു. ചരിത്രപരവും താരതമ്യാത്മകവുമായ സമൂഹശാസ്ത്രപഠനങ്ങൾ രണ്ടു വസ്തുതകൾ വിശദീകരിക്കുന്നു. ഒന്നാമതായി, പ്രാചീനമോ ഫ്യൂഡലോ, ആധുനികമോ ഏഷ്യനോ, യൂറോപ്യനോ ആഫ്രിക്കൻ സമൂഹമോ ഏതുമാകട്ടെ, എല്ലാ സമൂഹത്തിലും സംഘജീവിതം നിലനിൽക്കുന്നു. രണ്ടാമതായി, സംഘത്തിന്റെ ഘടന സമൂഹത്തിനനുസരിച്ച് വ്യത്യസ്തമാകുന്നു.

ജനങ്ങളുടെ എല്ലാ ചേരലുകളും സാമൂഹികസംഘമായി മാറണമെന്നില്ല. റെയിൽവേ സ്റ്റേഷൻ, തിയേറ്റർ എന്നിവിടങ്ങളിൽ കാണപ്പെടുന്ന ജനക്കൂട്ടം സഞ്ചയത്തിന് ഉദാഹരണമാണ്. അവ സാമൂഹികസംഘങ്ങളല്ല. അന്യോന്യം നിശ്ചിത ബന്ധമില്ലാതെ ഒരേസമയം ഒരേ സ്ഥലത്ത് ഒന്നിച്ചുചേരുന്നവരെ സഞ്ചയം (Aggregates) എന്നു പറയുന്നു. അർധസംഘ(Quasi groups) ങ്ങളിലെ അംഗങ്ങൾക്ക് അങ്ങനെ സംഘം ചേരലിനെക്കുറിച്ചോ അംഗത്വത്തെക്കുറിച്ചോ യാതൊരു ധാരണയുമില്ല. ഇത്തരം സംഘങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള ഘടനയോ സംഘാടനമോ സ്വഭാവമോ ഉണ്ടാവില്ല. വർഗങ്ങൾ, ലിംഗസംഘങ്ങൾ, ആൾക്കൂട്ടങ്ങൾ എന്നിവ അർധസംഘങ്ങൾക്ക് ഉദാഹരണങ്ങളാണ്. ചില പ്രത്യേക സാഹചര്യങ്ങളിൽ അർധസംഘങ്ങൾ സാമൂഹികസംഘങ്ങളായി മാറിയേക്കാം. ഉദാഹരണം, ഒരു പ്രത്യേക ജാതിയിൽപ്പെട്ടവർ സംഘടിക്കപ്പെടുമ്പോൾ 'നമ്മൾ' എന്ന വികാരം (We-feeling) ഉണ്ടാവാൻ സാധ്യതയുള്ളവരാണ്. സ്വാതന്ത്ര്യസമരകാലത്ത് വ്യത്യസ്ത ജാതിയിലും വർഗത്തിലും സമുദായത്തിലുംപ്പെട്ടവർ സംഘടിക്കുകയും ഒരു സാമൂഹികസംഘമായി മാറി കൊളോണിയൽ ഭരണത്തിനെതിരായി പോരാടുകയും ചെയ്തു. വനിതാപ്രസ്ഥാനങ്ങൾ വനിതാസംഘങ്ങൾ എന്ന ആശയം രൂപപ്പെടുത്തുകയും വനിതാസംഘടനകളുടെ ഉത്ഭവത്തിന് കാരണമാവുകയും ചെയ്തു.





വിവിധതരം സംഘങ്ങൾ

### സാമൂഹികസംഘസവിശേഷതകൾ (Characteristics of social group)

1. ഒരു സാമൂഹികസംഘം നിരന്തരപാരസ്പര്യം (Persistent interaction) നിലനിർത്തുന്നു.
2. പാരസ്പര്യബന്ധങ്ങൾക്കു സറിരമായ മാതൃക ഉണ്ടായിരിക്കും.
3. ഞങ്ങൾ എന്ന ബോധം സമൂഹത്തിലെ അംഗങ്ങൾക്ക് ഉണ്ടായിരിക്കും. ഓരോ അംഗത്തിനും സംഘത്തെക്കുറിച്ചും അതിന്റെ നിയമം, ആചാരങ്ങൾ, ചിഹ്നങ്ങൾ എന്നിവയെക്കുറിച്ചും വ്യക്തമായ ധാരണ ഉണ്ടായിരിക്കും.
4. ഓരോ സാമൂഹികസംഘത്തിനും പൊതുവായ താൽപ്പര്യങ്ങൾ ഉണ്ടായിരിക്കും.
5. പൊതുവായ വഴക്കങ്ങളുടെയും മൂല്യങ്ങളുടെയും സ്വീകാര്യത.
6. നിർവചിക്കാവുന്ന ഘടന ഉണ്ടായിരിക്കും.

പൊതുവായ സംസ്കാരവും താൽപ്പര്യങ്ങളും മൂല്യങ്ങളും ക്രമങ്ങളും വച്ചുപുലർത്തുന്ന ഒരു സമൂഹത്തിനുള്ളിൽ നിരന്തര പാരസ്പര്യത്തിലേർപ്പെടുന്ന ഒരു കൂട്ടം ആളുകളെയാണ് സാമൂഹികസംഘം എന്നു പറയുന്നത്. വ്യക്തികൾ തമ്മിലും സംഘങ്ങൾ തമ്മിലുമുള്ള സ്ഥിരമായ മാതൃകകളെയും ആവർത്തിക്കുന്ന പാരസ്പര്യത്തെ സാമൂഹികഘടന (Social Structure) എന്നു പറയുന്നു. അതിനാൽ ഒരു പ്രത്യേക സമൂഹത്തിൽ പൊതുലക്ഷ്യങ്ങളും സംസ്കാരവും മൂല്യങ്ങളും വഴക്കങ്ങളുമുള്ള വ്യക്തികൾ തമ്മിലുള്ള നിരന്തര പാരസ്പര്യങ്ങളുടെ കൂട്ടത്തെ സാമൂഹികസംഘം എന്നു പറയുന്നു.



ഓരോ തലക്കെട്ടിനും ഉചിതമായ പേരെഴുതുക.

| | | |
|---|---|---|
| ജാതി | ഒരു ജാതിവിരുദ്ധപ്രസ്ഥാനം | ജാതിയടിസ്ഥാനത്തിലുള്ള രാഷ്ട്രീയപ്പാർട്ടി |
| വർഗം | വർഗാടിസ്ഥാനത്തിലുള്ള പ്രസ്ഥാനം | വർഗാടിസ്ഥാനത്തിലുള്ള രാഷ്ട്രീയപ്പാർട്ടി |
| സ്ത്രീ | വനിതാപ്രസ്ഥാനം | വനിതാസംഘടനകൾ |
| ഗോത്രം | ഗോത്രവർഗപ്രസ്ഥാനം | ഗോത്രവർഗ അടിസ്ഥാനത്തിലുള്ള രാഷ്ട്രീയപ്പാർട്ടി |
| ഗ്രാമീണർ | പരിസ്ഥിതിപ്രസ്ഥാനം | പാരിസ്ഥിതിക സംഘടന |

മുകളിൽപ്പറഞ്ഞവ സാമൂഹികസംഘങ്ങളാണെന്നു കരുതാമോ? അല്ലാത്തവയുണ്ടോ? സമൂഹശാസ്ത്രപരമായി മുകളിൽ പറഞ്ഞ പദങ്ങളെ എങ്ങനെ സാമൂഹികസംഘങ്ങളായി കണക്കാക്കാം?



കൗമാരക്കാരുടെ സംഘത്തെക്കുറിച്ച് ചർച്ചചെയ്യുക.

അത് ഒരു അർധസംഘമാണോ? സാമൂഹികസംഘമാണോ? കൗമാരം എന്ന ആശയം ഒരു പ്രത്യേകഘട്ടമായി ജീവിതത്തിലുണ്ടോ? പാരമ്പര്യസമൂഹങ്ങളിൽ പ്രായപൂർത്തിയായ അവസ്ഥയിലേക്കുള്ള പ്രവേശനം എങ്ങനെയായിരുന്നു? ഇന്ന് ഈ സംഘത്തെ സ്വാധീനിക്കാനുള്ള എന്തെങ്കിലും പരസ്യങ്ങളിലും വിപണനതന്ത്രങ്ങളിലും ഉണ്ടോ? കൗമാരക്കാരുടെ സംഘത്തെ ലക്ഷ്യംവയ്ക്കുന്ന ഒരു പരസ്യം ചൂണ്ടിക്കാണിക്കുക.

പ്രത്യേക അവകാശമുള്ളവർ, വിവേചനങ്ങൾ നേരിടുന്നവർ, ഉയർന്നവരെന്ന് പറയുന്ന വർഗങ്ങൾ, കീഴാളർ, ധനികർ എന്നീ വിഭാഗങ്ങളിലെ കൗമാരക്കാരുടെ വ്യത്യസ്ത ജീവിതാനുഭവങ്ങൾ എന്തൊക്കെയാണ്? സാമൂഹികശ്രേണീകരണത്തിന്റെ അടിസ്ഥാനത്തിൽ ചർച്ചചെയ്യുക.

## വിവിധതരം സംഘങ്ങൾ (Types of Groups)

സമൂഹശാസ്ത്രജ്ഞരും നരവംശശാസ്ത്രജ്ഞരും സാമൂഹികസംഘങ്ങളെ വ്യത്യസ്തമായി അവതരിപ്പിച്ചിരിക്കുന്നു. പരമ്പരാഗതവും ലളിതവുമായ സമൂഹത്തിൽ ഗ്രൂപ്പുകളിലെ അംഗങ്ങൾ തമ്മിൽ പാരസ്പര്യം, മുഖാമുഖ അനൗപചാരിക ദൃഢത തുടങ്ങിയ സവിശേഷതകൾ നിറഞ്ഞ ബന്ധങ്ങളാണ് ഉണ്ടായിരുന്നത്. എന്നാൽ ആധുനികസമൂഹത്തിൽ ഔപചാരികം, വിദൂരം, അമൂർത്തം എന്നീ സവിശേഷതകളുള്ള ബന്ധങ്ങളാണ് നിലനിൽക്കുന്നത്.

### പ്രാഥമികവും ദ്വിതീയവുമായ സാമൂഹികസംഘങ്ങൾ (Primary and Secondary Social Groups)

നാമെല്ലാം വ്യത്യസ്ത സാമൂഹികസംഘങ്ങളിലെ അംഗങ്ങളാണ്. എന്നാൽ എല്ലാ സാമൂഹികസംഘങ്ങളും നമ്മെ സംബന്ധിച്ചിടത്തോളം തുല്യപരിഗണനയുള്ളതല്ല. ചില സംഘങ്ങൾ നമ്മെ വ്യത്യസ്തരീതിയിൽ സ്വാധീനിക്കുകയും മറ്റുള്ളവരുമായി ബന്ധിപ്പിക്കുകയും ചെയ്യുന്നു. പ്രാഥമികസംഘം എന്ന സങ്കൽപ്പനം സൂചിപ്പിക്കുന്നത് ചെറുതും വൈകാരികമായി ബന്ധപ്പെട്ടിരിക്കുന്നതും മുഖാമുഖം (face to face) ബന്ധമുള്ളതും സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതുമായ സംഘങ്ങളാണ്. പ്രാഥമികസംഘത്തിലെ അംഗങ്ങൾക്ക് ഞങ്ങളെന്ന ബോധമുണ്ടാവും. കുടുംബം, ഗ്രാമം, സുഹൃദ്സംഘങ്ങൾ എന്നിവ പ്രാഥമികസംഘങ്ങൾക്ക് ഉദാഹരണങ്ങളാണ്.

ദ്വിതീയസംഘങ്ങൾ താരതമ്യേന വലുപ്പമുള്ളതും ഔപചാരികബന്ധത്തിൽ അധിഷ്ഠിതമായ അമൂർത്തമായ സംഘങ്ങളാണ്. വൈകാരികമായ അടുപ്പമോ അന്യോന്യം ഉറ്റബന്ധമോ ഇത്തരം സംഘങ്ങൾക്കുണ്ടാവില്ല. പ്രാഥമികസംഘങ്ങൾ വ്യക്ത്യധിഷ്ഠിതമാണെങ്കിൽ (Person Oriented) ദ്വിതീയസംഘങ്ങൾ ലക്ഷ്യാധിഷ്ഠിതമാണ് (Goal Oriented). സ്കൂൾ, സർക്കാർ ഓഫീസ്, ആശുപത്രി, വിദ്യാർഥി സംഘടനകൾ എന്നിവ ദ്വിതീയ സംഘങ്ങൾക്കുദാഹരണങ്ങളാണ്.

### സമുദായം, സമൂഹം അഥവാ സമാജം (Community and Society or Association)

പ്രാമാണിക സമൂഹശാസ്ത്രജ്ഞർ (Classical Sociologist) പഴയ പാരമ്പര്യ ഗ്രാമീണ കാർഷികസമൂഹങ്ങളെയും ആധുനിക നഗര സമൂഹങ്ങളെയും അവയിലെ സാമൂഹികബന്ധങ്ങളിലെ വ്യത്യസ്തതയെയും പഠനവിധേയമാക്കിയിട്ടുണ്ട്. സമുദായം എന്ന പദം സൂചിപ്പിക്കുന്നത് കുടുംബത്തിലും അടുത്ത സുഹൃത്തുക്കളിലും അടുത്ത സംഘങ്ങളിലുമുള്ള പോലെ വ്യക്തിപരവും അടുത്തതും സുസ്ഥിരവുമായ ബന്ധങ്ങളിൽ അധിഷ്ഠിതമായ സംഘങ്ങളെയാണ്.

സമൂഹം അഥവാ സമാജം ഉപരിപ്ലവവും അമൂർത്തവും സ്ഥായിയല്ലാത്തതും വ്യക്തിപരമല്ലാത്തതുമായ സംഘങ്ങളാണ്. സമൂഹം അഥവാ സമാജം സമുദായത്തിന് നേർവിപരീതമാണ്. വാണിജ്യം, വ്യവസായം എന്നിവ കൂടുതൽ യുക്തിയുടെയും കണക്കുകൂട്ടലുകളുടെയും അടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നത്. കരാറുകളുടെയും ഉടമ്പടികളുടെയും അടിസ്ഥാനത്തിലാണ് സമാജത്തിൽ ബന്ധങ്ങൾ രൂപപ്പെടുന്നത്. വൈകാരിക അടുപ്പത്തിനോ വ്യക്തിപരതയ്ക്കോ സമാജത്തിൽ യാതൊരു സ്ഥാനവുമില്ല. സമുദായത്തെ പ്രാഥമികസംഘമായും സമാജത്തെ ദ്വിതീയ സംഘമായും പരിഗണിക്കാം.



ഒരു സംഘടന/റസിഡൻസ് അസോസിയേഷൻ/സ്പോർട്സ് ക്ലബ്ബ് എന്നിവയിൽ ഏതെങ്കിലും ഒന്നിന്റെ നിവേദനത്തിന്റെ (Memorandum) ഒരു പകർപ്പ് ലഭ്യമാക്കുക.

അവരുടെ ലക്ഷ്യങ്ങൾ, അംഗത്വം, നിയമങ്ങൾ എന്നിവ ചർച്ചചെയ്യുക.

ഒരു ഔപചാരികസംഘം പാരസ്പര്യത്താൽ സാവധാനം മാറ്റത്തിനു വിധേയമാകുന്നു. അത് ക്രമേണ കുടുംബത്തെയും സുഹൃത്തുക്കളെയുംപോലെ കൂടുതൽ അടുപ്പമുള്ളതായിമാറുന്നു. സമൂഹത്തെയും സമൂഹത്തിലെ മാറ്റങ്ങളെയും മനസ്സിലാക്കാനുള്ള മാർഗവുമായി മാറുന്നു.

### അംഗസംഘങ്ങളും അംഗേതരസംഘങ്ങളും (In Groups and Out Groups)

നമ്മൾ എന്ന ബോധം ശക്തമായി നിലനിൽക്കുന്ന സംഘങ്ങളാണ് അംഗസംഘങ്ങൾ (In Groups). 'സ്വസംഘം' എന്ന വികാരം 'നമ്മൾ', 'അവർ' എന്ന വേർതിരിവ് സൃഷ്ടിക്കുന്നു. ഒരു വിദ്യാലയത്തിലെ കുട്ടികൾ അംഗസംഘമാണ്. എന്നാൽ അവരെ സംബന്ധിച്ചിടത്തോളം മറ്റൊരു സ്കൂളിലെ കുട്ടികൾ 'അംഗേതരസംഘ' (Out Groups) ത്തിൽപ്പെടുന്നു. ഇതുപോലെ മറ്റ് ഉദാഹരണങ്ങൾ കണ്ടെത്താമോ?

അംഗേതരസംഘങ്ങൾ എന്നതുകൊണ്ടർഥമാക്കുന്നത് 'നമ്മൾ' ഉൾപ്പെടാത്ത സംഘങ്ങളാണ്. അംഗേതരസംഘത്തിലെ അംഗങ്ങളോട് ശത്രുതയും അകൽച്ചയും അംഗസംഘം വച്ചുപുലർത്തുന്നു. കുടിയേറ്റക്കാർ അംഗേതര സംഘത്തിന് ഉദാഹരണമാണ്.

പ്രശസ്ത സാമൂഹികശാസ്ത്രജ്ഞൻ എം.എൻ. ശ്രീനിവാസ് 1948-ൽ രാംപുരയിൽ നടത്തിയ കാനേഷുമാരിയിൽ പുതിയതും പഴയതുമായ കുടിയേറ്റക്കാർ തമ്മിലുള്ള വേർതിരിവിനെക്കുറിച്ച് താഴെക്കാണുന്ന രീതിയിൽ എഴുതി.

*ഗ്രാമവാസികളുടെ രണ്ടുതരത്തിലുള്ള അഭിപ്രായപ്രകടനത്തെക്കുറിച്ച് എനിക്ക് മനസ്സിലാക്കാൻ സാധിച്ചു. പുതിയ കുടിയേറ്റക്കാർ ഇന്നലെയോ രണ്ടുദിവസം മുമ്പോ വന്നവരാണെന്ന് അഭിപ്രായപ്പെടുമ്പോൾ പഴയ കുടിയേറ്റക്കാർ വളരെ മുമ്പ് വന്നവരാണെന്ന് അഭിപ്രായപ്പെട്ടു.*
(Srinivas - 1996 : 33)



മറ്റു രാജ്യങ്ങളിൽനിന്നോ നമ്മുടെ തന്നെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നോ കുടിയേറിയവരുടെ അനുഭവങ്ങൾ കണ്ടെത്തുക. സംഘങ്ങളുടെ മാറ്റങ്ങളും പുനരുദ്ധാരണവും നിങ്ങൾക്ക് കണ്ടെത്താനാകും. അന്യസംഘത്തിലുള്ളവർ ക്രമേണ അംഗസംഘത്തിലുള്ളവരായി മാറുന്നുണ്ടോ? ഇന്ത്യാചരിത്രത്തിൽനിന്ന് ഇത്തരം ഉദാഹരണങ്ങൾ കണ്ടെത്തുക.

### സൂചിതസംഘം (Reference Group)

സമൂഹത്തിൽ എല്ലായ്പ്പോഴും ചില മാതൃകകൾ ഉണ്ടായിരിക്കും. സംഘത്തിലെ ചില അംഗങ്ങൾ മറ്റു സംഘങ്ങളെ അനുകരിക്കാനും മാതൃകയാക്കാനും ശ്രമിക്കുന്നു. ഇങ്ങനെ അന്ധമായി അനുകരിക്കുന്നതിന് മാതൃകയാക്കുന്ന സംഘങ്ങളെ 'സൂചിതസംഘം' (Reference Group) എന്നു വിളിക്കുന്നു. നാം നമ്മുടെ സൂചിതഗണത്തിൽ ഉൾപ്പെടുന്നില്ലെങ്കിലും അതിലുണ്ടെന്നു കരുതുന്നു. സൂചിതസംഘങ്ങൾ സംസ്കാരത്തിന്റെയും ജീവിതശൈലിയുടെയും പ്രതീക്ഷകളുടെയും ലക്ഷ്യപ്രാപ്തിയുടെയും അറിവിന്റെയും സ്രോതസ്സുകളാണ്.

കൊളോണിയൽ ഭരണകാലത്ത് മധ്യവർഗത്തിൽപ്പെട്ട ഇന്ത്യക്കാരായ ജനങ്ങൾ ഇംഗ്ലീഷുകാരുടെ പെരുമാറ്റരീതികൾ അനുകരിച്ചിരുന്നു. മധ്യവർഗത്തിന്, ബ്രിട്ടിഷുകാർ ഒരു സൂചിത സംഘമാണ്. എന്നാൽ ഇത് ലിംഗപരമായതിനാൽ പുരുഷനും സ്ത്രീക്കും വ്യത്യസ്ത പങ്കുണ്ടായിരുന്നു. പുരുഷന്മാർ അവരുടെ സ്ത്രീകൾ ബ്രിട്ടിഷ് വനിതകളെ അനുകരിക്കുന്നത് ഇഷ്ടപ്പെട്ടില്ല. ഇന്ത്യൻ സ്ത്രീകൾ ഇന്ത്യക്കാരായിരിക്കാനാണ് അവർ ആഗ്രഹിച്ചത്. എന്നാൽ ചെറിയ തോതിലുള്ള മാറ്റങ്ങൾ അനുവദിച്ചിരുന്നു. ഇന്നും ഈ മനോഭാവമുണ്ടെന്നു നിങ്ങൾക്ക് തോന്നുന്നുണ്ടോ?

### സമസംഘം (Peer Group)

പ്രാഥമികഗണത്തിന്റെ സവിശേഷതയുള്ള സംഘമാണ് സമസംഘം. ഒരേ പ്രായത്തിലുള്ളവരും ഒരേതരം തൊഴിലിൽ ഏർപ്പെടുന്നവരുമായ ആളുകളുടെ സംഘങ്ങളെ സമസംഘങ്ങൾ എന്നു പറയുന്നു. ഒരു വ്യക്തി എന്തു പ്രവർത്തിക്കണം, എന്തു പ്രവർത്തിക്കരുത് എന്നതിൽ സമസംഘം ചെലുത്തുന്ന സമ്മർദത്തെ സമസംഘസമ്മർദം (Peer Group Pressure) എന്നു പറയുന്നു.






- സുഹൃത്തുക്കളോ നിങ്ങളുടെ പ്രായത്തിലുള്ള മറ്റുള്ളവരോ നിങ്ങളെ സ്വാധീനിക്കുന്നുണ്ടോ?
- നിങ്ങളുടെ വസ്ത്രധാരണം, പെരുമാറ്റം, സംഗീതാസ്വാദനം എന്നിവ രൂപപ്പെടുത്തുന്നതിൽ നിങ്ങളുടെ പ്രായത്തിലുള്ള മറ്റുള്ളവർക്കു പങ്കുണ്ടോ?
- ഈ രീതിയിലുള്ള സ്വാധീനത്തെ സാമൂഹികസമ്മർദമായി നിങ്ങൾ കാണുന്നുണ്ടോ? ചർച്ചചെയ്യുക.

### സാമൂഹികശ്രേണീകരണം (Social Stratification)

സാമൂഹികശ്രേണീകരണം സൂചിപ്പിക്കുന്നത് സമൂഹത്തിലെ സംഘങ്ങളുടെ അസമത്വങ്ങളെയാണ്. ഭൗതികനേട്ടങ്ങൾക്കുവേണ്ടിയുള്ള സംഘടിത സമൂഹത്തിന്റെ ശ്രമങ്ങളാണ് സാമൂഹികശ്രേണീകരണത്തിന്റെ അടിസ്ഥാനം. വ്യത്യസ്ത ഗ്രൂപ്പുകളിലുള്ളവർ തമ്മിലുള്ള ഘടനാപരമായ അസമത്വങ്ങൾ മനസ്സിലാക്കുന്നതിന് സാമൂഹികശ്രേണീകരണം എന്ന സങ്കൽപ്പനം സമൂഹശാസ്ത്രവിദ്യാർഥികളെ സഹായിക്കുന്നു. ഭൗമോപരിതലത്തിലുള്ള പാറകളോട് ഇതിനെ ഉപമിക്കാം. സമൂഹത്തിനകത്ത് വ്യത്യസ്ത പദവികൾ അലങ്കരിക്കുന്ന ശ്രേണികളെ കാണാൻ ഇത്തരം ശ്രേണികളിൽ ഏറ്റവും മുകളിലുള്ളവർ സാമൂഹികമായ സവിശേഷ അവകാശങ്ങൾ അനുഭവിക്കുമ്പോൾ ശ്രേണിയിലെ താഴേത്തട്ടിലുള്ളവർ സാമൂഹിക വിഭവങ്ങളിൽനിന്നു മാറ്റിനിർത്തപ്പെടുന്നു.

അധികാരത്തിലെ അസമത്വങ്ങളും നേട്ടങ്ങളും സമൂഹശാസ്ത്രത്തിന്റെ പ്രധാന പഠന മേഖലയാണ്. അതിന് സാമൂഹികശ്രേണീകരണം പ്രധാന പങ്കാണു വഹിക്കുന്നത്. ശ്രേണീകരണം സമൂഹത്തിലെ ഓരോ

വ്യക്തിയെയും ഗ്രൂപ്പിനെയും ഗാർഹികാവസ്ഥയെയും ബാധിക്കുന്നു. ആരോഗ്യസംരക്ഷണത്തിനുള്ള അവസരം, സുരക്ഷ, വിദ്യാഭ്യാസ അവസരം, തൊഴിലിലെ സംതൃപ്തി, രാഷ്ട്രീയസ്വാധീനം എന്നിവ അസമമായി വിതരണം ചെയ്യുന്ന ഒരു വ്യവസ്ഥാപിത രീതിയാണിത്.




ചരിത്രപരമായി വിശകലനം ചെയ്യുമ്പോൾ സാമൂഹികചരിത്രത്തിൽ പ്രധാനമായും നാലുതരത്തിലുള്ള ശ്രേണീകരണസംവിധാനങ്ങൾ നിലനിന്നിട്ടുണ്ട് എന്നു കാണാം. അടിമത്തം, ജാതി, എസ്റ്റേറ്റ്, വർഗം എന്നിവയാണവ. അസമത്വത്തിന്റെ തീവ്രരൂപമാണ് അടിമത്തം. ഇത് ഗ്രീസിലും റോമിലും അമേരിക്കൻ ഐക്യനാടുകളിലും പതിനെട്ട്, പത്തൊമ്പത് നൂറ്റാണ്ടുകളിൽ നിലനിന്നിരുന്നു. ഇന്ന് ഈ സംവിധാനം ലോകത്തെവിടെയും കാണാൻ സാധിക്കുകയില്ല. എന്നാൽ ‘കരാർ അധിഷ്ഠിത തൊഴിൽ’ (Bonded labour) നിലനിൽക്കുന്നുണ്ട്. യൂറോപ്പിൽ നിലനിൽക്കുന്ന സാമൂഹികശ്രേണീകരണ സംവിധാനമാണ് എസ്റ്റേറ്റ്. എസ്റ്റേറ്റിനെ കുറിച്ച് കൂടുതലായി ഈ പാഠഭാഗത്ത് പരാമർശിക്കുന്നില്ല. എന്നാൽ ജാതി, വർഗം എന്നിവ വിശദീകരിക്കുന്നു. ജാതി, വർഗം, ലിംഗം എന്നിവ സാമൂഹികശ്രേണീകരണത്തിന്റെ അടിസ്ഥാനമാണെന്ന് 'സമൂഹത്തെ മനസ്സിലാക്കൽ' എന്ന പുസ്തകത്തിൽ (NCERT - 2006) വിശദീകരിക്കുന്നുണ്ട്.

### ജാതി (Caste)

ജാതിവ്യവസ്ഥയിൽ വ്യക്തികളുടെയും സംഘത്തിന്റെയും സാമൂഹികപദവി നിർണയിക്കുന്നത് ജനനമാണ്. ജീവിതത്തിൽ ഒരു വ്യക്തി നേടിയെടുക്കുന്ന ഗുണങ്ങൾക്കും പദവികൾക്കും യാതൊരു മൂല്യവും ജാതിവ്യവസ്ഥയിൽ ലഭിക്കുന്നില്ല. എന്നാൽ വർഗസംവിധാനത്തിൽ വ്യക്തിയുടെ ജനനത്തിന് പരിഗണന ലഭിക്കുന്നില്ല. വ്യക്തിയുടെ ഗുണങ്ങളും അധ്വാനവുമാണ് അവിടെ പദവി നിർണയിക്കുന്നത്.

പരമ്പരാഗത ഇന്ത്യയിൽ ജാതിശ്രേണിയിൽ വ്യത്യസ്ത ജാതികൾക്ക് വ്യത്യസ്ത പദവികളാണുണ്ടായിരുന്നത്. ശ്രേണീക്രമത്തിൽ ഏറ്റവും മുകളിലെ ശ്രേണി അലങ്കരിക്കുന്നവർ ഉയർന്ന സാമൂഹികപദവിയും സാമൂഹികവിഭവങ്ങളും നേടിയെടുത്തു. എന്നാൽ ജാതിശ്രേണിയിൽ താഴേത്തട്ടിലുള്ളവർ സാമൂഹികബഹിഷ്കരണവും താഴ്ന്ന സാമൂഹികപദവിയും അനുഭവിക്കേണ്ടിവന്നു.

ജാതിവ്യവസ്ഥയിൽ ശുദ്ധി, അശുദ്ധി (Purity and Pollution) എന്നീ ഘടകങ്ങളാണ് എല്ലാ കാര്യങ്ങളും തീരുമാനിച്ചിരുന്നത്. ജാതിശ്രേണിയിൽ ശുദ്ധരായ വിഭാഗങ്ങൾ ഉയർന്ന ശ്രേണിയും അശുദ്ധരായവർ ഏറ്റവും താഴ്ന്ന ശ്രേണിയിലുമായിരുന്നു. ഏറ്റവും ശുദ്ധരെന്ന

വകാശപ്പെടുന്ന ബ്രാഹ്മണർ പുരോഹിതവർഗ ത്തിൽപ്പെടുന്നു. സ്വാഭാവികമായും അവർ ജാതിശ്രേണിയിൽ ഉയർന്ന പദവി അലങ്കരിച്ചു. പഞ്ചമർ അഥവാ പുറംജാതിക്കാർ (Out caste) ജാതിശ്രേണിയിൽ ഏറ്റവും താഴെയായി കണ ക്കാക്കപ്പെട്ടു. ബ്രാഹ്മണർ, ക്ഷത്രിയർ, വൈ ശ്യർ, ശൂദ്രർ എന്നിങ്ങനെ തിരിക്കപ്പെട്ടതാണ് ചാതുർവർണ്യം. തൊഴിലിനെ അടിസ്ഥാന മാക്കി ധാരാളം ജാതികൾ നിലനിന്നിരുന്നു.

വർഷങ്ങളായി ഇന്ത്യയിലെ ജാതിവ്യവസ്ഥ വിപുലമായ മാറ്റങ്ങൾക്കു വിധേയമായിട്ടുണ്ട്. സ്വഗണത്തിൽനിന്നുള്ള വിവാഹം, കീഴ്ജാ തിക്കാരോടുള്ള തീണ്ടൽ എന്നിവ ശുദ്ധി നില നിർത്താൻ അനിവാര്യമായിരുന്നു. എന്നാൽ നഗരവൽക്കരണത്തിന്റെ ഭാഗമായി ശുദ്ധി, അശുദ്ധി എന്നീ സങ്കൽപ്പനങ്ങളിൽ ഒരുപാടു മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. സമൂഹശാസ്ത്ര ജ്ഞനായ എ.ആർ. ദേശായി നഗരവൽക്കരണ ത്തിന്റെ ഭാഗമായി ഇന്ത്യൻസമൂഹത്തിൽ വന്ന മാറ്റങ്ങൾ പരാമർശിക്കുന്നുണ്ട്. ഹോട്ടലുകൾ, തിയേറ്ററുകൾ, ബസ്സുകൾ, ട്രെയിനുകൾ എന്നിവ ഉൾപ്പെട്ടതാണ് ആധുനികനഗരങ്ങൾ. എല്ലാ ജാതിയിൽപ്പെട്ട ആളുകളും ഈ സൗക ര്യങ്ങൾ ഉപയോഗിക്കുന്നുണ്ട്. ജാതിവ്യവസ്ഥ പൂർണമായും ഉന്മൂലനം ചെയ്യപ്പെട്ടിട്ടില്ലെങ്കിലും നഗരവൽക്കരണം അതിൽ മാറ്റങ്ങൾ കൊണ്ടുവന്നിട്ടുണ്ട്.

*ആധുനികവ്യവസായങ്ങൾ ആധുനിക നഗരങ്ങളെ രൂപപ്പെടുത്തുന്നു. വൻകിട ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, തിയേറ്ററു കൾ, തീവണ്ടി, ബസ്സുകൾ എന്നിവിട ങ്ങളിൽ ജാതിമതവ്യത്യാസമില്ലാതെ എല്ലാ ജനവിഭാഗങ്ങളും ഒന്നിച്ചു യാത്ര ചെയ്യുകയും ഭക്ഷണം കഴിക്കുകയും ഒന്നിച്ച് ഇടപെടുകയും ചെയ്യുന്നു. എന്നാൽ ഇത് ജാതിവ്യവസ്ഥ ഉന്മൂലനം ചെയ്യപ്പെട്ടു എന്നു സൂചിപ്പിക്കുന്നില്ല. (ദേശായ് 1975-248)*

മില്ലുകളിൽ ഗ്രാമങ്ങളിലെപ്പോലെ പ്രകട മായ വിവേചനം കാണാൻ സാധിക്കു ന്നില്ല, എന്നാൽ അവിടെയുള്ള സ്വകാര്യ ഇട പെടലുകൾ മറ്റൊരു കഥയാണ് വെളി പ്പെടുത്തുന്നത്.

(പാർമർ)

അവർ ഞങ്ങളുടെ കൈകളിൽനിന്നു ചിലപ്പോൾ വെള്ളം വാങ്ങി കുടിക്കുന്നില്ല. പലപ്പോഴും അവർ ഞങ്ങൾക്കുനേരെ ചീ ത്ത പദങ്ങൾ ഉപയോഗിക്കുന്നു. ഇതിനു ള്ള പ്രധാന കാരണം അവർ ഇപ്പോഴും വലിയവരാണെന്ന് വിശ്വസിക്കുന്നുവെന്ന താണ്. കാലങ്ങളായി അവർ അങ്ങനെ കരുതുന്നു. ഞങ്ങൾ എത്ര നന്നായി വസ്ത്രം ധരിച്ചാലും അവർ ഞങ്ങളെ സ്വീകരിക്കാൻ തയാറല്ല.

(ഫ്രാങ്കോ et.al. 2004-150)

ഇന്നും ജാതിവ്യവസ്ഥ നിലനിൽക്കുന്നു. അതേസമയം ജനാധിപത്യവ്യവസ്ഥ ജാതിവ്യ വസ്ഥയെ ബാധിച്ചു. ജാതിതാൽപ്പര്യഗ്രൂപ്പുകൾ (Caste interest groups) എന്ന നിലയിലേക്ക് അവ ശക്തിപ്രാപിച്ചു. വേർതിരിഞ്ഞ ജാതികൾ അവരുടെ ജനാധിപത്യ അവകാശങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകാൻ തുടങ്ങി.

### വർഗം (Class)

വർഗമെന്ന സാമൂഹികശ്രേണീസംവിധാന ത്തെ കുറിച്ച് പഠിക്കാൻ ശാസ്ത്രജ്ഞർ ശ്രമം നടത്തിയിട്ടുണ്ട്. കാൾ മാക്സും മാക്സ് വെ ബറും നിർവഹണസിദ്ധാന്തങ്ങളും വർഗസംവി ധാനത്തെ വിശകലനം ചെയ്തിട്ടുണ്ട്. ഉൽപ്പാ ദനപ്രക്രിയയിലെ വ്യക്തികളുടെ ബന്ധത്തെ അടിസ്ഥാനമാക്കിയാണ് കാൾ മാക്സ് വർഗ ത്തെ വിശദീകരിച്ചത്. ഉൽപ്പാദനപ്രക്രിയയിൽ സംഘങ്ങൾ ഉടമസ്ഥരാണോ? (തൊഴിൽശാല, ഭൂമി എന്നിവയുടെ). അവർ യാതൊന്നിന്റെയും ഉടമസ്ഥരല്ലാതെ, സ്വന്തം തൊഴിൽശക്തിയുടെ ഉടമസ്ഥരാണോ? ഈ ചോദ്യങ്ങൾ ചോദിക്കാം. 'ജീവിതാവസരം' (Life Chances) എന്ന പദം

അടിസ്ഥാനമാക്കിയാണ് മാക്സ് വെബർ വർഗത്തെ വിശകലനം ചെയ്തത്. ഇത് കമ്പോളശേഷിയിൽനിന്നു ലഭിക്കുന്ന പ്രതിഫലവും ഗുണങ്ങളും സൂചിപ്പിക്കുന്നു. അസമത്വം സാമ്പത്തികബന്ധത്തെ അടിസ്ഥാനമാക്കിയുള്ളതാണെന്ന് വെബർ വാദിച്ചു. എന്നാലിത് അന്തസ്സും രാഷ്ട്രീയാധികാരവും അടിസ്ഥാനമാക്കിയുമാവാം.

എല്ലാ സമൂഹങ്ങളിലും വർഗങ്ങളുണ്ടെന്നും അതില്ലെങ്കിൽ സമൂഹം ശ്രേണീകരിക്കപ്പെട്ടതല്ലാത്തതാണെന്നുമുള്ള പൊതുചിന്തയുടെയോ വിശ്വാസത്തിന്റെയോ അടിസ്ഥാനത്തിലാണ് നിർവഹണവാദി (Functionalist) കൾ സാമൂഹികശ്രേണീകരണസിദ്ധാന്തം (Social Stratification Theory) ആരംഭിച്ചത്. വ്യക്തികളെ പ്രചോദിതരാക്കി പദവികൾ നൽകുകയെന്നത് ഓരോ സമൂഹത്തിന്റെയും നിർവഹണപരമായ ആവശ്യമാണ്. അസമത്വവും ശ്രേണീകരണവും ബോധപൂർവമല്ലാതെ സമൂഹത്തിൽ ഉരുത്തിരിയുന്നതിനാൽ അനുയോജ്യമായ വ്യക്തികൾക്ക് സമൂഹത്തിൽ അവധാനപൂർവം പദവികൾ നൽകുന്നു. ഇത് സത്യമാണോ?

പരമ്പരാഗതസമൂഹത്തിൽ സാമൂഹികശ്രേണീകരണം സ്ഥിരവും ദൃഢവും തലമുറകളിലൂടെ കൈമാറ്റം ചെയ്യപ്പെടുന്നവയുമാണ്. എന്നാൽ ആധുനിക വർഗസംവിധാനം തുറന്നതും വ്യക്തികളുടെ നേട്ടങ്ങളെയും കഴിവിനെയും അടിസ്ഥാനമാക്കിയുള്ളതുമാണ്. ജനാധിപത്യസമൂഹങ്ങളിൽ അധസ്ഥിതവർഗത്തിലോ ജാതിയിലോപെട്ട ഒരു വ്യക്തി ഏറ്റവും ഉയർന്ന സ്ഥാനത്തെത്തുന്നത് നിയമപരമായി ആർക്കും തടയാൻ കഴിയില്ല. അത്തരം നേട്ടങ്ങൾ ഒരു വലിയ പ്രചോദനമാണ്. സമൂഹശാസ്ത്രം ജാതിവ്യവസ്ഥയുടെ വെല്ലുവിളികൾക്കും വിവേചനത്തിന്റെ നിലനിൽപ്പിനും തുല്യപ്രാധാന്യം നൽകുന്നു. ജാതിവ്യവസ്ഥയുടെ താഴേത്തട്ടിലുള്ളവർ സാമൂഹികമായിട്ടു മാത്രമല്ല, സാമ്പത്തികമായും വളരെ മോശമാണ്. ഇന്ത്യയിലെ ഗ്രാമീണസമൂഹങ്ങളിൽ പകുതിയിൽ കൂടുതൽവരുന്ന ഗോത്രവർഗക്കാർ ഇപ്പോഴും ദാരിദ്ര്യരേഖയ്ക്കു താഴെയാണു ജീവിക്കുന്നത്. പട്ടികജാതിക്കാർ 43%-ഉം എന്നാൽ മറ്റ് പിന്നാക്കജാതികൾ 34%-ഉം ദാരിദ്ര്യരേഖയ്ക്കു താഴെയാണ്. (ദേശ്പാണ്ഡെ 2013-14)



ഇന്ത്യയുടെ മുൻ രാഷ്ട്രപതി ശ്രീ.കെ.ആർ. നാരായണന്റെ ജീവിതം അടിസ്ഥാനമാക്കി ആരോപിതപദവിയും (Ascribed status) ആർജിതപദവിയും (Achieved status) വേർതിരിച്ച് വിശകലനം ചെയ്യുക. വർഗവും ജാതിയും ഈ സാഹചര്യത്തിൽ എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നു ചർച്ചചെയ്യുക.

### പദവിയും പങ്കും (Status and Role)

പദവിയും പങ്കും ഇരട്ടസങ്കൽപ്പനങ്ങളാണ്. സമൂഹത്തിലെയോ സംഘത്തിലെയോ ഒരു വ്യക്തിക്കുള്ള സ്ഥാനമാണ് പദവികൊണ്ട് അർഥമാക്കുന്നത്. സമൂഹത്തിൽ നിരവധി സ്ഥാനങ്ങൾ ഉള്ളതുപോലെ ഒരു വ്യക്തിക്ക് സമൂഹത്തിലും സംഘത്തിലും സ്ഥാനങ്ങളുണ്ട്.

പ്രത്യേക അവകാശങ്ങളും ചുമതലകളും നിർവചിച്ചിട്ടുള്ള സാമൂഹികസ്ഥാനത്തെ പദവി എന്നു പറയുന്നു. ഉദാഹരണത്തിന് അമ്മ വഹിക്കുന്ന പദവി ധാരാളം പെരുമാറ്റമാനദണ്ഡങ്ങളും അവകാശവും ചേർന്നതാണ്.

'പങ്ക്' എന്നതുകൊണ്ട് അർഥമാക്കുന്നത് പദവിയുടെ ചലനാത്മകമോ പെരുമാറ്റപരമോ ആയ തലങ്ങളാണ്. പദവി വഹിക്കുന്നതും പങ്ക് നിർവഹിക്കപ്പെടുന്നതുമാണ്. സ്ഥാപിതവൽക്കരിക്കപ്പെട്ട പങ്കിനെ പദവി എന്നു പറയുന്നു. ഒരു പ്രത്യേക സമാജത്തിലോ സമൂഹത്തിലോ ക്രമീകരിക്കപ്പെടുന്നതോ അംഗീകരിക്കപ്പെടുന്നതോ ഔപചാരികമോ ആകുന്നതിനെയാണ് പങ്ക് എന്നു പറയുന്നത്.

ഒരു വ്യക്തി തന്റെ ജീവിതകാലത്ത് വ്യത്യസ്തങ്ങളായ പദവികളും സ്ഥാനങ്ങളും വഹിക്കുന്നു. ക്ലാസ്റൂമിൽ നിങ്ങൾ വിദ്യാർഥിയാണ്. എന്നാൽ പലചരക്കുകടയിൽ ചെല്ലുമ്പോൾ ഒരു ഇടപാടുകാരനും ബസ്സിൽ യാത്ര ചെയ്യുമ്പോൾ യാത്രക്കാരനുമാണ്. വീട്ടിൽ സഹോദരങ്ങൾക്ക് നിങ്ങൾ സഹോദരനോ സഹോദരിയോ ആണ്. ഡോക്ടറെ കാണാൻ ചെല്ലുമ്പോൾ നിങ്ങൾ ഒരു രോഗിയാണ്. ആധുനികസമൂഹം സങ്കീർണമായതിനാൽ അതിൽ നിരവധിയായ പദവികളുണ്ട്. എന്നാൽ ലളിതമായ പരമ്പരാഗതസമൂഹങ്ങളിൽ വളരെ പരിമിതമായ പദവികൾ മാത്രമേയുള്ളൂ.

ആധുനികസമൂഹത്തിൽ ഒരു വ്യക്തിക്കു തന്നെ അനേകം പദവികൾ അലങ്കരിക്കേണ്ടി വരുന്നു. ഇതിനെ 'പദവിക്കൂട്ടങ്ങൾ' (Status set) എന്നറിയപ്പെടുന്നു. ഒരു വ്യക്തി ജീവിതചക്രത്തിൽ വ്യത്യസ്തഘട്ടങ്ങളിൽ വ്യത്യസ്ത പദവികൾ അലങ്കരിക്കുന്നു. ഇതിനെ 'പദവിക്രമം' (Status sequence) എന്നു പറയുന്നു. ഉദാഹരണം, മകൻ അച്ഛനാവുകയും പിതാമഹനാവുകയും ചെയ്യുന്നു. പദവിയുടെ പിന്തുടർച്ച വ്യത്യസ്തഘട്ടങ്ങളിൽ നേടിയതിനാലാണ് അതിനെ പദവിക്രമം എന്നു വിളിക്കുന്നത്.

വ്യക്തിക്ക് ജനനംകൊണ്ട് സമൂഹത്തിൽനിന്നു ലഭിക്കുന്ന സ്ഥാനമാണ് ആരോപിതപദവി (Ascribed status). നിങ്ങളുടെ വയസ്, ജാതി, വംശം, ബന്ധുത്വം എന്നീ പദവികളെല്ലാം ആരോപിതമായ പദവികളാണ്. പാരമ്പര്യമായതും ലളിതവുമായ സമൂഹങ്ങളിൽ കാണപ്പെടുന്ന പദവികളെല്ലാം ആരോപിത പദവികളാണ്. ഒരു വ്യക്തിയുടെ കഴിവുകൾ, നേട്ടങ്ങൾ, ഗുണങ്ങൾ, തിരഞ്ഞെടുക്കൽ എന്നിവയാണ് ആർജിതപദവികളുടെ അടിസ്ഥാനം. വ്യക്തികളുടെ വിദ്യാഭ്യാസയോഗ്യത, വരുമാനം, തൊഴിൽനൈപുണി എന്നിവയാണ് ആർജിതപദവിയുടെ സർവസാധാരണമായ അടിസ്ഥാനം. ആധുനികസമൂഹത്തിൽ കൂടുതലായി കാണപ്പെടുന്ന പദവികൾ ആർജിതപദവികളാണ്. ആധുനികസമൂഹത്തിലെ അംഗങ്ങൾക്ക് നേട്ടങ്ങളുടെ അടിസ്ഥാനത്തിൽ അന്തസ്സു ലഭിക്കുന്നു. പാരമ്പര്യസമൂഹത്തിൽ പദവി ജനനത്തിന്റെ അടിസ്ഥാനത്തിലാണ്. എന്നാലും ആധുനികസമൂഹത്തിൽ ആരോപിതപദവിയും പ്രാധാന്യമുള്ളതായി കാണുന്നു.

പദവിയും അന്തസ്സും (Prestige) പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഓരോ പദവിക്കും ചില അവകാശങ്ങളും മൂല്യങ്ങളുമുണ്ട്. മൂല്യങ്ങൾ വ്യക്തി സമൂഹത്തിൽ വഹിക്കുന്ന സ്ഥാനങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. ഉദാഹരണം, ഒരു ബിസിനസ്സുകാരനെക്കാൾ ഡോക്ടർക്ക് വരുമാനം കുറവാണെങ്കിലും ഡോക്ടർക്ക് ഉയർന്ന രൂപത്തിലുള്ള സ്ഥാനം സമൂഹം നൽകുന്നു. പദവിയുമായി ബന്ധപ്പെട്ട നില വ്യത്യസ്ത സമൂഹങ്ങളിൽ വ്യത്യസ്തമായിരിക്കും.



നിങ്ങളുടെ സമൂഹത്തിൽ അന്തസ്സുണ്ടെന്ന് കരുതുന്ന തൊഴിലുകൾ ഏവ? കൂട്ടുകാരുടെ അഭിപ്രായവുമായി അതിനെ താരതമ്യം ചെയ്യുക. സാമ്യ-വ്യത്യാസങ്ങൾ ചർച്ചചെയ്യുക. ഇതിന്റെ കാരണങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കുക.

സാമൂഹികപ്രതീക്ഷകൾക്കനുസരിച്ചാണ് വ്യക്തികൾ സമൂഹത്തിൽ തങ്ങളുടെ പങ്ക് നിർവഹിക്കുന്നത്. ഒരു കുട്ടി സമൂഹത്തിൽ എങ്ങനെ പെരുമാറണമെന്നു പഠിക്കുന്നത് മറ്റുള്ളവരുടെ പെരുമാറ്റത്തിനനുസൃതമായിട്ടാണ്.

പദവിയും പങ്കും തമ്മിൽ പൊരുത്തക്കേടുകൾ ഉണ്ടാവുമ്പോൾ പങ്കുസംഘർഷം (Role conflict) നടക്കുന്നു. ജോലിചെയ്യുന്ന ഒരു വീട്ടമ്മ വീട്ടിൽ ഭാര്യയുടെയും അമ്മയുടെയും പങ്ക് നിർവഹിക്കുന്നു.



ഒരു നിർമാണത്തൊഴിലാളി അല്ലെങ്കിൽ ഗാർഹിക തൊഴിലാളി അനുഭവിക്കുന്ന പങ്കുസംഘർഷങ്ങൾ കണ്ടെത്തുക.

ജോലിസ്ഥലത്ത് തൊഴിലിന്റെ കർത്തവ്യങ്ങൾ നിറവേറ്റണം. ഈ രീതിയിലുള്ള വിവിധ പ്രതീക്ഷകളിൽനിന്നു സംഘർഷമുയരാം. ഇത്തരം സംഘർഷങ്ങളും 'പങ്കുസംഘർഷങ്ങളി'ൽപ്പെടുന്നു. രണ്ടോ അതിലധികമോ പങ്കുകളിൽനിന്നുത്ഭവിക്കുന്ന വിരുദ്ധപ്രതീക്ഷകളിൽ നിന്നാണ് പങ്കുസംഘർഷം രൂപപ്പെടുന്നത്.

സാധാരണയായി പുരുഷന്മാർ പങ്കുസംഘർഷം അനുഭവിക്കാറില്ലെന്നതാണ് പൊതുവായ അനുമാനം. ഇത്തരം അനുമാനങ്ങളോട് സമൂഹശാസ്ത്രം യോജിക്കുന്നില്ല.

സിക്കിമിലെ ഗോത്രവർഗക്കാരായ ഖാസികളുടെ ഇടയിൽ മരുമക്കത്തായ കുടുംബസംവിധാനമാണ് നിലനിൽക്കുന്നത്. തായ്‌വഴിയാണ് ഖാസികൾ പിന്തുടരുന്നത്. ഒരുവശത്ത് ഭാര്യയെയും മക്കളെയും മറുവശത്ത് ജന്മവീടും പരിപാലിക്കുന്നതിൽ ഖാസി പുരുഷന്മാർ ബുദ്ധിമുട്ടുന്നതായി കാണപ്പെടുന്നു. പുരുഷന്മാർക്ക് അവരുടെ കുട്ടികൾക്ക് ഉപദേശം നൽകാൻ അധികാരമില്ല എന്ന തോന്നൽ ഉണ്ടാകുന്നു. മരണശേഷം സ്വത്തുക്കൾ അവരുടെ കുട്ടികൾക്ക് ലഭിക്കുന്നില്ല എന്ന തോന്നലും ഉണ്ടാകുന്നു. ഖാസി പുരുഷന്മാർ പങ്കുസംഘർഷം അനുഭവിക്കുന്നു. ഖാസിസ്ത്രീകളും പങ്കുസംഘർഷം അനുഭവിക്കുന്നുണ്ട്. കാരണം അവരുടെ ഭർത്താക്കന്മാർക്ക് അവരുടെ വീടുകളേക്കാൾ സഹോദരിയുടെ വീട് കൂടുതൽ യോജിച്ചതാണെന്നു തോന്നാം എന്ന ഭയത്തോടെയാണ് ഖാസിസ്ത്രീകൾ ജീവിക്കുന്നത്. (Nongbri 2003:190).

സാമൂഹികപങ്കുകളും പദവികളും ചിലപ്പോൾ മാറ്റമില്ലാതെയും സ്ഥിരമായും കാണപ്പെടാറുണ്ട്. 'സ്ഥിരപ്പെട്ട പങ്കുകൾ' (Role stereo typing) എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഒരു പ്രത്യേക പങ്ക് ഒരു പ്രത്യേക വ്യക്തിക്ക്, സ്ത്രീക്കോ പുരുഷനോ ആകട്ടെ, സറിരപ്പെടുന്ന സമ്പ്രദായമാണ്. സാമൂഹികപങ്കും പദവികളും സ്ഥിരവും മാറ്റമില്ലാത്തതുമാണെന്ന തെറ്റായ കാഴ്ചപ്പാടുണ്ട്. സാമൂഹീകരണപ്രക്രിയയിലൂടെയാണ് വ്യക്തികൾ പങ്കുകളും പദവികളും ആർജിച്ചെടുക്കുന്നത്. സാമൂഹികമാറ്റത്തിന് സാമൂഹിക ഇടപെടലുകളുടെ ഫലമായി സ്ഥിരപ്പെട്ട പങ്കു(Role stereo typing)കളിൽനിന്നു വ്യക്തികൾ പുതിയ പങ്കുകൾ ആർജിച്ചെടുത്തേക്കാം. ഈ ചർച്ച ഒരു വ്യക്തിയും സമൂഹവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് നിങ്ങൾക്ക് അറിവു നൽകും. ഇതിനെക്കുറിച്ച് അധ്യായം ഒന്നിൽ വിശദീകരിച്ചിട്ടുണ്ട്. ജാതിയും ലിംഗഭേദവും അടിസ്ഥാനമായുള്ള വിവേചനങ്ങൾക്കെതിരായി ജനങ്ങൾ പൊരുതിയിട്ടുണ്ട്. അതേ സമയം മാറ്റങ്ങളെ എതിർക്കുന്നവരുമുണ്ട്.

പങ്കുകളിൽനിന്നും പദവികളിൽനിന്നും മാറി പുതിയ പങ്കും പദവിയും സ്വീകരിക്കുമ്പോൾ വ്യക്തികൾ പലപ്പോഴും ശിക്ഷിക്കപ്പെടുന്നു.



സമൂഹത്തിലെ അംഗീകരിക്കപ്പെട്ട നിയമങ്ങൾ ലംഘിക്കുന്നവരിലും കുറ്റം ചെയ്യുന്നവരിലും സമൂഹത്തിലെ പ്രബലവിഭാഗങ്ങൾ (Dominant Section) ശിക്ഷയും നിയന്ത്രണങ്ങളും എങ്ങനെയാണ് അടിച്ചേൽപ്പിക്കുന്നതെന്ന് പരിശോധിക്കുക. ഇത്തരം വിഷയങ്ങളുമായി ബന്ധപ്പെട്ട വാർത്തകൾ വായിക്കുകയും പത്രക്കുറിപ്പുകൾ ശേഖരിക്കുകയും ചെയ്യുക.

## സമൂഹവും സാമൂഹികനിയന്ത്രണവും (Society and Social Control)

സമൂഹശാസ്ത്രത്തിന്റെ അടിസ്ഥാന സങ്കൽപ്പനങ്ങളിൽ ഒന്നാണ് സാമൂഹികനിയന്ത്രണം. വഴങ്ങാത്ത അല്ലെങ്കിൽ അച്ചടക്കമില്ലാത്ത അംഗങ്ങളെ നിയമാനുസൃതരീതിയിലേക്കു കൊണ്ടുവരുക എന്നതാണ് ഈ പദം കൊണ്ട് അർഥമാക്കുന്നത്.

സങ്കൽപ്പനങ്ങളുടെ അർഥങ്ങളെക്കുറിച്ചും സമൂഹശാസ്ത്രത്തിലുള്ള വ്യത്യസ്ത ഉൾക്കാഴ്ചകളെക്കുറിച്ചും തർക്കങ്ങളെക്കുറിച്ചും നിങ്ങൾ ഓർക്കുന്നുണ്ടാകും. നിർവഹണ സമൂഹശാസ്ത്രജ്ഞർ സമൂഹത്തെ കൂട്ടായ്മയായി കാണുമ്പോൾ സംഘട്ടനവാദികൾ അസമത്വത്തിന്റെയും അനീതിയുടെയും ചൂഷണത്തിന്റെയും ഭാഗമായി കണക്കാക്കുന്നു. ചില സമൂഹശാസ്ത്രജ്ഞർ കൂട്ടായ്മകളായ വർഗം, വംശം, ജാതി എന്നിവയെക്കാൾ വ്യക്തിക്കും സമൂഹത്തിനും പ്രാധാന്യം നൽകുന്നതായി നമ്മൾ കണ്ടു.

നിർവഹണ കാഴ്ചപ്പാടിൽ സാമൂഹികനിയന്ത്രണത്തെ ഇങ്ങനെ വിശദീകരിക്കുന്നു: (i) വ്യക്തികളുടെയും ഗ്രൂപ്പുകളുടെയും പെരുമാറ്റത്തെ നിയന്ത്രിക്കാൻ സമൂഹം ബലം പ്രയോഗിക്കുന്നു. (ii) സമൂഹത്തിൽ ക്രമം പാലിക്കാൻ മൂല്യങ്ങളും മാതൃകകളും അടിച്ചേൽപ്പിക്കുന്നു. വ്യക്തികളുടെയോ സംഘത്തിന്റെയോ തെറ്റായ സ്വഭാവങ്ങൾ നിയന്ത്രിക്കുകയോ സംഘർഷം, സമ്മർദം എന്നിവ വ്യക്തികളിലും സംഘങ്ങളിലും ചെലുത്തി സാമൂഹികവ്യവസ്ഥ നിലനിർത്തുകയോ ചെയ്യുന്നതിനെ സാമൂഹികനിയന്ത്രണങ്ങൾ എന്നു പറയുന്നു. ഇങ്ങനെ സാമൂഹികനിയന്ത്രണങ്ങൾ സമൂഹത്തിൽ സ്ഥിരതയുണ്ടാക്കുന്നു.

സംഘർഷവാദികളുടെ അഭിപ്രായത്തിൽ സാമൂഹികനിയന്ത്രണം എന്നത് പ്രബലവർഗങ്ങൾ സമൂഹത്തിലെ മറ്റുള്ളവരുടെ മുകളിൽ ആധിപത്യം സ്ഥാപിക്കുന്ന സംവിധാനമാണ്. ഒരു വിഭാഗത്തിന് മറ്റൊരു വിഭാഗത്തിനുമേലുള്ള അധികാരം സമൂഹത്തിൽ സ്ഥിരതയുണ്ടാക്കുന്നു. അതുപോലെ ഒരു വിഭാഗത്തിന്റെ താൽപ്പര്യവും ശക്തിയും പ്രയോഗിക്കുന്നതിനുള്ള ഔപചാരിക അധികാരമായി നിയമം സമൂഹത്തിൽ കാണപ്പെടുന്നു.

വ്യക്തികളുടെയും സംഘങ്ങളുടെയും സ്വഭാവങ്ങൾ നിയന്ത്രിക്കുന്ന തന്ത്രങ്ങളെയും സാങ്കേതികതകളെയും സാമൂഹികപ്രക്രിയകളെയും സാമൂഹികനിയന്ത്രണങ്ങളെന്നു സൂചിപ്പിക്കുന്നു. ഇത് സമൂഹത്തിൽ ക്രമം നിലനിർത്തുന്നതിന് സംഘങ്ങളിലും വ്യക്തികളിലും ബലം പ്രയോഗിക്കുകയും മൂല്യങ്ങളും ക്രമങ്ങളും അടിച്ചേൽപ്പിക്കുകയും ചെയ്യുന്നു.

*ശാരീരിക ആക്രമണമായിരുന്നു പ്രാചീന സാമൂഹികനിയന്ത്രണരീതി. രാഷ്ട്രീയനിയന്ത്രണമുള്ള ആധുനിക ജനാധിപത്യ സമൂഹത്തിൽപ്പോലും അവസാന നിയന്ത്രണരീതിയായി കണ്ടത് ആക്രമണമാണ്. പോലീസോ സായുധസേനയോ ഇല്ലാതെ ഒരു രാഷ്ട്രത്തിനും നിലനിൽപ്പില്ല. എല്ലാ സമൂഹത്തിലും സാമ്പത്തിക ആക്രമണമാണ് ഏറ്റവും അവസാന ആയുധമായി ഉപയോഗിക്കുന്നത്. പ്രാഥമികസംഘങ്ങളിൽ സ്വയം സാമൂഹികനിയന്ത്രണരീതികൾ അതിലെ അംഗങ്ങൾ ഉണ്ടാക്കിയെടുക്കുന്നു. കപടമായ അവകാശങ്ങൾ വഴിയാണ് സാമൂഹികനിയന്ത്രണം നടക്കുന്നത്. തന്റെ സഹോദരന്റെ ധൈര്യത്തിൽ ഒരു ചെറിയ കുട്ടിക്ക് അവന്റെ സമസംഘത്തിൽ നിയന്ത്രണം ഉണ്ടാക്കാൻ സാധിക്കുന്നു. (Berger - 84 : 90).*

*"ഞാൻ എന്റെ ജ്യേഷ്ഠനോട് പറഞ്ഞുകൊടുക്കും" എന്ന ഭീഷണി മുഴക്കുന്നത് നിങ്ങൾ എപ്പോഴെങ്കിലും കേട്ടിട്ടുണ്ടോ? ഇത്തരം ഉദാഹരണങ്ങൾ കണ്ടെത്തുക.*

ഔപചാരികവും ആനുഷംഗികവുമായ സാമൂഹികനിയന്ത്രണ രീതികൾ (Formal and Informal Social Control) സമൂഹത്തിൽ കാണാൻ സാധിക്കും. ചിട്ടയോടെ ക്രോഡീകരിക്കപ്പെട്ട നിയന്ത്രണരീതി നടപ്പാക്കുമ്പോൾ ഔപചാരിക സാമൂഹികനിയന്ത്രണം സാധ്യമാകുന്നു. നിയമം, ഭരണകൂടം എന്നിവ ഔപചാരിക സാമൂഹികനിയന്ത്രണ ഏജൻസികളാണ്. ആനുഷംഗിക സാമൂഹികനിയന്ത്രണ രീതികൾ വ്യക്തിപരവും അനൗദ്യോഗികവുമായ ക്രോഡീകരണരീതിയാണ് ഉപയോഗിക്കുന്നത്. പുഞ്ചിരി, വിമർശനം, അവജ്ഞ, ശരീരഭാഷ എന്നിവ അനൗപചാരിക സാമൂഹികനിയന്ത്രണ ഉപാധികളാണ്.

ചില സാഹചര്യങ്ങളിൽ ആനുഷംഗിക സാമൂഹികനിയന്ത്രണരീതികൾ സാമൂഹികനിയന്ത്രണം സാധ്യമാക്കുന്നതിന് പര്യാപ്തമല്ല. കുടുംബം, മതം, രക്തബന്ധം എന്നിവ ആനുഷംഗിക സാമൂഹികനിയന്ത്രണത്തിന്റെ ഏജൻസികളാകുന്നു. നിങ്ങൾ അഭിമാനക്കൊല (Honour Killing) എന്ന പദം മുമ്പ് കേട്ടിട്ടുണ്ടോ? (സാധാരണയായി അത് ദുരഭിമാനക്കൊല എന്നാണ് ഉപയോഗിക്കുന്നത്.)

താഴെ തന്നിരിക്കുന്ന പത്രവാർത്ത വായിച്ച് സാമൂഹികനിയന്ത്രണത്തിന്റെ വ്യത്യസ്ത ഏജൻസികളെക്കുറിച്ച് മനസ്സിലാക്കുക.

**ജാതിക്കു പുറത്തുനിന്ന് വിവാഹം ചെയ്തതിന് സഹോദരൻ സഹോദരിയെ കൊലപ്പെടുത്തി**

പത്തൊൻപതുകാരി ജാതിയുടെ പുറത്തുനിന്നു വിവാഹം ചെയ്തതിന് മൂത്ത സഹോദരൻ അവളെ കൊലപ്പെടുത്തി. പെൺകുട്ടിയുടെ കുടുംബവും നാട്ടുകൂട്ടവും വിവാഹത്തെ എതിർത്തിരുന്നു. കത്തികൊണ്ട് മുറിവേറ്റു ചികിത്സയിലായിരിക്കെ സഹോദരൻ അവളുടെ തലയറുക്കുകയായിരുന്നു.

വ്യക്തികളുടെ പെരുമാറ്റം സമൂഹത്തിന്റെ പ്രതീക്ഷയ്ക്ക് അനുസരിച്ചാണെങ്കിൽ അവർക്ക് ബഹുമതി ലഭിക്കുന്നു. പെരുമാറ്റം മാനദണ്ഡങ്ങൾക്ക് (Norms) വിരുദ്ധമാണെങ്കിൽ അവർ ശിക്ഷിക്കപ്പെടുന്നു. സാമൂഹികമായി പ്രതീക്ഷിക്കുന്ന പെരുമാറ്റങ്ങളെ ഉറപ്പിക്കുന്നതിലേക്ക് പ്രോത്സാഹനം ഉപയോഗിക്കുന്ന രീതിയാണ് അംഗീകാരം (Sanction). അംഗീകാരം ഗുണാത്മകമായും (postive) ഋണാത്മകമായും (negative) കാണാം. പ്രതീക്ഷിതവും അംഗീകൃതവുമായ പെരുമാറ്റസമൂഹം അതിലെ അംഗങ്ങൾക്ക് പുരസ്കാരം നൽകുന്നു. അതേസമയം ഋണാത്മാക അംഗീകാരം നിയമങ്ങൾ അടിച്ചേൽപ്പിക്കുന്നതിനും വ്യതിചലനങ്ങളെ നിയന്ത്രിക്കുന്നതിനും ഉപയോഗിക്കുന്നു.



നമ്മുടെ ജീവിതത്തിൽ 'അനൗദ്യോഗിക'മായ സാമൂഹികനിയന്ത്രണങ്ങൾ സ്വാധീനിക്കുന്നതിന് ഉദാഹരണങ്ങൾ കണ്ടെത്താമോ?

നിങ്ങളുടെ ക്ലാസിൽ അല്ലെങ്കിൽ സമസംഘത്തിലുള്ള ഒരു കുട്ടി വ്യത്യസ്തമായി പെരുമാറുമ്പോൾ ബാക്കിയുള്ളവർ ആ കുട്ടിയോട് എങ്ങനെ പെരുമാറുന്നു?

ചിലർ മറ്റുള്ളവരെ ഭയപ്പെടുത്തി കാര്യങ്ങൾ നേടുന്നത് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ?

സാമൂഹികപെരുമാറ്റങ്ങളിൽനിന്ന് ഒരു വ്യക്തി വ്യതിചലിക്കുമ്പോൾ അതിനെ വ്യതിചലനസ്വഭാവം (Deviance) എന്നു പറയുന്നു. വ്യതിചലനസ്വഭാവം ആപേക്ഷികമാണ്. ഒരു സമൂഹത്തിൽ വ്യതിചലനമായി കാണുന്ന പെരുമാറ്റം മറ്റൊരു സമൂഹത്തിൽ അംഗീകൃതമായ പെരുമാറ്റമായി മാറിയേക്കാം. സമൂഹത്തിനും സംസ്കാരത്തിനും അനുസരിച്ച് വ്യതിചലനസ്വഭാവം വിശദീകരിക്കപ്പെടാം. ഉദാഹരണം: ഒരു വനിത ബഹിരാകാശ സഞ്ചാരിയോ പൈലറ്റോ ആയാൽ അവരുടെ നേട്ടങ്ങൾ പുകഴ്ത്തപ്പെടാം. എന്നാൽ ആ സമൂഹം വർഷങ്ങൾക്കുമുമ്പ് വനിതകളെ

പൈലറ്റോ ബഹിരാകാശസഞ്ചാരിയോ ആകുന്നതിന് പ്രോത്സാഹനം നൽകിയിട്ടുണ്ടാവില്ല. സമൂഹശാസ്ത്രം സാമാന്യബോധജ്ഞാനത്തിൽനിന്ന് എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നുവെന്ന് നിങ്ങൾക്കറിയാം. ഈ അധ്യായത്തിൽ വിശദീകരിച്ചിട്ടുള്ള പ്രത്യേക പദങ്ങളും സങ്കൽപ്പനങ്ങളും സമൂഹത്തെ സമൂഹശാസ്ത്രപരമായി കൂടുതൽ മനസ്സിലാക്കാൻ നമ്മെ സഹായിക്കുന്നു.



**അൽപ്പംകൂടി...**

ഒരു ശാസ്ത്രം പക്വതയാർന്നതാവുന്നത് അതിന് സിദ്ധാന്തങ്ങൾ രൂപീകരിക്കാൻ വേണ്ട ദൃഢതയാർന്ന അടിത്തറ ഉണ്ടാകുമ്പോഴാണ്. ഈ അടിത്തറ എന്നത് ശരിയായി നിർവചിക്കപ്പെട്ടതും സർവസാധാരണമായി അംഗീകരിക്കപ്പെട്ടതുമായ സങ്കൽപ്പനങ്ങളും പദാവലിയും ഉണ്ടാവുകയും അവ ഉപയോഗിച്ച് സിദ്ധാന്തരൂപീകരണം നടത്താൻ സാധിക്കുകയും ചെയ്യുമ്പോഴാണ്. സമൂഹശാസ്ത്രജ്ഞാനം അവതരിപ്പിക്കുന്നതിന് ശരിയായി തിരഞ്ഞെടുത്തതും കൃത്യമായി നിർവചിക്കപ്പെട്ടതും സമഗ്രമായി സംയോജിപ്പിക്കപ്പെട്ടതുമായ സങ്കൽപ്പനങ്ങൾ അനിവാര്യമാണ്.

***Reference***

F.S.C. Northrop (1949) The Logic of Science and the Humanities New York



**സംഘട്ടനവാദ സിദ്ധാന്തങ്ങൾ (Conflict Theories)**

ഈ സിദ്ധാന്തം ശ്രദ്ധകേന്ദ്രീകരിക്കുന്നത് സമ്മർദങ്ങൾ, വിഭജനം, മത്സരാധിഷ്ഠിത താൽപ്പര്യം എന്നിവയുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സമൂഹത്തെയാണ്. സംഘട്ടനസിദ്ധാന്തം സാമൂഹികവിഭവങ്ങളിലെ അസമത്വം സംഘർഷത്തിന് കാരണമാകുന്നു എന്നു വിശ്വസിക്കുന്നു. കാൾ മാക്സിന്റെ സിദ്ധാന്തങ്ങളാണ് സംഘട്ടനസിദ്ധാന്തങ്ങളുടെ അടിത്തറ.

**നിർവഹണവാദം (Functionalism)**

സമൂഹത്തിൽ ഓരോന്നും ചെയ്യുന്ന ധർമത്തിന്റെ അടിസ്ഥാനത്തിലാണ് സമൂഹത്തെ വിശകലനം ചെയ്യേണ്ടതെന്ന് നിർവഹണവാദം കരുതുന്നു.

**സ്വത്വം (Identity)**

മറ്റുള്ളവരിൽനിന്നു വ്യക്തികളെയും സംഘത്തെയും വേറിട്ടു നിർത്തുന്നു. ലിംഗം, ദേശീയത, വംശീയത, വർഗം എന്നിവ സ്വത്വത്തിന്റെ ഉറവിടങ്ങളാണ്.

**ഉൽപ്പാദനോപാധികൾ (Means of Production)**

ഉൽപ്പാദനവുമായി ബന്ധപ്പെട്ട വിവിധ രീതികൾ ഇതിലുൾപ്പെടുന്നു. സാങ്കേതിക വിദ്യ മാത്രമല്ല ഉൽപ്പാദനരീതിയിൽ ഉൾപ്പെടുന്നത്, ഉൽപ്പാദനപ്രക്രിയയിലെ സാമൂഹികബന്ധങ്ങളും പെടുന്നു.

**സൂക്ഷ്മ സമൂഹശാസ്ത്രം (Micro Sociology)**

വ്യക്തികളുടെ മുഖാമുഖബന്ധത്തിന്റെ അടിസ്ഥാനത്തിൽ സാമൂഹികപ്രതിപ്രവർത്തനത്തെ വിശകലനം ചെയ്യുന്നു. വ്യക്തികളെയും ചെറുസംഘങ്ങളെയും അടിസ്ഥാന യൂണിറ്റായി മാറ്റിക്കൊണ്ട് സമൂഹത്തെ വിശകലനം ചെയ്യുന്നു.

**സ്ഥൂല സമൂഹശാസ്ത്രം (Macro Sociology)**

വലിയ രീതിയിലുള്ള സാമൂഹികസംവിധാനങ്ങളെ വിശകലനം ചെയ്യുന്നു. ഉദ: രാഷ്ട്രീയ സംവിധാനം, സാമ്പത്തികക്രമം

**ജന്മനാലുള്ള (Natal)**

ജനനത്തെ സംബന്ധിച്ചുള്ള

**മാനദണ്ഡങ്ങൾ (Norms)**

പെരുമാറ്റവുമായി ബന്ധപ്പെട്ട നിയമങ്ങൾ. അവ സംസ്കാരത്തിന്റെ മൂല്യങ്ങളിൽ പ്രതിഫലിക്കുന്നു. അത് വ്യക്തികളുടെ പെരുമാറ്റത്തെ നിയന്ത്രിക്കുന്നു.

**അംഗീകാരം (Sanction)**

അംഗീകാരം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് സമ്മാനമോ ശിക്ഷയോ ആണ്. 'അംഗീകാരം' സാമൂഹിക അംഗീകൃത പെരുമാറ്റങ്ങളെ ഉറപ്പിച്ചുനിർത്തുന്നു.



1. സമൂഹശാസ്ത്രത്തിൽ പ്രത്യേക സങ്കൽപ്പനങ്ങളും പദങ്ങളും ഉപയോഗിക്കുന്നത് എന്തിനാണ്?
2. സമൂഹത്തിലെ ഒരംഗമെന്ന രീതിയിൽ നിങ്ങൾ വിവിധ സംഘങ്ങളുമായി ഇടപെട്ടുകൊണ്ടിരിക്കുന്നു. സമൂഹശാസ്ത്ര കാഴ്ചപ്പാടിൽ ഈ സംഘങ്ങളെ വിശകലനം ചെയ്യുക.
3. സാമൂഹികശ്രേണീകരണം എന്നാലെന്ത്? ഇത് എങ്ങനെയാണ് വ്യക്തികളെ സ്വാധീനിക്കുന്നത് എന്നു വിശദമാക്കുക.
4. എന്താണ് സാമൂഹികനിയന്ത്രണം? ഓരോ സമൂഹത്തിലെയും സാമൂഹികനിയന്ത്രണം വ്യത്യസ്തമാണെന്നു നിങ്ങൾ കരുതുന്നുണ്ടോ? വിശദീകരിക്കുക.
5. സമൂഹത്തിലെ വ്യത്യസ്തങ്ങളായ പദവികളും പങ്കും കണ്ടെത്തുക. പദവിയും പങ്കും സ്ഥിരമാണോ? ഇവയ്ക്ക് മാറ്റങ്ങൾ വരുമോ? എങ്ങനെ? എപ്പോൾ? ചർച്ചചെയ്യുക.



Acharya, Hemlata. 1974. 'Changing Role of Religious Specialists in Nasik — The Pilgrim City', in ed. Rao, M.S. *An Urban Sociology in India : Reader and Source Book.* Orient Longman, New Delhi, pp. 391-403.

Apple, Michael W. 1979. *Ideology and Curriculum.* Routledge and Kegan Paul, London.

Chugtai, Ismat. 2004. *Tiny's Granny* in *Contemporary Indian Short Stories: Series* 1. Sahitya Akademi, New Delhi.

Dube, Leela. 2001. *Anthropological Explorations in Gender : Intersecting Fields.* Sage Publications, New Delhi.

Durkheim, Emile. 1956. *Education and Sociology.* The Free Press, New York.

Pathak, Avijit. 2002. *Social Implications of Schooling : Knowledge, Pedagogy and Consciousness.* Rainbow Publishers, Delhi.

Pratichi. 2002. *The Pratichi Education Report.* Pratichi Trust, Delhi.

Roy Choudhury, Supriya. 2005. 'Labour Activism and Women in the Unorganised Sector : Garment Export Industry in Bangalore', *Economic and Political Weekly.* May 28-June 4, pp. 2250-2255.

Shah, A.M. 1998. *Family in India : Critical Essays.* Orient Longman, Hyderabad.

Singh, Yogendra. 1993. *Social Change in India : Crisis and Resilience.* Har Anand Publications, New Delhi.


Uberoi, Patricia. 2002. 'Family, Kinship and Marriage in India', in *Student's Britannica, India.* Vol.6, Encyclopedia Britannica Private Ltd, New Delhi, pp.145-155.

# 3

# സാമൂഹിക സ്ഥാപനങ്ങളെ മനസ്സിലാക്കൽ

# UNDERSTANDING SOCIAL INSTITUTIONS

S7Q4K8




## I

### ആമുഖം

സമൂഹവും വ്യക്തികളും തമ്മിലുള്ള പരസ്പര പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്തുകൊണ്ടാണ് ഈ പാഠപുസ്തകം ആരംഭിച്ചത്. വ്യക്തി എന്ന നിലയ്ക്ക് സ്വയം തിരഞ്ഞെടുക്കുന്നതല്ലെങ്കിലും സമൂഹത്തിൽ ഓരോരുത്തർക്കും ഓരോ സ്ഥാനവും പദവിയുമുണ്ട്. അത് അഭിനേതാക്കൾ സിനിമയിൽ വേഷങ്ങൾ തിരഞ്ഞെടുക്കുന്നതുപോലെയല്ല. നാം അംഗമായിട്ടുള്ള സാമൂഹികസ്ഥാപനങ്ങളാണ് അത് നിശ്ചയിക്കുക. നിയന്ത്രിക്കുന്നതും ശിക്ഷിക്കുന്നതും അംഗീകാരങ്ങൾ നൽകുന്നതുമായ സാമൂഹികസ്ഥാപനങ്ങളുണ്ട്. അവ രാഷ്ട്രത്തെ (State) പ്പോലെയുള്ള സ്ഥൂലസാമൂഹികസ്ഥാപനങ്ങളോ (Macro social institutions) കുടുംബത്തെപ്പോലെയുള്ള സൂക്ഷ്മ സാമൂഹികസ്ഥാപനങ്ങളോ (Micro social institutions) ആകാം. ഈ അധ്യായത്തിൽ സാമൂഹികസ്ഥാപനങ്ങളെ പരിചയപ്പെടുന്നതോടൊപ്പം സമൂഹശാസ്ത്രവും നരവംശ

ശാസ്ത്രവും ഇവയെ എങ്ങനെ പഠിക്കുന്നു വെന്നും മനസ്സിലാക്കുന്നു. ഇവിടെ താഴെപ്പറ യുന്ന പ്രധാനപ്പെട്ട സാമൂഹികസ്ഥാപനങ്ങളെ ക്കുറിച്ചുള്ള ആശയങ്ങൾ മനസ്സിലാക്കാം.

1. കുടുംബം, വിവാഹം, ബന്ധുത്വം (Family, Marriage, Kinship)
2. രാഷ്ട്രീയം (Politics)
3. സാമ്പത്തികം (Economics)
4. മതം (Religion)
5. വിദ്യാഭ്യാസം (Education)

വിശാലമായ അർഥത്തിൽ സാമൂഹികസ്ഥാപനങ്ങളെന്നാൽ സ്ഥാപിതനിയമങ്ങൾക്കനുസരിച്ച്, അല്ലെങ്കിൽ ചട്ടങ്ങൾക്കും ആചാരങ്ങൾക്കുമനുസരിച്ച് പ്രവർത്തിക്കുന്ന വയാണ്. ഇത്തരം ചട്ടങ്ങൾ കണക്കിലെടുക്കാതെ അവയുടെ സാധാരണവും നിരന്തരവുമായ പ്രവർത്തനങ്ങൾ മനസ്സിലാക്കാൻ കഴിയില്ല. സ്ഥാപനങ്ങൾ വ്യക്തിയുടെമേൽ ചില നിയന്ത്രണങ്ങൾ അനുശാസിക്കുന്നതോടൊപ്പം അവർക്ക് അവസരങ്ങൾ നൽകുകയും ചെയ്യുന്നു.

ഓരോ സ്ഥാപനവും ഓരോ ലക്ഷ്യത്തെയാണ് പ്രതിനിധീകരിക്കുന്നത്. തീർച്ചയായും ജനങ്ങൾ കുടുംബത്തെയും മതത്തെയും രാഷ്ട്രത്തെയും വിദ്യാഭ്യാസത്തെപ്പോലും ഓരോ ലക്ഷ്യമായാണ് കണക്കാക്കുന്നത്.



ഇന്ത്യയിൽ മതം അല്ലെങ്കിൽ രാജ്യം എന്നിവയ്ക്കായി കുടുംബം ത്യാഗം ചെയ്യുന്നതിന് ഉദാഹരണങ്ങൾ ആലോചിക്കുക.

സമൂഹശാസ്ത്രത്തിൽ ആശയപരമായ വ്യത്യസ്തതകളും അഭിപ്രായങ്ങളുമുണ്ട്. സാമൂഹികനിയന്ത്രണം (Social control), ശ്രേണീകരണം (Stratification) എന്നിവയെക്കുറിച്ച് സംഘട്ടനവാദികൾക്കും (Conflict viewers), നിർവഹണവാദികൾ (Functionalist viewers) ക്കുമുള്ള അഭിപ്രായങ്ങൾ വ്യത്യസ്തമാണെന്ന് നമ്മൾ മനസ്സിലാക്കിയിട്ടുണ്ട്. സാമൂഹികസ്ഥാപനങ്ങളെക്കുറിച്ചുള്ള നിലപാടുകളും ഇതുപോലെ വ്യത്യസ്തമാണ്.

സമൂഹത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് ഉണ്ടാകുന്ന സാമൂഹികമാനദണ്ഡങ്ങൾ (Social norms), വിശ്വാസങ്ങൾ (Beliefs), മൂല്യങ്ങൾ (Values), പങ്കുബന്ധങ്ങൾ (Role relationship) എന്നിവയുടെ സങ്കീർണമായ കൂട്ടത്തെയാണ് സാമൂഹികസ്ഥാപനങ്ങൾ എന്നു നിർവഹണവാദികൾ സൂചിപ്പിക്കുന്നത്. സമൂഹത്തിന്റെ ആവശ്യങ്ങൾ പൂർത്തീകരിക്കാൻ സാമൂഹികസ്ഥാപനങ്ങൾ നിലകൊള്ളുന്നു. സമൂഹത്തിൽ അനൗപചാരികമായ സ്ഥാപനങ്ങളുണ്ട്. കുടുംബം, മതം തുടങ്ങിയവ അനൗപചാരിക സാമൂഹികസ്ഥാപനങ്ങൾക്കും നിയമം, വിദ്യാഭ്യാസം (ഔപചാരിക) തുടങ്ങിയവ ഔപചാരിക സാമൂഹികസ്ഥാപനങ്ങൾക്കും ഉദാഹരണങ്ങളാണ്.

സമൂഹത്തിലെ എല്ലാ വ്യക്തികളും തുല്യരല്ലെന്ന് ഒരു വിഭാഗം സംഘട്ടനവാദികൾ അഭിപ്രായപ്പെടുന്നു. കുടുംബപരമായും മതപരമായും രാഷ്ട്രീയമായും സാമ്പത്തികമായും നിയമപരമായും വിദ്യാഭ്യാസപരമായും നിലനിൽക്കുന്ന സ്ഥാപനങ്ങളെല്ലാം പ്രവർത്തിക്കുന്നത് സമൂഹത്തിലെ പ്രബലവിഭാഗങ്ങളുടെ (Dominant Classes) താൽപ്പര്യത്തിനുവേണ്ടിയാണ് എന്നു പറയാറുണ്ട്. പ്രബലവിഭാഗങ്ങൾ രാഷ്ട്രീയവും സാമ്പത്തികവുമായ സ്ഥാനങ്ങളിൽ ആധിപത്യം സ്ഥാപിക്കുന്നുവെന്നു മാത്രമല്ല, അധികാരവർഗത്തിന്റെ ആശയങ്ങൾ സമൂഹത്തിന്റെ ആശയങ്ങളാണെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. ഇത് സമൂഹത്തിന്റെ പൊതുതാൽപ്പര്യത്തിൽനിന്നു വിഭിന്നമാണ്.

ഈ അധ്യായത്തിലൂടെ നിങ്ങൾ കടന്നുപോകുമ്പോൾ സാമൂഹികസ്ഥാപനങ്ങൾ

വ്യക്തികളെ നിയന്ത്രിക്കുകയും അവർക്ക് അവസരം നൽകുകയും ചെയ്യുന്നതെങ്ങനെയാണെന്നതിന്റെ ഉദാഹരണങ്ങൾ കണ്ടെത്താൻ ശ്രമിക്കുക. സാമൂഹികസ്ഥാപനങ്ങൾ സമൂഹത്തിലെ വിഭാഗങ്ങളെ പലതരത്തിലാണ് സ്വാധീനിക്കുന്നത്. ഒരു കുടുംബത്തിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യനിയന്ത്രണങ്ങളും തുല്യ അവസരങ്ങളുമാണോ ഉള്ളത്? രാഷ്ട്രീയസ്ഥാപനങ്ങൾ അല്ലെങ്കിൽ നിയമസ്ഥാപനങ്ങൾ സമൂഹത്തിലെ ഉടമസ്ഥാവകാശമില്ലാത്തവരെയും വിശേഷാധികാരമുള്ളവരെയും എങ്ങനെയാണ് സ്വാധീനിക്കുന്നത്?

## II

## കുടുംബം, വിവാഹം, ബന്ധുത്വം (Family, Marriage and Kinship)

ഒരുപക്ഷേ കുടുംബത്തെപ്പോലെ പ്രത്യക്ഷത്തിൽ സ്വാഭാവികമായി തോന്നുന്ന മറ്റൊരു സ്ഥാപനവും കാണാൻ കഴിയില്ല. കുടുംബത്തെപ്പോലെ സാർവത്രികമായ മറ്റൊരു സാമൂഹികസ്ഥാപനവുമില്ല. വ്യത്യസ്ത സമൂഹങ്ങളിൽ കുടുംബത്തിന് വിവിധ സ്വഭാവസവിശേഷതകളാണെങ്കിലും കുടുംബം, വിവാഹം, ബന്ധുത്വം എന്നിവ വ്യത്യസ്ത സംസ്കാരങ്ങളിൽ എത്രത്തോളം പ്രാധാന്യമേറിയതാണെന്ന് സമൂഹശാസ്ത്രവും നരവംശശാസ്ത്രവും വർഷങ്ങളായി ഫീൽഡ്പഠനം നടത്തിവരുന്നു. ഒരു വ്യക്തിയുടെ സ്വകാര്യമണ്ഡലമായ കുടുംബം സാമ്പത്തികവും രാഷ്ട്രീയവും വിദ്യാഭ്യാസപരവുമായ പൊതുമണ്ഡലങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ നിഗമനം വിഭിന്നങ്ങളായ ശാസ്ത്രങ്ങൾ തമ്മിൽ ആശയവിനിമയം നടത്തേണ്ടതിന്റെ ആവശ്യകത വീണ്ടും ചൂണ്ടിക്കാണിക്കുന്നു.

നിർവഹണവാദികളുടെ അഭിപ്രായത്തിൽ, കുടുംബം ചില പ്രധാനപ്പെട്ട അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുകയും സാമൂഹികക്രമം (Social order) നിലനിർത്തുകയും ചെയ്യുന്നു. ആധുനിക വ്യാവസായികസമൂഹം നന്നായി പ്രവർത്തിക്കണമെങ്കിൽ സ്ത്രീകൾ കുടുംബം പരിപാലിക്കുന്നവരും പുരുഷൻ ജീവിതമാർഗം സമ്പാദിക്കുന്നവരുമായിരിക്കണമെന്ന് നിർവഹണവാദികൾ വാദിക്കുന്നു. എന്നാൽ വ്യാവസായിക മാതൃകയിലുള്ള സമ്പദ്വ്യവസ്ഥയിൽ കുടുംബങ്ങൾ അണുകുടുംബമാകണമെന്നില്ലെന്നാണ് ഇന്ത്യയിലെ പഠനങ്ങൾ സൂചിപ്പിക്കുന്നത് (Singh1993;83). ഇത് സാമൂഹികാനുഭവങ്ങളുടെ വ്യത്യസ്തതകളിലേക്കു വിരൽ ചൂണ്ടുന്നു.

വ്യാവസായികസമൂഹത്തിലെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് അണുകുടുംബമാണ് ഏറ്റവും യോജിച്ച സാമൂഹികസ്ഥാപനമെന്നു നിർവഹണവാദികൾ അഭിപ്രായപ്പെടുന്നു. അത്തരം കുടുംബത്തിൽ ഒരു മുതിർന്ന വ്യക്തി പുറത്ത് ജോലിചെയ്യുകയും രണ്ടാമത്തെ മുതിർന്ന വ്യക്തി വീടിനെയും കുട്ടികളെയും പരിപാലിക്കുകയും ചെയ്യുന്നു. പ്രായോഗികമായി ചിന്തിക്കുമ്പോൾ അണുകുടുംബത്തിലെ ഈ പങ്കുകളുടെ സവിശേഷവൽക്കരണം ഭർത്താവ് കുടുംബം പോറ്റുന്ന 'കാരണഭൂതമായ പങ്കും' (Instrumental) ഭാര്യ വീട്ടുകാര്യങ്ങൾ നിർവഹിക്കുന്ന 'വൈകാരിക' (Emotional) പങ്കും ചെയ്യുന്നുവെന്ന വിധത്തിൽ ആയിത്തീരുന്നു (Antony Giddens 2001). ഈ കാഴ്ചപ്പാട് ചോദ്യം ചെയ്യപ്പെടുന്നത് ലിംഗപരമായ അനീതി മാത്രമായതുകൊണ്ടല്ല, സംസ്കാരത്തിലും ചരിത്രത്തിലും നടന്നിട്ടുള്ള അനുഭവസിദ്ധമായ പഠനങ്ങൾ അത് തെറ്റാണെന്നു തെളിയിച്ചതുകൊണ്ടുകൂടിയാണ്. ജോലിയും സാമ്പത്തികവും എന്ന ചർച്ചയിൽ, സമകാലികസമൂഹത്തിൽ വസ്ത്രകയറ്റുമതിപോലുള്ള വ്യവസായങ്ങളിൽ വലിയൊരു വിഭാഗം തൊഴിൽശക്തി സ്ത്രീകളാണെന്നു കാണാൻ കഴിയും. ലിംഗപരമായ വേർതിരിവ് പുരുഷനെ വീടിന്റെ മേധാവിയാക്കുന്നുവെന്നത് ശരിയായിക്കൊള്ളണമെന്നില്ലെന്ന് താഴെ തന്നിരിക്കുന്ന ഉദാഹരണം വിശദമാക്കുന്നു.

**സ്ത്രീകൾക്കു നേതൃത്വമുള്ള വീടുകൾ**
**(Female headed households)**

പുരുഷൻ നഗരങ്ങളിലേക്കു ജോലിക്കായി കുടിയേറുമ്പോൾ സ്ത്രീ നിലമുഴുതു മറിക്കാനും കൃഷിചെയ്യാനും നിർബന്ധിത യാകുന്നു. അവൾ കുടുംബത്തിന്റെ ഏക അന്നദാതാവായി മാറുന്നു. ഇത്തരം കുടുംബങ്ങളെയാണ് 'സ്ത്രീകൾക്കു നേതൃത്വമുള്ള വീടുകൾ' എന്നു പറയുന്നത്. വിധവകൾ പലപ്പോഴും കുടുംബഭാരം ഏറ്റെടുക്കേണ്ടിവരും. ഭർത്താവ് പുനർവിവാഹിതനാവുകയും ഭാര്യക്കും കുട്ടികൾക്കും മറ്റുള്ളവർക്കും ചെലവിന് കൊടുക്കാതിരിക്കുകയും ചെയ്യുമ്പോൾ സ്ത്രീക്ക് കുടുംബത്തിന്റെ പരിപാലനം ഏറ്റെടുക്കേണ്ടിവരുന്നു. തെക്കുകിഴക്കൻ മഹാരാഷ്ട്രയിലും വടക്കൻ ആന്ധ്രപ്രദേശിലും 'കോലം' (Kolam) എന്ന ഗോത്രത്തിൽ സ്ത്രീകൾ കുടുംബനേതൃത്വംവഹിക്കുന്ന രീതിയാണുള്ളത്.

### കുടുംബരൂപങ്ങളിലെ വ്യതിയാനങ്ങൾ (Variation in family forms)

അണുകുടുംബത്തിൽനിന്ന് കൂട്ടുകുടുംബത്തിലേക്കുള്ള മാറ്റം ഇന്ത്യയിലെ ഒരു പ്രധാന തർക്കവിഷയമാണ്. സമൂഹശാസ്ത്രം സാമാന്യബോധത്തെ ചോദ്യം ചെയ്യുന്നതെങ്ങനെയെന്ന് നാം കണ്ടുകഴിഞ്ഞു. വാസ്തവത്തിൽ അണുകുടുംബങ്ങൾ ഇന്ത്യയിലെ അധസരിതവർഗങ്ങൾക്കിടയിൽ എല്ലാ കാലഘട്ടത്തിലുമുണ്ടായിരുന്നു.

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ കൂട്ടുകുടുംബങ്ങളുടെ എണ്ണം വർധിച്ചുവെന്ന് സമൂഹശാസ്ത്രജ്ഞനായ എ.എം. ഷാ അഭിപ്രായപ്പെടുന്നു. ഇന്ത്യയിൽ വർധിക്കുന്ന ആയുർദൈർഘ്യമാണിതിന് കാരണമെന്ന് അദ്ദേഹം പറയുന്നു. 1941 – 50 മുതൽ 1981–85 വരെയുള്ള കാലഘട്ടത്തിൽ പുരുഷന്റെ ആയുർദൈർഘ്യം 32.5ൽ നിന്നും 55.4 കൊല്ലമായും സ്ത്രീയുടേത് 31.7ൽ നിന്നും 55.7 കൊല്ലമായും വർധിച്ചു. ഇതിന്റെ ഫലമായി 60 വയസ്സിനുമുകളിലുള്ള വൃദ്ധജനങ്ങളുടെ മൊത്തം ജനസംഖ്യയിലുള്ള അനുപാതം വർധിക്കുകയും ചെയ്തു. ഏതുതരം കുടുംബത്തിലായിരിക്കും പ്രായംചെന്നവർ ജീവിക്കുക എന്നു നാം അന്വേഷിക്കേണ്ടതുണ്ടെന്ന് ഷാ നിരീക്ഷിച്ച സാഹചര്യത്തിലാണ്, അവർ ഭൂരിഭാഗവും താമസിക്കുന്നത് കൂട്ടുകുടുംബത്തിലാണെന്ന അദ്ദേഹത്തിന്റെ അഭിപ്രായം ഒരു വിശാല സാമാന്യവൽക്കരണമാകുന്നത്. എന്നാൽ കൂട്ടുകുടുംബങ്ങൾ ഇല്ലാതായിക്കൊണ്ടിരിക്കുന്നുവെന്ന സാമാന്യബോധം അന്ധമായി വിശ്വസിക്കുന്നതിനെതിരെ ജാഗ്രത പുലർത്താൻ ഈ പഠനം നമ്മെ സഹായിക്കുന്നു. കൂടാതെ, ശ്രദ്ധാപൂർവമായ താരതമ്യാനുഭവസിദ്ധപഠനത്തിന്റെ (Comparative and empirical studies) ആവശ്യകതയെക്കുറിച്ചും ഇതു നമ്മെ ജാഗരൂകരാക്കുന്നു.




എ. എം. ഷാ

വ്യത്യസ്തസമൂഹങ്ങളിൽ വ്യത്യസ്ത കുടുംബരൂപങ്ങൾ നിലനിൽക്കുന്നുവെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. വാസസ്ഥലത്തിന്റെ സ്വഭാവമനുസരിച്ച് കുടുംബങ്ങളെ മാതൃഭവനാധിഷ്ഠിതം (Matrilocal), പിതൃഭവനാധിഷ്ഠിതം (Patrilocal) എന്നിങ്ങനെ രണ്ടായി തിരിക്കാം.


മാതൃഭവനാധിഷ്ഠിത കുടുംബത്തിൽ വരൻ വധുവിന്റെ മാതാപിതാക്കൾക്കൊപ്പം താമസിക്കുന്നു. എന്നാൽ പിതൃഭവനാധിഷ്ഠിത കുടുംബത്തിൽ വധു വരന്റെ മാതാപിതാക്കൾക്കൊപ്പം താമസിക്കുന്നു.

പിതൃമേധാവിത്വ (Patriarchal) കുടുംബങ്ങളിൽ പുരുഷനാണ് അധികാരവും ആധിപത്യവുമുള്ളത്. എന്നാൽ മാതൃമേധാവിത്വ (Matriarchal) കുടുംബങ്ങളിൽ തീരുമാനമെടുക്കുന്നതിൽ ഏറ്റവും വലിയ പങ്കു വഹിക്കുന്നത് സ്ത്രീകളായിരിക്കും. വംശപാരമ്പര്യം മാതാവിലൂടെയുള്ള തായ്‌വഴി കുടുംബങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. പക്ഷേ, മാതൃമേധാവിത്വ കുടുംബങ്ങളുണ്ടെന്ന് അന്തിമമായി നമുക്ക് അവകാശപ്പെടാനാവില്ലതാനും.





കുടുംബവും വാസസ്ഥലവും വ്യത്യാസപ്പെട്ടിരിക്കുന്നത് ശ്രദ്ധിക്കുക





തൊഴിലും വാസസ്ഥലവും

## മറ്റു സാമൂഹികമണ്ഡലങ്ങളുമായി കുടുംബങ്ങൾക്കുള്ള ബന്ധവും കുടുംബത്തിലെ മാറ്റങ്ങളും
## (Families are linked to other social spheres and families change)

നിത്യജീവിതത്തിൽ നാം കുടുംബത്തെ സാമ്പത്തികവും രാഷ്ട്രീയവുമായ മണ്ഡലങ്ങളിൽനിന്ന് വ്യത്യസ്തവും വേർതിരിഞ്ഞു നിൽക്കുന്ന ഒന്നുമായി കാണുന്നു. എന്നാൽ വീടിന്റെയും കുടുംബത്തിന്റെയും ഘടനയ്ക്കും മാനദണ്ഡങ്ങൾക്കും സമൂഹവുമായി അടുത്ത ബന്ധമുണ്ട്. ജർമൻ ഏകീകരണത്തിന്റെ പരിണതഫലങ്ങൾ ഇതിനുദാഹരണമാണ്. 1990–കളിൽ, അതായത് ഏകീകരണത്തിനുശേഷമുള്ള കാലഘട്ടങ്ങളിൽ വിവാഹങ്ങൾ അതിവേഗം കുറയുകയുണ്ടായി. ഏകീകരണത്തിനുശേഷം കുടുംബങ്ങൾക്കു നൽകപ്പെട്ടിരുന്ന സാമൂഹികസംരക്ഷണങ്ങൾ പിൻവലിച്ചതാണ് ഇതിനു കാരണം. വളർന്നുവന്ന സാമ്പത്തിക അരക്ഷിതാവസ്ഥയോട് വ്യക്തികൾ പ്രതികരിച്ചത് വിവാഹം കഴിക്കാതിരുന്നാണ്. ഇത് ഏകീകരണത്തിന്റെ തികച്ചും അപ്രതീക്ഷിതമായ പരിണത ഫലമാണ്.

ജർമനിയിലെ രാഷ്ട്രീയ-സാമ്പത്തിക രംഗങ്ങളിലെ മാറ്റങ്ങൾ കുടുംബഘടനയെയും മാറ്റി. സ്ഥൂലസാമ്പത്തികപ്രക്രിയകൾ കുടുംബത്തിനും ബന്ധുത്വത്തിനും പരിവർത്തനമുളവാക്കി. എന്നാൽ പരിവർത്തനത്തിന്റെ ദിശ എല്ലാ രാജ്യങ്ങളിലും പ്രദേശങ്ങളിലും ഒരുപോലെ ആയിരിക്കില്ല. എല്ലാറ്റിനുമുപരി മാറ്റമെന്നതുകൊണ്ട് അർഥമാക്കുന്നത് മുമ്പുള്ള രീതികളുടെയും ഘടനയുടെയും പൂർണതകർച്ചയല്ല. മാറ്റങ്ങളും തുടർച്ചയും ഒരുമിച്ചാണ് നിൽക്കുന്നത്.

### കുടുംബം എത്രമാത്രം ലിംഗഭേദവൽക്കരിക്കപ്പെട്ടിരിക്കുന്നു? (How gendered is the family?)

ആൺകുട്ടികൾ രക്ഷിതാക്കളെ വയസ്സുകാലത്ത് സംരക്ഷിക്കുമെന്നും പെൺകുട്ടികൾ വിവാഹശേഷം വീടുവിട്ടുപോകുമെന്നുമാണ് പൊതുവിൽ കരുതപ്പെടുന്നത്. ഈ വിശ്വാസം ആൺകുട്ടികളുടെ കാര്യത്തിൽ മാതാപിതാക്കൾ കൂടുതൽ പണം മുടക്കുന്നതിന് കാരണമാകുന്നു. ആൺശിശുക്കളേക്കാൾ അതിജീവന സാധ്യത പെൺശിശുക്കൾക്കാണെന്നത് ജീവശാസ്ത്രപരമായ ഒരു വസ്തുതയാണ്. എന്നിരുന്നാലും ഇന്ത്യയിൽ പെൺശിശുമരണനിരക്ക് ആൺശിശുമരണനിരക്കിനേക്കാൾ താരതമ്യേന കൂടുതലാണ്.

### വിവാഹം എന്ന സ്ഥാപനം (The Institution of Marriage)

വിവിധ സമൂഹങ്ങളിൽ വ്യത്യസ്ത രീതികളിലുള്ള വിവാഹങ്ങൾ കാണാൻ കഴിയും. വിവാഹത്തിലെ ചടങ്ങുകൾ ഓരോന്നിലും പലതരത്തിലുള്ള ധർമങ്ങൾ അനുഷ്ഠിക്കുന്നു. വിവാഹത്തിന് വധൂവരന്മാരെ തിരഞ്ഞെടുക്കുന്നവിധം വിവാഹത്തിന്റെ വിസ്മയകരമായ രീതിയെയും ആചാരത്തെയും സൂചിപ്പിക്കുന്നു.



"പെൺകുട്ടികളെ വളർത്തുന്നത് അയൽപക്കത്തുള്ള ചെടികൾക്ക് വെള്ളമൊഴിക്കുന്നതുപോലെയാണ്" എന്ന തെലുങ്ക് പഴമൊഴിക്ക് സമാനമായ പഴഞ്ചൊല്ലുകൾ കണ്ടെത്തുക. ഇത്തരം ജനകീയമായ വാക്കുകൾ സാമൂഹികക്രമങ്ങളിൽ എങ്ങനെ പ്രതിഫലിക്കുന്നുവെന്ന് ചർച്ചചെയ്യുക.



വിവിധ സമൂഹങ്ങളിൽ ജീവിത പങ്കാളികളെ തിരഞ്ഞെടുക്കുന്ന രീതികൾ കണ്ടെത്തുക.

### വിവാഹത്തിന്റെ രൂപങ്ങൾ (Forms of Marriage)

വിവാഹത്തിന് പലരൂപങ്ങളുണ്ട്. പങ്കാളികളുടെ എണ്ണം, ആർക്ക് ആരെയൊക്കെ വിവാഹം കഴിക്കാം എന്നീ നിയമങ്ങളുടെ അടിസ്ഥാനത്തിലാണ് വിവാഹങ്ങളെ വേർതിരിക്കുന്നത്. പങ്കാളികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ വിവാഹത്തെ ഏകവിവാഹം (Monogamy), ബഹുവിവാഹം (Polygamy) എന്നിങ്ങനെ വേർതിരിക്കാം.

**ഇന്ത്യയിലെ ലിംഗാനുപാതം (1991 – 2011)**

| വർഷം | ലിംഗാനുപാതം | വർഷം | ലിംഗാനുപാതം |
|---|---|---|---|
| 1901 | 972 | 1961 | 941 |
| 1911 | 964 | 1971 | 930 |
| 1921 | 955 | 1981 | 934 |
| 1931 | 950 | 1991 | 926 |
| 1941 | 945 | 2001 | 927 |
| 1951 | 946 | 2011* | 940 |

*National Census Report

പെൺഭ്രൂണഹത്യ ലിംഗാനുപാതത്തിൽ പെട്ടെന്നുള്ള ഇടിവുണ്ടാക്കി. 1901 ൽ ആയിരത്തിന് 972 എന്ന ലിംഗാനുപാതം 2011-ൽ 940 ആയി കുറഞ്ഞു. കുട്ടികളുടെ ലിംഗാനുപാതത്തിലുള്ള കുറവ് ഭയാനകമാണ്. പഞ്ചാബ്, ഹരിയാന, മഹാരാഷ്ട്ര, പടിഞ്ഞാറൻ ഉത്തർപ്രദേശ് തുടങ്ങിയ ദേശങ്ങളിൽ സ്ഥിതി രൂക്ഷമാണ്. പഞ്ചാബിൽ 1000 ആൺകുട്ടികൾക്ക് 793 പെൺകുട്ടികൾ എന്ന അവസ്ഥയിലേക്ക് കുട്ടികളുടെ ലിംഗാനുപാതം താഴ്ന്നു. പഞ്ചാബിലെയും ഹരിയാനയിലെയും ചില ജില്ലകളിൽ അത് 700-ന് താഴെയായി കുറഞ്ഞു. കേരളത്തിൽ 1000 ആൺകുട്ടികൾക്ക് 964 പെൺകുട്ടികളാണുള്ളത് (സെൻസസ് 2011).

ഏകവിവാഹത്തിൽ ഒരു വ്യക്തിക്ക് ഒരു സമയം ഒരു പങ്കാളി എന്നു പരിമിതപ്പെടുത്തിയിരിക്കുന്നു. ഒരു പുരുഷൻ ഒരു സ്ത്രീയെ അല്ലെങ്കിൽ ഒരു സ്ത്രീ ഒരു പുരുഷനെ മാത്രം വിവാഹം കഴിക്കുന്ന സമ്പ്രദായമാണിത്. ബഹുവിവാഹം അനുവദിച്ചിട്ടുള്ള സമൂഹങ്ങളിൽപ്പോലും ഏകവിവാഹമാണ് വ്യാപകമായി നിലനിൽക്കുന്നത്.

പല സമൂഹങ്ങളിലും വ്യക്തികളുടെ മരണത്തിനുശേഷമോ വിവാഹമോചനത്തിനുശേഷമോ വീണ്ടും വിവാഹം ചെയ്യാൻ അനുവദിക്കാറുണ്ട്. എന്നാൽ ഒരേസമയത്ത് ഒന്നിലധികം പങ്കാളികളെ സ്വീകരിക്കാൻ അവർക്ക് അനുവാദമില്ല. ഇത്തരം ഏകവിവാഹത്തെ അനുക്രമ ഏകവിവാഹം (Serial Monogamy) എന്നു പറയുന്നു. പങ്കാളിയുടെ മരണശേഷം പുനർവിവാഹം ചെയ്യുക എന്നത് പുരുഷന്മാരെ സംബന്ധിച്ചിടത്തോളം സാധാരണമായ മാനദണ്ഡമാണ്. എന്നാൽ ഉന്നതജാതിയിലുള്ള ഹിന്ദുസ്ത്രീകൾക്ക് പുനർവിവാഹത്തിനുള്ള അവകാശം ലഭിക്കുന്നതിനുവേണ്ടി 19-ാം നൂറ്റാണ്ടിലെ പരിഷ്കരണപ്രസ്ഥാനങ്ങൾ ശ്രമിച്ചു. നിങ്ങൾ കുറച്ച് പേർക്ക് മാത്രമെ അറിയാൻ സാധ്യതയുള്ളു, ആധുനിക ഇന്ത്യയിലെ സ്ത്രീകളിലെ പത്തുശതമാനവും 50 വയസ്സിന് മുകളിലുള്ളവരിൽ 55 ശതമാനവും വിധവകളാണ്. (ചെൻ 2000 : 353)

ഒരു വ്യക്തി ഒരേസമയം ഒന്നിലധികം വിവാഹം കഴിക്കുന്ന സമ്പ്രദായത്തെ ബഹുവിവാഹം എന്നു പറയുന്നു. ബഹുഭാര്യത്വം (Polygyny) (ഒരു പുരുഷന് ഒരേസമയം രണ്ടോ അതിലധികമോ ഭാര്യമാർ ഉണ്ടായിരിക്കുന്ന സമ്പ്രദായം), ബഹുഭർതൃത്വം (Polyandry) (ഒരു സ്ത്രീക്ക് ഒരേസമയം രണ്ടോ അതിലധികമോ ഭർത്താക്കന്മാർ ഉണ്ടായിരിക്കുന്ന സമ്പ്രദായം) എന്നിവയുമുണ്ട്. സാധാരണയായി സാമ്പത്തിക പിന്നാക്കാവസ്ഥയുള്ള സമൂഹങ്ങളിൽ ബഹുഭർതൃത്വം കാണുന്നു. ഇത്തരം പിന്നാക്കാവസ്ഥയിൽ ഒരു പുരുഷന് ഭാര്യയെയും കുട്ടികളെയും മതിയായ വിധത്തിൽ സംരക്ഷിക്കാൻ കഴിയുകയില്ല. കൂടാതെ, കടുത്ത ദാരിദ്ര്യം ജനസംഖ്യ നിയന്ത്രിക്കാൻ സമൂഹത്തിനുമേൽ സമ്മർദമുണ്ടാക്കുന്നു.

### വിവാഹങ്ങളുടെ ക്രമീകരണ വിഷയം: നിയമങ്ങളും നിർദേശങ്ങളും

### (The matter arranging marriages: Rules and prescriptions)

ചില സമൂഹങ്ങളിൽ പങ്കാളിയെ തിരഞ്ഞെടുക്കുന്നത് മാതാപിതാക്കളോ ബന്ധുക്കളോ ആയിരിക്കും. എന്നാൽ മറ്റുചില സമൂഹങ്ങളിൽ വ്യക്തികൾക്ക് അവരുടെ പങ്കാളിയെ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമുണ്ട്.

### സ്വഗണവിവാഹത്തിന്റെയും ബഹിർഗണവിവാഹത്തിന്റെയും ചട്ടങ്ങൾ (Rules of Endogamy and Exogamy)

ഓരോ സമൂഹത്തിലും വിവാഹത്തിന്റെ കാര്യത്തിൽ ചില നിയന്ത്രണങ്ങളും വിലക്കുകളുമുണ്ട്. ചില സമൂഹങ്ങളിൽ ഈ നിയന്ത്രണങ്ങൾ ലളിതമായിരിക്കും. എന്നാൽ മറ്റുചില സമൂഹങ്ങളിൽ വ്യക്തികൾക്ക് വിവാഹം കഴിക്കുകയോ വിവാഹം കഴിക്കാതിരിക്കുകയോ ചെയ്യാനുള്ള അനുവാദമുണ്ട്. പങ്കാളിയെ സ്വീകരിക്കാനുള്ള യോഗ്യത/അയോഗ്യത എന്നിവയെ അടിസ്ഥാനമാക്കി വിവാഹരൂപങ്ങളെ സ്വഗണവിവാഹം, ബഹിർഗണവിവാഹം എന്നു രണ്ടായിത്തിരിക്കാം. ഒരു സാംസ്കാരിക ഗണത്തിൽനിന്നു തന്റെ ജീവിതപങ്കാളിയെ തിരഞ്ഞെടുക്കുന്ന വിവാഹനിയമമാണ് സ്വഗണവിവാഹം. ഉദാഹരണം: ജാതി. സ്വഗണത്തിന് പുറത്തുള്ളവരെ വിവാഹം ചെയ്യുന്നതിനെ ബഹിർഗണവിവാഹം എന്നു പറയുന്നു. കുലം, ജാതി, വംശം, മതം തുടങ്ങിയ ബന്ധുത്വ ഏകകങ്ങളുമായി (Kinship unit) ബന്ധപ്പെട്ടതാണ് സ്വഗണവിവാഹവും ബഹിർഗണവിവാഹവും. വടക്കേ ഇന്ത്യയിലെ ചില ഭാഗങ്ങളിൽ ഗ്രാമ ബഹിർഗണവിവാഹം നടക്കാറുണ്ട്. ഗ്രാമ

ബഹിർഗണവിവാഹങ്ങൾ പെൺകുട്ടികളെ സ്വന്തം ഗൃഹത്തിൽനിന്നു വിദൂരഗ്രാമങ്ങളിലെ കുടുംബങ്ങളിലേക്ക് വിവാഹം ചെയ്തയക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നു. ഇത് വധുവിന് ഭർത്തൃഗൃഹത്തിലെ സാഹചര്യങ്ങളുമായി സ്വന്തം ബന്ധുജനങ്ങളുടെ ഇടപെടൽ കൂടാതെ പൊരുത്തപ്പെട്ടു ജീവിക്കാനുള്ള അവസരം ഉറപ്പാക്കുന്നു. ഭൂമിശാസ്ത്രപരമായ അകലം പിതൃദായക സമ്പ്രദായത്തിലെ തുല്യമല്ലാത്ത ബന്ധങ്ങൾക്കു കാരണമായി വിവാഹിതരായ പെൺമക്കൾക്ക് മാതാപിതാക്കളെ ഇടയ്ക്കിടയ്ക്ക് വന്നുകാണാനുള്ള സാഹചര്യം ഇല്ലാതാക്കി. ജന്മഗൃഹത്തിൽനിന്നുള്ള വേർപാട് അവർക്ക് തികച്ചും വേദനാജനകമായ സാഹചര്യമുണ്ടാക്കി. ഈ വേർപാടിന്റെ വേദനകൾ പ്രമേയമാക്കി ധാരാളം നാടോടിഗാനങ്ങൾ രചിക്കപ്പെട്ടിട്ടുണ്ട്.

ചിറകടിച്ചകലുന്ന പക്ഷിക്കൂട്ടം കണക്കെ,
പറന്നകലുന്നു ഞങ്ങൾ, പിതാവേ
ഞങ്ങൾതൻ യാത്ര വിദൂരമാണ്
ഏതു ദിശയിലേക്കാണീ യാത്ര
ഒട്ടുമേ അറിവതില്ല
അങ്ങയുടെ കൊട്ടാരക്കെട്ടിനുള്ളിൽ
ഗമിക്കുവാൻ എൻ പല്ലക്കിനില്ലനുമതി
വാതിലുകൾ ഇടുങ്ങിയതല്ലേ പിതാവേ
ഞാനെടുത്തുമാറ്റുകില്ലേ ഈ കല്ലുകൾ
(നിൻ പല്ലക്കിനായ് വഴിയൊരുക്കുവാൻ)
നീ നിന്റെ ഭവനത്തിലേക്ക് ഗമിക്കുക.

**** (Chanana 1993 Ws 26)

ചേതോഹരങ്ങളാം അളകങ്ങൾ
മാടിയൊതുക്കി, യാത്രാമൊഴിയേകുമ്പോൾ
നിന്നെ അകലങ്ങളിലേക്ക്
ആനയിക്കുവാനായ്
സത്വരം നിൻ സുന്ദരപുരുഷനെത്തുമ്പോൾ
ഉച്ചത്തിൽ അലയടിക്കുന്നു ചെണ്ടതൻ മേളം
ഷഹനായ്തൻ മൃദുസ്വരം
ഒഴുകിയൊഴുകിയെത്തുന്നു
കൊണ്ടുപോകുവാനെത്തുന്നു, ഏതോ
അപരിചിത സുതൻ, അകലെനിന്നും...
ഒത്തുചേരാമെൻ തോഴരേ, നമ്മൾതൻ
കളിപ്പാട്ടങ്ങളുമായ്
നമുക്കൊത്തൊരുമിച്ചു കളിക്കാം,
ഇനിയൊരുവട്ടംകൂടി കളിക്കുവാൻ
ഞാനില്ലല്ലോ.
വിടപറയുകയല്ലോ, ഒരപരിചിത
ഭവനത്തിലേക്ക് ഞാനിന്ന്...

(Dube 2001 : 92)





വിവാഹഗാനങ്ങൾ ശേഖരിക്കുക. ഇത് ലിംഗഭേദത്തെ എങ്ങനെ വിശദീകരിക്കുന്നുവെന്നു ചർച്ചചെയ്യുക.



വ്യത്യസ്ത മാധ്യമങ്ങളിൽവരുന്ന വിവാഹപരസ്യങ്ങൾ വിശകലനം ചെയ്ത് സ്വഗണവിവാഹം, പങ്കാളിയെ തിരഞ്ഞെടുക്കൽ, വിവാഹരീതിയിലുള്ള മാറ്റങ്ങൾ എന്നിവ വിശദീകരിക്കുക.

## കുടുംബം, ബന്ധുത്വം, വിവാഹം തുടങ്ങിയ അടിസ്ഥാനസങ്കൽപ്പനങ്ങളുടെ നിർവചനം
## (Defining some basic concepts, particularly those of family, kinship and marriage)

നേരിട്ടു രക്തബന്ധമുള്ള വ്യക്തികളുടെ ഗണത്തെ കുടുംബം എന്നു പറയുന്നു. കുട്ടികളെ സംരക്ഷിക്കാനുള്ള ചുമതല കുടുംബ

ത്തിലെ മുതിർന്ന അംഗങ്ങൾ ഏറ്റെടുത്തിരിക്കുന്നു. വിവാഹം വഴിയോ രക്തബന്ധം വഴിയോ വ്യക്തികൾ തമ്മിൽ സ്ഥാപിച്ചെടുക്കുന്ന ബന്ധത്തെയാണ് 'ബന്ധുത്വം' (Kinship) എന്നു പറയുന്നത് (ഉദാഹരണം: അമ്മ, അച്ഛൻ, മക്കൾ, സഹോദരങ്ങൾ മുതലായവർ). പ്രായപൂർത്തിയായ രണ്ടു വ്യക്തികൾ തമ്മിൽ സാമൂഹിക അംഗീകാരത്തോടെയുള്ള ലൈംഗികപരമായ ഒത്തുചേരലിനെ വിവാഹമെന്ന് നിർവചിക്കാം. രണ്ടുപേർ വിവാഹിതരാകുമ്പോൾ അവർ പരസ്പരം ബന്ധുക്കളാകുന്നു. വിവാഹം എന്ന കെട്ടുപാട് വിപുലമായ രീതിയിൽ ജനങ്ങളെ യോജിപ്പിക്കും. മാതാപിതാക്കൾ, സഹോദരന്മാർ, സഹോദരികൾ, രക്തബന്ധമുള്ള മറ്റു ബന്ധുക്കൾ എന്നിവർ വിവാഹത്തിലൂടെ പങ്കാളികളുടെ ബന്ധുക്കളായിത്തീരുന്നു. ജനിച്ച കുടുംബത്തെ 'ജന്മകുടുംബം (Family of Orientation) എന്നും വിവാഹം ചെയ്തയക്കുന്ന കുടുംബത്തെ 'പുനരുൽപ്പാദനകുടുംബം' (Family of Procreation) എന്നും പറയുന്നു. രക്തബന്ധം വഴിയുള്ള ബന്ധുക്കളെ സഗോത്രബന്ധുത്വമെന്നും (Consanguineous kinship) വിവാഹം വഴിയുണ്ടാകുന്നതിനെ വൈവാഹിക ബന്ധുത്വമെന്നും (Affinal kinship) പറയുന്നു. അടുത്ത ഭാഗത്തിൽ കുടുംബവും സാമ്പത്തിക ജീവിതവും എങ്ങനെ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നുവെന്നു മനസ്സിലാക്കാം.

## III
## തൊഴിലും സാമ്പത്തികജീവിതവും (Work and Economic Life)

### തൊഴിൽ എന്നാലെന്ത്? (What is Work?)


വലുതാകുമ്പോൾ ഏതുതരം തൊഴിലാണ് ചെയ്യുക എന്നതിനെക്കുറിച്ച് കുട്ടികളെന്ന നിലയ്ക്ക് നാം സങ്കൽപ്പിക്കാറുണ്ട്. 'വേതനം പറ്റുന്ന ജോലിയാണ്' ഇവിടെ തൊഴിൽ എന്ന് വ്യക്തമാക്കുന്നത്. ഇതാണ് ആധുനിക തൊഴിൽസങ്കൽപ്പം.

വാസ്തവത്തിൽ ഇതൊരു ലളിതമായ കാഴ്ചപ്പാടാണ്. പലതരത്തിലുള്ള ജോലികളും വേതനം പറ്റുന്ന തൊഴിലുകളായി കണക്കാക്കപ്പെടുന്നില്ല. ഉദാഹരണത്തിന്, അനൗപചാരിക സമ്പദ്‌വ്യവസ്ഥയിലെ ഭൂരിഭാഗം തൊഴിലുകളും ഔദ്യോഗിക തൊഴിലിന്റെ കണക്കെടുപ്പിൽ വരുന്നവയല്ല. അനൗപചാരിക സമ്പദ്‌വ്യവസ്ഥ (informal economy) എന്ന് സൂചിപ്പിക്കുന്നത് വ്യവസ്ഥാപിത തൊഴിൽമേഖലയ്ക്ക് പുറത്തുള്ള ഇടപാടുകളെയാണ്. സേവനങ്ങൾക്കുവേണ്ടിയുള്ള പണക്കൈമാറ്റം, സാധനങ്ങളുടെയും സേവനങ്ങളുടെയും നേരിട്ടുള്ള കൈമാറ്റം എന്നിവ ഇതിൽ ഉൾപ്പെടുന്നു.

മനുഷ്യന്റെ പ്രവർത്തനങ്ങൾ വേതനം പറ്റുന്നതോ അല്ലാത്തതോ എന്ന വേർതിരിവില്ലാതെ മാനസികവും ശാരീരികവുമായ പ്രയത്നത്തിലൂടെ തന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി സാധനങ്ങളും സേവന

ടിനിയുടെ മുത്തശ്ശി ജീവിതത്തിന്റെ ഏതെങ്കിലും ഒരു ഘട്ടത്തിൽ ചെയ്യാൻ ആഗ്രഹിക്കാത്ത തൊഴിലുകളില്ല. സ്വന്തം കാര്യങ്ങൾ ചെയ്യാൻ പ്രായമായപ്പോൾ അവർ രണ്ടു നേരത്തെ ഭക്ഷണത്തിനും വസ്ത്രത്തിനുമായി മറ്റുള്ളവരുടെ വീടുകളിൽ "ചില്ലറപ്പണികൾ" ചെയ്യാൻ തുടങ്ങി. മറ്റു കുട്ടികൾക്കൊപ്പം ചിരിച്ചുകളിക്കേണ്ട പ്രായത്തിൽ ഇത്തരം തൊഴിലിൽ ഏർപ്പെട്ടവർക്കു മാത്രമേ ചില്ലറപ്പണിയുടെ ആശയം കൃത്യമായി മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. കിലുക്ക് ഉപയോഗിച്ച് കുട്ടികളെ കളിപ്പിക്കുന്നതും മുതലാളിയുടെ തല തടവുന്നതുമായ താൽപ്പര്യരഹിത തൊഴിലുകൾ ഈ വിഭാഗത്തിൽപ്പെടുന്നു. (chungal 2002 : 125)

നിങ്ങളുടെ ചുറ്റുപാടിൽനിന്നോ, സാഹിത്യത്തിൽനിന്നോ, സിനിമയിൽനിന്നോ ഇതുപോലുള്ള തൊഴിലുകൾക്ക് ഉദാഹരണം കണ്ടെത്തി ചർച്ചചെയ്യുക.



തൊഴിൽ രൂപങ്ങൾ

ങ്ങളും ഉൽപ്പാദിപ്പിക്കുന്നതിനെ തൊഴിൽ എന്ന് നിർവചിക്കാം.

### ആധുനിക തൊഴിൽരൂപങ്ങളും തൊഴിൽവിഭജനവും (Modern Forms of Work & Division of Labour)

പരമ്പരാഗത സമൂഹങ്ങളിലെ ജനങ്ങളുടെ പ്രധാനതൊഴിൽ കൃഷിയും കാലിവളർത്തലുമായിരുന്നു. എന്നാൽ വ്യാവസായികമായി വികസിച്ച സമൂഹത്തിൽ ജനസംഖ്യയുടെ ഒരുചെറിയ വിഭാഗം മാത്രമാണ് കൃഷിയിലേർപ്പെട്ടിരുന്നത്. ക്രമേണ കൃഷിയും വ്യവസായവൽക്കരിക്കപ്പെട്ടു. കൃഷിയിൽ മനുഷ്യകരങ്ങളേക്കാൾ കൂടുതൽ യന്ത്രങ്ങൾ ഉപയോഗിക്കാൻ തുടങ്ങി. ഇന്ത്യയെപ്പോലുള്ള ഒരു രാജ്യത്ത് ജനസംഖ്യയുടെ നല്ലൊരു പങ്കും ഗ്രാമീണരും കൃഷിക്കാരും, അല്ലെങ്കിൽ ഗ്രാമപശ്ചാത്തലത്തിലുള്ള തൊഴിലുകൾ ചെയ്യുന്നവരുമാണ്. ഇന്ത്യയിൽ മറ്റുചില പ്രവണതകൾകൂടിയുണ്ട്. ഉദാഹരണമായി സേവനമേഖലയുടെ വികസനം.



ഗ്രാമപശ്ചാത്തലത്തിലുള്ള തൊഴിലുകളുടെ പട്ടിക തയാറാക്കുക.

ആധുനികസമൂഹത്തിന്റെ സാമ്പത്തിക വ്യവസ്ഥയുടെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷതയാണ് സങ്കീർണമായ തൊഴിൽവിഭജനം (Division of labour). ജനങ്ങളുടെ സവിശേഷവൽക്കരണത്തിന്റെ അടിസ്ഥാനത്തിൽ ഒരു പ്രവർത്തനം ചെറുതൊഴിലുകളായി വേർതിരിക്കുന്നു.

പരമ്പരാഗതസമൂഹത്തിൽ കാർഷികേതര തൊഴിലുകൾ ചെയ്യുന്നതിന് തൊഴിലാളികൾക്ക് വൈദഗ്ധ്യം ആവശ്യമായിരുന്നു. തൊഴിലാളികൾ ഈ വൈദഗ്ധ്യം നീണ്ട പരിശീലനത്തിലൂടെ നേടിയെടുത്തതാണ്. തൊഴിലാളി ഉൽപ്പാദനപ്രക്രിയയുടെ (Process of production) ആദ്യംമുതൽ അവസാനം വരെ പങ്കാളിയായിരിക്കും.



സമീപകാലത്തായി ഇന്ത്യൻ സേവനമേഖലയിൽ മാറ്റങ്ങൾ വന്നിട്ടുണ്ടോ? ഏതെല്ലാം മേഖലകളാണവ?

ആധുനികസമൂഹം തൊഴിലിന്റെ സ്ഥാനമാറ്റത്തിനും സാക്ഷ്യംവഹിച്ചു. വ്യവസായവൽക്കരണത്തിനു മുമ്പ് മിക്ക തൊഴിലുകളും കുടുംബാംഗങ്ങൾ ഒരുമിച്ച് വീട്ടിനകത്തുനിന്ന് ചെയ്തിരുന്നു. വ്യവസായവൽക്കരണത്തോടെ കൽക്കരിയിലും വൈദ്യുതിയിലും പ്രവർത്തിക്കുന്ന യന്ത്രസാങ്കേതികവിദ്യ, തൊഴിലിന്റെയും വീടിന്റെയും വേർപെടുത്തലിലേക്കു നയിച്ചു. മുതലാളികളുടെ ഉടമസ്ഥതയിലുള്ള ഫാക്ടറികൾ വ്യാവസായികപുരോഗതിയുടെ പ്രധാന കേന്ദ്രമായി മാറി.



ജോലി ചെയ്തുകൊണ്ടിരിക്കുന്ന മുഖ്യ നെയ്ത്തുകാരനെ കണ്ടിട്ടുണ്ടോ? ഒരു ഷാൾ നിർമിക്കാൻ എത്ര സമയമെടുക്കുമെന്നു കണ്ടെത്തുക.

ഫാക്ടറികളിൽ തൊഴിലന്വേഷിച്ച് വരുന്നവർക്ക് സവിശേഷജോലിക്ക് പരിശീലനം നൽകി തൊഴിൽ നൽകുകയും അവർക്ക് കൂലി നൽകുകയും ചെയ്യുന്നു. തൊഴിലാളികളിലെ അച്ചടക്കം വർധിപ്പിക്കാനും ഉൽപ്പാദനക്ഷമത വർധിപ്പിക്കാനും തൊഴിലിന് മേൽനോട്ടം വഹിക്കാനും മാനേജരുണ്ട്.


ആധുനികസമൂഹങ്ങളുടെ മറ്റൊരു പ്രധാനപ്പെട്ട സവിശേഷതയാണ് സാമ്പത്തിക പരസ്പരാശ്രയത്വത്തിന്റെ വ്യാപനം. നമ്മുടെ ജീവിതം നിലനിർത്തുന്ന ഉൽപ്പന്നങ്ങളും സേവനങ്ങളും ലഭിക്കുന്നതിനുവേണ്ടി, ലോകം മുഴുവൻ വ്യാപിച്ചുകിടക്കുന്ന ധാരാളം തൊഴിലാളികളെ നമുക്ക് ആശ്രയിക്കേണ്ടതുണ്ട്. ആധുനികസമൂഹത്തിലെ ഭൂരിഭാഗം ജനങ്ങളും അവർ കഴിക്കുന്ന ഭക്ഷണമോ താമസിക്കുന്ന വീടോ ഉപയോഗിക്കുന്ന ദൈനംദിന വസ്തുക്കളോ സ്വയം ഉൽപ്പാദിപ്പിക്കുന്നില്ല. അവർ ഇതിനെല്ലാം മറ്റുള്ളവരെ ആശ്രയിക്കുന്നു.



നിങ്ങളുടെ ഭക്ഷണപദാർഥങ്ങളുടെയും വീട് നിർമിക്കാനുപയോഗിച്ച വസ്തുക്കളുടെയും ധരിക്കുന്ന വസ്ത്രങ്ങളുടെയും പട്ടിക തയാറാക്കുക. ഇത്തരം വസ്തുക്കൾ ആര്, എങ്ങനെ, എവിടെ ഉണ്ടാക്കുന്നു വെന്ന് വിശദീകരിക്കുക.


### തൊഴിലിന്റെ രൂപാന്തരീകരണം (Transformation of Work)

സമയബന്ധിതവും സംഘടിതവും നിരീക്ഷണവിധേയവുമായി വ്യാവസായിക പ്രക്രിയകൾ ലളിതവൽക്കരിക്കപ്പെട്ടു. വൻതോതിലുള്ള ഉൽപ്പാദനത്തിന് വൻ വിപണികൾ ആവശ്യമായിത്തീർന്നു. യന്ത്രങ്ങളുടെയും തൊഴിലാളികളുടെയും ചലനാത്മക കൂട്ടിച്ചേർക്കൽ വ്യൂഹം (Moving Assembly line) രൂപപ്പെടുത്തിയത് ഒരു പ്രധാനപ്പെട്ട കണ്ടുപിടിത്തമായിരുന്നു. ആധുനിക വ്യാവസായിക ഉൽപ്പാദനത്തിന് വിലപിടിപ്പുള്ള യന്ത്രോപകരണങ്ങളും, തൊഴിലാളികളെ തുടർച്ചയായി നിരീക്ഷിക്കുന്ന ഒരു സംവിധാനവും ആവശ്യമായിവന്നു.




ഉൽപ്പാദനം, തൊഴിലിന്റെ വികേന്ദ്രീകരണം എന്നിവയിലേക്കുള്ള മാറ്റത്തിന് കഴിഞ്ഞ ദശകങ്ങൾ സാക്ഷ്യം വഹിച്ചു. ആഗോളവൽക്കരണത്തിന്റെ ഈ കാലഘട്ടത്തിൽ, സ്ഥാപനങ്ങളും രാജ്യങ്ങളും തമ്മിൽ വളരുന്ന മത്സരം കാരണം

മാറുന്ന വിപണിസാഹചര്യങ്ങൾക്കനുസരിച്ച് ഉൽപ്പാദന സംഘാടനത്തിൽ ക്രമീകരണം വരുത്തേണ്ടിവന്നു. എങ്ങനെയാണ് പുതിയ വ്യവസ്ഥ പ്രവർത്തിക്കുന്നതെന്നും തൊഴിലാളികൾക്ക് അത് എന്തു സ്വാധീനം വരുത്തിയിട്ടുണ്ടെന്നും മനസ്സിലാക്കുന്നതിന് ബാംഗ്ലൂരിലെ വസ്ത്രനിർമാണവ്യവസായങ്ങളെക്കുറിച്ചുള്ള പഠനത്തിലെ ഭാഗം വായിച്ചുനോക്കാം.



*വ്യവസായം തീർച്ചയായും ദീർഘമായ ഒരു ശൃംഖലയുടെ ഭാഗമാണ്. ഉൽപ്പാദകരുടെ സ്വാതന്ത്ര്യം അങ്ങേയറ്റം നിയന്ത്രിതമാണ്. രൂപകൽപ്പന മുതൽ ഉപഭോക്താവിന്റെ കൈയിൽ എത്തുന്നതുവരെ നൂറുകണക്കിന് പ്രവർത്തനങ്ങളിലൂടെ ഉൽപ്പന്നം കടന്നുപോകുന്നു. ഈ ശൃംഖലയിൽ ഉൽപ്പാദകർ ഉൾപ്പെടുന്നത് 15 പ്രവർത്തനങ്ങളിൽ മാത്രമാണ്. ഏതെങ്കിലും തരത്തിലുള്ള വേതനവർധനവിനുള്ള പ്രക്ഷോഭമുണ്ടായാൽ ഉൽപ്പാദകർ അവരുടെ വ്യവസായ യൂണിറ്റ് തൊഴിലാളിസംഘടനകൾക്ക് എത്തിപ്പെടാൻ പറ്റാത്ത മറ്റു സ്ഥലങ്ങളിലേക്കു മാറ്റിസ്ഥാപിക്കും. നിലവിലുള്ള മിനിമം വേതനം നൽകുക, അല്ലെങ്കിൽ വേതനം ഗണ്യമായി ഉയർത്തുക തുടങ്ങിയ പ്രശ്നങ്ങളുണ്ടാകാം. ഇവിടെ ഏറ്റവും പ്രധാനം, ഉയർന്ന വേതനഘടന നടപ്പിലാക്കാൻ വേണ്ടി സർക്കാരിനുമേലും പ്രാദേശിക ഏജൻസികളുടെമേലും ആവശ്യമായ സമ്മർദ്ദം ചെലുത്തുന്നതിനായി ചില്ലറവിൽപ്പനക്കാരന്റെ പിന്തുണ ആർജിക്കുക എന്നതാണ്. ഒരു അന്തർദേശീയ അഭിപ്രായവേദി രൂപീകരിക്കുക എന്നതാണ് ഇതിന്റെ കാഴ്ചപ്പാട്.*
(Roy Choudhury 2005: 22-54)



ഗ്രാമത്തിലെ കാർഷികക്കാഴ്ചകൾ

മുകളിൽ കൊടുത്തിട്ടുള്ള റോയ് ചൗധരിയുടെ റിപ്പോർട്ട് ശ്രദ്ധാപൂർവം വായിക്കുക. എങ്ങനെയാണ് പുതിയ ഉൽപ്പാദനസംവിധാനവും രാജ്യത്തിനു പുറത്തുള്ള ഉപഭോക്താക്കളും ഉൽപ്പാദനത്തിന്റെ സാമ്പത്തികതയെയും രാഷ്ട്രീയതയെയും മാറ്റിയതെന്ന് വിശകലനം ചെയ്യുക.

## IV
## രാഷ്ട്രീയം (Politics)

സമൂഹത്തിലെ അധികാരത്തിന്റെ വിതരണവുമായി ബന്ധപ്പെട്ട സ്ഥാപനമാണ് രാഷ്ട്രീയ സ്ഥാപനങ്ങൾ (Political Institutions). രാഷ്ട്രീയസ്ഥാപനങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നതിനുള്ള പ്രധാനപ്പെട്ട രണ്ടു സങ്കൽപ്പനങ്ങ

ളാണ് ശക്തിയും (Power) അധികാരവും (Authority). മറ്റുള്ളവർ എതിർക്കുമ്പോൾ പോലും സ്വന്തം ആഗ്രഹം നടപ്പിലാക്കാനുള്ള വ്യക്തിയുടെ, അല്ലെങ്കിൽ സംഘത്തിന്റെ കഴിവിനെ ശക്തി എന്നു പറയുന്നു. ശക്തി കൈയാളുന്നവർ അങ്ങനെ ചെയ്യുന്നത് മറ്റുള്ളവരുടെ മണ്ഡലങ്ങളുമായി ബന്ധപ്പെട്ടാണെന്നതാണ് വസ്തുത. സമൂഹത്തിൽ ചിലർക്ക് ശക്തിയുണ്ട്, മറ്റുള്ളവർക്ക് ശക്തിയില്ല. മറ്റൊരർഥത്തിൽ പറഞ്ഞാൽ ഒരു വ്യക്തിക്കോ സംഘത്തിനോ ഒറ്റപ്പെട്ടിരിക്കുമ്പോൾ ശക്തിയില്ല. മറ്റുള്ളവരുമായി ചേരുമ്പോൾ അവർ ശക്തരാവുന്നു.

കുടുംബത്തിലെ മുതിർന്നവർ വീട്ടുചുമതലകൾ അവരുടെ കുട്ടികളെ ഏൽപ്പിക്കുന്നു. പ്രിൻസിപ്പൽ സ്കൂളിൽ അച്ചടക്കം നടപ്പിലാക്കുന്നു. ഫാക്ടറി മാനേജർ ഉദ്യോഗസ്ഥർക്ക് ജോലി വിതരണം ചെയ്യുന്നു. രാഷ്ട്രീയനേതാക്കൾ അവരുടെ പാർട്ടിയുടെ പരിപാടികൾ നിയന്ത്രിക്കുന്നു. ഉദാഹരണമായി, പ്രിൻസിപ്പലിന് സ്കൂളിൽ അച്ചടക്കം നിലനിർത്താനുള്ള ശക്തിയുണ്ട്. രാഷ്ട്രീയ പാർട്ടിയുടെ അധ്യക്ഷന് പാർട്ടിയിൽനിന്ന് ഒരു അംഗത്തെ പുറത്താക്കാനുള്ള ശക്തിയുണ്ട്. ഈ ഓരോ സാഹചര്യത്തിലും ഒരു വ്യക്തിക്കോ സംഘത്തിനോ അവരുടെ ഇച്ഛയ്ക്ക് മറ്റുള്ളവർ വഴങ്ങുന്നിടത്തോളം കാലം അവർക്ക് ശക്തിയുണ്ടായിരിക്കും. ഈ അർഥത്തിൽ രാഷ്ട്രീയ പ്രവർത്തനങ്ങൾ അല്ലെങ്കിൽ രാഷ്ട്രീയം ശക്തിയുമായി ബന്ധപ്പെട്ടതാണ്.

എന്നാൽ ശക്തി അതിന്റെ ലക്ഷ്യം നേടേണ്ടത് എങ്ങനെയാണ്? ജനങ്ങൾ മറ്റുള്ളവരുടെ ആജ്ഞകൾ എന്തുകൊണ്ട് അനുസരിക്കുന്നു? ഇത്തരം ചോദ്യങ്ങൾക്ക് ഉത്തരം അധികാരം എന്ന സങ്കൽപ്പനത്തിൽ ലഭിക്കും. ശക്തി അധികാരത്തിലൂടെ പ്രയോഗിക്കപ്പെടുന്നു. നിയമാനുസൃതമായ ശക്തിയെ അധികാരം എന്നു പറയുന്നു. അതായത് അത് ശരിയും നീതിയുക്തവുമാണ്. നിയമാനുസൃതമായി നിലകൊള്ളുന്നതിനാൽ അത് സ്ഥാപനവൽകൃതമാണ് (Institutionalised). ജനങ്ങൾ അധികാരത്തെ പൊതുവെ അംഗീകരിക്കുന്നുണ്ടെങ്കിൽ അവരുടെ നിയന്ത്രണം നീതിയുക്തവും നല്ലതുമായതിനാലാണ്. നിയമാനുസൃതമാക്കൽ പ്രക്രിയയെ പലപ്പോഴും പ്രത്യയശാസ്ത്രങ്ങൾ സഹായിക്കാറുണ്ട്.

**രാഷ്ട്രരഹിതസമൂഹങ്ങൾ (Stateless Societies)**

സർക്കാർ എന്ന സംവിധാനമില്ലാതെ എങ്ങനെ രാഷ്ട്രരഹിതസമൂഹങ്ങളിൽ ക്രമം നിലനിർത്തിയെന്ന് അറുപതുവർഷത്തോളമായി നരവംശശാസ്ത്രജ്ഞർ നടത്തിവന്ന പഠനത്തിൽനിന്ന് മനസ്സിലാക്കാം. സമൂഹത്തിലെ പ്രതിയോഗികൾക്കിടയിൽ സന്തുലിതാവസ്ഥ സ്ഥാപിക്കപ്പെട്ടിരുന്നത് ബന്ധുത്വം, വിവാഹം, വാസസ്ഥലം തുടങ്ങിയ സഖ്യങ്ങളിലൂടെയാണ്. ശത്രുക്കളെയും മിത്രങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ആചാരങ്ങളും അനുഷ്ഠാനങ്ങളും നടത്തപ്പെടുന്നതും ഇതിനു കാരണമാണ്.

നമുക്കറിയുന്നതുപോലെ ആധുനിക രാഷ്ട്രത്തിന് നിയതമായ ഘടനയും ഔപചാരിക നടപടിക്രമങ്ങളുമുണ്ട്. എന്നിരുന്നാലും രാഷ്ട്രരഹിതസമൂഹത്തിന്റെ ചില രീതികൾ ഇന്നും നിലനിൽക്കുന്നില്ലേ?



രാഷ്ട്രരഹിത സമൂഹത്തിൽ ഉണ്ടായിരുന്ന ചില അനൗപചാരികരീതികൾ രാഷ്ട്രസമൂഹത്തിലിപ്പോഴുമുണ്ടോ? ചർച്ചചെയ്യുക.

**രാഷ്ട്രം എന്ന സങ്കൽപ്പനം (Concept of the State)**

സർക്കാർ എന്ന രാഷ്ട്രീയസംവിധാനം ഒരു നിശ്ചിതപ്രദേശം ഭരിക്കുകയാണെങ്കിൽ അവിടെ രാഷ്ട്രം നിലനിൽക്കുന്നു. ഗവൺമെന്റിന്റെ അധികാരത്തിന് നിയമവ്യവ

സറയുടെ പിന്തുണയും അതിന്റെ നയങ്ങൾ നടപ്പിലാക്കുന്നതിന് സൈനികശക്തി ഉപയോഗിക്കാനുള്ള കഴിവും ഉണ്ടായിരിക്കും. നിർവഹണവാദികളുടെ കാഴ്ചപ്പാടിൽ രാഷ്ട്രം സമൂഹത്തിലെ എല്ലാ വിഭാഗങ്ങളുടെയും താൽപ്പര്യങ്ങളെ പ്രതിനിധാനം ചെയ്യുന്നു. സമൂഹത്തിലെ പ്രബലവിഭാഗങ്ങളുടെ താൽപ്പര്യങ്ങളെയാണ് രാഷ്ട്രം സംരക്ഷിക്കുന്നതെന്ന് സംഘട്ടനവാദികൾ പറയുന്നു.

ആധുനികസമൂഹം പാരമ്പര്യസമൂഹത്തിൽനിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു. പരമാധികാരം, പൗരത്വം, ദേശീയത എന്നീ സവിശേഷതകളാൽ ആധുനികരാഷ്ട്രം നിർവചിക്കപ്പെടുന്നു. ഒരു നിശ്ചിത ഭൂപ്രദേശത്തിനുമേൽ രാഷ്ട്രം നടത്തുന്ന ചോദ്യം ചെയ്യപ്പെടാത്ത രാഷ്ട്രീയഭരണത്തെയാണ് പരമാധികാരം (Sovereignity) എന്നു പറയുന്നത്.

ആരംഭത്തിൽ പരമാധികാരരാഷ്ട്രങ്ങളിൽ എല്ലാ പൗരർക്കും രാഷ്ട്രീയപങ്കാളിത്തത്തിനുള്ള അവകാശം ഉണ്ടായിരുന്നില്ല. രാജാക്കന്മാരുടെ അധികാരത്തെ നിയന്ത്രിക്കുന്നതിനോ അവരുടെ അധികാരത്തെ പുറന്തള്ളുന്നതിനോ കാരണമായ നിരവധി പ്രക്ഷോഭങ്ങളിലൂടെയാണ് ഇതും നേടിയെടുത്തത്. ഫ്രഞ്ച് വിപ്ലവവും ഇന്ത്യൻ സ്വാതന്ത്ര്യസമരവും അത്തരം മുന്നേറ്റങ്ങൾക്കുള്ള ഉദാഹരണങ്ങളാണ്.

പൗരാവകാശങ്ങൾ, രാഷ്ട്രീയാവകാശങ്ങൾ, സാമൂഹികാവകാശങ്ങൾ എന്നിവ പൗരത്വ അവകാശങ്ങളിൽ ഉൾപ്പെടുന്നു. താമസസ്ഥലം തിരഞ്ഞെടുക്കാനുള്ള അവകാശം, അഭിപ്രായസ്വാതന്ത്ര്യം, മതസ്വാതന്ത്ര്യം, സ്വത്ത് സമ്പാദിക്കാനുള്ള അവകാശം, നിയമത്തിനുമുന്നിൽ തുല്യനീതി എന്നിവ പൗരാവകാശങ്ങളാണ്. തിരഞ്ഞെടുപ്പിൽ പങ്കെടുക്കാനും പൊതുസ്ഥാനങ്ങളിലേക്ക് മത്സരിക്കാനുമുള്ള അവകാശങ്ങൾ രാഷ്ട്രീയാവകാശങ്ങളിൽ ഉൾപ്പെടുന്നു. ഒട്ടുമിക്ക രാജ്യങ്ങളിലും സാർവത്രിക പ്രായപൂർത്തി വോട്ടവകാശം നൽകിയിരുന്നില്ല. ആദ്യകാലങ്ങളിൽ സ്ത്രീകൾക്ക് മാത്രമല്ല, ഒരു നിശ്ചിത അളവിൽ സ്വത്തില്ലാത്ത പുരുഷന്മാർക്കും വോട്ടവകാശം ഉണ്ടായിരുന്നില്ല. സ്ത്രീകൾക്ക് വോട്ടവകാശം ലഭിക്കാൻ വർഷങ്ങളോളം കാത്തുനിൽക്കേണ്ടിവന്നു. സാമൂഹികാവകാശങ്ങളാണ് മൂന്നാമത്തെ പൗരത്വാവകാശം. ഓരോ വ്യക്തിക്കും ഏറ്റവും ചുരുങ്ങിയ നിലവാരത്തിൽ സാമ്പത്തികവും പുരോഗതിയും സുരക്ഷയും അനുഭവിക്കാനുള്ള അവകാശത്തെയാണ് സാമൂഹികാവകാശമായി കണക്കാക്കുന്നത്. ആരോഗ്യപരിപാലനം, തൊഴിലില്ലായ്മവേതനം, മിനിമം കൂലി എന്നിവ അതിലുൾപ്പെടുന്നു. സാമൂഹികാവകാശങ്ങൾ അഥവാ ക്ഷേമ അവകാശങ്ങൾ വിപുലീകരിക്കുന്നത് ക്ഷേമരാഷ്ട്രനിർമാണത്തിലെത്തിക്കുന്നു. രണ്ടാം ലോകയുദ്ധത്തിനുശേഷം പാശ്ചാത്യസമൂഹങ്ങളിൽ ക്ഷേമരാഷ്ട്രങ്ങൾ സ്ഥാപിക്കപ്പെട്ടു. മുൻ സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ ഭരണകൂടങ്ങൾ ക്ഷേമരാഷ്ട്ര സങ്കൽപ്പനത്തിന് വലിയ പ്രാധാന്യം നൽകി. മിക്ക വികസ്വര രാജ്യങ്ങളിലും ക്ഷേമരാഷ്ട്രസങ്കൽപ്പനം നിലനിന്നിരുന്നില്ല. ഇന്ന് ലോകത്തെല്ലായിടത്തും സാമൂഹികാവകാശങ്ങൾ സാമ്പത്തിക വളർച്ചയെ തടയുന്ന ബാധ്യതയായാണ് കാണുന്നത്.

ഏകരാഷ്ട്രീയ സമുദായത്തിന്റെ ഭാഗമാണെന്ന ബോധം ഉണ്ടാക്കുന്ന ഒരു കൂട്ടം ചിഹ്നങ്ങളെയും വിശ്വാസങ്ങളെയും ദേശീയത എന്ന് നിർവചിക്കാം. ദേശീയത വ്യക്തികളിൽ ഐക്യബോധവും രാജ്യസ്നേഹവും ഉണ്ടാക്കുന്നു. ബ്രിട്ടിഷുകാരനോ ഇന്ത്യക്കാരനോ ഇന്തോനേഷ്യക്കാരനോ അല്ലെങ്കിൽ ഫ്രഞ്ചുകാരനോ ആയതിൽ അവർക്ക് അഭിമാനം തോന്നുന്നു. ഒരു രീതിയിൽ അല്ലെങ്കിൽ മറ്റൊരു രീതിയിലുള്ള സംഘത്തോട് ജനങ്ങൾക്ക് സ്വത്വബോധം ഉണ്ടാകുന്നതിന് ഇത് കാരണമാകുന്നു. സമുദായം, കുടുംബം, വർഗം, മതം എന്നിവ ഇതിനുദാഹരണങ്ങളാണ്. ദേശീയത എന്നത് ആധുനികസമൂഹത്തിന്റെ ആവിർഭാ



വിവിധ രാജ്യങ്ങളിൽ സ്ത്രീകൾക്ക് വോട്ടവകാശം ലഭിച്ചത് എപ്പോഴെന്ന് കണ്ടെത്തുക. സ്ത്രീകൾക്ക് പൊതുസ്ഥലം ലഭിക്കാത്തതും, വോട്ടവകാശം ഇല്ലാത്തതും അപര്യാപ്തമാണെന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടോ? പാർലമെന്റിലും മറ്റു സ്ഥലങ്ങളിലുമുള്ള സ്ത്രീകളുടെ പ്രതിനിധ്യക്കുറവ് അവരുടെ അധികാരത്തെക്കുറിച്ച് മനസ്സിലാക്കുന്നതിന് പര്യാപ്തമാണോ? കുടുംബത്തിൽ നിലനിൽക്കുന്ന തൊഴിൽ വിഭജനം സ്ത്രീകളുടെ രാഷ്ട്രീയജീവിതത്തെ സ്വാധീനിക്കുന്നുണ്ടോ? പാർലമെന്റിൽ സ്ത്രീകൾക്ക് 33 ശതമാനം സംവരണം ഉന്നയിക്കുന്നതിന്റെ ആവശ്യമെന്ത്?

വത്തോടെ ഉയർന്നുവന്ന പ്രതിഭാസമാണ്. ആഗോളവിപണിയുടെ ത്വരിതഗതിയിലുള്ള വ്യാപനവും കടുത്ത ദേശീയവികാരങ്ങളും പോരാട്ടങ്ങളും സമകാലികസമൂഹത്തിന്റെ പ്രത്യേകതകളാണ്.

സമൂഹശാസ്ത്രം സർക്കാർ എന്ന ഔപചാരിക സംവിധാനത്തെക്കുറിച്ചുള്ള പഠനം മാത്രമല്ല, അധികാരത്തിന്റെ വിശാലമായ പഠനത്തിലും താൽപ്പര്യം കാണിക്കുന്നു. പാർട്ടികൾക്കിടയിലും വർഗങ്ങൾക്കിടയിലും ജാതികൾക്കിടയിലും, വംശം-ഭാഷ-മതം എന്നിവയെ അടിസ്ഥാനമാക്കിയുള്ള സമുദായങ്ങൾക്കിടയിലുമുള്ള അധികാരവിഭജനത്തിലും സമൂഹശാസ്ത്രത്തിന് താൽപ്പര്യമുണ്ട്. നിയമനിർമാണസഭകൾ, നഗരസമിതികൾ, രാഷ്ട്രീയപ്പാർട്ടികൾ എന്നിങ്ങനെയുള്ള രാഷ്ട്രീയസമാജങ്ങളുടെ പഠനത്തിനുമാത്രമല്ല, വിദ്യാലയങ്ങൾ, ബാങ്കുകൾ, മതസ്ഥാപനങ്ങൾ തുടങ്ങിയ രാഷ്ട്രീയലക്ഷ്യങ്ങൾ ഇല്ലാത്ത സമാജങ്ങളിലും സമൂഹശാസ്ത്രം ശ്രദ്ധിക്കുന്നു. സമൂഹശാസ്ത്രത്തിന്റെ വ്യാപ്തി അന്തർദേശീയപ്രസ്ഥാനങ്ങളുടെ പഠനം മുതൽ ഗ്രാമീണവിഭാഗങ്ങളുടെ പഠനം വരെ വ്യാപിച്ചുകിടക്കുന്നു.



സാമൂഹികനീതി നിഷേധിക്കുന്ന രാഷ്ട്രങ്ങളെക്കുറിച്ച് വിവരങ്ങൾ ശേഖരിക്കുക. എന്തു വിശദീകരണമാണ് അവർ ഇതിനു നൽകിയിരിക്കുന്നത്? ഇക്കാര്യത്തിൽ സാമ്പത്തിക, രാഷ്ട്രീയ, സാമൂഹികതലങ്ങൾ കണ്ടെത്താൻ കഴിയുമോ എന്നു ചർച്ചചെയ്യുക.



ആഗോള പരസ്പരബന്ധങ്ങളുടെ വളർച്ചയിൽ രാഷ്ട്രീയ, സാമ്പത്തിക, വംശീയ, മത, ദേശീയ സംഘടനകൾ എന്നിവയുടെ പങ്കിനെക്കുറിച്ച് ചർച്ച ചെയ്യുക.

## V
## മതം (Religion)

ഒന്നാമത്തെ അധ്യായത്തിൽ സമൂഹത്തെക്കുറിച്ചുള്ള സമൂഹശാസ്ത്രപരമായ കണ്ടെത്തലും മതത്തിന്റെ സാമൂഹികകാഴ്ചപ്പാടും എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നുവെന്ന് നാം കണ്ടു. മതത്തിന്റെ സമൂഹശാസ്ത്രപഠനം മതപരവും ദൈവശാസ്ത്രപരവുമായ പഠനങ്ങളിൽനിന്ന് പലവിധത്തിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. ഒന്നാമതായി അനുഭവസിദ്ധമായ പഠനങ്ങളിലൂടെ മതങ്ങൾ എങ്ങനെ സമൂഹത്തിൽ പ്രവർത്തിക്കുന്നുവെന്നും മതത്തിന് മറ്റു സ്ഥാപനങ്ങളുമായുള്ള ബന്ധമെന്താണെന്നുമാണ് സമൂഹശാസ്ത്രം പഠിക്കുന്നത്. രണ്ടാമതായി, സമൂഹശാസ്ത്രം താരതമ്യപഠനരീതി ഉപയോഗിക്കുന്നു. മൂന്നാമതായി മതവിശ്വാസങ്ങൾ, അനുഷ്ഠാനങ്ങൾ, സ്ഥാപനങ്ങൾ എന്നിവയെ സമൂഹത്തിന്റെയും സംസ്കാരത്തിന്റെയും മറ്റു തലങ്ങളുമായി ബന്ധപ്പെടുത്തി അന്വേഷിക്കുന്നു. മതപരമായ പ്രതിഭാസങ്ങളെക്കുറിച്ച് സമൂഹശാസ്ത്രജ്ഞർ വിധിനിർണയം നടത്താറില്ലെന്നതാണ് അനുഭവസിദ്ധപരമായ പഠനരീതി കൊണ്ടർഥമാക്കുന്നത്. എല്ലാ സമൂഹത്തെയും ഒരേതലത്തിൽ കൊണ്ടുവരുന്നതിനാൽ താരതമ്യപഠനം വളരെ പ്രധാനപ്പെട്ടതാകുന്നു. ഇത് പക്ഷപാതമോ മുൻവിധിയോ ഇല്ലാതെ പഠനം

നടത്താൻ സഹായിക്കുന്നു. കുടുംബപരമായ ജീവിതം, സാമ്പത്തികമായ ജീവിതം, രാഷ്ട്രീയജീവിതം എന്നിവയുമായി ബന്ധപ്പെടുത്തിക്കൊണ്ടു മാത്രമേ മതപരമായ ജീവിതത്തെ മനസ്സിലാക്കാൻ കഴിയുകയുള്ളൂവെന്ന് സമൂഹശാസ്ത്രവീക്ഷണം വ്യക്തമാക്കുന്നു.

അറിയപ്പെടുന്ന എല്ലാ സമൂഹങ്ങളിലും മതം നിലനിൽക്കുന്നു. എന്നാൽ വിശ്വാസങ്ങളിലും അനുഷ്ഠാനങ്ങളിലും വ്യത്യസ്ത സംസ്കാരങ്ങളിൽ അവ വ്യത്യാസപ്പെട്ടിരിക്കുന്നു. എല്ലാ മതങ്ങൾക്കും പൊതുവായ ചില സവിശേഷതകളുണ്ട്.

- ആദരവും ഭയഭക്തിയും ഉണർത്തുന്ന ഒരു കൂട്ടം ചിഹ്നങ്ങൾ
- ആചാരങ്ങൾ അല്ലെങ്കിൽ ചടങ്ങുകൾ
- വിശ്വാസികളായ ഒരു കൂട്ടം ആളുകൾ

മതങ്ങളുമായി ബന്ധപ്പെട്ട ആചാരങ്ങൾ വ്യത്യസ്തങ്ങളാണ്. പ്രാർഥന, മന്ത്രോച്ചാരണം, ഗാനാലാപനം, ചിലതരത്തിലുള്ള ഭക്ഷണം, ചിലത് കഴിക്കാതിരിക്കൽ, ചില ദിവസങ്ങളിൽ ഉപവാസമനുഷ്ഠിക്കൽ തുടങ്ങിയവ ആചാരങ്ങളിൽ ഉൾപ്പെടുന്നു. മതചിഹ്നങ്ങളെ ലക്ഷ്യമാക്കിയായതിനാൽ ആചാരങ്ങളും അനുഷ്ഠാനങ്ങളും സാധാരണ ജീവിതത്തിലെ ശീലങ്ങളിൽനിന്നും നടപടികളിൽനിന്നും വ്യത്യസ്തമായിരിക്കും. ദൈവത്തെ ആദരിക്കുന്നതിന് മെഴുകുതിരി കത്തിക്കുന്നത്, മുറിയിൽ വെളിച്ചത്തിനായി മെഴുകുതിരി കത്തിക്കുന്നതിൽനിന്നു തികച്ചും വ്യത്യസ്തമാണ്. മതപരമായ ആചാരങ്ങൾ ഒരു വ്യക്തി പലപ്പോഴും അയാളുടെ/അവളുടെ നിത്യജീവിതത്തിൽ സ്വകാര്യമായി ചെയ്യുന്നു. എന്നാൽ എല്ലാ മതത്തിലും കൂട്ടമായി ചെയ്യുന്ന ആചാരങ്ങളുമുണ്ട്. ദിവസേനയുള്ള ചടങ്ങുകളും അനുഷ്ഠാനങ്ങളും ചില പ്രത്യേക സ്ഥലങ്ങളിലാണ് നടക്കുക. ക്രിസ്ത്യൻ പള്ളികൾ, മുസ്ലിം പള്ളികൾ, അമ്പലങ്ങൾ, ദേവാലയങ്ങൾ എന്നിവയാണ് ഇത്തരം പ്രത്യേക സ്ഥലങ്ങൾ.

മതം ഒരു വിശുദ്ധമണ്ഡല (Sacred ) മായിട്ടാണ് പരിഗണിക്കപ്പെടുന്നത്. വിശുദ്ധമണ്ഡലത്തിലേക്കു പ്രവേശിക്കുന്നതിനു മുമ്പ് മതവിശ്വാസികൾ എന്തെല്ലാം ചെയ്യുന്നുവെന്നു നോക്കാം. ചിലർ വസ്ത്രങ്ങൾകൊണ്ട് ശിരസ്സു മൂടുകയോ ചിലർ മൂടാതിരിക്കുകയോ ചെയ്യുന്നു. പാദരക്ഷകൾ അഴിച്ചുവയ്ക്കുന്നു. പ്രത്യേകതരം വസ്ത്രങ്ങൾ ധരിക്കുന്നു. എന്നാൽ ഭയഭക്തിബഹുമാനം, പുണ്യസ്ഥലങ്ങളെയോ സാഹചര്യങ്ങളെയോ അംഗീകരിക്കുന്നതും ബഹുമാനിക്കുന്നതും ഇവരിൽ കാണുന്ന പൊതുവായ സവിശേഷതകളാണ്.

എല്ലാ സമൂഹങ്ങളും വിശുദ്ധമണ്ഡലത്തെ ലൗകികമണ്ഡലത്തിൽനിന്നു വേർതിരിക്കുന്നുവെന്നത് എമിൽ ദുർഖീമിന്റെ ആശയങ്ങളിലൂടെ മതങ്ങളെ പഠിച്ച സമൂഹശാസ്ത്രജ്ഞർ ചൂണ്ടിക്കാണിക്കുന്നു. ഒട്ടുമിക്ക സന്ദർഭത്തിലും വിശുദ്ധവസ്തുക്കൾ ഒരു പ്രകൃത്യതീതശക്തിയെ ഉൾക്കൊള്ളുന്നതായി വിശ്വസിക്കുന്നു. പലപ്പോഴും ഒരു വൃക്ഷത്തിനോ ഒരു ക്ഷേത്രത്തിനോ വിശുദ്ധഗുണം ആവിർഭവിക്കുന്നത്, അതിന് പിറകിൽ പ്രകൃത്യതീതശക്തിയുണ്ടെന്ന വിശ്വാസംമൂലമാണ്. പുരാതന ബുദ്ധമതത്തിലും കൺഫ്യൂഷനിസത്തിലും പ്രകൃത്യതീത സങ്കൽപ്പമില്ല. എന്നാൽ അവർ വിശുദ്ധമെന്നു കരുതുന്ന വസ്തുക്കളും വ്യക്തികളുമുണ്ട്.

സമൂഹശാസ്ത്രം മതത്തെ പഠിക്കുമ്പോൾ മതത്തിന് മറ്റു സാമൂഹികസ്ഥാപനങ്ങളുമായുള്ള ബന്ധമെന്താണെന്ന ചോദ്യത്തിന് ഉത്തരം കണ്ടെത്തേണ്ടിവരുന്നു. മതത്തിന് അധികാരത്തോടും രാഷ്ട്രീയത്തോടും അടുത്ത ബന്ധമുണ്ട്. ചരിത്രത്തിൽ ഓരോ കാലത്തുമുണ്ടാകുന്ന മാറ്റങ്ങളിൽ ജാതിവിരുദ്ധപ്രസ്ഥാനങ്ങൾ, ലിംഗവിവേചനപ്രസ്ഥാനങ്ങൾ തുടങ്ങിയ മതപ്രസ്ഥാനങ്ങൾ ഇതിനുദാഹരണങ്ങളാണ്. മതം ഒരു വ്യക്തിയുടെ സ്വകാര്യവിശ്വാസത്തിന്റെ മാത്രം കാര്യമല്ല.

അതിന് ഒരു പൊതുസ്വഭാവമുണ്ട്. മതത്തെ മറ്റു സാമൂഹികസന്ദാപനങ്ങളുമായി ബന്ധിപ്പിക്കുന്നത് ഈ പൊതുസ്വഭാവമാണ്.

സമൂഹശാസ്ത്രം അധികാരത്തെ വിശാല അർഥത്തിൽ വിശദീകരിച്ചത് നമ്മൾ പഠിക്കുകയുണ്ടായി. രാഷ്ട്രീയവും മതവും തമ്മിലുള്ള ബന്ധം പഠിക്കുന്നതിന് സമൂഹശാസ്ത്രം താൽപ്പര്യം കാണിച്ചിട്ടുണ്ട്. സമൂഹം പുരോഗതി പ്രാപിക്കുമ്പോൾ മതത്തിന്റെ സ്വാധീനം ക്ഷയിക്കുമെന്നാണ് പ്രാമാണിക സമൂഹശാസ്ത്രജ്ഞർ വിശ്വസിക്കുന്നത്. ഈ പ്രക്രിയയെ മതേതരത്വം വിശദീകരിക്കുന്നു. എന്നാൽ മതത്തിന്റെ പങ്ക് ശക്തമായി ബന്ധം നിലനിർത്തുന്നുവെന്നാണ് സമകാലികസംഭവങ്ങൾ സൂചിപ്പിക്കുന്നത്.

മതവും സാമൂഹിക-സാമ്പത്തിക പെരുമാറ്റത്തിന്റെ മറ്റുതലങ്ങളുമായുള്ള ബന്ധം സമൂഹശാസ്ത്രം എങ്ങനെ നോക്കിക്കാണുന്നുവെന്നത് മാക്സ് വെബർ വിശദീകരിച്ചിട്ടുണ്ട്. മുതലാളിത്തത്തിന്റെ ഉദയത്തിലും വളർച്ചയിലും കാൽവനിസത്തിന് (ക്രൈസ്തവ പ്രോട്ടസ്റ്റന്റുകളിലെ ഒരു വിഭാഗം) വലിയ പങ്കുണ്ടെന്ന് അദ്ദേഹം വാദിച്ചു. ദൈവത്തിന്റെ മഹത്ത്വത്തിനു വേണ്ടിയാണ് ലോകം സൃഷ്ടിച്ചതെന്ന് കാൽവനിസ്റ്റുകൾ വിശ്വസിക്കുന്നു. ഏതൊരു തൊഴിലും ചെയ്യേണ്ടത് ദൈവമഹത്ത്വത്തിനായിരിക്കണമെന്നും ലൗകികവൃത്തികൾപോലും ആരാധനയാണെന്നുമാണിതിന്റെയർഥം. ഒരു വ്യക്തി സ്വർഗത്തിലാണോ നരകത്തിലാണോ പോകുന്നതെന്ന് മുൻകൂട്ടി നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഒരു വ്യക്തിക്ക് വിധിക്കപ്പെട്ടത് സ്വർഗമാണോ നരകമാണോ എന്നറിയാൻ വ്യക്തിക്ക് മാർഗമൊന്നുമില്ലാത്തതിനാൽ ദൈവനിശ്ചയത്തിന്റെ അടയാളങ്ങൾ സ്വന്തം തൊഴിലിൽ കാണാൻ അവർ ശ്രമിച്ചു. ഒരാൾ തന്റെ ഏതൊരു തൊഴിലായാലും ശരി, അതിൽ സ്ഥിരതയും വിജയവും കൈവരിച്ചാൽ ദൈവം അയാളിൽ സന്തുഷ്ടനായി എന്നതിന്റെ അടയാളമായി കണക്കാക്കുന്നു. സമ്പാദിക്കപ്പെടുന്ന പണം ലൗകിക ഉപഭോഗത്തിന് ഉപയോഗിക്കാൻ പാടില്ല. കാൽവനിസ്റ്റുകൾ ദുർവ്യയമില്ലാതെ ജീവിക്കണം. ഇത് അർഥമാക്കുന്നത്, നിക്ഷേപം ഒരു പുണ്യപ്രവൃത്തിയായി കണക്കാക്കുന്നുവെന്നാണ്. മുതലാളിത്തത്തിന്റെ അടിസ്ഥാനം നിക്ഷേപമാണ്. നിക്ഷേപത്തിലൂടെ കൂടുതൽ ഉൽപ്പന്നമുണ്ടാക്കി കൂടുതൽ ലാഭമുണ്ടാക്കുന്നു. ഇത് സാമ്പത്തിക വളർച്ചയ്ക്ക് കാരണമാകുന്നുവെന്ന് കാൽവനിസ്റ്റുകളുടെ ഉദാഹരണത്തിലൂടെ വെബർ വാദിക്കുന്നു.

സമൂഹത്തിൽനിന്ന് വേർപെടുത്തി മതത്തെ പഠിക്കാൻ സാധിക്കില്ല. സാമൂഹികശക്തികൾ എപ്പോഴും മതസന്ദാപനങ്ങളെ സ്വാധീനിക്കുന്നു. രാഷ്ട്രീയചർച്ചകൾ, സാമ്പത്തികസാഹചര്യങ്ങൾ, ലിംഗനിയമങ്ങൾ എന്നിവ എപ്പോഴും മതപരമായ പെരുമാറ്റങ്ങളെ സ്വാധീനിക്കും. തിരിച്ച് മതനിയമങ്ങൾ ചിലപ്പോൾ സാമൂഹിക ധാരണകളെ സ്വാധീനിക്കുകയോ തീരുമാനിക്കുകയോ ചെയ്യാറുണ്ട്. ലോകജനസംഖ്യയുടെ പകുതിയും സ്ത്രീകളാണ്. ഇതിനാലാണ് സ്ത്രീകൾക്ക് മതവുമായുള്ള ബന്ധം സമൂഹശാസ്ത്രത്തിന്റെ പ്രധാന പഠനവിഷയമായത്. മതത്തിന് സമൂഹത്തിന്റെ മറ്റു ഭാഗങ്ങളുമായി വേർപെടുത്താനാവാത്ത ബന്ധമുള്ളതിനാൽ അത് സമൂഹത്തിന്റെ പ്രധാനപ്പെട്ട ഭാഗമാണ്. ഈ പരസ്പരബന്ധങ്ങളെ തുറന്നുകാട്ടുക എന്നതാണ് സമൂഹശാസ്ത്രജ്ഞരുടെ ജോലി. പരമ്പരാഗത സമൂഹത്തിൽ മതത്തിന് കേന്ദ്രസ്ഥാനമുണ്ട്. മതത്തിന്റെ അടയാളങ്ങളും ആചാരങ്ങളും പലപ്പോഴും സമൂഹത്തിന്റെ ഭൗതികവും കലാപരവുമായ സംസ്കാരത്തിൽ ഇഴുകിച്ചേർന്നതായിരിക്കും. താഴെ തന്നിരിക്കുന്ന സംഗ്രഹം വായിക്കുമ്പോൾ സമൂഹശാസ്ത്രം മതത്തെ എങ്ങനെ പഠിക്കുന്നുവെന്നു മനസ്സിലാക്കാം.

*ധാരാളം ബാഹ്യമായ ഘടകങ്ങൾ പാരമ്പര്യ മതജീവിതത്തിന്റെ സവിശേഷതകളെ ബാധിച്ചു. സ്വാതന്ത്ര്യലബ്ധിക്കുശേഷം നാസിക്കിലെ പുതിയ തൊഴിലുകളും വിദ്യാഭ്യാസസാധ്യതകളും ഇതിൽ പ്രധാനപ്പെട്ടവയാണ്. പൂജാരികളുടെ ജീവിതരീതികൾ വളരെവേഗം മാറിക്കൊണ്ടിരിക്കുന്നു. ഇപ്പോൾ ആൺകുട്ടികളെയും പെൺകുട്ടികളെയും സ്കൂളിൽ അയക്കുകയും അവരെ പാരമ്പര്യജോലിക്ക് പകരം മറ്റു ജോലിക്കായി പരിശീലിപ്പിക്കുകയും ചെയ്യുന്നു. മറ്റു തീർഥാടനകേന്ദ്രങ്ങളെപ്പോലെ നാസിക്കിൽ മതപരമായ ചടങ്ങുകൾക്കു ചുറ്റിലുമായി മറ്റ് പ്രവർത്തനങ്ങൾകൂടി ഉയർന്നുവന്നു. ഗോദാവരിയിലെ പുണ്യജലം ചെമ്പുകലത്തിൽ വീടുകളിലേക്ക് കൊണ്ടുപോവുക എന്നത് ഒരു തീർഥാടകന്റെ പതിവുരീതിയാണ്. കുടുംബക്കാർക്കും സുഹൃത്തുക്കൾക്കും സമ്മാനമായി നൽകാൻ ഈ ഉൽപ്പന്നം തീർഥാടകർ വാങ്ങിക്കൊണ്ടുപോകുന്നു. പിത്തള, ചെമ്പ്, വെള്ളി തുടങ്ങിയവയിൽ പ്രാവീണ്യമുള്ള കരകൗശലശിൽപ്പികൾക്ക് പേരുകേട്ട സ്ഥലമാണ് നാസിക്. ഉൽപ്പന്നത്തിന്റെ ആവശ്യം വളരെ കൂടിയപ്പോൾ ധാരാളം കരകൗശലശിൽപ്പികൾ ചെറുതും വലുതുമായ കച്ചവടവും വ്യവസായവും ആരംഭിച്ചു.*

**(Acharya: 1974: 399 - 401)**


## VI

## വിദ്യാഭ്യാസം (Education)

ഔപചാരികവും അനൗപചാരികവുമായ സ്ഥാപനങ്ങളിലൂടെ നടക്കുന്ന ഒരു ആജീവനാന്ത പ്രക്രിയയാണ് വിദ്യാഭ്യാസം. ഇവിടെ നമ്മൾ സ്കൂൾ വിദ്യാഭ്യാസത്തിലേക്കു മാത്രമായി ചുരുങ്ങുകയാണ്. സ്കൂൾ പ്രവേശനം ലഭിക്കുന്നത് എത്രമാത്രം പ്രധാനപ്പെട്ടതാണെന്ന് നമുക്കറിയാം. സ്കൂൾ ഉന്നതവിദ്യാഭ്യാസത്തിലേക്കും തൊഴിലിലേക്കുമുള്ള ചവിട്ടുപടിയായാണ് കൂടുതൽ പേരും കാണുന്നത്. ചിലർ ആവശ്യമായ സാമൂഹികവൈദഗ്ധ്യങ്ങൾ നേടലായി ഇതിനെ കാണുന്നു. വിദ്യാഭ്യാസത്തിന്റെ ആവശ്യകത എല്ലാവരിലും പൊതുവായി കാണപ്പെടുന്നു.

സംഘപൈതൃകം (Group Heritage) പകർന്നുനൽകാനുള്ള ഒരു വിനിമയപ്രക്രിയയായാണ് വിദ്യാഭ്യാസത്തെ സമൂഹശാസ്ത്രം കാണുന്നത്. ലളിതസമൂഹത്തിലെ വിദ്യാഭ്യാസവും ആധുനിക സങ്കീർണസമൂഹത്തിലെ വിദ്യാഭ്യാസവും തമ്മിൽ ഗുണാത്മകമായ വ്യത്യാസങ്ങളുണ്ട്. ലളിതസമൂഹത്തിൽ ഔപചാരിക വിദ്യാഭ്യാസത്തിന്റെ ആവശ്യമുണ്ടായിരുന്നില്ല. കുട്ടികൾ മുതിർന്നവരോടൊപ്പം പ്രവർത്തിച്ചുകൊണ്ട് ആചാരങ്ങളും ജീവിതരീതിയും പഠിക്കുകയാണ് ചെയ്തിരുന്നത്. ആധുനിക സങ്കീർണസമൂഹങ്ങളിൽ സാമ്പത്തിക തൊഴിൽവിഭജനം, വീടുകളിൽനിന്ന് തൊഴിലിന്റെ സ്ഥാനമാറ്റം, സവിശേഷപഠനത്തിന്റെ വൈദഗ്ധ്യം ആർജിക്കേണ്ടതിന്റെ ആവശ്യകത, രാഷ്ട്രവ്യവസ്ഥകളുടെയും രാജ്യങ്ങളുടെയും ഉയർച്ച, ചിഹ്നങ്ങളുടെയും ആശയങ്ങളുടെയും കൂട്ടങ്ങൾ തുടങ്ങിയവ നാം കാണുന്നു. ഇത്തരം സാഹചര്യങ്ങളിൽ അനൗപചാരിക രീതിയിൽ എങ്ങനെയാണ് വിദ്യാഭ്യാസം ലഭിക്കുക? രക്ഷിതാക്കളും മുതിർന്നവരും അവർക്കറിയാവുന്ന കാര്യങ്ങൾ അനൗപചാരികമായി എങ്ങനെ വിനിമയം നടത്തും? ഇത്തരം പശ്ചാത്തലങ്ങളിൽ വിദ്യാഭ്യാസം ഔപചാരികം തന്നെയാവണം.

ആധുനിക സങ്കീർണസമൂഹങ്ങൾ ലളിതസമൂഹവുമായി താരതമ്യം ചെയ്യുമ്പോൾ സാർവത്രിക മൂല്യങ്ങളിൽ അധിഷ്ഠിതമാണ്. ലളിതസമൂഹം കുടുംബം, ബന്ധുക്കൾ, ഗോത്രം, ജാതി, മതം എന്നീ അടിസ്ഥാന സവിശേഷ മൂല്യങ്ങളെ ആശ്രയിക്കുന്നുവെന്നത് ആധുനികസമൂഹത്തിൽനിന്ന് വ്യത്യസ്തമാകുന്നതിന് കാരണമാകുന്നു. ആധുനികസമൂഹത്തിലെ സ്കൂളുകൾ, ഐകരൂപ്യം, അഭിലാഷങ്ങൾ, സാർവത്രികമൂല്യങ്ങൾ എന്നിവയെ പ്രോത്സാഹിപ്പിക്കുന്നു. ഇത് ചെയ്യുന്നതിന് പല മാർഗങ്ങളുമുണ്ട്. സ്കൂൾ കുട്ടികൾക്ക് യൂണിഫോം നടപ്പിലാക്കുന്നത് ഇതിനുദാഹരണമാണ്.

ചിത്രങ്ങൾ ചർച്ചചെയ്യുക.

വിദ്യാർഥികൾ ഏതു സാമൂഹികവിഭാഗത്തിൽപ്പെട്ടവരായാലും വിദ്യാഭ്യാസം അവരിൽ പൊതു അടിത്തറയിലുള്ള ചില ആശയങ്ങളും മനോവികാരങ്ങളും ശീലങ്ങളും ഉറപ്പിക്കണമെന്ന് എമിൽ ദുർഖീം അഭിപ്രായപ്പെടുന്നു. വിദ്യാഭ്യാസം കുട്ടിയെ ഒരു പ്രത്യേക തൊഴിലിന് പരിശീലിപ്പിക്കുകയും സമൂഹത്തിലെ മൂല്യങ്ങൾ ഉൾക്കൊള്ളാൻ പര്യാപ്തനാക്കുകയും ചെയ്യുന്നു.


സാമൂഹിക ആവശ്യങ്ങളുടെയും സാമൂഹികനിയമങ്ങളുടെയും അടിസ്ഥാനത്തിലാണ് നിർവഹണവാദികൾ വിദ്യാഭ്യാസത്തെ വിലയിരുത്തുന്നത്. നിർവഹണവാദികളുടെ അഭിപ്രായത്തിൽ വിദ്യാഭ്യാസം സാമൂഹികഘടന നിലനിർത്തുകയും നവീകരിക്കുകയും ചെയ്യുന്നതോടൊപ്പം സംസ്കാരത്തെ പ്രസരിപ്പിക്കുകയും വികസിപ്പിക്കുകയും ചെയ്യുന്നു. ഒരു വ്യക്തിയുടെ ഭാവി രൂപപ്പെടുത്തുന്നതിൽ വിദ്യാഭ്യാസവ്യവസ്ഥ പ്രധാന പങ്കുവഹിക്കുന്നു. വിദ്യാഭ്യാസം ഒരു വ്യക്തിയുടെ കഴിവ് വികസിപ്പിക്കുന്നതിലൂടെ അവരവരുടെ കഴിവിനൊത്ത പദവികൾ തിരഞ്ഞെടുക്കുന്നതിന് പശ്ചാത്തലവുമുണ്ടാക്കുന്നു.

സമൂഹം അസമമായി വേർതിരിക്കപ്പെട്ടിരിക്കുന്നുവെന്നു വിശ്വസിക്കുന്ന സാമൂഹികശാസ്ത്രജ്ഞർ സമൂഹത്തെ ശ്രേണീകരിക്കുന്നതിനുള്ള നിർവഹണത്തിനാണ് വിദ്യാഭ്യാസം പ്രവർത്തിക്കുന്നതെന്ന് അഭിപ്രായപ്പെടുന്നു. വിദ്യാഭ്യാസ അവസരങ്ങളിലെ അസമത്വം സാമൂഹിക ശ്രേണീകരണത്തിന്റെ സൃഷ്ടിയാണ്. സാമൂഹിക-സാമ്പത്തിക പശ്ചാത്തലങ്ങൾക്കനുസരിച്ചാണ് കുട്ടികൾ വ്യത്യസ്ത തരത്തിലുള്ള സ്കൂളുകളിൽ പോകുന്നത്. ചില പ്രത്യേകതരം സ്കൂളിൽ പോകുന്നതിനാൽ അവർക്ക് പ്രത്യേക അവസരങ്ങളും ആനുകൂല്യങ്ങളും ലഭിക്കുന്നു.

സ്കൂൾ വരേണ്യവർഗത്തിനും ബഹുജനങ്ങൾക്കുമിടയിലുള്ള വിടവ് വർധിപ്പിക്കുന്നുവെന്ന് ചിലർ വാദിക്കുന്നു. പ്രത്യേക സ്കൂളിൽ പോകുന്ന കുട്ടികൾക്ക് ആത്മവിശ്വാസം വർധിക്കുമ്പോൾ മികച്ച സ്കൂളിൽ പഠിക്കാൻ അവസരം നിഷേധിക്കപ്പെട്ടവരുടെ നില വിപരീതമായിരിക്കും. അതേസമയം സ്കൂളിൽ പോകാൻ കഴിയാത്തവരും ഇടയ്ക്കു വച്ച് പഠനം നിർത്തുന്നവരും ധാരാളമുണ്ട്. താഴെ തന്നിരിക്കുന്ന വിവരണം വായിക്കുക.

*ഇപ്പോൾ നിങ്ങൾക്ക് കുറച്ചു കുട്ടികളെ സ്കൂളിൽ കാണാൻ കഴിയുന്നു. കൃഷിയിറക്കുന്ന കാലത്ത് നിങ്ങൾ വരുകയാണെങ്കിൽ പട്ടികജാതി-പട്ടികവർഗ വിദ്യാർഥികളുടെ ഹാജർ ശൂന്യമായിരിക്കും. മാതാപിതാക്കൾ ജോലിചെയ്യാനായി പുറത്തുപോകുമ്പോൾ അവർ ഗാർഹിക ഉത്തരവാദിത്വ ങ്ങൾ ഏറ്റെടുക്കുന്നു. ഈ സമുദായത്തിലെ പെൺകുട്ടികൾ ഒരിക്കലും സ്കൂളിൽ പോകാറില്ല. അവർ വിവിധതരത്തിലുള്ള വീട്ടുജോലികളോ വരുമാനം ലഭിക്കുന്ന മറ്റു പണികളോ ചെയ്യും. പത്തുവയസ്സുകാരി ചാണകം പെറുക്കി ഉണക്കി വിൽക്കുന്നത് ഇതിനുദാഹരണമാണ്.*

(Pratichi 2002 : 60)



ചിത്രം വിശകലനം ചെയ്യുക.

ലിംഗപരവും ജാതീയവുമായ വിവേചനം വിദ്യാഭ്യാസത്തെ എങ്ങനെ ബാധിക്കുന്നുവെന്ന് ഈ വിവരണം സൂചിപ്പിക്കുന്നു. ഒരു കുട്ടിയുടെ നല്ല തൊഴിൽ നേടാനുള്ള സാധ്യതകളെ സാമൂഹികസ്ഥാപനങ്ങളുടെ പ്രവർത്തനം എങ്ങനെ സ്വാധീനിക്കുന്നുവെന്ന് നിങ്ങൾക്കിപ്പോൾ മനസ്സിലാക്കാൻ സാധിച്ചിരിക്കുമല്ലോ.



കിന്റർഗാർട്ടനെക്കുറിച്ചുള്ള പഠനം നിർദേശിക്കുന്നത് കുട്ടികൾ മനസ്സിലാക്കുന്നത്:

- പഠനപ്രവർത്തനങ്ങൾ കേളിപ്രവർത്തനങ്ങളേക്കാൾ പ്രാധാന്യമർഹിക്കുന്നതാണ്.
- അധ്യാപിക നിർദേശിക്കുന്ന പ്രവർത്തനങ്ങളാണ് പഠനപ്രവർത്തനത്തിൽ ഉൾപ്പെടുന്നത്.
- പഠനപ്രവർത്തനം നിർബന്ധമാണ്. ഒഴിവുസമയത്തു ചെയ്യുന്ന പ്രവർത്തനങ്ങളെ കളികൾ എന്നും പറയുന്നു.

(Apple 1979 : 102)

നിങ്ങൾ എന്തു ചിന്തിക്കുന്നു? ചർച്ചചെയ്യുക.



**അൽപ്പംകൂടി...**

സാമൂഹികസ്ഥാപനങ്ങൾ (Social institutions) എന്നാൽ സമൂഹശാസ്ത്രത്തിൽ പെരുമാറ്റക്രമങ്ങളാണ്. അവ നിയമങ്ങളാലും നടപടിക്രമങ്ങളാലും നിയന്ത്രിക്കപ്പെടുന്നു. അവ നിലനിൽക്കുന്നതു പാരമ്പര്യത്തിന്റെ ആവർത്തനങ്ങളിലൂടെയുമാണ്. എല്ലാ സമൂഹങ്ങളും അതിലെ അംഗങ്ങളെ നിയന്ത്രിക്കുന്നതിനും അവരുടെ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റുന്നതിനുമായി സാമൂഹികസ്ഥാപനങ്ങൾ സൃഷ്ടിക്കുകയും നിലനിർത്തുകയും ചെയ്യുന്നു. സമൂഹമെന്നത് തുടർച്ചയായി ഉയർന്നുവരുന്നതും മാറിക്കൊണ്ടിരിക്കുന്ന വ്യക്തിബന്ധങ്ങളാൽ തീരുമാനങ്ങളെടുക്കാനും നടപടികൾ സ്വീകരിക്കാനും സാധ്യത നിലനിൽക്കുന്നതുമായ ഇടം കൂടിയാണ്. ലോകം മാറിക്കൊണ്ടിരിക്കുന്നു, നമ്മൾ അതിനെ നേരായ ദിശയിലേക്കു നയിച്ചാൽ മതിയാകും, അതിന് സാമൂഹികസ്ഥാപനങ്ങൾ സഹായമേകുന്നു.

***Reference***

K.O. Korgen (*etal*) 2009. The Engaged Sociologist. USA, Pine Forge Press.



**പൗരൻ (Citizen)**

ഒരു രാഷ്ട്രീയസമുദായത്തിലെ അംഗം. അവകാശങ്ങളും കടമകളും ഈ അംഗത്വത്തിന്റെ അടിസ്ഥാനത്തിലായിരിക്കും.

**തൊഴിൽവിഭജനം (Division of Labour)**

ഉൽപ്പാദനവ്യവസ്ഥയിൽ വ്യത്യസ്ത ജോലികൾ യോജിപ്പിക്കുന്നതിനാൽ സവിശേഷവൽക്കരണം സംഭവിക്കുന്നു. എല്ലാ സമൂഹങ്ങളിലും തൊഴിൽവിഭജനം കാണാം. വ്യവസായവൽക്കരണത്തിന്റെ ഭാഗമായി ഇത് കൂടുതൽ സങ്കീർണമായി. ആധുനികലോകത്ത് തൊഴിൽവിഭജനം അന്താരാഷ്ട്രതല സാധ്യതകളുണ്ടാക്കി.

**ലിംഗഭേദം (Gender)**

സമൂഹത്തിലെ ഓരോ അംഗത്തിനും ലിംഗാടിസ്ഥാനത്തിൽ പ്രതീക്ഷിക്കുന്ന പെരുമാറ്റ രീതികൾ. സമൂഹസംഘാടനത്തിന്റെ അടിസ്ഥാനതത്ത്വമാണിത്.

**അനുഭവസിദ്ധ അന്വേഷണം (Empirical Investigation)**

സമൂഹശാസ്ത്രത്തിൽ നടത്തുന്ന വാസ്തവിക നിരീക്ഷണം.

**സ്വഗണവിവാഹം (Endogamy)**

പ്രത്യേക ജാതി, വർഗം, അല്ലെങ്കിൽ ഗോത്രം എന്നിവയ്ക്കുള്ളിൽനിന്ന് വിവാഹം നടക്കുന്നു.

**ബഹിർഗണവിവാഹം (Exogamy)**

പ്രത്യേക സംഘത്തിനു പുറത്തുനിന്ന് വിവാഹം നടക്കുന്നു.

**പ്രത്യയശാസ്ത്രം (Ideology)**

ആധിപത്യമുള്ള സംഘങ്ങളുടെ താൽപ്പര്യങ്ങൾ നീതീകരിക്കുന്ന പങ്കുവയ്ക്കപ്പെട്ട ആശയങ്ങളും വിശ്വാസങ്ങളുമാണിത്. എല്ലാ സമൂഹങ്ങളിലും വ്യത്യസ്ത സംഘങ്ങൾ പ്രത്യയശാസ്ത്രാടിസ്ഥാനത്തിൽ അസമത്വം കാണിക്കുന്നു. പ്രത്യയശാസ്ത്ര സങ്കൽപ്പനങ്ങൾ ശക്തിയുമായി ബന്ധപ്പെട്ടുകിടക്കുന്നു. പ്രത്യയശാസ്ത്രവ്യവസ്ഥ സംഘങ്ങളുടെ ശക്തി നിയമാനുസൃതമാക്കുന്നതിൽ സഹായിക്കുന്നു.

**നിയമസാധുത (Legitimacy)**

പ്രത്യേക രാഷ്ട്രീയക്രമം ന്യായവും സ്വീകാര്യവുമാണെന്ന വിശ്വാസം.

**ഏകവിവാഹം (Monogamy)**

ഒരു വ്യക്തിയെ മറ്റൊരു വ്യക്തി വിവാഹം ചെയ്യുന്ന രീതി.

**ബഹുവിവാഹം (Pologamy)**

ഒരേസമയം ഒന്നിലധികം വ്യക്തികളുമായി വിവാഹബന്ധത്തിലേർപ്പെടുന്ന രീതി.

**ബഹുഭർതൃത്വം (Polyandry)**

ഒരേസമയം ഒരു സ്ത്രീക്ക് ഒന്നിലധികം ഭർത്താക്കന്മാരുള്ള വിവാഹരീതി.

**ബഹുഭാര്യത്വം (Polygyny)**

ഒരേസമയം ഒരു പുരുഷന് ഒന്നിലധികം ഭാര്യമാരുള്ള വിവാഹരീതി.

**സേവനവ്യവസായം (Service Industries)**

ഉൽപ്പന്നങ്ങൾക്കുപകരം സേവനങ്ങൾ നൽകുന്ന വ്യവസായം. വിനോദസഞ്ചാര വ്യവസായം ഇതിനുദാഹരണമാണ്.

**രാഷ്ട്രസമൂഹങ്ങൾ (State Society)**

സർക്കാരിന് ഔപചാരിക സംവിധാനമുള്ള സമൂഹം.

**രാഷ്ട്രരഹിതസമൂഹങ്ങൾ (Stateless Society)**

സർക്കാരിന് ഔപചാരിക സംവിധാനമില്ലാത്ത സമൂഹം.

**സാമൂഹികചലനക്ഷമത (Social Mobility)**

ഒരു പദവി അല്ലെങ്കിൽ തൊഴിലിൽനിന്ന് മറ്റൊരു പദവിയിലേക്കോ തൊഴിലിലേക്കോ ഉള്ള മാറ്റം.

**പരമാധികാരം (Sovereignity)**

ഒരു നിശ്ചിത ഭൂപ്രദേശത്ത് രാഷ്ട്രത്തിനുള്ള രാഷ്ട്രീയ ഭരണാധികാരം.

**സാമൂഹികസ്ഥാപനങ്ങൾ (Social Institutions)**

സാമൂഹികസ്ഥാപനമെന്നത് ഏതൊരു സമൂഹത്തിലും കാലങ്ങൾക്കതീതമായി പിന്തുടരുന്ന കീഴ്‌വഴക്കങ്ങളുടെയും മൂല്യങ്ങളുടെയും തുടർച്ചയായി അനുവർത്തിക്കുന്ന സ്വഭാവങ്ങളുടെയും ആകത്തുകയാണ്.



1. നിങ്ങളുടെ സമൂഹത്തിലെ വിവാഹനിയമങ്ങൾ കണ്ടെത്തുക. സുഹൃത്തുക്കളായ മറ്റ് വിദ്യാർഥികളുടെ കണ്ടെത്തലുകളുമായി താരതമ്യം ചെയ്യുക.
2. രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക മാറ്റങ്ങൾ (കുടിയേറ്റം പോലുള്ളവ) കുടുംബത്തിന്റെ അംഗത്വം, വീടിന്റെ ഘടന, പ്രതിപ്രവർത്തനരീതി എന്നിവയിലുണ്ടാക്കിയ മാറ്റങ്ങൾ കണ്ടെത്തുക.
3. തൊഴിൽ എന്ന സങ്കൽപ്പനത്തെക്കുറിച്ച് ഒരു ഉപന്യാസം എഴുതുക.

   സൂചന: വിവിധതരം തൊഴിലുകൾ, തൊഴിലുകളിൽ വന്ന മാറ്റങ്ങൾ
4. നിങ്ങളുടെ സമൂഹത്തിൽ നിലനിൽക്കുന്ന അവകാശങ്ങളെന്തെല്ലാം? ഇതു നിങ്ങളുടെ ജീവിതത്തെ എങ്ങനെ സ്വാധീനിക്കുന്നുവെന്നു വിശദീകരിക്കുക.
5. സമൂഹശാസ്ത്രം മതത്തെ പഠിക്കുന്നതെങ്ങനെയെന്നു വിശദീകരിക്കുക.

6. വ്യക്തിപരമായ കാഴ്ചപ്പാടുകളുടെയും വായനയുടെയും അടിസ്ഥാനത്തിൽ വിദ്യാലയത്തെ സാമൂഹികസ്ഥാപനമായി കാണുന്നതിലുള്ള നിങ്ങളുടെ അഭിപ്രായം വിശദമാക്കുക.
7. മുതിർന്ന വിദ്യാർഥിയെന്ന നിലയിൽ സാമൂഹികസ്ഥാപനങ്ങൾ തമ്മിലുള്ള പരസ്പരബന്ധങ്ങളെക്കുറിച്ചും അവ നിങ്ങളിലുണ്ടാക്കിയ മാറ്റങ്ങൾ, നിയന്ത്രണങ്ങൾ എന്നിവയെക്കുറിച്ചും ചർച്ചചെയ്യുക.




ACHARYA, HEMLATA. 1974. 'Changing Role of Religious Specialists in Nasik — The Pilgrim City', in ed. RAO, M.S. *An Urban Sociology in India : Reader and Source Book.* Orient Longman, New Delhi, pp. 391-403.

APPLE, MICHAEL W. 1979. *Ideology and Curriculum.* Routledge and Kegan Paul, LONDON.

CHUGTAI, ISMAT. 2004. *Tiny's Granny* in *Contemporary Indian Short Stories; Series* 1. Sahitya Akademi, New Delhi.

DUBE, LEELA. 2001. *Anthropological Explorations in Gender : Intersecting Fields.* Sage Publications, New Delhi.

DURKHEIM, EMILE. 1956. *Education and Sociology.* The Free Press, New York.

PATHAK, AVIJIT. 2002. *Social Implications of Schooling : Knowledge, Pedagogy and Consciousness.* Rainbow Publishers, Delhi.

PRATICHI. 2002. *The Pratichi Education Report.* Pratichi Trust, Delhi.

ROY CHOUDHURY, SUPRIYA. 2005. 'Labour Activism and Women in the Unorganised Sector : Garment Export Industry in Bangalore', *Economic and Political Weekly.* May 28-June 4. pp. 2250-2255.

SHAH, A.M. 1998. *Family in India : Critical Essays.* Orient Longman, Hyderabad.

SINGH, YOGENDRA. 1993. *Social Change in India : Crisis and Resilience.* Har-Anand Publications, New Delhi.

UBEROI, PATRICIA. 2002. 'Family, Kinship and Marriage in India', in *Student's Britannica, India.* Vol.6, Encyclopedia Britannica Private Ltd, New Delhi, pp.145-155.

# സംസ്കാരവും സാമൂഹീകരണവും

# 4

# CULTURE AND SOCIALISATION

H4L6N2



## I

### ആമുഖം

സമൂഹത്തെപ്പോലെ സംസ്കാരവും (Culture) പലപ്പോഴും അവ്യക്തമായി ഉപയോഗിക്കപ്പെടുന്ന ഒരു പദമാണ്. സംസ്കാരത്തെ വ്യക്തമായി നിർവചിക്കാനും അതിന്റെ വ്യത്യസ്ത തലങ്ങൾ വേർതിരിച്ചറിയാനും ഈ അധ്യായം നമ്മെ സഹായിക്കും. സാധാരണ സംഭാഷണങ്ങളിൽ സംസ്കാരത്തെ കലകളിലേക്കും വർഗങ്ങളുടെയോ രാജ്യങ്ങളുടെയോ ജീവിതരീതികളിലേക്കും ബന്ധപ്പെടുത്തി പരിമിതപ്പെടുത്താറുണ്ട്. സമൂഹശാസ്ത്രജ്ഞരും നരവംശശാസ്ത്രജ്ഞരും സംസ്കാരം നിലനിൽക്കുന്ന സാമൂഹിക പശ്ചാത്തലങ്ങളെക്കുറിച്ചാണ് പഠനം നടത്തുന്നത്. അതുപോലെ സംസ്കാരത്തിന്റെ വ്യത്യസ്ത തലങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ മനസ്സിലാക്കാനും അവർ ശ്രമിക്കുന്നു.

അജ്ഞാതമായ പ്രദേശങ്ങളിലേക്കു സഞ്ചരിക്കുന്നതിന് നിങ്ങൾക്കു ഭൂപടം ആവശ്യമുള്ളതുപോലെ, സാമൂഹികജീവിതത്തിന് സംസ്കാരം ആവശ്യമാണ്. സമൂഹത്തിലെ മറ്റുള്ളവരുമായി ഇടപഴകുന്നതിലൂടെ പഠിക്കുന്നതും വികാസം പ്രാപിക്കുന്നതുമായ പൊതുധാരണയാണ് സംസ്കാരം. ഒരു സംഘത്തിൽ രൂപപ്പെടുന്ന പൊതുധാരണ മറ്റിടങ്ങളിലേതിൽനിന്നു വ്യത്യസ്തവും ഒരു സ്വത്വം (Identity) ഉള്ളതുമായിരിക്കും. എന്നാൽ സംസ്കാരം ഒരിക്കലും പൂർണതപ്രാപിച്ച ഉൽപ്പന്നമല്ല. അവ എല്ലായ്പ്പോഴും മാറുകയും പരിണമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. സംസ്കാരത്തിന്റെ ഘടകങ്ങൾ സ്ഥിരമായി കൂട്ടിച്ചേർക്കപ്പെടുകയും ഒഴിവാക്കപ്പെടുകയും വികസിക്കുകയും ചുരുങ്ങുകയും പുനക്രമീകരിക്കപ്പെടുകയും ചെയ്യുന്നു. ഇതാണ് സംസ്ക്കാരങ്ങളെ ചലനാത്മകമായ ഏകകങ്ങളായി മാറ്റുന്നത്.



നിങ്ങളുടെ സംസ്കാരത്തിൽ മറ്റുള്ളവരെ എങ്ങനെയാണ് അഭിവാദ്യം ചെയ്യുന്നത്?

നിങ്ങൾ സുഹൃത്തുക്കൾ, പ്രായംകൂടിയവർ, ഭിന്നലിംഗക്കാർ, മറ്റു സംഘാംഗങ്ങൾ എന്നിവരെയെല്ലാം വ്യത്യസ്തരീതിയിലാണോ അഭിവാദ്യം ചെയ്യുക?

ആരെങ്കിലും നിങ്ങളെ അഭിവാദ്യം ചെയ്തപ്പോൾ, ആ രീതി നിങ്ങൾക്ക് വിചിത്രമായി തോന്നിയിട്ടുണ്ടോ?

നിങ്ങൾ പൊതുവായ ഒരു സംസ്കാരം പങ്കുവയ്ക്കാത്തതുകൊണ്ടാണോ ഇങ്ങനെ തോന്നിയത്?

പിന്നീടൊരിക്കൽ ഇത്തരം സാഹചര്യത്തിൽ എന്തുചെയ്യണമെന്ന് നിങ്ങൾ മനസ്സിലാക്കിയിരിക്കും. അതുകൊണ്ടുതന്നെ സംസ്കാരത്തെക്കുറിച്ചുള്ള നിങ്ങളുടെ അറിവ് വികസിക്കുകയും പുനക്രമീകരിക്കപ്പെടുകയും ചെയ്യുന്നു.

മറ്റുള്ളവരോടൊപ്പം ചേർന്ന് ഒരു പൊതുധാരണ വികസിപ്പിച്ചെടുക്കാനും ചിഹ്നങ്ങൾക്കും ആംഗ്യങ്ങൾക്കും ഒരേ അർഥം കണ്ടെത്താനുമുള്ള വ്യക്തികളുടെ കഴിവാണ് മനുഷ്യനെ മൃഗങ്ങളിൽനിന്നു വ്യത്യസ്തനാക്കുന്നത്. സാമൂഹികധർമം എന്നത് കുടുംബത്തിലെ മറ്റംഗങ്ങൾ, സംഘങ്ങൾ, സമുദായങ്ങൾ എന്നിവരോടൊപ്പം നാം ആർജിച്ചെടുക്കുന്നതാണ്. ഉപകരണങ്ങളുടെയും സാങ്കേതികവിദ്യകളുടെയും ഉപയോഗവും ഭൗതികേതര ചിഹ്നങ്ങളുടെയും പ്രതീകങ്ങളുടെയും അർഥവും നാം പഠിക്കുന്നത് കുടുംബാംഗങ്ങളുമായും സുഹൃത്തുക്കളുമായും സഹപ്രവർത്തകരുമായുമുള്ള വ്യത്യസ്ത സാമൂഹികതലങ്ങളിലുള്ള ഇടപെടലുകളിലൂടെയാണ്. ഇത്തരം അറിവുകളിലധികവും വ്യവസ്ഥാപിതമായി വിവരിക്കപ്പെടുന്നതും കൈമാറ്റം ചെയ്യപ്പെടുന്നതും പുസ്തകങ്ങളിലൂടെയോ വാമൊഴിയിലൂടെയോ ആയിരിക്കും.

ഉദാഹരണമായി താഴെ കൊടുത്തിരിക്കുന്ന ആശയവിനിമയം ശ്രദ്ധിക്കുക. വാക്കുകളും മുഖഭാവങ്ങളുംകൊണ്ട് എങ്ങനെയാണ് ആശയം കൈമാറ്റം ചെയ്യപ്പെടുന്നതെന്ന് കാണുക.

ഒരു യാത്രക്കാരനും ഓട്ടോ ഡ്രൈവറും മുഖഭാവത്തിലൂടെയും വാക്കുകളിലൂടെയും എങ്ങനെയാണ് ആശയവിനിമയം നടത്തുന്നത് എന്നു കാണാം. യാത്രക്കാരൻ: ഇന്ദിരാനഗർ? (പുരികം വളച്ചുകൊണ്ട് ഓട്ടോ ഡ്രൈവറോട്). ഡ്രൈവർ പിൻസീറ്റിലേക്ക് തലതിരിച്ചാൽ 'അതെ' എന്നാണ് അർഥമാക്കുന്നത്. അഥവാ വണ്ടി നിർത്താതെ ഓടിച്ചുപോവുകയോ മോശമായ വാക്കുകൾ ഉപയോഗിച്ച് ഗോഷ്ടി കാണിക്കുകയോ പുഞ്ചിരിയോടെ തലയാട്ടുകയോ ചെയ്താൽ അല്ല എന്നാണ് അർഥമാക്കുന്നത്.

ഇത്തരം അറിവുകൾ സമൂഹത്തിലുള്ള നമ്മുടെ പങ്കും ഉത്തരവാദിത്വങ്ങളും നിർവഹിക്കാൻ നമ്മെ സജ്ജരാക്കുന്നു. മുൻ അധ്യായ

ങ്ങളിൽ പങ്ക് (Role), പദവി (Status) എന്നീ സങ്കൽപ്പനങ്ങൾ പരിചയപ്പെട്ടു. കുടുംബം പ്രാഥമിക സാമൂഹീകരണത്തിന്റെയും വിദ്യാലയങ്ങളും മറ്റു സ്ഥാപനങ്ങളും ദ്വിതീയ സാമൂഹീകരണത്തിന്റെയും ഇടത്താവളങ്ങളാണെന്ന് മനസ്സിലാക്കി. ഇത്തരം സ്ഥാപനങ്ങളിലൂടെ എങ്ങനെയാണ് ചിഹ്നങ്ങളും പ്രതീകങ്ങളും കൈമാറ്റം ചെയ്യുന്നതെന്നു മനസ്സിലാക്കാം.

# II

## പശ്ചാത്തല വൈവിധ്യങ്ങൾ, വ്യത്യസ്ത സംസ്കാരങ്ങൾ (Diverse Settings, Different Cultures)

കുന്നുകൾ, സമതലങ്ങൾ, വനങ്ങൾ, വെട്ടിത്തെളിച്ച പ്രദേശങ്ങൾ, മരുഭൂമികൾ, നദീതീരങ്ങൾ, ദ്വീപുകൾ, വൻകരകൾ പോലെയുള്ള വ്യത്യസ്ത പ്രകൃതിപശ്ചാത്തലങ്ങളിലാണ് മനുഷ്യർ ജീവിക്കുന്നത്. കൂടാതെ ഗ്രാമങ്ങൾ, പട്ടണങ്ങൾ, നഗരങ്ങൾ എന്നിങ്ങനെയുള്ള സാമൂഹികചുറ്റുപാടുകളിലും നാം അധിവസിക്കുന്നു. വ്യത്യസ്ത ചുറ്റുപാടിൽ കഴിയുന്ന ജനങ്ങൾ പ്രകൃതിയുമായും സാമൂഹിക സാഹചര്യങ്ങളുമായും ഇണങ്ങിച്ചേരുന്നതിന് വിവിധതന്ത്രങ്ങൾ സ്വീകരിക്കുന്നു. ഇതു പല ജീവിതരീതികളുടെ അഥവാ സംസ്കാരങ്ങളുടെ ആവിർഭാവത്തിലേക്കു നയിക്കുന്നു.

2004 ഡിസംബർ 26-ന് തമിഴ്നാട്, ആന്തമാൻ-നിക്കോബാർ ദ്വീപുകൾ എന്നിവിടങ്ങളിൽ നാശം വിതച്ച സുനാമിയെ ജനങ്ങൾ കൈകാര്യം ചെയ്ത രീതിയിലുള്ള വ്യത്യാസങ്ങൾ പരിശോധിക്കാം. സുനാമിയോടുള്ള വൻകര-ദ്വീപുവാസികളുടെയും ഗോത്രസമുദായങ്ങളുടെയും പ്രതികരണങ്ങൾ തികച്ചും വ്യത്യസ്തങ്ങളായിരുന്നു.


വൻകരകളിലെയും ദ്വീപുകളിലെയും ജനങ്ങൾ താരതമ്യേന ആധുനികജീവിതം നയിക്കുന്നവരാണ്. എന്നാൽ സുനാമിയെക്കുറിച്ച് ബോധമുള്ളവരല്ലാത്തതിനാൽ വൻതോതിലുള്ള നാശനഷ്ടങ്ങളും ജീവഹാനിയും സംഭവിച്ചത് ദ്വീപുകളിലുള്ള മുക്കുവജനതയ്ക്കും സർക്കാർ ജീവനക്കാർക്കുമായിരുന്നു. എന്നാൽ ആധുനിക ശാസ്ത്ര-സാങ്കേതികവിദ്യ പരിചിതമല്ലാത്ത ഓൻഗുകൾ, ജറാവകൾ, ഗ്രേറ്റ് ആന്തമാനീസ് എന്നറിയപ്പെടുന്ന ഷോംപെനുകൾ എന്നീ ഗോത്രസമുദായങ്ങൾ ദുരന്തത്തെ തങ്ങളുടെ അനുഭവജ്ഞാനത്തിലൂടെ മുൻകൂട്ടി മനസ്സിലാക്കുകയും ഉയർന്ന പ്രദേശങ്ങളിലേക്ക് മാറി ജീവൻ രക്ഷപ്പെടുത്തുകയും ചെയ്തു. ആധുനിക ശാസ്ത്ര-സാങ്കേതികവിദ്യ കൈവശമുള്ളതുകൊണ്ടു മാത്രം ആധുനിക സംസ്കാരങ്ങൾ ദ്വീപുകളിലെ ഗോത്ര സംസ്കാരങ്ങളേക്കാൾ മികച്ചതാണെന്നു പറയാൻ കഴിയില്ലെന്ന് ഇതിൽനിന്നു മനസ്സിലാക്കാം. അതിനാൽ സംസ്കാരങ്ങളുടെ സ്ഥാനം നിർണയിക്കാൻ കഴിയുകയില്ല. പ്രകൃതിയുടെ വെല്ലുവിളികൾ നേരിടാനുള്ള കഴിവനുസരിച്ച് സംസ്കാരങ്ങളെ പര്യാപ്തമെന്നോ അപര്യാപ്തമെന്നോ വിലയിരുത്താം.



നിങ്ങളുടേതല്ലാത്ത ഏതെങ്കിലും ഒരു പ്രദേശം നിരീക്ഷിച്ച് അവിടെ പ്രകൃതിയുടെ സ്വാധീനംകൊണ്ട് ഭക്ഷണശീലങ്ങളിലും താമസരീതിയിലും വസ്ത്രധാരണത്തിലും ആരാധനാരീതിയിലുമൊക്കെ പ്രകടമാകുന്ന മാറ്റങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തുക.

### സംസ്കാരത്തെ നിർവചിക്കുന്നു (Defining Culture)

ശാസ്ത്രീയസംഗീതം, നൃത്തരൂപങ്ങൾ, ചിത്രകല എന്നിവയിൽ അഭിരുചിയും നൈപുണിയും നേടുന്നതിനെയാണ് സംസ്കാരം എന്ന പദംകൊണ്ട് പലപ്പോഴും സൂചിപ്പിക്കാറുള്ളത്. ഇത്തരം പരിഷ്കൃത താൽപ്പര്യം സംസ്കാരശൂന്യരിൽനിന്നു വ്യക്തികളെ വേർതിരിക്കുമെന്നാണ് കരുതിയിരുന്നത്.



സംസ്കാരത്തെ സ്വാധീനിക്കുന്ന പ്രകൃതി

എന്നാൽ സമൂഹശാസ്ത്രജ്ഞർ വ്യക്തികളെ പരസ്പരം വേർതിരിക്കുന്ന ഒന്നായല്ല സംസ്കാരത്തെ കാണുന്നത്, സമൂഹത്തിലെ എല്ലാ അംഗങ്ങൾക്കും പങ്കാളിത്തമുള്ള ഒരു ജീവിതരീതിയായിട്ടാണ്. എല്ലാ സാമൂഹികസംഘടനകളും അതിന്റേതായ ഒരു സംസ്കാരം വികസിപ്പിച്ചെടുക്കുന്നുണ്ട്. ബ്രിട്ടിഷ് പണ്ഡിതനായ എഡ്വേഡ് ടൈലർ (Edward Tylor) സംസ്കാരത്തെ നരവംശശാസ്ത്രപരമായി ഇങ്ങനെ നിർവചിക്കുന്നു: "സമൂഹത്തിലെ ഒരംഗമെന്ന നിലയിൽ മനുഷ്യൻ ആർജിച്ച വിജ്ഞാനം, വിശ്വാസം, കല, സദാചാരങ്ങൾ, നിയമം, ആചാരം, മറ്റു കഴിവുകൾ, ശീലങ്ങൾ എന്നിവയുടെ സങ്കീർണമായ ആകത്തുകയാണ് സംസ്കാരം അഥവാ നാഗരികത" (ടൈലർ 1871).

നരവംശശാസ്ത്രത്തിലെ നിർവഹണവാദ (Functional) കാഴ്ചപ്പാടിന്റെ സ്ഥാപകനായ പോളണ്ടുകാരൻ ബ്രോണിസ്ലോ മലിനോവ്സ്കി (Bronislaw Malinowski: 1884-1942) ഇങ്ങനെ എഴുതി: "പൂർവാർജിത വസ്തുക്കൾ, സാധനങ്ങൾ, (Artifacts) സാങ്കേതികപ്രക്രിയകൾ, ആശയങ്ങൾ, ശീലങ്ങൾ, മൂല്യങ്ങൾ എന്നിവയടങ്ങുന്നതാണ് സംസ്കാരം." (മലിനോവ്സ്കി 1931: 621-46)

ഒരു പുസ്തകത്തിലെ വാക്കുകൾ നോക്കുന്നതുപോലെ നാം മനുഷ്യന്റെ പ്രവർത്തനങ്ങളെ നോക്കിക്കാണണമെന്ന് ക്ലിഫോഡ് ഗീറ്റ്സ് (Clifford Geetz) നിർദേശിക്കുന്നു. കാരണം, അവ ഒരു സന്ദേശം നൽകുന്നുണ്ടെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. "മനുഷ്യൻ അവൻ സ്വയം നെയ്തെടുത്ത പ്രാധാന്യത്തിന്റെ വലകളിൽ ബന്ധിതനായ ഒരു ജീവിയാണ്. ആ വലകളെ ഞാൻ സംസ്കാരമായി കരുതുന്നു. കാരണങ്ങൾ വിശദീകരിക്കാനല്ല ഈ അന്വേഷണം, അർഥങ്ങൾ കണ്ടെത്താനാണ്." (ഗീറ്റ്സ് 1973:5)

വസ്തുനിഷ്ഠ യാഥാർഥ്യങ്ങൾക്ക് അർഥം നൽകുന്നതിന് സഹായിക്കുന്നതായിട്ടാണ് സംസ്കാരത്തെ ലെസ്ലി വൈറ്റ് (Leslie White) കാണുന്നത്. ഉദാഹരണത്തിന്, പ്രത്യേക സ്രോതസ്സിൽ നിന്നുവരുന്ന ജലം നാം വിശുദ്ധമായി കണക്കാക്കാറുണ്ട്. ഇതിന് ഒരു സാംസ്കാരിക അർഥമുണ്ട്.

മേൽ പ്രസ്താവിച്ചവയിൽ ടൈലറുടെ നിർവചനത്തിൽ പെടാത്ത എന്തെങ്കിലും കാര്യങ്ങൾ മലിനോവ്സ്കിയുടെ നിർവചനത്തിൽ കാണാൻ സാധിക്കുമോ?



സംസ്കാരം എന്ന വാക്കിന് തുല്യമായ ഇന്ത്യൻ ഭാഷകളിലെ വാക്കുകൾ കണ്ടെത്തുക. ഈ വാക്കുകൾക്കുള്ള പരസ്പരബന്ധം എന്താണ്?

ടൈലറുടെ നിർവചനത്തിൽ പറഞ്ഞിട്ടുള്ള കല ഒഴികെയുള്ളതെല്ലാം ഭൗതികേതരമാണ്. അദ്ദേഹം ഭൗതികസംസ്കാരത്തെ നോക്കിക്കാണാത്തതു കൊണ്ടല്ല ഇതു സംഭവിച്ചത്. അദ്ദേഹം യഥാർഥത്തിൽ ഒരു മ്യൂസിയം പരിപാലകനാണ്. കാരണം ലോകത്തൊമ്പാടുമുള്ള സമൂഹങ്ങളിലെ പൂർവാർജിത വസ്തുക്കളും (Artifacts) കലാവസ്തുതകളും ഉപകരണ




ജീവിതരീതിയുമായി ബന്ധപ്പെട്ട ചിത്രം

ങ്ങളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലാണ് അദ്ദേഹത്തിന്റെ മിക്ക നരവംശശാസ്ത്ര കൃതികളും. ഇത്തരം പ്രദേശങ്ങളൊന്നും അദ്ദേഹം സന്ദർശിച്ചവയല്ല. അതുകൊണ്ടു തന്നെ തൊട്ടും കണ്ടും അറിയുന്നതിനപ്പുറത്തുള്ള (Intangible) മാനങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ടാണ് അദ്ദേഹം സംസ്കാരത്തെ നിർവചിച്ചതെന്നു കാണാം.

ഒന്നാം ലോകയുദ്ധകാലത്ത് പടിഞ്ഞാറൻ ശാന്തസമുദ്രത്തിലെ ഒരു ദ്വീപിൽ അകപ്പെട്ടുപോയ മലിനോവ്സ്കി ദീർഘകാലം ഒരു സമൂഹത്തിൽ താമസിച്ച് പഠിക്കുന്നതിന്റെ പ്രാധാന്യം നേരിട്ടനുഭവിച്ചു. ഇത് ഫീൽഡ് വർക്ക് എന്ന പഠനരീതിയുടെ ആവിർഭാവത്തിലേക്കു നയിച്ചുവെന്ന് നിങ്ങൾക്ക് അധ്യായം 5-ൽ മനസ്സിലാക്കാം.

അമേരിക്കൻ നരവംശശാസ്ത്രജ്ഞരായ ആൽഫ്രഡ് ക്രോബറും (Alfred Krober), ക്ലൈഡ് ക്ലൂക്ഹോനും (Clyde-Kluckholn) സംസ്കാരത്തെക്കുറിച്ച് 1952-ൽ Culture: A Critical Review of Concepts and Definitions എന്ന പേരിൽ ഒരു സമഗ്ര സർവേ നടത്തി.

**സംസ്കാരത്തിന്റെ വിവിധങ്ങളായ നിർവചനങ്ങളുടെ മാതൃക താഴെ കൊടുത്ത പദസൂര്യനിലൂടെ കണ്ടെത്താം.**






മുകളിൽ തന്നിരിക്കുന്ന സംസ്കാരത്തിന്റെ നിർവചനങ്ങൾ വിലയിരുത്തി ഏറ്റവും ഉചിതമായത് കണ്ടെത്തുക. വ്യത്യസ്ത സന്ദർഭങ്ങളിൽ സംസ്കാരം എന്ന പദം ഉപയോഗിക്കുന്നതിനെക്കുറിച്ച് നമുക്കറിയാം. ഇത്തരം സന്ദർഭങ്ങളിൽ ഈ പദം എങ്ങനെ ഉപയോഗിക്കുന്നു വെന്നു കണ്ടെത്തുക.

## സംസ്കാരത്തിന്റെ മാനങ്ങൾ (Dimensions of Culture)

സംസ്കാരത്തിന് മൂന്നു മാനങ്ങളുണ്ട്.

1. **ജ്ഞാനാത്മകസംസ്കാരം (Cognitive culture)**


നാം കാണുന്നതും കേൾക്കുന്നതുമായ പ്രക്രിയകൾക്ക് അർഥം നൽകുന്നതിനെ പ്രതി



പാദിക്കുന്നു. ഉദാഹരണമായി ഒരു മൊബൈൽ ഫോണിന്റെ റിങ്ടോൺ തിരിച്ചറിയുന്നത്, ഒരു രാഷ്ട്രീയനേതാവിനെക്കുറിച്ചുള്ള കാർട്ടൂൺ തിരിച്ചറിയുന്നത്.

2. **നൈതികസംസ്കാരം (Normative culture)**

പെരുമാറ്റനിയമങ്ങളെ സംബന്ധിക്കുന്നവയെയാണ് നൈതികമാനങ്ങൾ എന്നു




പറയുന്നത്. ഉദാഹരണം: അപരന്റെ കത്ത് തുറന്ന് നോക്കാതിരിക്കുക, മരണവീട്ടിലെ പെരുമാറ്റരീതികൾ, ചടങ്ങുകൾ.

3. **ഭൗതികസംസ്കാരം (Material culture)**

ഭൗതിക ഉപാധികൾ ഉപയോഗിച്ചുകൊണ്ടുള്ള എല്ലാ പ്രവർത്തനങ്ങളും ഇതിൽ ഉൾപ്പെടുന്നു. ഉദാഹരണം: ഉപകരണങ്ങൾ, യന്ത്രങ്ങൾ, ഇന്റർനെറ്റ് ചാറ്റിങ്, അരിപ്പൊടി കൊണ്ട് തറയിൽ കോലം വരയ്ക്കുന്നത്.



സംസ്കാരത്തിന്റെ എല്ലാ മാനങ്ങളും കൂടിച്ചേരുമ്പോഴാണ് അത് പൂർണത പ്രാപിക്കുന്നത്. ഉദാഹരണത്തിന്, നൈതികവും ജ്ഞാനാത്മകവുമായ തലങ്ങളെക്കുറിച്ച് അറിവില്ലാതെ ഭൗതികസംസ്കാരത്തെ പൂർണമായും മനസ്സിലാക്കാൻ നമുക്കു കഴിയില്ല. അതേസമയം സാമൂഹികപ്രക്രിയയെക്കുറിച്ചുള്ള അവബോധം വളർത്തിയെടുക്കാൻ ഈ മൂന്നു മണ്ഡലങ്ങളിൽ നിന്നുള്ള ജ്ഞാനവും നമുക്കാവശ്യമാണ്. എന്നാൽ ഒരു സമുദായത്തിലെ ചിലർക്ക് മാത്രം സാക്ഷരതയുടെ ജ്ഞാനാത്മകശേഷികൾ സ്വായത്തമാകുമ്പോൾ, നൈതിക സംസ്കാരത്തിൽപ്പെടുന്ന കത്തിന്റെ സ്വകാര്യത പാലിക്കപ്പെടുക എന്ന നിയമം അസ്ഥാനത്താകുന്നു. അതുകൊണ്ടുതന്നെ ഈ മണ്ഡലങ്ങളെ കുറിച്ച് പ്രത്യേകമായി ചർച്ചചെയ്യുമ്പോൾ പല പ്രധാനപ്പെട്ട ഉൾക്കാഴ്ചകളും നമുക്കു ലഭിക്കുന്നു.

## സംസ്കാരത്തിന്റെ ജ്ഞാനാത്മകതലങ്ങൾ (Cognitive Aspects of Culture)

സംസ്കാരത്തിന്റെ ഭൗതികതലങ്ങളും (തൊട്ടറിയാനും കാണാനും കേൾക്കാനും കഴിയുന്നത്) നൈതികതലങ്ങളും (വ്യക്തമായി പ്രസ്താവിക്കപ്പെട്ടിട്ടുള്ളത്)പോലെ എളുപ്പം തിരിച്ചറിയാൻ കഴിയുന്നവയല്ല ജ്ഞാനാത്മക തലങ്ങൾ. ജ്ഞാനാത്മകം എന്ന വാക്കിന്റെ അർഥം അവബോധമുണ്ടാക്കുക എന്നാണ്. ചുറ്റുപാടുകളിൽനിന്ന് നമുക്കു ലഭിക്കുന്ന വിവരങ്ങളെക്കുറിച്ച് അവബോധം അഥവാ ധാരണ ഉണ്ടാക്കുന്നതിനെയാണ് ജ്ഞാനാത്മകത എന്നു പറയുന്നത്. സാക്ഷരസമൂഹങ്ങളിൽ ആശയങ്ങളെ പുസ്തകങ്ങളിലും പ്രമാണങ്ങളിലും പകർത്തി അവ വായനശാലകളിലോ സ്ഥാപനങ്ങളിലോ ഗ്രന്ഥപ്പുരകളിലോ സംരക്ഷിക്കുന്നു. എന്നാൽ നിരക്ഷരസമൂഹങ്ങളിൽ ഐതിഹ്യങ്ങളും കഥകളുമെല്ലാം ഓർമയിൽ സൂക്ഷിക്കപ്പെടുകയും വാമൊഴിയിലൂടെ കൈമാറ്റം ചെയ്യപ്പെടുകയുമാണ്. ആചാരങ്ങളിലും ആഘോഷങ്ങളിലും ഇവ കോർത്തെടുത്ത് വിവരണം നൽകുന്നതിന് വാമൊഴിയിൽ ശിക്ഷണം സിദ്ധിച്ച വിദഗ്ധരുണ്ട്.

കലയുടെ നിർമാണത്തിലും ഉപഭോഗത്തിലും എഴുത്തിന്റെ സ്വാധീനം സാഹിത്യകാരനും ചിന്തകനുമായ വാൾട്ടർ ഓങ് (Walter Ong) Orality and Literacy എന്ന പുസ്തകത്തിൽ പ്രതിപാദിക്കുന്നു. 1971–ലെ ഈ പഠനത്തിൽ അദ്ദേഹം ഉദ്ധരിക്കുന്നത് നിലവിലുള്ള മൂവായിരത്തോളം ഭാഷകളിൽ എഴുപത്തിയെട്ട് (78) എണ്ണത്തിനുമാത്രമേ സ്വന്തമായ സാഹിത്യമുള്ളൂ എന്നതാണ്. എഴുതപ്പെടാത്ത വസ്തുതകൾക്ക് ചില സവിശേഷതകൾ അദ്ദേഹം നിർദേശിക്കുന്നുണ്ട്. ഓർത്തെടുക്കുന്നത് ലളിതമാക്കാൻ വാക്കുകളുടെ ആവർത്തനം ആവശ്യമാണ്. പരിചിതമല്ലാത്ത ഒരു സംസ്കാരത്തെക്കുറിച്ച് വായിക്കുന്നവരേക്കാൾ കൂടുതൽ വാമൊഴിയുടെ ശ്രോതാക്കൾ കൂടുതൽ സ്വീകര്യരായിക്കാണുന്നു. പുസ്തകം എഴുതുമ്പോൾ അത് വളരെ വിശദീകരണാത്മകമായി മാറുന്നു.

നമ്മുടെ ചരിത്രം പരിശോധിച്ചാൽ, വിശേഷാവകാശമുള്ള കുറച്ചുപേർക്ക് മാത്രമേ അക്ഷരാഭ്യാസം ലഭിച്ചിരുന്നുള്ളൂ എന്നു കാണാം. അതു കൊണ്ടുതന്നെ ഒരിക്കൽപ്പോലും വിദ്യാലയങ്ങളിൽ പോയിട്ടില്ലാത്ത കുടുംബങ്ങൾ ധാരാളമുള്ള ഇന്ത്യയിൽ അത്തരം ജനതയുടെ ജീവിതത്തിൽ സാക്ഷരതയ്ക്കുള്ള പ്രാധാന്യം സമൂഹശാസ്ത്രപഠനങ്ങൾ അന്വേഷണവിധേയമാക്കുന്നുണ്ട്. ഇത്തരം പഠനങ്ങൾ അപ്രതീക്ഷിതമായ ചില പ്രതികരണങ്ങളിലേക്കും നയിക്കുന്നു. ഉദാഹരണത്തിന്, ഇടപാടുകാർ തരാനുള്ളതിനെക്കുറിച്ച് മനക്കണക്ക് ചെയ്യാൻ കഴിവുള്ളപ്പോൾ എന്തിനാണ് താൻ അക്ഷരമാല പഠിക്കുന്നതെന്ന് ഒരു പച്ചക്കറിവിൽപ്പനക്കാരൻ ചോദിക്കുകയുണ്ടായി.

സമകാലികലോകത്ത് നാം ആശ്രയിക്കുന്നത് ലിഖിതവും ശ്രവ്യവും ദൃശ്യവുമായ രേഖകളെയാണ്. എന്നാൽ ഇന്ത്യയിലെ ശാസ്ത്രീയ സംഗീത വിദ്യാർഥികളെ ഇന്നും പഠിക്കാനുള്ള കാര്യങ്ങൾ എഴുതിയെടുക്കാൻ പ്രോൽസാഹിപ്പിക്കാറില്ല. കേട്ടുപഠിക്കാനും ഓർമകളിൽ സൂക്ഷിക്കാനുമാണ് അവരോട് നിർദേശിക്കാറുള്ളത്. ഇലക്ട്രോണിക് മാധ്യമങ്ങൾ, വിവിധതരം ചാനലുകൾ, കമ്പ്യൂട്ടറുകൾ, ഇന്റർനെറ്റ് എന്നിവയുടെ സ്വാധീനത്തെക്കുറിച്ച് നമുക്കിപ്പോഴും വേണ്ടത്ര അറിവില്ല. നമ്മുടെ ജ്ഞാനാത്മക സംസ്കാരത്തെയും ശ്രദ്ധയുടെ കാലയളവിനെയും ഈ പുതിയ മാധ്യമങ്ങൾ സ്വാധീനിക്കുന്നുണ്ടോ?

## സംസ്കാരത്തിന്റെ നൈതികതലങ്ങൾ (Normative Aspects of Culture)

സംസ്കാരത്തിന്റെ നൈതികമാനത്തിൽ നാട്ടുരീതികൾ (Folk ways), ആചാരങ്ങൾ (Customs), വഴക്കങ്ങൾ (Mores), കീഴ്വഴക്ക

ങ്ങൾ (Conventions), നിയമങ്ങൾ (Laws) എന്നിവ ഉൾപ്പെടുന്നു. ഇവ വ്യത്യസ്ത സന്ദർഭ ങ്ങളിൽ സാമൂഹികപെരുമാറ്റത്തിന് മാർഗ നിർദേശം നൽകുന്ന മൂല്യങ്ങളോ നിയമങ്ങളോ ആണ്. നാം പലപ്പോഴും സാമൂഹികവഴക്കങ്ങൾ പിന്തുടരുന്നു. കാരണം, സാമൂഹീകരണ ത്തിന്റെ (Socialisation) ഫലമായി നാമത് ശീല മാക്കിയിരിക്കുന്നു. സാമൂഹികയോജിപ്പിനെ പ്രോത്സാഹിപ്പിക്കുന്ന അംഗീകാരങ്ങൾ എല്ലാ സാമൂഹികവഴക്കങ്ങൾക്കൊപ്പവും ഉണ്ടാവും. അധ്യായം 2-ൽ ഇത് വിശദമാക്കിയിരിക്കുന്നു.

വഴക്കങ്ങൾ അന്തർലീനമായ ചട്ടങ്ങളാണെ ങ്കിൽ (Implicit Rules) നിയമങ്ങൾ സ്പഷ്ടമായ ചട്ടങ്ങളാണ് (Explicit Rules). ഫ്രഞ്ച് സമൂഹ ശാസ്ത്രജ്ഞനായ പിയറി ബോർഡിയോ (Pierre Bourdieu) യുടെ അഭിപ്രായത്തിൽ, മറ്റൊരു സംസ്കാരത്തിന്റെ വഴക്കങ്ങൾ മന സ്സിലാക്കാൻ ശ്രമിക്കുമ്പോൾ അവയ്ക്ക് അന്തർലീനമായ ചില അർഥതലങ്ങളുണ്ടെന്ന് നാം നിശ്ചയമായും ഓർമിക്കേണ്ടതുണ്ട്. ഉദാ ഹരണത്തിന്, ഒരു വ്യക്തി തനിക്ക് ലഭിച്ച സഹായത്തിന് നന്ദിപ്രകാശിപ്പിക്കാൻ ആഗ്രഹി ക്കുന്നുവെങ്കിൽ പെട്ടെന്നുതന്നെ തിരിച്ചു സമ്മാനം നൽകാൻ പാടില്ല. കാരണം, അതിനെ സൗഹൃദപ്രകടനമായല്ല, ഒരു ബാധ്യത ഒഴിവാക്കാനുള്ള ശ്രമമായി കരു തപ്പെടാം.

സർക്കാർ നിർവചിച്ച ഒരു ഔപചാരിക ഉത്തരവാണ് നിയമം. ഒരു ചട്ടം അഥവാ തത്ത്വം എന്ന നിലയ്ക്ക് പൗരർ നിർബന്ധ മായും അവ അനുസരിക്കണം. നിയമങ്ങൾ പ്രകടമായവയാണ്. അത് സമൂഹത്തിനാക മാനം ബാധകമാണ്. നിയമലംഘനം ശിക്ഷാർഹമാണ്. ഉദാഹരണത്തിന്, സൂര്യാ സ്തമയത്തിനു ശേഷം കുട്ടികളെ വീടിനു പുറത്തു വിടാൻ നിങ്ങളുടെ കുടുംബം അനു വദിക്കുന്നില്ലെന്നു കരുതുക, അത് നിയമമല്ല, മാനദണ്ഡമാണ് (Norm). അത് നിങ്ങളുടെ കുടുംബത്തെ മാത്രം ബാധിക്കുന്ന ഒന്നാണ്. എന്നാൽ മറ്റൊരാളുടെ വീട്ടിൽനിന്ന് നിങ്ങൾ ഒരു സ്വർണമാല മോഷ്ടിക്കുകയും പിടിക്കപ്പെ ടുകയും ചെയ്താൽ നിങ്ങളെ വിചാരണ ചെയ്ത് ശിക്ഷവിധിച്ച് ജയിലിലടയ്ക്കും. കാരണം, നിങ്ങൾ സാർവത്രികമായി അംഗീ കരിക്കപ്പെട്ട സ്വകാര്യസ്വത്തു നിയമം ലംഘി ച്ചിരിക്കുന്നു.

ഒരു രാഷ്ട്രത്തിന്റെ അധികാരം രൂപപ്പെടു ത്തിയ നിയമങ്ങളാണ് അവിടത്തെ ജനങ്ങളുടെ അംഗീകൃത പെരുമാറ്റവ്യവസ്ഥയെ (Acceptable Behaviour) നിർവചിക്കുന്നത്. രാഷ്ട്രത്തിന്റെ അധികാരം അംഗീകരിക്കുന്ന എല്ലാവർക്കും അവിടത്തെ നിയമം ബാധകമാണ്. എന്നാൽ മാനദണ്ഡങ്ങൾ (Norms) പദവിക്കനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കും. സമൂഹത്തിലെ പ്രബല വിഭാഗങ്ങൾ അവരുടെ മാനദണ്ഡങ്ങൾ നടപ്പി ലാക്കണം. ഇത്തരം മാനദണ്ഡം പലപ്പോഴും വിവേചനപരമായിരിക്കും. ഉദാഹരണത്തിന്, ദലി തരെ പ്രബലവിഭാഗങ്ങൾ ഉപയോഗിക്കുന്ന പാത്രത്തിൽനിന്നോ കിണറുകളിൽനിന്നോ വെള്ളം കുടിക്കാൻ മാനദണ്ഡങ്ങൾ അനുവദി ച്ചിരുന്നില്ല. സ്ത്രീകൾക്ക് പൊതുസ്ഥലങ്ങളിൽ സ്വതന്ത്രമായി സഞ്ചരിക്കാനുള്ള അനുവാദവും നൽകിയിരുന്നില്ല.

## സംസ്കാരത്തിന്റെ ഭൗതികതലങ്ങൾ (Material Aspects of Culture)

സംസ്കാരത്തിന് ഒരു ഭൗതികതലമുണ്ട്. മനുഷ്യർ നിർമിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്ന ഭൗതികവസ്തുക്കളാണ് ഇതിൽ ഉൾപ്പെടുന്നത്. ഉപകരണങ്ങൾ, സാങ്കേതികവി ദ്യകൾ, യന്ത്രങ്ങൾ, കെട്ടിടങ്ങൾ, ഗതാഗത മാർഗങ്ങൾ, വാർത്താവിനിമയ ഉപകരണങ്ങൾ തുടങ്ങിയവയെല്ലാം അതിലുൾപ്പെടുന്നു. ഭൗതികസംസ്കാരത്തിന്റെ ഏറ്റവും പ്രധാന പ്പെട്ട ഒരു ഘടകമാണ് സാങ്കേതികവിദ്യ.

മൊബൈൽഫോൺ, മ്യൂസിക് സിസ്റ്റം, കാറുകൾ, ബസ്സുകൾ, എ.ടി.എം. (Automated Teller Machine), റഫ്രിജറേറ്റർ, കമ്പ്യൂട്ടറുകൾ

എന്നിവയുടെ ദൈനംദിന ജീവിതത്തിലുള്ള ഉപയോഗം സാങ്കേതികവിദ്യയിലുള്ള ആശ്രയത്വത്തിന്റെ സൂചകങ്ങളാണ്. ഉൽപ്പാദനം വർധിപ്പിക്കുന്നതിനായി വൈദ്യുതമോട്ടോറുകൾ ഉപയോഗിക്കുന്നതും റേഡിയോ ഉപയോഗിക്കുന്നതും ഗ്രാമങ്ങൾപോലും സാങ്കേതികവിദ്യയെ ഉപയോഗിക്കുന്നതിനുള്ള തെളിവാണ്.

സംസ്കാരത്തെ പൊതുവെ രണ്ടായി തിരിക്കാം-ഭൗതികവും ഭൗതികേതരവും. ജ്ഞാനാത്മകവും നൈതികവുമായ തലങ്ങളാണ് ഭൗതികേതരസംസ്കാരത്തിൽ ഉൾപ്പെടുന്നത്. ഉൽപ്പാദനം വർധിപ്പിക്കുന്നതിനും ജീവിതത്തിന്റെ ഗുണമേന്മ ഉയർത്തുന്നതിനും ഭൗതികമാനങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്. ഭൗതികസംസ്കാരത്തിന്റെ തലങ്ങൾ അതിവേഗം മാറുന്നു. എന്നാൽ ഭൗതികേതരതലങ്ങളിൽ വളരെ സാവധാനത്തിലാണ് മാറ്റങ്ങൾ സംഭവിക്കുന്നത്. ഭൗതികസംസ്കാരത്തെ അപേക്ഷിച്ച് ഭൗതികേതര സംസ്കാരത്തിലെ മാറ്റങ്ങൾ ഒപ്പമെത്താത്ത അവസ്ഥയെ സാംസ്കാരിക ചലനമാന്ദ്യം (Cultural Lag) എന്നു വിളിക്കുന്നു.

### സംസ്കാരവും സ്വത്വവും (Culture and Identity)

സ്വത്വം പൈതൃകമായി ലഭിക്കുന്നതല്ല. എന്നാൽ പരിഷ്കൃതമായ ഒന്നാണ്. വ്യക്തിയും സംഘവും അവരുടെ സ്വത്വം രൂപപ്പെടുത്തുന്നത് മറ്റുള്ളവരുമായുള്ള അവരുടെ ബന്ധങ്ങളിലൂടെയാണ്. ഒരു വ്യക്തിയുടെ സ്വത്വം അയാൾ വഹിക്കുന്ന സാമൂഹിക പങ്കിലൂടെ പകർന്നുകിട്ടുന്നതാണ്. ആധുനികസമൂഹത്തിലെ ഓരോ വ്യക്തിയും പലതരത്തിലുള്ള പങ്കുകൾ വഹിക്കുന്നു. ഉദാഹരണത്തിന്, കുടുംബത്തിനകത്ത് അയാൾ ഒരു രക്ഷിതാവോ അല്ലെങ്കിൽ ഒരു കുട്ടിയോ ആകാം. ഈ രണ്ടു പ്രത്യേക പങ്കുകൾക്കും അതിന്റേതായ പ്രത്യേക അധികാരങ്ങളും ഉത്തരവാദിത്വങ്ങളുമുണ്ട്.

ഒരാൾക്ക് അയാളുടെ പങ്ക് നിർവഹിക്കണമെങ്കിൽ അധികാരങ്ങളും ഉത്തരവാദിത്വങ്ങളും മാത്രം പോരാ, അവ തിരിച്ചറിയപ്പെടുകയും അംഗീകരിക്കപ്പെടുകയും വേണം (പങ്ക് നിർവഹിക്കുന്നവരുടെ ഇടയിൽ ഉപയോഗിക്കുന്ന പ്രത്യേക ഭാഷയുടെ അംഗീകാരം വഴിയാണ് ഇത് സാധ്യമാകുന്നത്). വിദ്യാർഥികളെയും ക്ലാസിലെ പ്രകടനത്തെയും പരാമർശിക്കുന്നതിന് അവരുടേതായ ഭാഷാരീതികളുണ്ട്. ഈ ഭാഷ നിർമിക്കുന്നതിലൂടെ അവർ അവരുടേതായ അർഥങ്ങളുടെയും പ്രാധാന്യങ്ങളുടെയും ഒരു ലോകം പടുത്തുയർത്തുമ്പോഴാണ് അവരുടെ സ്വത്വം രൂപപ്പെടുന്നത്. ഇതേപോലെ സ്ത്രീകൾക്ക് പുരുഷന്മാരിൽനിന്ന് മാറി അവരുടേതായ ഇടങ്ങളിൽ അവരുടേതായ ഭാഷ സൃഷ്ടിക്കാനറിയാം. ഗ്രാമങ്ങളിലെ കുളക്കടവിലും നഗരങ്ങളിലെ ടെറസ്സിനു മുകളിൽ തുണി ഉണക്കാനിടുന്ന സ്ത്രീകളുടെയും മറ്റും പ്രത്യേക ഭാഷയും സംസാരരീതിയും ഇതിനുദാഹരണമാണ്.

ഒരു സംസ്കാരത്തിൽത്തന്നെ പല ഉപസംസ്കാരങ്ങളു (sub-culture) മുണ്ട്. ഉദാഹരണമായി, വരേണ്യവർഗസംസ്കാരം, യുവതൊഴിലാളിവർഗസംസ്കാരം. ഉപസംസ്കാരങ്ങൾക്ക് അവയുടേതായ ശൈലി, അഭിരുചി, സമാജം എന്നിവയുണ്ട്. അവരുടെ സംസാരരീതി, വസ്ത്രധാരണം, പ്രത്യേകതരം സംഗീതത്തോടുള്ള താൽപ്പര്യം, മറ്റ് അംഗങ്ങളോട് ഇടപഴകുന്ന രീതി എന്നിവയിലൂടെ ഈ ഉപസംസ്കാരങ്ങൾ തിരിച്ചറിയാനാകും.

ഉപസംഘങ്ങൾ ഗാഢബന്ധം നിലനിർത്തുന്ന ഏകകങ്ങളായി പ്രവർത്തിക്കുന്നതോടൊപ്പം അംഗങ്ങൾക്ക് സ്വത്വബോധം നൽകുകയും ചെയ്യുന്നു. ഇത്തരം സംഘങ്ങൾക്ക് നേതാക്കളും അനുയായികളും ഉണ്ടെങ്കിലും ലക്ഷ്യം നേടാനായി അവർ ഒത്തൊരുമിച്ചു പ്രവർത്തിക്കുന്നു. ഉദാഹരണത്തിന്, അയൽപക്കസംഘത്തിലെ യുവാക്കൾ ഒരു ക്ലബ്ബിന് രൂപംകൊടുത്ത് കായികവും ക്രിയാത്മകവുമായ പരിപാടികളിൽ ഏർപ്പെടുന്നു.

ഇത്തരം പ്രവർത്തനങ്ങൾ ഈ പ്രദേശത്ത് ഒരു ഗുണാത്മക പ്രതിച്ഛായ സൃഷ്ടിക്കുകയും ഇത് അംഗങ്ങൾക്ക് ഒരു ഗുണാത്മക വ്യക്തി പ്രതിച്ഛായ നൽകുകയും അവരെ നല്ല പ്രവർത്തനങ്ങളിലേക്കു പ്രചോദിപ്പിക്കുകയും ചെയ്യുന്നു. ഈ സംഘസ്വത്വം അവരെ പരിവർത്തനത്തിന്റെ ദിശയിലേക്കു നയിക്കുന്നു. സംഘം മറ്റു സംഘങ്ങളിൽനിന്ന് വേർതിരിക്കപ്പെടുകയും അയൽപക്കസംഘങ്ങളുടെ അംഗീകാരവും സ്വീകാര്യതയും നേടിയെടുക്കുന്നതിലൂടെ അതിന്റേതായ സ്വത്വം സൃഷ്ടിക്കുകയും ചെയ്യുന്നു.



നിങ്ങളുടെ പ്രദേശത്തെ ഉപസംസ്കാര സംഘങ്ങളെക്കുറിച്ച് നിങ്ങൾക്കറിയാമോ? ഇത്തരം സംഘങ്ങളെ നിങ്ങൾ എങ്ങനെ തിരിച്ചറിയും?


### വംശകേന്ദ്രോന്മുഖത (Ethnocentrism)

സംസ്കാരങ്ങൾ തമ്മിൽ ബന്ധപ്പെടുമ്പോൾ മാത്രമാണ് വംശകേന്ദ്രോന്മുഖത രൂപപ്പെടുന്നത്. മറ്റു സംസ്കാരങ്ങളിലെ ജനങ്ങളുടെ വിശ്വാസങ്ങളെയും പെരുമാറ്റത്തെയും സ്വന്തം സംസ്കാരത്തിന്റെ കാഴ്ചപ്പാടിലൂടെ വിലയിരുത്തുന്നതിനെയാണ് വംശകേന്ദ്രോന്മുഖത എന്നു പറയുന്നത്. സ്വന്തം സംസ്കാരം മറ്റുള്ളവരുടെ സംസ്കാരത്തേക്കാൾ മികച്ചതാണെന്ന ധാരണയാണ് ഈ സങ്കൽപ്പനത്തിന്റെ അടിസ്ഥാനം.

ഇന്ത്യയിൽ പാശ്ചാത്യവിദ്യാഭ്യാസം നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെ 1835-ൽ തോമസ് ബബിങ്ടൺ മെക്കാളെ (Thomas Babbington Macaulay) ഈസ്റ്റിന്ത്യാ കമ്പനിക്ക് വേണ്ടി തയാറാക്കിയ വിദ്യാഭ്യാസ മിനുട്സിൽ (Minutes on Education) ഈ സാംസ്കാരിക മേൽക്കോയ്മ പ്രകടമാക്കപ്പെട്ടിട്ടുണ്ട്. പാശ്ചാത്യവിദ്യാഭ്യാസത്തിന്റെ ലക്ഷ്യം രക്തത്തിലും നിറത്തിലും ഇന്ത്യക്കാരായ, എന്നാൽ അഭിരുചിയിലും വീക്ഷണത്തിലും ധാർമികതയിലും ബുദ്ധിയിലും ഇംഗ്ലീഷുകാരായ ഒരു വർഗത്തെ സൃഷ്ടിക്കുകയാണെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. (Quoted in Mukherji 1948/1979: 87)

വംശകേന്ദ്രോന്മുഖതയുടെ നേർവിപരീതമാണ് സാർവജനീനത (Cosmopolitanism). സാർവജനീന കാഴ്ചപ്പാട് മറ്റു സംസ്കാരങ്ങളുടെ വ്യത്യസ്തതകൾക്ക് വില കൽപ്പിക്കുന്നു. സാർവജനീനമായ കാഴ്ചപ്പാടുള്ള ഒരു വ്യക്തി മറ്റുള്ളവരുടെ മൂല്യങ്ങളെയും വിശ്വാസങ്ങളെയും സ്വന്തം സംസ്കാരത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്താറില്ല. സാർവജനീനത വ്യത്യസ്ത സാംസ്കാരികപ്രവണതകളെ ആദരിക്കുകയും ഉൾക്കൊള്ളുകയും ചെയ്യുന്നു. സ്വന്തം സംസ്കാരത്തെ സമ്പുഷ്ടമാക്കുന്നതിന് സാംസ്കാരിക കൈമാറ്റത്തെയും കടംവാങ്ങലിനെയും അത് പ്രോത്സാഹിപ്പിക്കുന്നു. വിദേശവാക്കുകളെ സ്വന്തം പദസഞ്ചയത്തിൽ തുടർച്ചയായി ഉൾപ്പെടുത്തിക്കൊണ്ട് ഏറ്റവും പ്രബലമായ ഒരു അന്തർദേശീയ വിനിമയ മാധ്യമമായി ഇംഗ്ലീഷ് ഭാഷ ഉയർന്നുവന്നതും പാശ്ചാത്യ പോപ് സംഗീതം, ഇന്ത്യൻ നാടോടിസംഗീതം, ബാൻഗ്രയും ഗസലും പോലെയുള്ള അർധക്ലാസിക് സംഗീതം എന്നിവയിൽനിന്ന് കടമെടുത്തുകൊണ്ട് ഹിന്ദി ചലച്ചിത്രസംഗീതം പ്രസിദ്ധിയാർജിച്ചതും സാർവജനീനതയ്ക്ക് ഉദാഹരണങ്ങളാണ്.


ഒരു ആധുനികസമൂഹം സാംസ്കാരിക വ്യത്യാസങ്ങളെ വിലമതിക്കുന്നു. വിദേശത്തുനിന്നുള്ള സാംസ്കാരികസ്വാധീനങ്ങൾക്കു നേരെ അതിന്റെ വാതിലുകൾ കൊട്ടിയടയ്ക്കുന്നുമില്ല. എന്നാൽ അത്തരം സ്വാധീനങ്ങൾ എല്ലായ്പ്പോഴും തനത് സംസ്കാരത്തിലുൾപ്പെടുത്തി തദ്ദേശീയ സംസ്കാരത്തിന്റെ ഘടകങ്ങളുമായി കൂട്ടിച്ചേർക്കുന്നു. വിദേശവാക്കുകളുടെ ഉൾപ്പെടുത്തലില്ലെങ്കിൽ ഇംഗ്ലീഷ് ഭാഷയ്ക്ക് സ്വന്തമായി നിലനിൽപ്പില്ല. അതുപോലെ ഹിന്ദി ചലച്ചിത്രഗാനങ്ങൾ കടംകൊള്ളലുകളിലൂടെ



വംശകേന്ദ്രോന്മുഖത എന്നത് എല്ലാറ്റിന്റെയും കേന്ദ്രം സ്വന്തം സംഘമാണെന്നും മറ്റുള്ള സംഘങ്ങളെ അളക്കുന്നതും മൂല്യനിർണയം ചെയ്യുന്നതും സ്വന്തം സംഘത്തെ ആധാരമാക്കിയിട്ടാണെന്നുമുള്ള കാഴ്ചപ്പാടാണ്. ഓരോ സംഘവും സ്വന്തം അഭിമാനത്തെയും പൊങ്ങച്ചത്തെയും പരിപോഷിപ്പിക്കുകയും ആധിപത്യത്തെ പറ്റി വീമ്പുപറയുകയും അതിന്റെ ദിവ്യത്വത്തെ സ്തുതിക്കുകയും മറ്റുള്ളവരെ അവജ്ഞയോടെ കാണുകയും ചെയ്യുന്നു.

**വില്യം ഗ്രഹാം സമ്നർ**

അതിന്റെ സവിശേഷത നഷ്ടപ്പെടുത്തിയിട്ടുമില്ല. വ്യത്യസ്തരീതികളും രൂപങ്ങളും ശബ്ദങ്ങളും കലാവസ്തുതകളും ഉൾപ്പെടുത്തി സാർവജനീനത സംസ്കാരങ്ങൾക്ക് പ്രത്യേകമായ ഒരു സ്വത്വം നൽകുന്നു. ആധുനിക വാർത്താവിനിമയ ഉപാധികൾ സംസ്കാരങ്ങളുടെ ദൂരം കുറയ്ക്കുന്ന ആഗോള ലോകക്രമത്തിൽ സാർവജനീനമായ കാഴ്ചപ്പാടുകൾ വ്യത്യസ്ത സ്വാധീനങ്ങളെ അനുവദിച്ചുകൊടുത്തുകൊണ്ട് സ്വന്തം സംസ്കാരത്തെ മെച്ചപ്പെടുത്താൻ സഹായിക്കുന്നു.



താഴെ കൊടുത്ത കോളത്തിലെ വാക്കുകൾ ശ്രദ്ധിക്കുക.

'ഹിംഗ്ലിഷ്' ലോകത്തെ കീഴടക്കിയേക്കാം.

എയർ ഡാഷ് (Travell by Air), ഷഡി (Underpants), ചായ (Indian Tea), ക്രോർ (10 Million), ഡക്കോയ്റ്റ് (Thief), ലാക്ക് (100000), ലാംപറ്റ് (Thug), ഗോരാ (White Person), ജൻഗ്ലി (Uncouth), ഒപ്റ്റിക്കൽ (Spectacles), പ്രിപോൺ (Bring Forward), സ്റ്റപ്പിനി (Spare Tyre), വുഡ്-ബി (Fiance or Fiancee) എന്നിവ ചില ഹിംഗ്ലിഷ് പദങ്ങളാണ്. ഹിംഗ്ലിഷിലുള്ള പദങ്ങൾ പലതും ബ്രിട്ടിഷുകാർക്കും അമേരിക്കക്കാർക്കും മനസ്സിലാക്കാൻ കഴിയില്ല. ടൈം പാസ്, പക്ക (Pukka) എന്നിവ ഇതിനുദാഹരണങ്ങളാണ്. ഈയിടെ പുറമ്പോക്കു പണി കരാറിന്റെ ഭാഗമായി പുതുതായി ഉണ്ടായ പദമാണ് 'ബംഗളൂർഡ്'

## സാംസ്കാരികമാറ്റം (Cultural change)

സമൂഹങ്ങൾ അവയുടെ സാംസ്കാരികക്രമങ്ങളെ (patterns) മാറ്റുന്ന രീതിയെയാണ് സാംസ്കാരികമാറ്റം എന്നു പറയുന്നത്. ഈ മാറ്റത്തിനുള്ള പ്രചോദനം ആന്തരികമോ ബാഹ്യമോ ആകാം. പുതിയ കാർഷികരീതികൾ സ്വീകരിക്കുമ്പോൾ ഉൽപ്പാദനം വർധിക്കുകയും അത് കാർഷികസമുദായത്തിന്റെ ഭക്ഷ്യോപയോഗത്തിലും ജീവിതത്തിന്റെ ഗുണമേന്മയിലും മാറ്റങ്ങൾ വരുത്തുകയും ചെയ്യുന്നത് സാംസ്കാരികമാറ്റത്തിന്റെ ആന്തരിക കാരണങ്ങൾക്ക് ഉദാഹരണമാണ്. എന്നാൽ ആക്രമണത്തിന്റെയോ കോളനിവൽക്കരണത്തിന്റെയോ രൂപത്തിലുള്ള ഇടപെടൽ ഒരു സമൂഹത്തിന്റെ സംസ്കാരത്തിൽ ആഴത്തിലുള്ള മാറ്റങ്ങളുണ്ടാക്കും. ഇത്തരം മാറ്റങ്ങൾ ബാഹ്യകാരണങ്ങൾക്കുള്ള ഉദാഹരണമാണ്.

പാരിസരിതികമാറ്റങ്ങളിലൂടെയും മറ്റു സംസ്കാരങ്ങളുമായുള്ള ബന്ധങ്ങളിലൂടെയും സാംസ്കാരികമാറ്റങ്ങൾ സംഭവിക്കുന്നു. പരിസ്ഥിതിയിലുണ്ടാകുന്ന മാറ്റങ്ങൾ ജനങ്ങളുടെ ജീവിതരീതിയെ തന്നെ മാറ്റിമറിച്ചേക്കാം. വനവാസികളായ സമുദായങ്ങൾക്ക് വനത്തിലേക്കുള്ള പ്രവേശനവും വനവിഭവങ്ങളും നിയമംമൂലം നിഷേധിക്കുകയാണെങ്കിൽ അത് അവരെയും അവരുടെ ജീവിതരീതിയെയും വിനാശകരമായി ബാധിക്കും. വനവിഭവങ്ങളുടെ നഷ്ടം ഏറ്റവും ദോഷകരമായി ബാധിച്ചിട്ടുള്ളത് വടക്കു-കിഴക്കൻ ഇന്ത്യയിലെയും മധ്യേന്ത്യയിലെയും ഗോത്രസമൂഹങ്ങളെയാണ്.

പരിണാമപരമായ മാറ്റങ്ങൾക്കൊപ്പം വിപ്ലവകരമായ മുന്നേറ്റങ്ങളും ഉണ്ടാകാറുണ്ട്. സംസ്കാരത്തിന് ത്വരിതഗതിയിൽ മാറ്റങ്ങളുണ്ടാകുമ്പോൾ, അതിന്റെ മൂല്യങ്ങളും അർഥവ്യവസ്ഥകളും സമൂലമായ മാറ്റങ്ങൾക്ക് വിധേയമാകുന്നു. അപ്പോൾ സമൂഹത്തിൽ വിപ്ലവകരമായ മുന്നേറ്റങ്ങൾ സംഭവിക്കുന്നു. രാഷ്ട്രീയ ഇടപെടൽ, സാങ്കേതികമാറ്റങ്ങൾ, പാരിസരിതികമാറ്റങ്ങൾ എന്നിവയെല്ലാം വിപ്ലവകരമായ അവസരങ്ങൾക്ക് തുടക്കം കുറിക്കുന്നു. 1789 ലെ ഫ്രഞ്ച്‌വിപ്ലവം ഫ്രഞ്ച് സമൂഹത്തിൽ സമൂലമായ മാറ്റങ്ങൾ കൊണ്ടുവരുകയുണ്ടായി. അത് ഫ്രാൻസിലെ എസ്റ്റേറ്റ് വ്യവസ്ഥയെ തകർക്കുകയും രാജവാഴ്ച അവസാനിപ്പിക്കുകയും പൗരരിൽ സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ മൂല്യങ്ങൾ സന്നിവേശിപ്പിക്കുകയും ചെയ്തു. അടുത്ത കാലത്തായി ഇലക്ട്രോണിക്-അച്ചടിമാധ്യമങ്ങളുടെ രംഗത്തുണ്ടായ അതിശയകരമായ പുരോഗതി സാംസ്കാരിക മേഖലയിൽ വിപ്ലവങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. സാമൂഹീകരണം എന്ന സങ്കൽപ്പനം മനസ്സിലാക്കാൻ ഒന്നാമത്തെ അധ്യായത്തിലെ വ്യക്തികളും സമൂഹവും തമ്മിലുള്ള പരസ്പരപ്രവർത്തനം എന്നത് ഓർത്തെടുക്കാം.

# III
## സാമൂഹീകരണം (Socialisation)

*"സസ്യങ്ങൾ, കന്നുകാലികൾ, അതിഥികൾ, സദ്യകൾ, ഉത്സവങ്ങൾ, കലഹങ്ങൾ, സുഹൃത്തുക്കൾ, കൂട്ടുകാർ, വിവേചനം, അവഹേളനം മുതലായ നമുക്കു ചുറ്റുപാടുമുള്ളതെല്ലാംകൂടി ചേർന്നതാണ് ഒരു സമ്പൂർണജീവിതം എന്ന് ഞാൻ വിശ്വസിക്കുന്നു. ഇവയിൽ മിക്കവയുടെയും സാന്നിധ്യമുള്ള ഒരിടമാണ് എന്റെ വീട്. എങ്കിലും ജീവിതം ചിലപ്പോൾ സങ്കീർണമാണ്. എന്നാൽ ഇപ്പോൾ ഞാൻ മനസ്സിലാക്കുന്നു, അതെത്ര സമ്പൂർണമായിരുന്നെന്ന്. അത്തരത്തിലുള്ള ഒരു കുട്ടിക്കാലത്തിന് ഞാൻ നന്ദി പറയുന്നു. കാരണം, എന്റെ കുട്ടിക്കാലത്ത് ചിലരുടെ കഷ്ടതകളും അതിലൂടെ ഞാൻ അനുഭവിച്ചറിഞ്ഞ സമഗ്രമായ ധാരണകളും എന്റെ ജീവിതം തിളക്കമുള്ളതാക്കി." (വൈദേഹി 1945)*

ജനനസമയത്ത് ഒരു ശിശുവിന് സമൂഹത്തെക്കുറിച്ചോ സാമൂഹികസ്വഭാവത്തെക്കുറിച്ചോ യാതൊന്നുമറിയില്ല. എന്നാൽ വളർന്നുവരുമ്പോൾ ഭൗതികലോകത്തെക്കുറിച്ചും നല്ല കുട്ടി, ചീത്തക്കുട്ടി, പ്രോത്സാഹിപ്പിക്കപ്പെടുന്ന പെരുമാറ്റം, നിരാകരിക്കപ്പെടുന്ന പെരുമാറ്റരീതി എന്നിവയെക്കുറിച്ചെല്ലാം കുട്ടി മനസ്സിലാക്കുന്നു. നിസ്സഹായനായ ഒരു ശിശു ക്രമേണ സ്വയം ബോധവാനും അറിവുള്ള വ്യക്തിയും ജനിച്ചുവളർന്ന സംസ്കാരത്തിന്റെ രീതികളിൽ നിപുണനുമായിത്തീരുകയും ചെയ്യുന്ന പ്രക്രിയയാണ് സാമൂഹീകരണം. മിഡ്നാപൂരിലെ ചെന്നായ്ക്കുട്ടികളുടെ (Wolf Children of Midnapore) കഥ നിങ്ങൾ കേട്ടിരിക്കുമല്ലോ. 1920–ൽ ബംഗാളിലെ മിഡ്നാപൂരിലുള്ള ഒരു ചെന്നായ്ഗുഹയിൽ രണ്ട് ചെറിയ പെൺകുട്ടികളെ കണ്ടെത്തുകയുണ്ടായി. അവർ മൃഗങ്ങളെ പോലെ നാലുകാലിലാണ് നടന്നിരുന്നത്. പച്ച മാംസമാണ് അവർ കഴിക്കാനിഷ്ടപ്പെട്ടത്. സംസാരിക്കാൻ കഴിവില്ലാതിരുന്ന അവർ ചെന്നായ്ക്കളെ പോലെ ഓരിയിട്ടിരുന്നു. ഇത്തരം സംഭവങ്ങൾ ലോകത്തിന്റെ പലഭാഗങ്ങളിൽനിന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സാമൂഹീകരണമില്ലെങ്കിൽ എന്തു സംഭവിക്കുമെന്ന് ഇത്തരം അനുഭവങ്ങൾ നമുക്ക് കാണിച്ചുതരുന്നു.

നമ്മൾ ഇതുവരെ ചർച്ചചെയ്തത് നവജാതശിശുക്കളുടെ സാമൂഹീകരണത്തെക്കുറിച്ചാണ്. ഒരു കുട്ടിയുടെ ജനനം ആ കുട്ടിയെ വളർത്തിക്കൊണ്ടുവരാൻ ഉത്തരവാദപ്പെട്ടവരുടെ ജീവിതത്തിലും മാറ്റങ്ങൾ വരുത്തുന്നുണ്ട്. പുതിയ പഠനാനുഭവങ്ങൾക്ക് അവരും വിധേയരാവുന്നു. ഇങ്ങനെ നിരവധി പ്രവർത്തനങ്ങളിലൂടെയും അനുഭവങ്ങളിലൂടെയുമാണ് രക്ഷാകർതൃത്വം രൂപപ്പെട്ടുവരുന്നത്. കുടുംബം ഒന്നിലേറെ തലമുറകളെ ബന്ധിപ്പിക്കുന്നു. അച്ഛനമ്മമാരായിരിക്കുന്ന വ്യക്തികൾക്ക് പേരക്കുട്ടികൾ ജനിക്കുന്നതോടെ പുതിയ രീതിയിലുള്ള ബന്ധങ്ങൾ രൂപപ്പെടുന്നു. ഇതുപോലെ സഹോദരങ്ങൾ ജനിക്കുന്നതോടുകൂടി ഒരു ചെറിയ കുട്ടിയുടെ ജീവിതത്തിലും മാറ്റമുണ്ടാകുന്നു.

സാമൂഹീകരണം ഒരു ആജീവനാന്ത പ്രക്രിയയാണെങ്കിലും അതിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രക്രിയകൾ നടക്കുന്നത് ജീവിതത്തിന്റെ ആരംഭഘട്ടങ്ങളിലാണ്, അഥവാ പ്രാഥമിക സാമൂഹീകരണഘട്ടത്തിലാണ്. ദ്വിതീയസാമൂഹീകരണം ഒരു വ്യക്തിയുടെ ജീവിതാവസാനംവരെ നീളുന്നു.

സാമൂഹീകരണം ഒരു വ്യക്തിയിൽ നിർണായകസ്വാധീനം ചെലുത്തുന്നുണ്ടെങ്കിലും, എല്ലാ സ്വാധീനങ്ങളെയും കുട്ടി നിരുപാധികമായി സ്വീകരിക്കുന്ന ഒരു സാംസ്കാരിക നടപടിക്രമ (Cultural Programming) മല്ല സാമൂഹീകരണം. നവജാതശിശുക്കൾപോലും അവരുടെ ആവശ്യങ്ങളും ഇച്ഛകളും കരച്ചിലിലൂടെ പ്രകടിപ്പിച്ച് നേടിയെടുക്കാറുണ്ട്. ഇത്തരത്തിൽ കുഞ്ഞിന്റെ ജനനത്തോടെ ഒരു കുടുംബത്തിലെ ദൈനംദിന ജീവിതക്രമങ്ങൾ പുനക്രമീകരിക്കപ്പെടുന്നത് നിങ്ങൾ കണ്ടിട്ടുണ്ടാകുമല്ലോ.

പദവി, പങ്ക്, സാമൂഹികനിയന്ത്രണം, സംഘങ്ങൾ, സാമൂഹികശ്രേണീകരണം, സംസ്കാരം, വഴക്കങ്ങൾ, മൂല്യങ്ങൾ മുതലായ സങ്കൽപ്പനങ്ങളെല്ലാം സാമൂഹീകരണപ്രക്രിയയെ മനസ്സിലാക്കാൻ നമ്മെ സഹായിക്കും. കുട്ടി ഒരു കുടുംബത്തിലെ അംഗമായിരിക്കുന്നതുപോലെ സഹോദരീസഹോദരന്മാരും മാതാപിതാക്കളും മറ്റു ബന്ധുക്കളുമടങ്ങുന്ന ഒരു വലിയ ബന്ധഗണത്തിലെ അഥവാ കുലത്തിലെ (Clan) അംഗം കൂടിയാണ്. അവൻ/അവൾ ഒരു അണുകുടുംബത്തിലെയോ കൂട്ടുകുടുംബത്തിലെയോ അംഗമാകാം. അതേസമയം അവൻ/അവൾ ഒരു ഗോത്രം, ഉപജാതി, കുലം, മതസംഘം, ഭാഷാവിഭാഗം എന്നിവപോലുള്ള ഒരു വലിയ സമൂഹത്തിലെ അംഗം കൂടിയാണ്. ഈ സംഘങ്ങളിലെയും സ്ഥാപനങ്ങളിലെയും അംഗത്വം ചില പെരുമാറ്റരീതികളും മൂല്യങ്ങളും അവരുടെ മേൽ അടിച്ചേൽപ്പിക്കുന്നു. ഈ അംഗത്വങ്ങൾക്കനുസരിച്ച് അവൻ/അവൾ നിർവഹിക്കേണ്ട ചില ധർമങ്ങളുണ്ട്. ഉദാഹരണത്തിന്, ഒരു മകന്റെയോ മകളുടെയോ പേരക്കുട്ടിയുടെയോ അല്ലെങ്കിൽ ഒരു വിദ്യാർഥിയുടെയോ. ഇവയെല്ലാം ഒരേസമയം നിർവഹിക്കേണ്ട ബഹുമുഖധർമങ്ങളാണ്. ഈ സംഘങ്ങളുടെ വഴക്കങ്ങളും മനോഭാവങ്ങളും മൂല്യങ്ങളും പെരുമാറ്റമാതൃകകളും പഠിക്കുന്ന പ്രക്രിയ ജീവിതാരംഭത്തിൽത്തന്നെ തുടങ്ങുകയും ജീവിതാവസാനം വരെ തുടരുകയും ചെയ്യും.

ഒരു സമൂഹത്തിലെ തന്നെ വിവിധ ജാതികളിലും പ്രദേശങ്ങളിലും സാമൂഹികവർഗങ്ങളിലും മതവിഭാഗങ്ങളിലും ഗോത്രങ്ങളിലും പെട്ട കുടുംബങ്ങളിലെ മാനദണ്ഡങ്ങളും മൂല്യങ്ങളും വ്യത്യസ്തമായിരിക്കും. ഉദാഹരണത്തിന്, ഒരാളുടെ സംസാരഭാഷ അയാൾ ഏതു പ്രദേശത്തുനിന്നു വരുന്നു എന്നതിനെ ആശ്രയിച്ചിരിക്കും. ഒരാളുടെ ഭാഷ, സംസാരഭാഷയോടാണോ അല്ലെങ്കിൽ പ്രമാണവൽക്കരിക്കപ്പെട്ട ലിഖിതഭാഷയോടാണോ അടുത്തിരിക്കുന്നത് എന്നത് കുടുംബത്തിലെ സാമൂഹിക-സാമ്പത്തിക-സാംസ്കാരിക ചുറ്റുപാടിനെ ആശ്രയിച്ചാണിരിക്കുന്നത്.

## സാമൂഹീകരണത്തിന്റെ നിർവാഹകർ (Agencies of Socialisation)

ഒരു കുട്ടിയെ സാമൂഹീകരിക്കുന്ന ധാരാളം ഏജൻസികളും സ്ഥാപനങ്ങളുമുണ്ട്. കുടുംബം, വിദ്യാലയം, സമസംഘം, അയൽപക്കം, തൊഴിൽസംഘം, സാമൂഹികവർഗം, ജാതി, പ്രദേശം, മതം എന്നിവയൊക്കെ അതിലുൾപ്പെടുന്നു.

### കുടുംബം (Family)

കുടുംബസംവിധാനം വ്യത്യസ്തമായിരിക്കുന്നതുപോലെ വിഭിന്ന സംസ്കാരങ്ങളിൽ വളരുന്ന ശിശുക്കളുടെ അനുഭവങ്ങളും വ്യത്യസ്തമായിരിക്കും. നിങ്ങളിൽ പലരും മാതാപിതാക്കൾക്കും സഹോദരങ്ങൾക്കുമൊപ്പം അണുകുടുംബങ്ങളിൽ ജീവിക്കുമ്പോൾ മറ്റു ചിലർ വിസ്തൃതകുടുംബങ്ങളിൽ നിരവധി അംഗങ്ങൾക്കൊപ്പം കഴിയുന്നു. അണുകുടുംബങ്ങളിൽ മാതാപിതാക്കൾ പ്രധാന സാമൂഹീകരണ നിർവാഹകരെങ്കിൽ വിസ്തൃതകുടുംബങ്ങളിൽ മുത്തച്ഛൻ, മുത്തശ്ശി, അമ്മാവൻ അല്ലെങ്കിൽ മച്ചുനൻ എന്നിവർ കൂടുതൽ നിർണായകമാകുന്നു.



ഒരു വീട്ടുജോലിക്കാരിയുടെ മകൾ അവളെ സ്വയം വിലയിരുത്തുമ്പോഴും അവരുടെ അമ്മ ജോലി ചെയ്യുന്ന കുടുംബം വിലയിരുത്തുമ്പോഴും കാണുന്ന സാമ്യ വ്യത്യാസങ്ങൾ എഴുതുക.

ഒരു കുട്ടി വസ്ത്രങ്ങൾക്കായി കൂടുതൽ പണം മുടക്കുമ്പോൾ മറ്റൊരു കുട്ടി വളകൾ വാങ്ങാനായി പണം മുടക്കുന്നു.

ഇവർ ഒരേ സിനിമയും സീരിയലുമാണ് കാണുന്നതെങ്കിലും അവർ വ്യത്യസ്ത ഗ്രാമ്യഭാഷ സ്വീകരിക്കുന്നു.



താഴെ തന്നിരിക്കുന്നവയുടെ സാന്നിധ്യമോ അസാന്നിധ്യമോ ഏതാണ് നിങ്ങളെ ഒരു വ്യക്തിയെന്ന നിലയിൽ ഏറ്റവും കൂടുതൽ സ്വാധീനിക്കുന്നത്.

- (ഉടമസ്ഥത)
  - ടെലിവിഷൻ മ്യൂസിക് സിസ്റ്റം
- (ഇടം)
  - സ്വന്തമായ ഒരു മുറി
- (സമയം)
  - വിദ്യാലയത്തിലെ സമയവും വീട്ടുകാര്യങ്ങളും മറ്റും സന്തുലിതമായി കൊണ്ടുപോവുന്നത്.
- (അവസരങ്ങൾ)
  - യാത്രകൾ, സംഗീതപഠനം
- (നിങ്ങളുടെ ചുറ്റുപാടുകൾ)

ഒരു സമൂഹത്തിലെ സ്ഥാപനങ്ങൾക്കിടയിൽ കുടുംബങ്ങളുടെ സ്ഥാനം വ്യത്യസ്തമാണ്. പരമ്പരാഗത സമൂഹങ്ങളിൽ ഒരു വ്യക്തി ജനിക്കുന്ന കുടുംബമാണ് അയാളുടെ സാമൂഹികപദവി (Social Status) നിർണയിക്കുന്നത്. ഒരു വ്യക്തി ജനിക്കുന്ന കുടുംബത്തിന്റെ പ്രദേശവും സാമൂഹികവർഗവും സാമൂഹീകരണത്തിന്റെ മാതൃകകളെ ഗണ്യമായി ബാധിക്കുന്നു. കുട്ടികൾ അവരുടെ പെരുമാറ്റസവിശേഷതകൾ സ്വായത്തമാക്കുന്നത് മാതാപിതാക്കളിൽനിന്നും അയൽപക്കത്തിൽനിന്നും അല്ലെങ്കിൽ മറ്റുള്ളവരിൽനിന്നുമൊക്കെയാണ്.

ചില കുട്ടികൾ മാതാപിതാക്കളുടെ കാഴ്ചപ്പാടുകൾ തർക്കമെറ്റ രീതിയിൽ സ്വീകരിക്കുന്നു. മാറ്റങ്ങൾ വളരെ വേഗം സംഭവിച്ചുകൊണ്ടിരിക്കുന്ന സമകാലീനലോകത്ത് ഇത് സത്യമാണ്. പ്രത്യേകിച്ചും വ്യത്യസ്ത സാമൂഹീകരണ നിർവാഹകരുടെ സാന്നിധ്യം കുട്ടികളുടെയും കൗമാരക്കാരുടെയും രക്ഷിതാക്കളുടെയും തലമുറകൾക്കിടയിൽ കാഴ്ചപ്പാടുകൾ തമ്മിൽ ധാരാളം വ്യത്യാസങ്ങൾ സൃഷ്ടിക്കുന്നു.

കുടുംബത്തിൽ നിന്നു നിങ്ങൾ പഠിച്ചതിൽ നിന്നു വ്യത്യസ്തമായി സമസംഘത്തിൽ നിന്നോ മാധ്യമങ്ങളിൽനിന്നോ വിദ്യാലയത്തിൽ നിന്നോ അനുഭവപ്പെട്ട ഏതെങ്കിലും ഒരു കാര്യത്തിന് ഉദാഹരണം കണ്ടെത്തുക.

## സമസംഘം (Peer groups)

സാമൂഹീകരണത്തിന്റെ മറ്റൊരു നിർവാഹകഘടകമാണ് സമസംഘം. കുട്ടികളുടെ സമപ്രായക്കാരായ സുഹൃദ്സംഘങ്ങളാണ് സമസംഘങ്ങൾ. ചില സംസ്കാരങ്ങളിൽ പ്രത്യേകിച്ച് പരമ്പരാഗത ചെറുസമൂഹങ്ങളിൽ വയസ്സിന്റെ അടിസ്ഥാനത്തിലാണ് സമസംഘം രൂപപ്പെടുന്നത്. നാലോ അഞ്ചോ വയസ്സിനുമുകളിലുള്ള കുട്ടികൾ അവരുടെ സമപ്രായക്കാരായ സുഹൃത്തുക്കളുമൊത്ത് ധാരാളം സമയം ചെലവഴിക്കുന്നു.

സമസംഘങ്ങൾ എന്ന പദത്തിന് തുല്യർ എന്നാണർഥം. ചെറിയ കുട്ടികൾക്കിടയിലുണ്ടാകുന്ന സൗഹൃദബന്ധങ്ങൾ സമത്വാധിഷ്ഠിതമായിരിക്കും (Egalitarian). കായികമായി ശക്തരായ കുട്ടികൾ മറ്റുള്ളവരുടെ മേൽ ആധിപത്യം സ്ഥാപിക്കാൻ ശ്രമിച്ചേക്കും. എങ്കിലും കുടുംബസാഹചര്യങ്ങളെ അപേക്ഷിച്ച് കൊടുക്കൽ വാങ്ങലുകൾ അവർക്കിടയിൽ കൂടുതലായി നിലനിൽക്കും.

മാതാപിതാക്കൾ അവരുടെ അധികാരമുപയോഗിച്ച് കുട്ടികളുടെമേൽ പെരുമാറ്റച്ചട്ടം അടിച്ചേൽപ്പിക്കാറുണ്ട്. എന്നാൽ സമസംഘങ്ങളിൽ ഇതിനു വിപരീതമായി വ്യത്യസ്ത തരത്തിലുള്ള സഹവർത്തിത്വമാണ് കുട്ടി കണ്ടെത്തുന്നത്. അവിടെ പെരുമാറ്റച്ചട്ടങ്ങൾ പരിശോധിക്കുകയും പരീക്ഷിക്കുകയും ചെയ്യുന്നു.

സമപ്രായക്കാരുമായുള്ള ബന്ധം ഒരു വ്യക്തിയുടെ ജീവിതത്തിലുടനീളം വലിയ സ്വാധീനം ചെലുത്തുന്നു. ഒരേ സ്ഥലത്ത് ജോലിചെയ്യുകയോ മറ്റോ ചെയ്യുന്ന അനൗപചാരിക സംഘങ്ങൾ വ്യക്തികളുടെ മനോഭാ



വവും സ്വഭാവവും രൂപപ്പെടുത്തിയെടുക്കുന്നതിൽ പ്രധാന പങ്കു വഹിക്കുന്നു.



സുഹൃത്തുക്കളുമായും രക്ഷിതാക്കളുമായും മുതിർന്ന ആളുകളുമായുമുള്ള ഇടപെടലുകളിൽ നിങ്ങൾക്കുണ്ടായ അനുഭവം, വ്യത്യാസങ്ങൾ പങ്കുവയ്ക്കുക. എന്താണ് ഇവ തമ്മിലുള്ള വ്യത്യാസം? പദവിയെക്കുറിച്ചും (Status) പങ്കിനെക്കുറിച്ചും (Role) മുൻ അധ്യായങ്ങളിൽ നടത്തിയ ചർച്ചകൾ ഈ വ്യത്യാസങ്ങൾ മനസ്സിലാക്കാൻ നിങ്ങളെ സഹായിച്ചിട്ടുണ്ടോ?

### വിദ്യാലയങ്ങൾ (Schools)

ഒരു നിശ്ചിതമായ പാഠ്യപദ്ധതിയുടെ അടിസ്ഥാനത്തിൽ വിഷയങ്ങൾ പഠിപ്പിക്കുന്ന ഔപചാരിക പ്രക്രിയയാണ് വിദ്യാലയങ്ങളിലെ പഠനം. സ്കൂളുകൾ എല്ലാ അർഥത്തിലും സാമൂഹീകരണത്തിന്റെ ഏജൻസി കൂടിയാണ്. സ്കൂളുകളിൽ ഔപചാരിക പാഠ്യപദ്ധതിയോടൊപ്പം കുട്ടികളുടെ പഠനത്തെ രൂപപ്പെടുത്തുന്ന മറഞ്ഞിരിക്കുന്ന പാഠ്യ (Hidden curriculum) പദ്ധതിയുമുണ്ടെന്ന് സമൂഹശാസ്ത്രജ്ഞർ പറയുന്നു.

ഇന്ത്യയിലെയും ദക്ഷിണാഫ്രിക്കയിലെയും ചില സ്കൂളുകളിൽ പെൺകുട്ടികൾ, അപൂർവമായി ആൺകുട്ടികളും അവരുടെ ക്ലാസ്മുറികൾ വൃത്തിയാക്കണമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. ചില സ്കൂളുകളിൽ ഇതിനെ എതിർക്കാനുള്ള ശ്രമങ്ങൾ നടന്നിട്ടുണ്ട്. അവരിൽനിന്നു നുള്ള സമൂഹം പ്രതീക്ഷിക്കാത്ത ജോലികൾ ചെയ്തുകൊണ്ടാണ് ഈ എതിർപ്പു പ്രകടിപ്പിച്ചത്. ഇത്തരം പ്രവർത്തനങ്ങൾക്ക് ഉദാഹരണങ്ങൾ കണ്ടെത്താമോ?

### ബഹുജനമാധ്യമം (Mass Media)

ബഹുജനമാധ്യമം നമ്മുടെ ദൈനംദിന ജീവിതത്തിന്റെ അവശ്യഘടകമായി മാറിക്കഴിഞ്ഞു. ടെലിവിഷൻ പോലെയുള്ള ഇലക്ട്രോണിക് മാധ്യമങ്ങൾ ഇന്ന് വ്യാപകമാണ്. ഇതു പോലെ അച്ചടിമാധ്യമത്തിന്റെ പ്രാധാന്യവും വർധിച്ചിട്ടുണ്ട്. 19- ാം നൂറ്റാണ്ടിൽ അച്ചടിമാധ്യമങ്ങളുടെ തുടക്കത്തിൽ ഇന്ത്യയിൽ 'പെരുമാറ്റപുസ്തകങ്ങൾ' (Conduct Books) അച്ചടിക്കപ്പെട്ടിരുന്നു. നല്ല വീട്ടമ്മമാരും കൂടുതൽ ശ്രദ്ധാലുക്കളായ ഭാര്യമാരും ആകാനുള്ള നിർദേശങ്ങൾ സ്ത്രീകൾക്ക് അവ നൽകിയിരുന്നു. അത്തരം പുസ്തകങ്ങൾ പല ഭാഷകളിലും പ്രസിദ്ധീകരിക്കപ്പെട്ടു. മാധ്യമങ്ങൾ വിവരങ്ങളുടെ ലഭ്യത കൂടുതൽ ജനാധിപത്യപരമാക്കുന്നു. സാക്ഷരതാകേന്ദ്രങ്ങളോ റോഡുകളോ ഇല്ലാത്ത കുഗ്രാമങ്ങളിൽ പോലും ഇലക്ട്രോണിക് മാധ്യമങ്ങൾക്ക് എത്തിച്ചേരാൻ കഴിയും.

കുട്ടികളിലും യുവാക്കളിലും ടെലിവിഷൻ ചെലുത്തിയ സ്വാധീനത്തെക്കുറിച്ച് നിരവധി ഗവേഷണങ്ങൾ നടന്നിട്ടുണ്ട്. ബ്രിട്ടനിലെ ഒരു പഠനം വെളിപ്പെടുത്തുന്നത് നൂറ് സ്കൂൾ പ്രവൃത്തിദിനങ്ങൾക്ക് തുല്യമായ സമയം കുട്ടികൾ ടി.വി. കാണാൻ ചെലവഴിക്കുന്നു എന്നാണ്. പ്രായപൂർത്തിയായവരും ഇതിൽ ഒട്ടും പുറകിലല്ല. പരിമാണാത്മക കാഴ്ചപ്പാടിൽനിന്നു വ്യത്യസ്തമായി ഇത്തരം ഗവേഷണ കണ്ടെത്തലുകൾ എപ്പോഴും അനുമാനങ്ങളെ നിർണായകമാക്കുന്നില്ല. ടെലിവിഷൻ സ്ക്രീനിൽ കാണുന്ന അക്രമദൃശ്യങ്ങളും അതു കാണുന്ന കുട്ടികളിലെ പെരുമാറ്റവും തമ്മിലുള്ള ബന്ധം ഇപ്പോഴും ചർച്ചചെയ്യപ്പെടുന്നുണ്ട്.

മാധ്യമങ്ങൾ ജനങ്ങളെ എങ്ങനെ സ്വാധീനിക്കുമെന്ന് ഒരാൾക്കും പ്രവചിക്കാനാവില്ല. എന്നാൽ ഒരാളുടെ അനുഭവതലത്തിൽ നിന്നുകൊണ്ട് ആ സ്വാധീനത്തിന്റെ വ്യാപ്തി എത്രയുണ്ടെന്ന് വ്യക്തമായി പറയാൻ കഴിയും. ഉദാഹരണമായി, ഇന്ത്യയിലെ ടി.വി. സീരിയലു



കൾക്കും ചലച്ചിത്രങ്ങൾക്കും നൈജീരിയ, അഫ്ഗാനിസ്ഥാൻ, തിബറ്റിൽ നിന്നുള്ള കുടിയേറ്റക്കാർ എന്നിവർക്കിടയിൽ ധാരാളം പ്രേക്ഷകരുണ്ട്. മഹാഭാരതം മൊഴിമാറ്റം നടത്തി താഷ്കന്റിൽ സംപ്രേഷണം ചെയ്തപ്പോൾ അതിനു വലിയ സ്വീകാര്യതയാണു ലഭിച്ചത്. എന്നാൽ ഇംഗ്ലീഷ് മാത്രം സംസാരിക്കുന്ന ലണ്ടനിലെ കുട്ടികൾ മൊഴിമാറ്റം നടത്താതെയുള്ള മഹാഭാരതം ആവേശത്തോടെ വീക്ഷിച്ചു.

*ഏതാനും വർഷങ്ങൾക്കു മുമ്പ് സംപ്രേഷണം ചെയ്ത ശക്തിമാൻ സീരിയൽ കണ്ട് കുട്ടികൾ കെട്ടിടങ്ങളുടെ മുകളിൽനിന്ന് ചാടി മാരകമായ അപകടങ്ങൾ സംഭവിക്കുകയുണ്ടായി. അനുകരണത്തിലൂടെ പഠിക്കുക എന്നത് ജനങ്ങൾ പലപ്പോഴും ചെയ്യുന്ന ഒരു രീതിയാണ്. കുട്ടികളും ഇതിൽനിന്നു വ്യത്യസ്തരല്ല.*



സ്വന്തം ചുറ്റുപാടുകളിൽനിന്നു വ്യത്യസ്തമായി എങ്ങനെയാണ് ജനങ്ങൾ സീരിയലുകളെ നോക്കിക്കാണുന്നത്? അല്ലെങ്കിൽ മുത്തച്ഛന്റെയോ മുത്തശ്ശിയുടെയോ ഒപ്പം ടെലിവിഷൻ കാണുമ്പോൾ, പ്രോഗ്രാമുകളുടെ മൂല്യങ്ങളെക്കുറിച്ച് തർക്കമുണ്ടാകാറുണ്ട്. അത്തരം അവസരങ്ങളിൽ എന്തെല്ലാം കാഴ്ചപ്പാടുകളാണ് ഉരുത്തിരിയുക? ആ കാഴ്ചപ്പാടുകളിൽ മാറ്റം വരാറുണ്ടോ?

### മറ്റു സാമൂഹീകരണ നിർവാഹകർ (Other Agencies of Socialisation)

മുകളിൽ സൂചിപ്പിച്ച സാമൂഹീകരണ നിർവാഹകരെ കൂടാതെ വ്യക്തികൾ അവരുടെ ജീവിതത്തിലെ നല്ലൊരു പങ്കും ചെലവഴിക്കുന്ന മറ്റു സംഘങ്ങളും സാമൂഹികപശ്ചാത്തലങ്ങളുമുണ്ട്. എല്ലാ സംസ്കാരങ്ങളിലെയും തൊഴിൽ മണ്ഡലങ്ങളിൽ സാമൂഹീകരണം നടക്കുന്നുണ്ട്. വ്യാവസായികസമൂഹങ്ങളിൽ വലിയൊരു വിഭാഗം ജനങ്ങൾ വീടിനു പുറത്താണ് ജോലി ചെയ്യുന്നത്. പരമ്പരാഗതസമൂഹങ്ങളിൽ വീടിനടുത്തുള്ള പാടങ്ങളിലാണ് ജനങ്ങൾ തൊഴിലെടുത്തിരുന്നത്. ചിലർക്ക് വീടുകളിൽത്തന്നെ പണിശാലകളുണ്ടായിരുന്നു.

### സാമൂഹീകരണവും വ്യക്തിസ്വാതന്ത്ര്യവും (Socialisation and Individual Freedom)

സാധാരണഗതിയിൽ ജനങ്ങളെ പൂർണമായും സാമൂഹികമാനദണ്ഡങ്ങളോടു പൊരുത്തപ്പെടുത്താൻ സാമൂഹീകരണത്തിനു കഴിയില്ല എന്നത് തെളിയിക്കപ്പെട്ടതാണ്. പല ഘടകങ്ങളും സംഘർഷത്തെ പ്രോത്സാഹിപ്പിക്കുന്നു. സാമൂഹീകരണ ഏജൻസികൾ തമ്മിൽ, വീടും സമസംഘങ്ങളും തമ്മിൽ, വീടും സ്കൂളും തമ്മിൽ സംഘർഷങ്ങൾ ഉണ്ടായേക്കാം. ജനിച്ചുവളർന്ന സാമൂഹികപശ്ചാത്തലം നമ്മുടെ പെരുമാറ്റത്തെ സ്വാധീനിക്കുന്നു. അതിനാൽ നമ്മുടെ വ്യക്തിത്വത്തെയും സ്വതന്ത്ര ഇച്ഛയെയും അത് കവർന്നെടുക്കുന്നു എന്ന അഭിപ്രായം അടിസ്ഥാനപരമായി തെറ്റാണ്. ജനനം മുതൽ മരണം വരെ നമ്മൾ മറ്റുള്ളവരുമായി പരസ്പര പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. ഇത് നമ്മുടെ വ്യക്തിത്വത്തെയും പാലിച്ചുവരുന്ന മൂല്യങ്ങളെയും പെരുമാറ്റങ്ങളെയും രൂപപ്പെടുത്തുന്നു. അതേസമയം സാമൂഹീകരണം നമ്മുടെ വ്യക്തിത്വവും സ്വാതന്ത്ര്യവും രൂപപ്പെടുന്നതിന്റെ ഉത്ഭവകേന്ദ്രമാണ്. സാമൂഹീകരണം നടന്നുകൊണ്ടിരിക്കുമ്പോൾ നമ്മൾ സ്വത്വബോധവും സ്വതന്ത്രമായി ചിന്തിക്കാനും പ്രവർത്തിക്കാനുമുള്ള കഴിവും വളർത്തി എടുക്കുന്നു. ചുരുക്കത്തിൽ, സാമൂഹീകരണം വ്യക്തിസ്വാതന്ത്ര്യത്തെ അപഹരിക്കുകയല്ല, വളർത്തുകയാണു ചെയ്യുന്നത്.

**സാമൂഹീകരണം എത്രമാത്രം ലിംഗവൽക്കരിക്കപ്പെടുന്നു?**
**(How Gendered is Socialisation)**

*ആൺകുട്ടികൾ തെരുവിനെ കാഴ്ചകൾ കാണാനും ഓടിക്കളിക്കാനും സമയം പോക്കാനും നടക്കാനുമൊക്കെ ഉപയോഗപ്പെടുത്തുമ്പോൾ പെൺകുട്ടികൾക്കത് സ്കൂളിൽ നിന്നു നേരെ വീട്ടിലെത്താനുള്ള ഒരു വഴി മാത്രമായി പരിണമിക്കുന്നു. മാത്രമല്ല ആക്രമിക്കപ്പെടുമെന്ന ഭയത്താൽ സംഘം ചേർന്നാണവർ സഞ്ചരിക്കുന്നത്. (കുമാർ: 1986)*

മുകളിൽ കൊടുത്ത പ്രസ്താവന വായിച്ച് സാമൂഹീകരണപ്രക്രിയ എങ്ങനെയാണ് ലിംഗവൽക്കരിക്കപ്പെടുന്നത് എന്നു ചർച്ചചെയ്യുക.



നാലു പാഠങ്ങൾ പൂർത്തിയാക്കി. അടുത്ത പേജ് ശ്രദ്ധാപൂർവം വായിക്കുക. താഴെ പറയുന്ന പ്രമേയങ്ങൾ ചർച്ചചെയ്യുക.

- മുതിർന്നവർക്കെതിരായുള്ള പെൺകുട്ടികളുടെ വിപ്ലവത്തിൽ വ്യക്തിയും സമൂഹവും തമ്മിലുള്ള ബന്ധം.
- ഗ്രാമങ്ങളിലും പട്ടണങ്ങളിലും സംസ്കാരത്തിന്റെ നൈതികതലങ്ങൾ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?
- പുരോഹിതന്റെ മകളെ മണി മുഴക്കാൻ അനുവദിക്കുന്നതിലെ ആരോപിതപദവി.
- 'അവളെ സ്കൂളിലെ സഹപാഠികൾ ആരും ഈ രീതിയിൽ കാണാത്തതിൽ സമാധാനിച്ചു.' എന്ന വാക്യം സാമൂഹിക ഏജൻസികൾ തമ്മിലുള്ള സംഘട്ടനത്തിന് ഉദാഹരണമാണ്. ഇത് വ്യക്തമാക്കുന്ന ഏതെങ്കിലും വാക്യം കണ്ടെത്താമോ?

സൂചന:

ലിംഗപരം + മുടിചീകുന്നു, അകമ്പടി, ശിക്ഷ, ശ്രേഷ്ഠമായ പപ്പടത്തിന്റെ സാന്നിധ്യം, നിശ്ശബ്ദത, കാൽപ്പന്ത് കളിക്കാതിരിക്കൽ.

ഇന്നു വൈകുന്നേരത്തെ ക്ഷേത്രദർശനം അസാധാരണമായ ഒരു ആവേശത്തിലാണ്. ഉച്ച തിരിഞ്ഞ് ഭക്ഷണത്തിനു മുമ്പ് മണി മുഴക്കാനുള്ള തീരുമാനം പ്രഖ്യാപിച്ചപ്പോൾ അവൾക്കും മുതിർന്നവർക്കുമിടയിൽ ഒരു തർക്കമുണ്ടായി.

തങ്കത്തിന് മണിമുഴക്കാമെങ്കിൽ എന്തുകൊണ്ട് തനിക്ക് കഴിയില്ല - അവൾ കോപത്തോടെ ചോദ്യംചെയ്തു. ഞെട്ടലോടെ ഉയർന്ന ശബ്ദത്തിൽ അവർ പ്രതിഷേധിച്ചു. ക്ഷേത്രത്തിലെ പൂജാരിയുടെ മകളാണ് തങ്കം. മണി തൊടാൻ അവൾക്ക് അനുവാദമുണ്ട്. തങ്കം ഒളിച്ചുകളിക്കാൻ വരുന്ന ഓരോ ദിവസവും അവൾ മറ്റുള്ളവരിൽനിന്നും വ്യത്യസ്തമായി പെരുമാറാറില്ല. അവൾ കോപാകുലയായി പ്രതികരിച്ചു. കൂടാതെ ഞങ്ങൾ ദൈവത്തിനുമുന്നിൽ തുല്യരാണെന്ന് മറ്റുള്ളവരെ പരിഹസിച്ചുകൊണ്ട് അവൾ കൂട്ടിച്ചേർത്തു. എന്നാൽ ഉച്ചഭക്ഷണത്തിനുശേഷം അവർ പിറുപിറുക്കുന്നത് കേട്ടു: "എതു ഇംഗ്ലീഷ് സ്കൂളിലാണ് അവൾ പോകുന്നത്."

അവർ അവളെ ഗൗരവമായി എടുത്തില്ലെന്ന് ഉറപ്പുണ്ടായിരുന്നു. അത് മുതിർന്നവരുടെ പ്രശ്നമാണ്. അവൾക്ക് പ്രായമാകുമ്പോൾ എല്ലാം മനസ്സിലാവും എന്ന് അവർ പ്രതീക്ഷിച്ചു. അവൾ അവരുടെ അധികാരവും വൈഭവവും ചോദ്യം ചെയ്യാതെ അംഗീകരിക്കുമെന്നും എതിർത്തുനിൽക്കാൻ സ്വപ്നം കാണില്ലെന്നും വിചാരിച്ചു. ഈ സമയം വീണ്ടും വീട്ടിൽ അവൾ അസുഖകരമായ രീതിയിൽ തന്റെ മുടി ഒതുക്കി കെട്ടുന്നതിന് സഹകരിക്കേണ്ടിവന്നു. ഓരോ മുടിയും നിവർന്നതും തിളക്കമുള്ളതും അവസാനം മുടിയുടെ അറ്റം ജീവനറ്റതുപോലെ പിന്നിൽ തൂങ്ങിക്കിടക്കുന്നതുവരെ അവളുടെ മുത്തശ്ശി മുടിയിൽ എണ്ണ പുരട്ടി. എന്നിട്ട് അവളുടെ തലയിൽ ഒരു കൈകൊണ്ട് മുടി ഒതുക്കി ഉയർത്തി മുറുക്കി തലക്കു മുകളിൽ കെട്ടി. സഹപാഠികൾ കാണാതിരുന്നതിൽ അവൾ സമാധാനിച്ചു.

അനുഗമിക്കപ്പെടുന്നത് തനിക്ക് എത്രമാത്രം പരിഹാസ്യമായി തോന്നുന്നുവെന്ന് അവർക്ക് എന്താണ് മനസ്സിലാകാത്തത്... പണ്ടു പട്ടണത്തിലായിരിക്കുമ്പോൾ ഞാൻ എല്ലാ ദിവസവും വിദ്യാലയത്തിലേക്ക് നടന്നുപോകുമായിരുന്നുവെന്ന് അമ്മയോട് എത്രതവണ പറഞ്ഞതാണ്... ശ്രീകൃഷ്ണന്റെ അമ്പലത്തിനോടു ചേർന്നുള്ള പറമ്പിൽ കാൽപന്ത് കളി തുടങ്ങിക്കഴിഞ്ഞത് അവൾ ശ്രദ്ധിച്ചിരുന്നു. കളിക്കാരെ നിരീക്ഷിക്കുന്നത് അവൾക്ക് വളരെ താൽപ്പര്യമായിരുന്നു. പ്രത്യേകിച്ച് ആ കളിയുടെ ഊർജസ്വലതയിൽ ആനന്ദം കണ്ടെത്തുന്നതിലും അതിലെ പരുഷമായ ശബ്ദത്തിലുള്ള വിവരണങ്ങൾ കേളുനായരെ തീവ്രമായി പ്രകോപിപ്പിച്ചതും...

തിരക്കേറിയ പ്രധാന ദേവാലയത്തിൽ അവൾ വേഗത്തിൽ വന്നു. അവളുടെ തീരുമാനത്തെക്കുറിച്ച് പശ്ചാത്തപിക്കുന്നതിന് മുമ്പ് അവൾ തിക്കിത്തിരക്കി മുതിർന്ന സ്ത്രീകളുടെ ഇടയിലൂടെ കുഴപ്പംപിടിച്ച പടികളിൽ നീങ്ങി. മുകളിലുള്ള വലിയ മണിയുടെ കാഴ്ച അവളിൽ ആവേശം ജനിപ്പിച്ചു. കേളുനായരുടെ ഭ്രാന്തചിത്തനായ ഭീഷണികൾ അവൾക്ക് തിരിച്ചറിയാൻ കഴിഞ്ഞു. പക്ഷേ, അവൾ മുകളിലെത്തി, മണി മുഴക്കി. അത്യുച്ചത്തിൽ മുഴങ്ങുന്ന മണിയുടെ ശബ്ദത്തിൽ, എന്താണ് സംഭവിക്കുന്നതെന്ന് കേളുനായർ മനസ്സിലാക്കുന്നതിന് മുമ്പ് അവൾ പടികൾ താഴെക്കിറങ്ങി. കേളുനായർ തന്നെ വലിച്ചിഴക്കാൻ അനുവദിക്കുമ്പോഴും ഇരുണ്ട നോട്ടങ്ങളും പിന്തുടരുന്ന ഒതുങ്ങിയ മർമരങ്ങളും അവൾ മങ്ങലോടെ തിരിച്ചറിഞ്ഞു... അവൾ ദാരുണമായ അഭിമാനഭംഗത്തിലായിരുന്നു. ചുണ്ടുകൾ പൂട്ടിക്കെട്ടിയ അവരുടെ നിശ്ശബ്ദത ഭാഷണത്തേക്കാൾ അപരിമിത വാചാലതയായിരുന്നു... അത്താഴത്തിന് തന്റെ പ്രിയപ്പെട്ട പപ്പടത്തിന്റെ ശ്രദ്ധേയമായ അസാന്നിധ്യംപോലെ...

(From The Bell, by Gita Krishnakutty)



### അൽപ്പംകൂടി...

ഒരു പ്രത്യേക സംസ്കാരത്തിന്റെ അനുഗുണ അംഗമായിത്തീരാൻ വേണ്ടുന്ന മനോഭാവങ്ങളും മൂല്യങ്ങളും പ്രവൃത്തികളും വ്യക്തി ആർജിക്കുന്ന പ്രക്രിയയാണ് സാമൂഹീകരണം. ഉദാഹരണത്തിന്, എസ്കിമോ കുട്ടികൾ പക്ഷികളുടെയും മത്സ്യങ്ങളുടെയും വേവിക്കാത്ത (പാകം ചെയ്യാത്ത) കുടൽമാല ആസ്വദിച്ച് ഭക്ഷിക്കാറുണ്ട്. ചൈനക്കാരായ കുട്ടികൾ പന്നിയുടെ ആമാശയ കോശങ്ങൾ രുചിക്കാൻ പഠിക്കുന്നു. എന്നാൽ നമ്മൾ ഇത്തരം വസ്തുക്കൾ ഭക്ഷിക്കുന്ന തരത്തിൽ സാമൂഹീകരിക്കപ്പെട്ടിട്ടില്ല. സാമൂഹീകരണം എന്നത് പ്രായത്തിനും ലിംഗഭേദത്തിനും (Gender) സാമൂഹികപശ്ചാത്തലത്തിനും അനുസൃതമായി സമൂഹം നമ്മിൽനിന്നു പ്രതീക്ഷിക്കുന്നതിനോടും ചേർന്നുനിൽക്കലാണ്. ജീവശാസ്ത്രപരമായ കുട്ടി (Biological child) സവിശേഷമായ സാംസ്കാരികസ്വത്വം (Cultural identity) നേടുകയും അതിനൊപ്പം പ്രതികരിക്കാൻ പഠിക്കുകയും ചെയ്യുന്നതാണ് സാമൂഹീകരണം എന്നു ചുരുക്കിപ്പറയാം. സാമൂഹീകരണം എന്നത് എല്ലാ സങ്കീർണതയോടും കൂടിയ സാമൂഹികപഠനപ്രക്രിയയാണ്. പ്രാഥമികം അല്ലെങ്കിൽ അടിസ്ഥാന സാമൂഹിക സ്ഥാപനങ്ങളിൽനിന്നുള്ള അബോധമായ വ്യക്ത്യധിഷ്ഠിത പ്രക്രിയയാണ് (Subjective Process) സാമൂഹീകരണം. എന്നാൽ വിദ്യാഭ്യാസം (Education) ഒരു സുബോധ പരിശ്രമമാണ്. അത് ദ്വിതീയ സാമൂഹികസ്ഥാപനങ്ങളിൽ നിന്ന് മനപ്പൂർവം ലഭിക്കുകയും ചെയ്യുന്നു.
(ഉദാ : വിദ്യാലയം)

***Reference***

P. M.Nayak, 2016. Sociology of Education. New Delhi ; Best publishing house



**സാംസ്കാരിക പരിണാമത്വം (Cultural Evolutionism)**

പ്രകൃതിയിലെ മറ്റിനങ്ങളെപ്പോലെ സംസ്കാരവും വ്യത്യസ്തതകളിലൂടെയും സ്വാഭാവിക തിരഞ്ഞെടുപ്പിലൂടെയും പരിണാമത്തിനു വിധേയമാകുന്നു എന്നവകാശപ്പെടുന്ന സിദ്ധാന്തമാണിത്.

**എസ്റ്റേറ്റ് സമ്പ്രദായം (Estate System)**

ഫ്യൂഡൽകാലഘട്ടത്തിൽ യൂറോപ്പിൽ നിലനിന്നിരുന്ന തൊഴിലിന്റെ അടിസ്ഥാനത്തിലുള്ള ഒരു ശ്രേണീകരണ രീതിയാണിത്. പ്രഭുക്കൾ, പുരോഹിതർ, സാധാരണക്കാർ എന്നിവരാണ് ഈ മൂന്ന് എസ്റ്റേറ്റുകൾ. അവസാന വിഭാഗക്കാർ മുഖ്യമായും തൊഴിലാളികളും മധ്യവർഗവിഭാഗത്തിൽപ്പെട്ടവരുമായിരുന്നു. ഓരോ എസ്റ്റേറ്റും അതിന്റെ പ്രതിനിധികളെ തിരഞ്ഞെടുത്തിരുന്നു. എന്നാൽ കർഷകർക്കും തൊഴിലാളികൾക്കും വോട്ടവകാശം ഉണ്ടായിരുന്നില്ല.

**ബൃഹതപാരമ്പര്യം (Great Tradition)**

എഴുതപ്പെട്ടതും സമൂഹത്തിലെ വിദ്യാസമ്പന്നരും അറിവുള്ളവരുമായ കുലീനർക്കു സ്വീകാര്യവുമായ സംസ്കാരത്തിന്റെ അഥവാ പാരമ്പര്യത്തിന്റെ സ്വഭാവഗുണങ്ങളെ ബൃഹദ്പാരമ്പര്യം എന്നു വിളിക്കുന്നു.

**ലഘുപാരമ്പര്യം (Little Tradition)**

വാമൊഴിയിലൂടെ ഗ്രാമീണതലത്തിൽ പ്രചരിക്കപ്പെടുന്ന സാംസ്കാരിക ഗുണങ്ങളെ അഥവാ പാരമ്പര്യങ്ങളെ ലഘുപാരമ്പര്യം എന്നു പറയുന്നു.

**ആത്മബിംബം (Self Image)**

മറ്റുള്ളവരുടെ കണ്ണിലൂടെ പ്രതിഫലിക്കുന്ന ഒരാളുടെ രൂപം.

**സാമൂഹികപങ്ക് (Social Roles)**

ഒരു വ്യക്തിയുടെ സാമൂഹികപദവിക്കും സ്ഥാനത്തിനുമനുസരിച്ചുള്ള അധികാരങ്ങളും ചുമതലകളും.

**സാമൂഹീകരണം (Socialisation)**

നാം സമൂഹത്തിലെ ഒരംഗമായിത്തീരുന്ന പ്രക്രിയയാണ് സാമൂഹീകരണം.

**ഉപസംസ്കാരം (Sub Culture)**

വലിയ സംസ്കാരങ്ങൾക്കുള്ളിൽ കാണുന്ന പ്രത്യേക വിശ്വാസങ്ങളും മൂല്യങ്ങളും പ്രതീകങ്ങളുമുള്ള വേറിട്ട ജനവിഭാഗങ്ങളുടെ സംസ്കാരം.



1. ദൈനംദിന ജീവിതത്തിൽ സംസ്കാരം എന്ന വാക്ക് ഉപയോഗിക്കുന്നതും സമൂഹശാസ്ത്രത്തിൽ സംസ്കാരത്തെ മനസ്സിലാക്കുന്നതും എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?
2. സംസ്കാരത്തിന്റെ വ്യത്യസ്ത മാനങ്ങൾ കൂടിച്ചേർന്ന് എങ്ങനെയാണ് ഒരു പൊതുസംസ്കാരം രൂപപ്പെടുന്നത് എന്നു വിശകലനം ചെയ്യുക.
3. നിങ്ങൾക്കു പരിചയമുള്ള ഏതെങ്കിലും രണ്ടു സംസ്കാരങ്ങൾ താരതമ്യം ചെയ്യുക.
4. സാമൂഹികമാറ്റങ്ങളെക്കുറിച്ച് പഠിക്കാൻ അവലംബിക്കാവുന്ന രണ്ടു സമീപനരീതികൾ ചർച്ചചെയ്യുക.
5. സാർവജനീനതയെ ആധുനികതയുമായി താരതമ്യം ചെയ്യുക.
6. വംശകേന്ദ്രോന്മുഖത നിരീക്ഷിച്ച് ഉദാഹരണങ്ങൾ നൽകുക.
7. നിങ്ങളുടെ തലമുറയിലെ സാമൂഹീകരണത്തിൽ ഏറ്റവും സ്വാധീനം ചെലുത്തുന്ന ഏജന്റ് ഏതാണ്? ഇത് മുമ്പുള്ളവയിൽനിന്നു വ്യത്യസ്തമാണെന്നു നിങ്ങൾ കരുതുന്നത് എന്തുകൊണ്ട്?




ARMILLAS, PEDRO. 1968. 'The concept of civilisation', in SILLS, DAVID. ed. *The International Encyclopedia of Social Science*. Free Press-Macmillan, New York.

BERGER, P.L. 1963. *Invitation to Sociology : A Humanistic Perspective*. Penguin, Harmondsworth.

GEERTZ, CLIFFORD. 1973. *The Interpretation of Cultures*. Basic Books, New York.

GIDDENS, ANTHONY. 2001. *Sociology.* Polity Press, Cambridge.

Indira Gandhi National Open University (IGNOU), Unit 9, *Agencies of Socialisation.*

Indira Gandhi National Open University (IGNOU), Unit 8, *Nature of Socialisation.*

KOTTAK, CONRAD P. 1994. *Anthropology : The Exploration of Human Diversity*. Sixth Edition, McGraw-Hill, New York.

KUMAR, KRISHNA. 1986. 'Growing up Male', in *Seminar*. No. 318, February.

LARKIN, BRIAN. 2002. 'Indian Films and Nigeria Lovers, Media and the Creation of Parallel Modernities', in ed. XAVIER, JONATHAN. and ROSALDO, RENATO. *The Anthropology of Globalisation : A Reader.* Blackwell, Malden.

MALINOWSKI, BRONISLAW. 1931. 'Culture', in SELIGMAN. ed. *Encyclopedia of the Social Sciences*. Macmillan, New York.

MUKHERJI, D.P. 1948/1979. *Sociology of Indian Culture*. Rawat Publications, Jaipur.

TYLOR, EDWARD B. 1871/1958. *Primitive Culture : Researches onto the Development of Mythology, Philosophy Religion, Art and Custom.* 2 volumes. Volume 1: *Origins of Culture*. Volume 2. *Religion in Primitive Culture*. Gloucester, Mass, Smith.


VOGT, EVON Z. 1968. 'Culture Change', in SILLS, DAVID. ed. *The International Encyclopedia of Social Science*. Free Press-Macmillan, New York.

WILLIAMS, RAYMOND. 1976. *Keywords : A Vocabulary of Culture and Society*. Fontana/Croom Helm, London.

# സമൂഹശാസ്ത്രപഠനം- ഗവേഷണരീതികൾ

# 5

# DOING SOCIOLOGY- RESEARCH METHODS



I

## ആമുഖം

മറ്റുവിഷയങ്ങളെ അപേക്ഷിച്ച്, ഏറെപ്പേർക്കും സുപരിചിതമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന സമൂഹശാസ്ത്രമെന്ന വിഷയത്തെ ശാസ്ത്രം എന്നു വിളിക്കുന്നതെന്തുകൊണ്ട് എന്ന് എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ?

സാമൂഹികകൂട്ടായ്മകൾ (Social groups), സാമൂഹികസ്ഥാപനങ്ങൾ (Social institutions), നിയമങ്ങൾ (Law), ബന്ധങ്ങൾ (Relations) എന്നിവയെക്കുറിച്ചെല്ലാം സമൂഹത്തിൽ ജീവിക്കുന്ന ഓരോരുത്തർക്കും അനുഭവപരിജ്ഞാനമുണ്ട് എന്നിരിക്കെ, ഒരു സമൂഹശാസ്ത്രജ്ഞൻ സമൂഹത്തിലെ മറ്റ് അംഗങ്ങളിൽനിന്ന് എങ്ങനെയാണ് വ്യത്യസ്തനാകുന്നത്? എന്തുകൊണ്ടാണ് അദ്ദേഹത്തെ സമൂഹശാസ്ത്രജ്ഞൻ എന്നു വിളിക്കുന്നത്?

എല്ലാ ശാസ്ത്രങ്ങളിലെയും പോലെ സമൂഹ ശാസ്ത്രത്തിലും പഠനവിഷയത്തെ ക്കുറിച്ചുള്ള അറിവ് 'എങ്ങനെ നേടിയെടുത്തു', അതിനുപയോഗിച്ച രീതി എന്താണ് എന്നുള്ള താണ് നിർണായകം. സമൂഹത്തെക്കുറിച്ച് മറ്റുള്ളവരേക്കാൾ എത്ര കൂടുതൽ അറിയാം, എന്തൊ ക്കെയറിയാം എന്നതിനേക്കാൾ ഒരു സമൂഹ ശാസ്ത്രജ്ഞ(ൻ)യെ സംബന്ധിച്ചിട ത്തോളം ഏതു രീതിയിലാണ് അറിവു നേടിയെടുത്തത് എന്നതാണ് പ്രാധാന്യ മർഹിക്കുന്ന കാര്യം.

മുൻപുള്ള അധ്യായങ്ങളിൽ ചർച്ചചെയ് തതു പോലെ സമൂഹശാസ്ത്രം താൽപ്പര്യം കാണിക്കുന്നത് ജനങ്ങളുടെ ജീവിതത്തിന്റെ നേരനുഭവങ്ങൾ (lived experience). കൂട്ടുകെട്ട്, മതം, വിപണിയിലെ വിലപേശൽ എന്നിങ്ങ നെയുള്ള സാമൂഹിക പ്രതിഭാസങ്ങളെക്കുറിച്ച് പഠിക്കുമ്പോൾ, സമൂഹശാസ്ത്രജ്ഞർ കൂടെനിൽക്കുന്ന വരെയും അതിലുൾപ്പെട്ട ജനങ്ങളെയും നിരീക്ഷണവിധേയമാക്കുന്നു. ഒപ്പം അവരുടെ അഭിപ്രായങ്ങളും തോന്നലു കളും അറിയാൻ ശ്രമിക്കുന്നു. ഇതുവഴി പഠനവിധേയമാക്കുന്ന ജനങ്ങളുടെ കാഴ്ച പ്പാടുകളിലൂടെ ലോകത്തെ വീക്ഷിക്കാനാണ് സമൂഹശാസ്ത്രജ്ഞർ ശ്രമിക്കുന്നത്. ഉദാഹരണത്തിന്, വ്യത്യസ്ത സംസ്കാര ങ്ങളിൽ സുഹൃദ്ബന്ധങ്ങൾക്ക് കൽപ്പിക്കുന്ന പ്രാധാന്യം, ഒരു പ്രത്യേക ആചാരത്തിലോ അനുഷ്ഠാനത്തിലോ ഏർപ്പെട്ടിരിക്കുന്ന വ്യക്തിയിലുണ്ടാകുന്ന ചിന്ത, വിലപേശൽ നടത്തുന്ന കടയുടമയും ഉപഭോക്താവും തങ്ങളുടെ വാക്കുകളെയും ആംഗ്യങ്ങളെയും പരസ്പരം എങ്ങനെയാണ് വ്യാഖ്യാനിക്കുന്നത് തുടങ്ങിയ കാര്യങ്ങളെല്ലാം സമൂഹശാസ്ത്ര പഠനത്തിലെ താൽപ്പര്യമേഖലകളാണ്. ഇത്തരം വിഷയങ്ങളെയെല്ലാം അതിലുൾപ്പെട്ട വരുടെയും അതിനു പുറത്തുള്ള വരുടെയും കാഴ്ചപ്പാടുകളിലൂടെ വിലയിരുത്തേണ്ടതാണ് എന്നുള്ളത് സമൂഹശാസ്ത്ര ഗവേഷണത്തിൽ കൈക്കൊള്ളേണ്ട 'പഠന രീതി'യുടെ പ്രാധാന്യം വർധിപ്പിക്കുന്നു.

## II

### രീതിശാസ്ത്രപരമായ ചില പ്രശ്നങ്ങൾ (Some Methodological issues)

രീതിയുടെ പഠനമാണ് രീതിശാസ്ത്രം (Methodology). ശാസ്ത്രീയ വിവരശേഖരണം ഏതെങ്കിലും ഒരു പ്രത്യേക രീതിയെയോ സാങ്കേതികതയെയോ പ്രക്രിയയെയോ മാത്രം ആശ്രയിച്ചു നിൽക്കുന്നതല്ല. ഇത്തരത്തിൽ ശാസ്ത്രീയമായ വിവരശേഖരണവുമായി ബന്ധപ്പെട്ടു നേരിടുന്ന ബുദ്ധിമുട്ടുകളാണ് രീതിശാസ്ത്രപരമായ പ്രശ്നങ്ങൾ. ഓരോ പഠനശാഖയും തങ്ങൾക്ക് അനുയോജ്യമായ രീതികൾ വികസിപ്പിച്ചുകൊണ്ടാണ് നിലനിൽ ക്കുകയും വളരുകയും ചെയ്യുന്നത്. സമൂഹ ശാസ്ത്രഗവേഷണം സാധാരണയായി നേരി ടുന്ന ചില രീതിശാസ്ത്രപ്രശ്നങ്ങൾ നമുക്കി വിടെ ചർച്ചചെയ്യാം.

#### വസ്തുനിഷ്ഠതയും ആത്മനിഷ്ഠതയും സമൂഹശാസ്ത്രത്തിൽ (Objectivity and Subjectivity in Sociology)

മുൻവിധികളില്ലാതെ നിഷ്പക്ഷമായി വസ്തുതകളെ മാത്രം അടിസ്ഥാനമാക്കിയ ഒന്നിനെയാണ് വസ്തുനിഷ്ഠം (Objective) എന്നു പറയുന്നത്. നാം വസ്തുനിഷ്ഠമായ ഒരു സമീപനം സ്വീകരിക്കുമ്പോൾ അതിൽ നമ്മുടെ വികാരവിചാരങ്ങൾക്കു സ്ഥാനം നൽകാൻ പാടില്ല. നേരെമറിച്ച്, വ്യക്തിഗത മൂല്യങ്ങളും പരിഗണനകളും മുൻനിർത്തിയുള്ള ഒരു നിലപാടിനെയാണ് ആത്മനിഷ്ഠം (Subjective) എന്നു പറയുന്നത്. വ്യക്തിയുടെ വികാരങ്ങളും താൽപ്പര്യങ്ങളും അതിൽ പ്രതിഫലിക്കും. എല്ലാ ശാസ്ത്രങ്ങളും വസ്തുനിഷ്ഠ മായിരിക്കണം എന്നാണ് പ്രതീക്ഷിക്കപ്പെ ടുന്നത്. അവ വസ്തുതകൾ മാത്രം

അടിസ്ഥാനമാക്കിയിട്ടുള്ള നിഷ്പക്ഷമായ അറിവ് സൃഷ്ടിക്കണമെന്ന് അർഥം. എന്നാൽ, പ്രകൃതിശാസ്ത്രങ്ങളി (Natural science) ലേതുപോലെ സമൂഹ ശാസ്ത്രത്തിൽ വസ്തുനിഷ്ഠതയിൽ മാത്രം ഊന്നിയ പഠനങ്ങൾ നടത്താൻ ബുദ്ധിമുട്ടാണ് എന്നതാണ് വസ്തുത.

ഉദാഹരണത്തിന്, ഒരു ഭൂഗർഭശാസ്ത്ര ജ്ഞൻ പാറകളെക്കുറിച്ച് അല്ലെങ്കിൽ സസ്യശാസ്ത്രജ്ഞ ചെടികളെക്കുറിച്ച് പഠിക്കുമ്പോൾ വ്യക്തിപരമായ മുൻവിധികളോ മുൻഗണനകളോ അവരുടെ ജോലിയെ ബാധിക്കാൻ സാധ്യതയില്ല. കാരണം, അവർ ഗവേഷണവസ്തുവിന്റെ ഭാഗമല്ലാത്തതു കൊണ്ട് വസ്തുവിനോടുള്ള അടുപ്പമോ ഒരു പ്രത്യേക ശാസ്ത്രീയസിദ്ധാന്തത്തോടുള്ള അവരുടെ താൽപ്പര്യമോ ഗവേഷണഫലത്തെ സ്വാധീനിക്കുകയില്ല. എന്നാൽ ഇതിൽനിന്നു വിഭിന്നമായി സമൂഹശാസ്ത്രജ്ഞർ അവരുൾ പ്പെടുന്ന ലോകത്തെക്കുറിച്ചുതന്നെയാണ് പഠനം നടത്തുന്നത്. ഇവിടെ മാനുഷിക ബന്ധ ങ്ങളുടെ സാമൂഹികാവസ്ഥയും സമൂഹ ശാസ്ത്രം പോലെയുള്ള സാമൂഹ്യശാസ്ത്രങ്ങ ളുടെ വസ്തുനിഷ്ഠതയെ ബാധിക്കുന്നു.

ഒന്നാമതായ ഏറ്റവും പ്രധാന പ്രശ്നമാണ് പക്ഷപാതം (Bias). സമൂഹ ത്തിലെ അംഗം എന്ന നിലയിൽ സമൂഹ ശാസ്ത്രജ്ഞർക്കും അവരുടേതായ ഇഷ്ടാനിഷ്ടങ്ങൾ ഉണ്ടായി രിക്കും. കുടുംബബന്ധങ്ങളെക്കുറിച്ച് പഠി ക്കുന്ന ഒരു സമൂഹശാസ്ത്രജ്ഞനും ഒരു കുടുംബത്തിലെ അംഗമായിരിക്കും. സ്വാഭാവിക മായും, അദ്ദേഹത്തിന്റെ അനുഭവങ്ങളും ഗവേഷണപഠനത്തെ സ്വാധീനിക്കാൻ സാധ്യതയുണ്ട്. പഠനം നടത്തുന്ന സംഘങ്ങ ളുമായി സമൂഹശാസ്ത്രജ്ഞർക്കു നേരിട്ടു ബന്ധമില്ലെങ്കിലും സ്വന്തം മൂല്യങ്ങളും മുൻ വിധികളും അദ്ദേഹത്തെ സ്വാധീനിച്ചേക്കാം. ഉദാഹരണത്തിന് താനുൾപ്പെട്ടിട്ടില്ലാത്ത ജാതി യെക്കുറിച്ചോ മതത്തെക്കുറിച്ചോ ഒരു സമൂഹ ശാസ്ത്രജ്ഞൻ പഠനം നടത്തുമ്പോൾ അവരെ ക്കുറിച്ച് മുൻകാലത്തു നിലനിന്നിരുന്നതും ഇപ്പോൾ നിലനിൽക്കുന്നതുമായ മനോഭാ വങ്ങൾ അദ്ദേഹത്തെയും സ്വാധീനിച്ചേക്കാം. ഇത്തരം പരിമിതികളിൽനിന്ന് സമൂഹ ശാസ്ത്ര ഗവേഷകർക്ക് എങ്ങനെ സുരക്ഷിത രാകാം? വസ്തു നിഷ്ഠത കൈവരിക്കാനുള്ള ഒരു പ്രധാനമാർഗം ഗവേഷണവിഷയ ത്തെക്കുറിച്ചുള്ള സ്വന്തം ആശയങ്ങളും വികാരങ്ങളും കൃത്യമായും തുടർച്ചയായും പരിശോധനയ്ക്കു വിധേയ മാക്കുക എന്നതാണ്. ഒപ്പം, സമൂഹ ശാസ്ത്രജ്ഞർ, തന്നെയും തന്റെ ഗവേഷണത്തെയും മറ്റുള്ള വരുടെ കണ്ണിലൂടെ കാണാൻ ശ്രമിക്കണം. ഈ തന്ത്രത്തെ സ്വയം – പ്രതിഫലനം (Self re-flexivity) എന്നു വിളിക്കുന്നു. ഇത്തരത്തിൽ സമൂഹശാസ്ത്ര ജ്ഞർക്ക് സ്വന്തം മനോഭാവ ങ്ങളെയും അഭിപ്രായങ്ങളെയും ആത്മപരി ശോധനയ്ക്ക് വിധേയമാക്കാനാവണം. ഇതിലൂടെ മറ്റുള്ള വരുടെ അഭിപ്രായങ്ങളെ, പ്രത്യേകിച്ച് ഗവേഷണ വിധേയമാക്കുന്ന വരുടെ അഭിപ്രായങ്ങളെ അതേപടി സ്വീകരി ക്കാൻ ഒരു പരിധി വരെ സാധിക്കുന്നു.

സ്വയം പ്രതിഫലനം ഫലപ്രദമാക്കാനുള്ള പ്രായോഗികരീതിയാണ് പ്രമാണവൽക്കരണം (Documentation). ഗവേഷണത്തിന്റെ ഭാഗ മായി ഗവേഷകർ ചെയ്യുന്ന കാര്യങ്ങളെല്ലാം രേഖപ്പെടുത്തുന്ന പ്രക്രിയയാണിത്. ഗവേഷണപ്രവർത്തനത്തിൽ കൈക്കൊണ്ടി ട്ടുള്ള എല്ലാ നടപടിക്രമങ്ങളും (Procedures) എല്ലാ തെളിവുകളും സ്രോതസ്സുകളും (Sources) ഉദ്ധരിക്കുന്നതും ഇതിന്റെ ഭാഗ മാണ്. ഗവേഷണരീതിയുടെ മികവിന്റെ ലക്ഷണമായി ഇതിനെ കരുതുന്നു. ഇതുവഴി ഗവേഷകർ കൈക്കൊണ്ടിട്ടുള്ള നിഗമന ങ്ങളുടെ ഉത്ഭവം തിരയാനും അതു ശരിയാ ണോ എന്നു പുനഃപരിശോധിക്കാനും സാധി ക്കുന്നു.

സമൂഹശാസ്ത്രജ്ഞർ സ്വയം പ്രതിഫലനം നടത്താൻ ശ്രമിച്ചാലും ബോധ പൂർവമല്ലാത്ത ചില മുൻവിധികൾ പഠനത്തെ സ്വാധീനിച്ചേക്കാം. ഈ സാധ്യത ഒഴി വാക്കുന്നതിന് സ്വീകരിക്കാവുന്ന ഒരു മാർഗമുണ്ട്. ഗവേഷണം നടത്തുന്ന വിഷയ ത്തിൽ മുൻവിധികളും പക്ഷപാതങ്ങളും ഉണ്ടാക്കാവുന്ന തങ്ങളുടെ പശ്ചാത്തലം സമൂഹശാസ്ത്രജ്ഞർതന്നെ മുൻകൂട്ടി പ്രസ്താവിക്കുക എന്നതാണത്. അത് മുൻവിധികളുടെ സാധ്യതകൾ കാണാനും മറികടക്കാനും വായനക്കാരെ സഹായിക്കുന്നു.

(കൂടുതൽ വ്യക്തതയ്ക്ക്, സാമാന്യ ജ്ഞാനവും സമൂഹശാസ്ത്രജ്ഞാനവും തമ്മിലുള്ള വ്യത്യാസത്തെപ്പറ്റി ഒന്നാമധ്യായത്തിൽ കൊടുത്തിരിക്കുന്ന ഭാഗം (പേജ് 78) പുനർവായന നടത്താവുന്നതാണ്.)

ഒരു 'സത്യ'ത്തിനുതന്നെ പല വ്യാഖ്യാനങ്ങൾ ഉണ്ടെന്നതാണ് (Different versions of truth) സമൂഹശാസ്ത്രത്തിലെ 'വസ്തുനിഷ്ഠത' നേരിടുന്ന ഒരു പ്രശ്നം. സമൂഹശാസ്ത്രത്തിന്റെ വസ്തുനിഷ്ഠതയെ ബാധിക്കുന്ന വേറൊരു പ്രശ്നമാണ് ബഹുമുഖ വീക്ഷണങ്ങൾ (Multiple points of View). ഒരു സാമൂഹികവിഷയത്തെ വിവിധ വ്യക്തികൾ വ്യത്യസ്ത വീക്ഷണകോണുകളിൽനിന്ന് നോക്കുമ്പോൾ വ്യത്യസ്ത വ്യാഖ്യാനങ്ങൾ ഉണ്ടായെന്നു വരാം. ഉദാഹരണത്തിന്, വിൽപ്പനക്കാരനും സാധനങ്ങൾ വാങ്ങുന്നയാൾക്കും 'നല്ല വില'യെക്കുറിച്ച് വ്യത്യസ്ത അഭിപ്രായങ്ങൾ ഉള്ളതുപോലെ, 'നല്ലഭക്ഷണം' എന്നതിനെക്കുറിച്ച് പ്രായമായ ഒരാൾക്കും ചെറുപ്പക്കാരനും വ്യത്യസ്താഭിപ്രായങ്ങൾ ഉള്ളതുപോലെ– ഒരു സാമൂഹികവിഷയത്തെക്കുറിച്ച് പരസ്പരവിരുദ്ധമായ പല വീക്ഷണങ്ങളും ചിന്താധാരകളും ഒരേസമയം സമൂഹത്തിൽ നിലനിൽക്കുന്നുണ്ട്.

ഈ പ്രശ്നങ്ങളെല്ലാം സമൂഹശാസ്ത്രത്തിന്റെ വസ്തുനിഷ്ഠതയെ വിഷമകരവും സങ്കീർണവുമാക്കുന്നു. അതുകൊണ്ടുതന്നെ സമൂഹശാസ്ത്രം ഒന്നിനെക്കുറിച്ചും വിധിയെഴുതാനല്ല ശ്രമിക്കുന്നത്, ജനങ്ങൾ എന്തു ചിന്തിക്കുന്നു, എന്തുകൊണ്ട് ചിന്തിക്കുന്നു എന്നു കണ്ടെത്താനാണ്. പൂർണമായും 'വസ്തുനിഷ്ഠവും പക്ഷപാതരഹിതവുമായ' ഒരു സമൂഹശാസ്ത്രപഠനം എന്ന പരമ്പരാഗതധാരണയെ സമൂഹശാസ്ത്രം ഇപ്പോൾ അംഗീകരിക്കുന്നില്ല. ഇതിനർഥം സമൂഹശാസ്ത്രപഠനം പ്രയോജനരഹിതമാണെന്നോ വസ്തുനിഷ്ഠമല്ലാത്തതാണെന്നോ അല്ല, പകരം ഗവേഷണത്തെ പരമാവധി വസ്തുനിഷ്ഠമാക്കാനുള്ള തുടർച്ചയായ പരിശ്രമമായി ഇതിനെ കാണണം.



നിങ്ങൾ മറ്റുള്ളവരെ നിരീക്ഷിക്കുന്നതുപോലെ നിങ്ങളെ സ്വയം നിരീക്ഷിക്കാനാവുമോ?

താഴെ പറയുന്നവരുടെ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് നിങ്ങളെക്കുറിച്ച് ഒരു ചെറുവിവരണം എഴുതാൻ ശ്രമിക്കൂ.

1. നിങ്ങളുടെ ഏറ്റവും നല്ല സുഹൃത്ത്
2. നിങ്ങളുടെ എതിരാളി
3. നിങ്ങളുടെ അധ്യാപിക/അധ്യാപകൻ

നിങ്ങൾ നിങ്ങളെക്കുറിച്ച് വിവരിക്കേണ്ടത് മറ്റൊരാളുടെ കാഴ്ചപ്പാടിൽ നിന്നുകൊണ്ടായിരിക്കണമെന്ന് പ്രത്യേകം ഓർക്കുക.

**ബഹുവിധരീതികളും അവയുടെ തിരഞ്ഞെടുപ്പും**

**(Multiple methods and choice of methods)**

സമൂഹശാസ്ത്രത്തിൽ ബഹുവിധ സത്യങ്ങളും ബഹുവിധ കാഴ്ചപ്പാടുകളുമുണ്ട്. അതുപോലെ സമൂഹശാസ്ത്ര ഗവേഷണത്തിലും ബഹുവിധരീതികളുണ്ട്. സമൂഹശാസ്ത്രപരമായ സത്യത്തിലേക്ക് എത്തിച്ചേരാൻ പ്രത്യേക മാർഗമൊന്നുമില്ല. പലതരത്തിലുള്ള ഗവേഷണപ്രശ്നങ്ങൾ കൈകാര്യം


ചെയ്യുന്നതിന് അതിന്റെ സവിശേഷ സ്വഭാവമനുസരിച്ചു വ്യത്യസ്ത രീതി കളാണ് സമൂഹശാസ്ത്രം സ്വീകരിക്കുന്നത്. ഓരോ രീതിക്കും അതിന്റേതായ മേന്മകളും ന്യൂനതകളുമുണ്ട്. അതിനാൽ ഏതു രീതിയാണ് മികച്ചതെന്നും ഏതാണ് മോശം എന്നുമുള്ള ചോദ്യങ്ങൾ അർഥരഹിതമാണ്. ഗവേഷണത്തിനായി തിരഞ്ഞെടുത്തിട്ടുള്ള രീതി ഉചിതമാണോ? വിഷയത്തിന് ഉതകുന്നതാണോ? ഈ ചോദ്യങ്ങളാണ് കൂടുതൽ പ്രസക്തം.

ഉദാഹരണത്തിന്, ഇന്ത്യയിൽ ഏറെയും നിലനിൽക്കുന്നത് കൂട്ടുകുടുംബങ്ങൾ ആണോയെന്ന് കണ്ടുപിടിക്കാൻ സെൻസസ് അഥവാ സർവേ ആണ് ഏറ്റവും ഉചിതമായ രീതി. എന്നാൽ കൂട്ടുകുടുംബങ്ങളിലും അണുകുടുംബങ്ങളിലും സ്ത്രീകളുടെ പദവികൾ താരതമ്യം ചെയ്യുകയാണ് പഠനോദ്ദേശ്യമെങ്കിൽ അതിന് കൂടിക്കാഴ്ചകൾ, കേസ്സ്റ്റഡി, പങ്കാളിത്തനിരീക്ഷണം തുടങ്ങിയവയായിരിക്കും കൂടുതൽ ഉചിതം.

ഗവേഷണരീതികളെ തരംതിരിക്കുന്നതിനു പല മാർഗങ്ങളും സമൂഹശാസ്ത്രജ്ഞർ ഉപയോഗിക്കാറുണ്ട്.

ഗവേഷണരീതിയെ പരമ്പരാഗതമായി പരിമാണാത്മകരീതി (Quantitative Method), ഗുണാത്മകരീതി (Qualitative Method) എന്നിങ്ങനെ തരംതിരിക്കാറുണ്ട്. ഗവേഷണത്തിന്റെ ഭാഗമായി ശേഖരിക്കുന്ന വിഭേദങ്ങളെ (Variables) അളക്കാനോ എണ്ണിത്തിട്ടപ്പെടുത്താനോ സാധിക്കുമെങ്കിൽ അതിനെ പരിമാണാത്മകം എന്നും (ഉദാ: ശരാശരി, അനുപാതം തുടങ്ങിയവ) മനോഭാവങ്ങൾ, വികാരങ്ങൾ തുടങ്ങിയ അമൂർത്തവും അളന്നു തിട്ടപ്പെടുത്താനാവാത്തതുമായ കാര്യങ്ങളെ ഗുണാത്മകം എന്നും വേർതിരിക്കുന്നു.

ഗവേഷണരീതിയെ നിരീക്ഷിക്കാവുന്ന (Observable) പെരുമാറ്റം, നിരീക്ഷിക്കാനാവാത്ത



(Non Observable) പെരുമാറ്റം എന്നും തരംതിരിക്കാറുണ്ട്. പ്രാഥമികവും ദ്വിതീയവുമായ ദത്തത്തെ (Data) അടിസ്ഥാനമാക്കിയും ഗവേഷണരീതികൾ തരംതിരിക്കാം. മുൻപേതന്നെ നിലനിൽക്കുന്ന ദത്തമാണ് ദ്വിതീയ (Secondary) ദത്തം. പ്രമാണ രേഖകൾ, ശേഖരിക്കുന്ന വിവരങ്ങൾ, ഗ്രന്ഥങ്ങൾ, മനുഷ്യനിർമിതമായ ഉപകരണങ്ങൾ എന്നിവയെല്ലാമിതിലുൾപ്പെടും. ചരിത്രപരമായ പഠനരീതികൾ രേഖാലയങ്ങളിലെ (Archives) ദ്വിതീയ വസ്തുതകളെയാണ് ആശ്രയിക്കുന്നത്. പുതിയതും മൗലികവുമായ ദത്തമാണ് പ്രാഥമിക (Primary) ദത്തം. അഭിമുഖങ്ങൾ, സർവേ എന്നിവ പ്രാഥമിക വിവരങ്ങൾ സൃഷ്ടിക്കുന്നു. സമൂഹശാസ്ത്രഗവേഷണങ്ങൾ ഈ ഗണത്തിൽവരും.

ഗവേഷണരീതിയെ സൂക്ഷ്മരീതി (Micro Method), സ്ഥൂലരീതി (Macro Method) എന്നിങ്ങനെയും തരംതിരിക്കാറുണ്ട്. ഒരു ചെറിയ ചുറ്റുപാടിൽ, നാമമാത്ര പ്രതികർത്താക്കൾക്കിടയിൽ ഒരു ഗവേഷകന് അവലംബിക്കാവുന്ന പഠനരീതികളാണ് സൂക്ഷ്മരീതിയിൽ ഉൾപ്പെടുന്നത്. അഭിമുഖം (Interview), പങ്കാളിത്തനിരീക്ഷണം (Participant observation) എന്നിവ ഉദാഹരണങ്ങളാണ്. നിരവധി അന്വേഷകരും പ്രതികർത്താക്കളും ഉൾപ്പെടുന്ന വലിയതോതിലുള്ള ഗവേഷണത്തിന് ഉപയോഗിക്കുന്ന രീതിയാണ് സ്ഥൂലരീതി. സർവേയും (Survey) ചരിത്രപരമായ രീതിയും (Historical method) ഇതിനുദാഹരണങ്ങളാണ്.

ഗവേഷണരീതികളുടെ വർഗീകരണം സാമ്പ്രദായികമായി പിന്തുടർന്നുപോരുന്ന ഒന്നാണ്. വ്യത്യസ്ത രീതികൾക്കിടയിലുള്ള അതിർവരമ്പ് കർശനമായി പാലിക്കപ്പെടില്ല. പലപ്പോഴും ഒരു രീതി മറ്റൊന്നിലേക്കു മാറ്റാവുന്നതോ, അല്ലെങ്കിൽ ഒന്ന് മറ്റൊന്നിന് പൂരകമായി മാറുന്നതോ ആണ്, വിഷയത്തിന്റെ പഠനത്തിന് അത് ആവശ്യമെങ്കിൽ മാത്രം.

ഗവേഷകർ ഗവേഷണരീതി തിരഞ്ഞെടുക്കുന്നത് ചില മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ്. ഗവേഷകന്റെ മുൻഗണന, ഗവേഷണവിഷയത്തിന്റെ സ്വഭാവം, സമയപരിമിതി, സ്രോതസ്സുകളുടെ ലഭ്യത എന്നിവയെല്ലാം ഗവേഷണരീതിയെ നിശ്ചയിക്കുന്ന പ്രധാന മാനദണ്ഡങ്ങളാകുന്നു.

ഗവേഷണത്തിനായി ഒന്നിലധികം രീതികൾ ഒരുമിച്ച് ഉപയോഗിക്കുന്ന പ്രവണതയാണ് ഇപ്പോൾ സമൂഹശാസ്ത്രത്തിൽ കണ്ടുവരുന്നത്. ത്രികോണമാപനം (Triangulation) എന്നു വിളിക്കാവുന്ന ഈ രീതി, ഒരു വിഷയത്തെ പല ദിശകളിൽനിന്നു നോക്കി കണ്ടെത്താൻ സഹായിക്കുന്നു. ഒന്നിലധികം ഗവേഷണരീതികൾ ഉപയോഗിക്കുമ്പോൾ അവ പരസ്പരപൂരകമായി മാറുകയും ഒരൊറ്റ രീതി ഉപയോഗിക്കുന്നതിനേക്കാൾ മെച്ചപ്പെട്ട ഫലം ലഭിക്കുകയും ചെയ്യുന്നു.

ഇന്നു സമൂഹശാസ്ത്രം പ്രാഥമിക വിവരങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഗവേഷണരീതികൾക്കാണ് പ്രാധാന്യം കൽപ്പിക്കുന്നത്. സർവേ, അഭിമുഖം, പങ്കാളിത്തനിരീക്ഷണം എന്നിവയാണ് ഇവയിൽ പ്രധാനപ്പെട്ടത്. ഇവയെല്ലാം ഫീൽഡ്പഠനങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള രീതികളാണ്. ഈ രീതികളെക്കുറിച്ച് പരിശോധിക്കാം.

**പങ്കാളിത്തനിരീക്ഷണം**
**(Participant Observation)**

സമൂഹശാസ്ത്രത്തിലും സമൂഹനരവംശശാസ്ത്രത്തിലും വ്യാപകമായി ഉപയോഗിക്കപ്പെടുന്ന രീതിയാണ് പങ്കാളിത്തനിരീക്ഷണം. ഗവേഷക(ൻ) താൻ പഠനവിധേയമാക്കുന്ന സംഘത്തിലോ സമുദായത്തിലോ താമസിച്ച് അവരുടെ സംസ്കാരം, ഭാഷ, ജീവിതം എന്നിവയെക്കുറിച്ച് നേരിട്ടു പഠിക്കുന്ന രീതിയാണ് പങ്കാളിത്തനിരീ

ക്ഷണം. (അധ്യായം ഒന്നിലെ സമൂഹശാസ്ത്രം-സമൂഹനരവംശശാസ്ത്രം ചർച്ച ഓർക്കുക).

മറ്റു ഗവേഷണരീതികളിൽനിന്ന് ഏറെ വ്യത്യസ്തമാണ് പങ്കാളിത്തനിരീക്ഷണം. സർവേ, അഭിമുഖം തുടങ്ങിയ ഇതര ദത്തശേഖരണ രീതികളിൽനിന്നു വിഭിന്നമായി ഗവേഷണവിഷയങ്ങളുമായി ദീർഘകാലത്തെ സമ്പർക്കം ഇതിന്റെ ഒരു പ്രധാന ഘടകമാണ്. ഇതിന്റെ ഭാഗമായി സമൂഹനരവംശശാസ്ത്രജ്ഞർ പഠനവിധേയമാക്കുന്ന ജനങ്ങളുടെ കൂടെ അവരിലൊരാളായി ദീർഘകാലം (ചിലപ്പോൾ മാസങ്ങളോ വർഷങ്ങളോ) താമസിച്ചുകൊണ്ടാണ് ഇത്തരം പഠനം നടത്തുന്നത്. ഇതിലൂടെ നാട്ടുകാരൻ അല്ലാത്ത സമൂഹശാസ്ത്രജ്ഞൻ പ്രദേശവാസികളുടെ സംസ്കാരവുമായി ഇഴുകിച്ചേരാൻ ശ്രമിക്കുന്നു. ഇതിനായി പഠനവിധേയമാക്കുന്ന സമൂഹത്തിന്റെ ഭാഷ പഠിക്കുകയും അവരുടെ ദൈനംദിന ജീവിതത്തിൽ പങ്കാളിയാവുകയും ചെയ്യുന്നു. ഇങ്ങനെ അവരുടെ പ്രകടവും (Explicit) അന്തർലീനവുമായ (Implicit) അറിവുകളും വൈദഗ്ധ്യങ്ങളും അനുഭവങ്ങളും സംബന്ധിച്ച പരമാവധി വിവരങ്ങൾ സമാഹരിക്കുന്നു.

പങ്കാളിത്തനിരീക്ഷണത്തിന്റെ മൊത്തത്തിലുള്ള ലക്ഷ്യം, പഠനവിധേയമാക്കുന്ന സമുദായത്തിന്റെ സമ്പൂർണ ജീവിതരീതി പഠിക്കുക എന്നതാണ്. ഇത്തരം വിജ്ഞാന ശാഖകളിൽ ശാസ്ത്രജ്ഞർ പരീക്ഷണശാലകളിൽ മാത്രമല്ല, ഫീൽഡിലും പോയി യഥാർഥ അനുഭവങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് പഠനം നടത്തുന്നു (ഉദാഹരണമായി പാറകൾ, പ്രാണികൾ, സസ്യങ്ങൾ എന്നിവയെക്കുറിച്ചുള്ള പഠനങ്ങൾ).

പങ്കാളിത്തനിരീക്ഷണത്തെ പലപ്പോഴും 'ഫീൽഡ്‌വർക്ക്' എന്നു വിളിക്കാറുണ്ട്. പ്രകൃതിശാസ്ത്രങ്ങളായ സസ്യശാസ്ത്രം, ജന്തുശാസ്ത്രം, ഭൂഗർഭശാസ്ത്രം എന്നിവയുമായി ബന്ധപ്പെട്ട പഠനത്തിനാണ് ഫീൽഡ്‌വർക്ക് എന്ന പദം സാധാരണയായി ഉപയോഗിച്ചുവരുന്നത്. ഈ വിഷയങ്ങളിൽ ശാസ്ത്രജ്ഞർ സ്വന്തം പരീക്ഷണശാലകൾക്കു പുറത്ത് ഫീൽഡിലേക്കു പോവുകയും തങ്ങളുടെ




വിഷയങ്ങളെക്കുറിച്ച് നേരിട്ടു പഠനം നടത്തുകയും ചെയ്യാറുണ്ടല്ലോ.

## III

### സമൂഹനരവംശശാസ്ത്രത്തിലെ ഫീൽഡ് വർക്ക് (Field Work in Social Anthropology)

നരവംശശാസ്ത്രത്തെ ഒരു സാമൂഹിക ശാസ്ത്രമായി സ്ഥാപിച്ചെടുക്കുന്നതിൽ ഫീൽഡ്‌വർക്കിന് മുഖ്യപങ്കുണ്ട്. പ്രാകൃത സംസ്കാരങ്ങളെക്കുറിച്ച് പഠിക്കുന്നതിൽ താൽപ്പര്യം പ്രകടിപ്പിച്ച ആദ്യകാല നരവംശശാസ്ത്രജ്ഞർ കേവലം 'ചാരുകസേരപണ്ഡിതര്' (Arm Chair Scholars) ആയിരുന്നു. അവർ പഠനവിധേയമാക്കിയിരുന്ന വിദൂരസമുദായങ്ങളെ മിക്കവാറും സന്ദർശിച്ചിരുന്നതുമില്ല. പകരം സഞ്ചാരികൾ, മിഷനറിമാർ, കൊളോണിയൽ ഭരണാധികാരികൾ തുടങ്ങിയവരുടെ വിവരണങ്ങളെയോ റിപ്പോർട്ടുകളെയോ ആണ് അവർ ആശ്രയിച്ചിരുന്നത്. ഉദാഹരണത്തിന്, ആദ്യകാല നരവംശശാസ്ത്രജ്ഞർക്ക് പ്രചോദനമേകിയ ജെയിംസ് ഫ്രേസറിന്റെ (James Frazer) 'ദ ഗോൾഡൻ ബോ' (The Golden Bough) എന്ന കൃതി പൂർണമായും പരോക്ഷവിവരങ്ങളെ അടിസ്ഥാനമാക്കി എഴുതിയ ഒന്നാണ്. പ്രാചീന മതങ്ങളെക്കുറിച്ചുള്ള (Primitive religion) എമിൽ ദുർഖീമിന്റെ കൃതിയാണ് മറ്റൊരുദാഹരണം.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിലും ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യ പതിറ്റാണ്ടിലും നിരവധി നരവംശശാസ്ത്രജ്ഞർ (അവരിൽ പലരും പ്രകൃതി ശാസ്ത്രജ്ഞരുമായിരുന്നു) പ്രാചീനസമൂഹങ്ങളെക്കുറിച്ച് ചിട്ടയായ സർവേ നടത്താൻ തുടങ്ങി. അവർ ഇത്തരം സമൂഹങ്ങളുടെ ഭാഷകൾ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, വിശ്വാസങ്ങൾ തുടങ്ങിയ കാര്യങ്ങൾ പ്രത്യക്ഷമായി നിരീക്ഷിക്കാൻ ആരംഭിച്ചു. ഇതോടെ




പരോക്ഷവിവരങ്ങളെ ആശ്രയിക്കുന്നത് പണ്ഡിതോചിതമല്ല എന്നു കരുതപ്പെടാൻ തുടങ്ങി. നേരിട്ടു നടത്തിയ പഠനങ്ങളിൽനിന്ന് ലഭിച്ച നല്ല ഫലങ്ങൾ ഈ ധാരണ ശക്തിപ്പെടുത്തുകയും ചെയ്തു.

ആയിരത്തിത്തൊള്ളായിരത്തി ഇരുപതു (1920) മുതൽ പങ്കാളിത്തനിരീക്ഷണം അഥവാ ഫീൽഡ്‌വർക്ക് സമൂഹനരവംശപഠനങ്ങളിൽ അവിഭാജ്യഘടകമായി മാറി. സമൂഹത്തെക്കുറിച്ചുള്ള അറിവ് സൃഷ്ടിക്കാനുതകുന്ന മുഖ്യരീതിയായി ഇക്കാലത്തോടെ ഫീൽഡ് പഠനങ്ങൾ അംഗീകരിക്കപ്പെട്ടു. ഫീൽഡ് വർക്ക് നടത്തുമ്പോൾ സമൂഹനരവംശശാസ്ത്രജ്ഞർ അവലംബിക്കുന്ന രീതികൾ എന്തൊക്കെയാണെന്ന് പരിശോധിക്കാം.

ഫീൽഡ്‌വർക്ക് ചെയ്യുമ്പോൾ സമൂഹനരവംശശാസ്ത്രജ്ഞർ എന്താണ് ചെയ്യുന്നത്? പഠനവിധേയമാക്കുന്ന സമുദായത്തിന്റെ കണക്കെടുപ്പു നടത്തിക്കൊണ്ടാണ് അവർ ആരംഭിക്കുക. സമുദായത്തിലെ എല്ലാ അംഗങ്ങളുടെയും വിവരങ്ങൾ: ലിംഗം, വയസ്സ്, കുടുംബം തുടങ്ങിയവ ഉൾപ്പെടുന്ന വിശദമായ ഒരു റിപ്പോർട്ട് അവർ തയാറാക്കുന്നു. ഇതിനുശേഷം പഠനപ്രദേശത്തെ വീടുകളുടെ സ്ഥാനവും മറ്റു പ്രധാന സൈറ്റുകളും അടയാളപ്പെടുത്തി ഗ്രാമത്തിന്റെ അല്ലെങ്കിൽ അധിവാസകേന്ദ്രത്തിന്റെ ഒരു ഭൂപടം തയാറാക്കുന്നു. തുടർന്ന് സെൻസസി (Census) ലൂടെ ശേഖരിച്ച വിവരങ്ങളുപയോഗിച്ച് സമുദായ

ത്തിന്റെ 'വംശപരമ്പര' യുടെ (Geneology) രൂപരേഖ നിർമിക്കുന്നു. ഇതിന് കുടുംബാംഗങ്ങളുടെ തുടർച്ച കാണിക്കുന്ന 'കുടുംബവൃക്ഷവും' (Family Tree) ഉപയോഗിക്കാറുണ്ട്. 'കുടുംബവൃക്ഷ'ത്തെ കഴിയാവുന്നിടത്തോളം പിറകിലേക്കു കൊണ്ടു പോകുന്നു. ഉദാഹരണത്തിന്, ഒരു കുടുംബനാഥനോട് അദ്ദേഹത്തിന്റെ തലമുറയിലുള്ള ബന്ധുക്കളെക്കുറിച്ച്

## ബ്രൗണിസ്ലോവ് മലിനോവ്സ്കിയും ഫീൽഡ്‌വർക്കിന്റെ കണ്ടെത്തലും (Bronislaw Malinowski and Invention of Fieldwork)



ഫീൽഡ്‌വർക്ക് ലോകത്തിന്റെ പല മേഖലകളിലും പല രീതിയിൽ നടന്നിട്ടുണ്ടെങ്കിലും ഇതിനെ നരവംശശാസ്ത്രത്തിന്റെ വ്യതിരിക്തമായ ഒരു രീതിശാസ്ത്രമായി സ്ഥാപിച്ചത് ബ്രൗണിസ്ലോവ് മലിനോവ്സ്കിയാണെന്നു വിശ്വസിക്കപ്പെടുന്നു. 1914-ൽ യൂറോപ്പിൽ ഒന്നാം ലോകയുദ്ധം പൊട്ടിപ്പുറപ്പെട്ടതോടെ ബ്രിട്ടൻ പോളണ്ടിനെ ശത്രുരാജ്യമായി പ്രഖ്യാപിച്ചു. അക്കാലത്ത് ബ്രിട്ടിഷധീനതയിലിരുന്ന ആസ്ട്രേലിയയിൽ സന്ദർശനത്തിലായിരുന്ന മലിനോവ്സ്കിക്ക് സാങ്കേതികമായി ബ്രിട്ടന്റെ ആഭ്യന്തര തടവുകാരനാവേണ്ടിവന്നു. ബ്രിട്ടിഷ് – ആസ്ട്രേലിയൻ ഗവൺമെന്റുകളുമായി നല്ല ബന്ധത്തിലായിരുന്നതുകൊണ്ടും ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സിലെ പ്രഫസർ എന്ന പദവികൊണ്ടും ഇദ്ദേഹത്തിന്റെ അഭ്യർഥനമാനിച്ച് ആസ്ട്രേലിയയിലെ പല ഭാഗങ്ങളും സന്ദർശിക്കാനും ദക്ഷിണ പസഫിക്കിലെ ട്രോബിയാൻ ദ്വീപുകളിൽ പാർത്ത് തദ്ദേശീയ ഗോത്രവിഭാഗങ്ങളെക്കുറിച്ചു പഠിക്കാനും അദ്ദേഹത്തിന് അനുവാദം ലഭിച്ചു. തുടർന്ന് ട്രോബിയാൻ ദ്വീപുകളിലെ ഗോത്രവംശജരോടൊപ്പം ഒന്നരവർഷത്തോളം താമസിച്ച് മലിനോവ്സ്കി നടത്തിയ പഠനങ്ങൾ പിന്നീട് നരവംശശാസ്ത്ര ഗവേഷണശാഖയ്ക്ക് പുതുവഴിയായി.

ട്രോബിയാൻ ദ്വീപിൽ ഒരു കൂടാരത്തിൽ താമസിച്ചുകൊണ്ട് അദ്ദേഹം തദ്ദേശീയരുമായി അടുത്തിടപഴകുകയും അവരുടെ ഭാഷ പഠിച്ചുകൊണ്ട് ആ സംസ്കാരത്തെ അടുത്തു മനസ്സിലാക്കി പഠനം നടത്തുകയും ചെയ്തു. തന്റെ ദൈനംദിന നിരീക്ഷണങ്ങൾ ഡയറികളിൽ വിശദമായി രേഖപ്പെടുത്താൻ അദ്ദേഹം ശ്രദ്ധിച്ചു. ഇവ അടിസ്ഥാനമാക്കി ട്രോബിയാൻ സംസ്കാരത്തെക്കുറിച്ച് പിന്നീട് മലിനോവ്സ്കി എഴുതിയ പുസ്തകങ്ങൾ പെട്ടെന്ന് പ്രസിദ്ധമായിത്തീർന്നു. അവ ഇന്നും നരവംശശാസ്ത്രത്തിലെ ക്ലാസിക് പഠനങ്ങളായി കണക്കാക്കപ്പെടുന്നു.

നരവംശശാസ്ത്രജ്ഞർ തദ്ദേശീയർക്കിടയിൽ താമസിച്ചുകൊണ്ട് അവിടത്തെ സംസ്കാരവുമായി നന്നായി ഇടപഴകണം. അതുവഴി തദ്ദേശീയരുടെ ഭാഷ പഠിക്കുകയും ചിട്ടയോടെ പ്രത്യക്ഷനിരീക്ഷണം നടത്തുകയും വേണം.

വ്യാഖ്യാതാക്കളെ ഒഴിവാക്കി നരവംശശാസ്ത്രജ്ഞർ നേരിട്ടു നടത്തുന്ന ഇത്തരം പ്രവർത്തനത്തിലൂടെ മാത്രമേ സത്യസന്ധവും ആധികാരികവുമായ വിവരങ്ങൾ നൽകാൻ സാധിക്കൂ എന്നും മലിനോവ്സ്കി വിശ്വസിച്ചു.

മലിനോവ്സ്കിയുടെ ട്രോബിയാൻ പഠനങ്ങൾ നേടിയ ഖ്യാതിയും ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സിലെ അദ്ദേഹത്തിന്റെ പദവിയുംകൊണ്ട് ഫീൽഡ്‌വർക്ക് പഠനരീതിയെ സ്ഥാപനവൽക്കരിക്കാനും നരവംശശാസ്ത്രവിദ്യാർഥികൾക്കുള്ള പരിശീലനപദ്ധതിയുടെ ഭാഗമാക്കാനും സാധിച്ചു. നരവംശശാസ്ത്രപഠനത്തിന് ലോകവ്യാപകമായ അംഗീകാരം ലഭിക്കാനും മലിനോവ്സ്കിയുടെ ശ്രമങ്ങൾ നിദാനമായി.

ചോദിച്ചറിഞ്ഞശേഷം, അദ്ദേഹത്തിന്റെ മാതാപിതാക്കളുടെ തലമുറയെക്കുറിച്ച് അന്വേഷിക്കുന്നു. തുടർന്ന് അദ്ദേഹത്തിന്റെ മുത്തച്ഛൻ, മുത്തശ്ശി, അവരുടെ സഹോദരന്മാർ സഹോദരിമാർ എന്നിവരെക്കുറിച്ചും ചോദിക്കുന്നു. അങ്ങനെ വ്യക്തിക്ക് ഓർമി ച്ചെടുക്കാവുന്നത്രയും തലമുറകളെ ക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നു. മറ്റു ബന്ധു ക്കളോട് അതേ ചോദ്യങ്ങൾതന്നെ ചോദിച്ചു കൊണ്ട് നേരത്തേ ലഭിച്ച വിവരങ്ങൾ പരിശോ ധിക്കുകയും ആധികാരികത ഉറപ്പുവരു ത്തുകയും ചെയ്യും. അങ്ങനെ സമുദായത്തിന്റെ ബന്ധുത്വവ്യവസ്ഥയെക്കുറിച്ച് മനസ്സിലാക്കുന്ന തിന് ഇത് നരവംശശാസ്ത്രജ്ഞരെ സഹാ യിക്കുന്നു. സമുദായത്തിന്റെ ഘടനയും ജീവിത രീതിയും മനസ്സിലാക്കാൻ വംശപരമ്പര അവരെ പ്രാപ്തരാക്കുന്നു.

ഒരു സമുദായത്തെക്കുറിച്ച് പഠിക്കുന്നതിൽ ഏറ്റവും പ്രധാനം അവരുടെ ഭാഷ പഠിക്കുന്ന താണ്. ഒപ്പം ആ സമുദായത്തിന്റെ ജീവിതം നിരീക്ഷിക്കുകയും അവരുടെ ജീവിതത്തിന്റെ പ്രധാന തലങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള കുറിപ്പുകൾ തയാറാക്കുകയും ചെയ്യുന്നു. ആഘോഷങ്ങൾ, മതപരമായ സമ്പ്രദായങ്ങൾ, കുടുംബബന്ധങ്ങൾ, കുട്ടികളെ വളർത്തുന്ന രീതികൾ, ഉപജീവനമാർഗങ്ങൾ തുടങ്ങിയ വയാണ് നരവംശശാസ്ത്രപഠനത്തിൽ ഊന്നൽ കൊടുക്കുന്ന വിഷയങ്ങൾ. ഒരു നരവംശശാസ്ത്രജ്ഞൻ തനിക്ക് താൽപ്പ ര്യമുള്ള വിഷയങ്ങളെക്കുറിച്ച് പഠിക്കുന്നതിന് സമുദായാംഗങ്ങളോട് ധാരാളം ചോദ്യങ്ങൾ ചോദിക്കേണ്ടി വരും. ഇത്തരത്തിൽ വിവരങ്ങൾ ശേഖരിക്കുന്നതിനും മറ്റും നരവംശശാസ് ത്രജ്ഞൻ ആ സമുദായത്തിലെ ചില പ്രത്യേക വ്യക്തികളെ ആശ്രയിക്കുന്നു. അവരെ വിവരദാതാക്കൾ (Informants) അഥവാ മുഖ്യ വിവരദാതാക്കൾ (Principal Informants) എന്നു വിളിക്കുന്നു. യഥാർഥത്തിൽ ഈ വിവര ദാതാക്കൾ ഒരു നരവംശശാസ്ത്രജ്ഞന്റെ മാർഗദർശികളെപ്പോലെ പ്രവർത്തിക്കുന്നു. ഗവേഷണത്തിന്റെ എല്ലാ പ്രക്രിയകളിലും അവർ നിർണായക പങ്കുവഹിക്കുന്നു. ഫീൽഡ്‌വർക്ക്കാലത്ത് നരവംശശാസ്ത്ര ജ്ഞൻ തയാറാക്കുന്ന എല്ലാ കുറിപ്പുകൾക്കും പ്രാധാന്യമുണ്ട്. ഈ കുറിപ്പുകൾ ഡയറി പോലെ എല്ലാ ദിവസവും എഴുതണം.



പ്രശസ്തമായ ചില ഫീൽഡ് വർക്ക് പഠനങ്ങളുടെ ഉദാഹരണ ങ്ങൾ ഗവേഷകർ, പഠനം നട ത്തിയ സ്ഥലം എന്നീ ക്രമത്തിൽ ചുവടെ കൊടുത്തിരിക്കുന്നു.

- റാഡ്ക്ലിഫ് ബ്രൗൺ (Radcliffe-Brown) – ആന്തമാൻ-നിക്കോബാർ ദ്വീപുകൾ
- ഇവാൻസ് പ്രിച്ചാർഡ് (Evans Pritchard) – സുഡാനിലെ ന്യൂവർ
- ഫ്രാൻസ് ബോസ് (Franz Boas) – വിവിധ അമേരിക്കൻ ഗോത്രങ്ങൾ
- മാർഗരറ്റ് മീഡ് (Margaret Mead) – സമോവ
- ക്ലിഫോഡ് ഗീറ്റ്സ് (Clifford Geertz) – ബാലി

ലോകഭൂപടത്തിൽ ഈ സ്ഥലങ്ങൾ കണ്ടെത്തി അടയാളപ്പെടുത്തുക. ഈ സ്ഥലങ്ങളുടെ പൊതുസവിശേഷതകൾ എന്താണ്? അപരിചിതമായ ഈ സംസ്കാ രങ്ങളോടൊപ്പം ജീവിച്ച നരവംശശാസ്ത്ര ജ്ഞർക്ക് എന്തെല്ലാം അനുഭവങ്ങളുണ്ടായി രിക്കും? അവർ നേരിട്ട പ്രയാസങ്ങൾ എന്തൊക്കെയാവാം? ചർച്ചചെയ്തു കുറിപ്പു കൾ തയാറാക്കൂ.

# IV

## സമൂഹശാസ്ത്രത്തിലെ ഫീൽഡ്‌വർക്ക് (Field Work in Sociology)

സമൂഹശാസ്ത്രജ്ഞരും നരവംശശാസ്ത്രജ്ഞരുടെ സമാനരീതികൾ തന്നെയാണ് ഫീൽഡ്‌വർക്കിൽ ഉപയോഗിക്കുന്നത്. എന്നാൽ ഫീൽഡ്‌വർക്കിന്റെ പശ്ചാത്തലത്തിലും എവിടെയാണത് നടത്തേണ്ടത് എന്ന കാര്യത്തിലും ഗവേഷണ വിഷയത്തിലുള്ള ഊന്നലിലും വ്യത്യാസങ്ങളുണ്ട്.

നരവംശശാസ്ത്രജ്ഞർ മിക്കവാറും ഒറ്റപ്പെട്ട ഗോത്രസമുദായങ്ങളിലാണ് ഫീൽഡ് വർക്ക് ചെയ്യുന്നത്. സമൂഹശാസ്ത്രജ്ഞരാകട്ടെ, എല്ലാ തരത്തിലുമുള്ള സമുദായങ്ങൾക്കിടയിൽ പഠനങ്ങൾ നടത്തുന്നു. സമുദായത്തിലെ അംഗങ്ങളുടെ കൂടെ ജീവിക്കണമെന്നത് സമൂഹശാസ്ത്രത്തിലെ ഫീൽഡ് വർക്കിൽ നിർബന്ധമല്ല. എങ്കിലും സമൂഹശാസ്ത്രജ്ഞർ പരമാവധി ഗവേഷണ വിധേയമാക്കുന്ന സമുദായത്തിലെ അംഗങ്ങൾക്കൊപ്പം സമയം ചെലവഴിക്കുന്നു. ഇതിനുദാഹരണമാണ് വില്യം ഫൂട്ട്‌വൈറ്റ് (William Foote Whyte) എന്ന അമേരിക്കൻ സമൂഹശാസ്ത്രജ്ഞൻ ഒരു വൻനഗരത്തിലുള്ള ഇറ്റാലിയൻ-അമേരിക്കൻ ചേരിയിലെ തെരുവുകുറ്റവാളി സംഘത്തിനിടയിൽ ഫീൽഡ്‌വർക്ക് ചെയ്തെഴുതിയ 'സ്ട്രീറ്റ് കോർണർ സൊസൈറ്റി' (Street Corner Society) എന്ന പ്രശസ്തമായ ഗ്രന്ഥം. വില്യം ഫൂട്ട്‌വൈറ്റ് ഇതിനുവേണ്ടി മൂന്നരവർഷത്തോളം പഠിക്കേണ്ട സംഘാംഗങ്ങളോടൊപ്പം (ഇവരേറെയും അമേരിക്കയിലെ ഇറ്റാലിയൻ കുടിയേറ്റക്കാരിൽ ജനിച്ച ഒന്നാം തലമുറക്കാരും തൊഴിൽരഹിതരുമായ ദരിദ്ര ചെറുപ്പക്കാരായിരുന്നു) താമസിച്ചു. ഈ പഠനം നരവംശശാസ്ത്രത്തിന്റെ ഫീൽഡ് പഠനവുമായി സാമ്യമുള്ളതാണ്.

ആദിമ ഗോത്രവിഭാഗങ്ങളെക്കുറിച്ച് പഠനം നടത്തുന്ന നരവംശശാസ്ത്രജ്ഞരുമായി താരതമ്യം ചെയ്യുമ്പോൾ സമൂഹശാസ്ത്രജ്ഞർ തികച്ചും വ്യത്യസ്തമായ ചില പ്രശ്നങ്ങൾ നേരിടുന്നുണ്ട്. വില്യം ഫൂട്ട് വൈറ്റിന്റെ 'സ്ട്രീറ്റ് കോർണർ സൊസൈറ്റി' എന്ന ഗ്രന്ഥത്തിൽനിന്നുള്ള ഒരു കുറിപ്പ് (പരിഭാഷ) ചുവടെക്കൊടുത്തിരിക്കുന്നു.

**സമൂഹശാസ്ത്രത്തിലെ ഫീൽഡ്‌വർക്ക് – ചില വൈഷമ്യങ്ങൾ**
**(Field Work in Sociology - Some Difficulties)**

പ്രാക്തനഗോത്രങ്ങളെപ്പറ്റി പഠനം നടത്തുന്ന നരവംശശാസ്ത്രജ്ഞരുമായി താരതമ്യം ചെയ്യുമ്പോൾ ആധുനിക അമേരിക്കൻ സമൂഹത്തിലെ വിദ്യാർഥി നേരിടുന്നത് വ്യത്യസ്തമായ പ്രശ്നങ്ങളാണ്. നരവംശ ശാസ്ത്രജ്ഞർ ഇടപെടുന്നത് ഒരു സാക്ഷര ജനതയുമായാണ്. അവരിൽ ചിലരെങ്കിലും, ഒരു പക്ഷേ ഭൂരിഭാഗവും അദ്ദേഹത്തിന്റെ ഗവേഷണറിപ്പോർട്ടുകൾ വായിക്കുമെന്നുറപ്പാണ്. അവരുടെ ജില്ലയുടെ പേര് മറച്ചുവച്ചാലോ വ്യക്തികളുടെ പേര് മാറ്റിക്കൊടുത്താലോ അവരത് തിരിച്ചറിയും. അവർ ഗവേഷകനെയും സഹചാരികളെയും ഓർക്കുന്നുണ്ടായിരിക്കും.
അത്തരമൊരു സാഹചര്യത്തിൽ ഗവേഷകന് വലിയൊരു ഉത്തരവാദിത്വമുണ്ട്. അദ്ദേഹത്തിന്റെ പുസ്തകം കൊണ്ട് ജില്ലയിലെ ജനങ്ങൾക്ക് എന്തെങ്കിലും പ്രയോജനം കിട്ടണം. മാത്രമല്ല, ആ പുസ്തകത്തിന്റെ പ്രസിദ്ധീകരണം കുറഞ്ഞത് അവർക്ക് ദോഷം ഉണ്ടാകാത്ത രീതിയിലായിരിക്കണം.
- Willim Foote White, Street Corner Society (P. 342)

ഇതിൽനിന്ന് വ്യത്യസ്തമായും സമൂഹശാസ്ത്രത്തിൽ ഫീൽഡ് പഠനം നടത്താറുണ്ട്. മറ്റൊരു തരത്തിലുള്ള ഉദാഹരണമാണ് അമേരിക്കൻ ശാസ്ത്രജ്ഞനായ മൈക്കിൾ ബുരാവേ (Michael Burawoy) ഷിക്കാ

ഗോയിലെ ഫാക്ടറിത്തൊഴിലാളികൾക്കിടയിൽ നടത്തിയ പഠനം. ഇതിനായി അദ്ദേഹം ആ ഫാക്ടറിയിൽ മെഷീനിസ്റ്റായി നിരവധി മാസങ്ങൾ ജോലിചെയ്യുകയും തൊഴിലാളികളുടെ വീക്ഷണകോണിലൂടെ ജോലിയിലെ അനുഭവങ്ങളെക്കുറിച്ച് എഴുതുകയും ചെയ്തു.

ഇന്ത്യയിലെ സമൂഹശാസ്ത്രം ഗ്രാമപഠനങ്ങളിലാണ് ഫീൽഡ്‌വർക്ക് രീതികൾ ഏറെ ഉപയോഗിച്ചത്. 1950-കളിൽ ഇന്ത്യക്കാരും വിദേശികളുമായ നരവംശശാസ്ത്രജ്ഞരും സമൂഹശാസ്ത്രജ്ഞരും ഗ്രാമജീവിതത്തെക്കുറിച്ചും സമൂഹത്തെക്കുറിച്ചും പഠനങ്ങൾ ആരംഭിച്ചു. ആദ്യകാല നരവംശശാസ്ത്രജ്ഞർ പഠനം നടത്തിയ ഗോത്രസമുദായങ്ങൾക്ക് തുല്യമായാണ് ഇന്ത്യൻ ഗ്രാമങ്ങളെ അവർ കണ്ടത്. ഗ്രാമം ഏറെക്കുറേ ഒരു 'നിയന്ത്രിതസമുദായ' (Bounded Community) മായിരുന്നു. ഒരു വ്യക്തിക്ക് പഠിക്കാൻ കഴിയുംവിധം ചെറുതായിരുന്നു അന്നത്തെ ഗ്രാമസമൂഹങ്ങൾ. അതുകൊണ്ട് സമൂഹശാസ്ത്രജ്ഞർക്ക് ഗ്രാമത്തിലെ എല്ലാവരെക്കുറിച്ചും അറിയാനും അവിടത്തെ ജീവിതം നിരീക്ഷിക്കാനും കഴിഞ്ഞിരുന്നു.

നരവംശശാസ്ത്രം പ്രാകൃതസമുദായങ്ങൾക്ക് കൂടുതൽ പരിഗണന നൽകിയിരുന്നതിനാൽ ബ്രിട്ടിഷ് ഭരണകാലത്തെ ദേശീയവാദികൾക്കിടയിൽ ആ വിഷയത്തിന് അത്ര സ്വീകാര്യത ഉണ്ടായിരുന്നില്ല. നരവംശശാസ്ത്രത്തിന് ഒരു കൊളോണിയൽ ചായ്‌വ് ഉണ്ടെന്ന് അഭ്യസ്തവിദ്യരായ ഇന്ത്യക്കാരിൽ പലരും കരുതിയിരുന്നു. കാരണം, അന്ന് നരവംശശാസ്ത്രം കോളനിവൽക്കരിക്കപ്പെട്ട സമൂഹങ്ങളുടെ ആധുനികോത്തരമായ തലങ്ങൾ പഠിക്കുന്നതിൽ ശ്രദ്ധയൂന്നിയിരുന്നതിനാൽ, അത് അത്തരം സമൂഹങ്ങളുടെ പുരോഗമനപരവും ക്രിയാത്മകവുമായ തലങ്ങളെ അവഗണിച്ചു. ആദ്യകാല നരവംശശാസ്ത്രവും കൊളോണിയലിസവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചും പിന്നീട് ചോദ്യങ്ങൾ ഉയർന്നുവന്നു.

ഫീൽഡ്‌വർക്കിന്റെ മികച്ച ഉദാഹരണങ്ങൾ നൽകിയ മലിനോവ്സ്കിയും ഇവാൻസ് പ്രിച്ചാർഡും (Evans Pritchard) പഠനങ്ങൾ നടത്തിയത് പാശ്ചാത്യരാജ്യങ്ങളുടെ ഭരണത്തിലുള്ള കൊളോണിയൽ രാജ്യങ്ങളിലായിരുന്നു. ഇതുകാരണമെല്ലാം ഇന്ത്യൻ ഗ്രാമങ്ങളെക്കുറിച്ചും ഗ്രാമീണരെക്കുറിച്ചും പഠിക്കുന്നത് സമൂഹശാസ്ത്രജ്ഞർക്ക് ഗോത്രപഠനത്തേക്കാൾ സ്വീകാര്യമായി തോന്നി.

ഗ്രാമപഠനങ്ങൾ സമൂഹശാസ്ത്രത്തിൽ വളരെ പ്രധാനപ്പെട്ടതായിത്തീർന്നു. കാരണം സമൂഹശാസ്ത്രത്തിന്റെ ഈ പഠനവിഷയത്തോട് സ്വതന്ത്ര ഇന്ത്യ വളരെയധികം താൽപ്പര്യം കാണിച്ചിരുന്നു. സ്വതന്ത്ര ഇന്ത്യയിലെ ഭരണകൂടത്തിന് ഗ്രാമീണ വികസനത്തിൽ താൽപ്പര്യമുണ്ടായിരുന്നു. ദേശീയപ്രസ്ഥാനവും ഗാന്ധിജിയും ഗ്രാമോദ്ധാരണ (Village Upliftment) പരിപാടികളിൽ സജീവമായി മുഴുകിയിരുന്നു. തങ്ങളുടെ കുടുംബബന്ധങ്ങളും ചരിത്രവും ഗ്രാമങ്ങളിൽ ശേഷിച്ചിരുന്നതിനാൽ നഗരങ്ങളിലെ വിദ്യാസമ്പന്നരായ ഇന്ത്യക്കാർ പോലും ഗ്രാമജീവിതത്തിൽ താൽപ്പര്യം പ്രകടിപ്പിച്ചു. ഇക്കാരണങ്ങളാൽ ഗ്രാമപഠനങ്ങൾ ഇന്ത്യൻ സമൂഹശാസ്ത്രത്തിന്റെ ഒരു പ്രധാന ഭാഗമായിത്തീർന്നു. ഗ്രാമപഠനങ്ങളിൽ ഫീൽഡ്‌വർക്ക് രീതിക്ക് കൂടുതൽ സ്വീകാര്യത കൈവരുകയും ചെയ്തു.



നിങ്ങൾ ഒരു ഗ്രാമത്തിൽ ജീവിക്കുകയാണെങ്കിൽ മുമ്പൊരിക്കലും അവിടം സന്ദർശിച്ചിട്ടില്ലാത്ത ഒരാളോട് എങ്ങനെയാവും നിങ്ങളുടെ ഗ്രാമത്തെപ്പറ്റി പറയുക? നിങ്ങളുടെ ജീവിതത്തിലെ ഏതെല്ലാം സവിശേഷതകൾക്കായിരിക്കും നിങ്ങൾ പ്രാധാന്യം കൊടുക്കുക?

ടെലിവിഷനിലും സിനിമകളിലും കണ്ടിട്ടുള്ള ഗ്രാമങ്ങളിൽനിന്ന് അവ എങ്ങനെ വ്യത്യസ്തമായിരിക്കുന്നു? ടെലിവിഷനിലും സിനിമകളിലും കണ്ടുപരിചയിച്ച നഗരങ്ങളിലെവിടെയെങ്കിലും ചെന്നു താമസിക്കാൻ നിങ്ങൾക്ക് താൽപ്പര്യം തോന്നിയിട്ടുണ്ടോ? നിങ്ങളുടെ മറുപടിക്കു പിന്നിലെ കാരണങ്ങളെന്താണ്?

ഒരു നഗരത്തിലാണ് ജീവിക്കുന്നതെങ്കിൽ, അവിടം ഒട്ടും പരിചയമില്ലാത്ത ഒരാളോട് നിങ്ങളുടെ അയൽപക്കങ്ങളെക്കുറിച്ച് എങ്ങനെയാവും വിവരിക്കുക? അയൽപക്കജീവിതത്തിലെ ഏതു പ്രധാന സവിശേഷതകളെക്കുറിച്ചൊക്കെയാവും നിങ്ങൾ പറയുക? സിനിമയിലോ ടെലിവിഷനിലോ കണ്ട നഗരജീവിത പരിസരങ്ങളിൽനിന്നു അയൽപക്കജീവിതത്തിന് എന്തു സാമ്യവ്യത്യാസങ്ങളായിരിക്കും ഉണ്ടാവുക? ടെലിവിഷനിലോ സിനിമകളിലോ കണ്ടു പരിചയിച്ച ഗ്രാമങ്ങളിലെവിടെയെങ്കിലും ചെന്നു താമസിക്കാൻ നിങ്ങൾക്ക് താൽപ്പര്യം തോന്നിയിട്ടുണ്ടോ? നിങ്ങളുടെ മറുപടിക്കു പിന്നിലെ കാരണങ്ങളെന്താണ്?

### പങ്കാളിത്തനിരീക്ഷണത്തിന്റെ ചില പരിമിതികൾ (Some limitations of participant observation)

പങ്കാളിത്തനിരീക്ഷണത്തിന്റെ പ്രയോജനങ്ങൾ നാം ചർച്ചചെയ്തു. സംഘാംഗത്തിന്റെ വീക്ഷണത്തിലൂടെ ജീവിതത്തിന്റെ സമ്പുഷ്ടവും വിശദവുമായ ചിത്രം നൽകുന്നു എന്നതാണ് പങ്കാളിത്തനിരീക്ഷണത്തിന്റെ ഏറ്റവും വലിയ പ്രയോജനം എന്നു നാം കണ്ടു. ഫീൽഡ്‌വർക്കിനു ചെലവഴിക്കുന്ന സമയത്തിനും അധ്വാനത്തിനും ലഭിക്കുന്ന പ്രതിഫലമാണ് ഈ ആന്തരികവീക്ഷണം. പല ഗവേഷണപദ്ധതികൾക്കും ഫീൽഡിനെക്കുറിച്ച് ഇത്രയും വിപുലമായ അറിവു നൽകാൻ സാധിക്കുകയില്ല. തുടക്കത്തിൽ ഉണ്ടാകുന്ന അപൂർണധാരണകൾ തിരുത്താനും ഫീൽഡ്‌വർക്ക് സഹായിക്കുന്നു. പലപ്പോഴും ആദ്യധാരണകൾ തെറ്റായതും മുൻവിധികളുള്ളതുമായിരിക്കും. തന്റെ വിഷയങ്ങളിൽ വരുന്ന മാറ്റങ്ങൾ മനസ്സിലാക്കാനും അത് ഗവേഷകനെ സഹായിക്കുന്നു. വ്യത്യസ്ത സാഹചര്യങ്ങളുടെയും പശ്ചാത്തലങ്ങളുടെയും സ്വാധീനം മനസ്സിലാക്കുന്നതിനും അത് സഹായകമാണ്. ഉദാഹരണത്തിന്, വിളവെടുപ്പുകാലം മെച്ചമായിരുന്നാലും അല്ലെങ്കിലും വ്യത്യസ്തതരത്തിലുള്ള മാറ്റങ്ങളാണ് സാമൂഹികഘടനയിൽ ഉണ്ടാവുക. അതുപോലെ തൊഴിലുള്ളപ്പോഴും ഇല്ലാത്തപ്പോഴും ജനങ്ങളുടെ പെരുമാറ്റം വ്യത്യസ്തമായിരിക്കും.

ദീർഘകാലം മുഴുവൻ സമയവും പഠനപ്രദേശത്തുതന്നെ ചെലവഴിക്കുന്നതുകൊണ്ട് പങ്കാളിത്ത ഗവേഷണരീതിയിലൂടെ ഗവേഷകർക്കു സർവേ (ചോദ്യാവലി), ഹ്രസ്വനിരീക്ഷണം എന്നിവയിലെ പല തെറ്റുകളും മുൻവിധികളും മറികടക്കാൻ സാധിക്കുന്നു. എന്നാൽ, ഫീൽഡ്‌വർക്ക് തികച്ചും കുറ്റമറ്റ ഒരു

**ഗ്രാമപഠനങ്ങൾ നടത്തുന്നതിനുള്ള വ്യത്യസ്ത ശൈലികൾ**
**(Different Styles of Doing village studies)**

1950-കളിലും 1960-കളിലും ഗ്രാമപഠനങ്ങൾ ഇന്ത്യൻ സമൂഹശാസ്ത്രത്തിൽ പ്രാധാന്യം നേടിയെന്നു പറഞ്ഞല്ലോ. എന്നാൽ ഇതിന് വളരെക്കാലം മുമ്പുതന്നെ പ്രശസ്തമായ ഒരു ഗ്രാമപഠനം ഇവിടെ നടന്നിരുന്നു. മിഷനറി ദമ്പതികളായ വില്യം, ഷാർലറ്റ വൈസർ (William and Charlotte Wiser) എന്നിവർ ഉത്തർപ്രദേശിലെ ഒരു ഗ്രാമത്തിൽ അഞ്ചുവർഷം താമസിച്ചുകൊണ്ട് അവിടത്തെ ജീവിതത്തെക്കുറിച്ച് 'മൺചുമരുകൾക്കു പിന്നിൽ' (Behind Mud Walls) എന്ന ഗ്രന്ഥം രചിക്കുകയുണ്ടായി. മിഷനറിപ്രവർത്തനത്തിന്റെ ഭാഗമായാണ് ഈ പുസ്തകം എഴുതപ്പെട്ടതെങ്കിലും ഇത് സമൂഹശാസ്ത്രപഠനമെന്ന പരിഗണനയർഹിക്കുന്നു. കുടിയായ്മ (Jajmani) സമ്പ്രദായത്തെക്കുറിച്ച് നേരത്തേ ഒരു പുസ്തകം രചിച്ചിട്ടുള്ള സമൂഹശാസ്ത്രജ്ഞൻകൂടിയാണ് വില്യം വൈസർ.

1950കളിൽ ഗ്രാമപഠനങ്ങൾ പല പശ്ചാത്തലങ്ങളിലും പല രീതികളിലുമാണ് നടത്തപ്പെട്ടത്. ഫീൽഡ്‌വർക്ക് ഇക്കാലത്ത് സമൂഹശാസ്ത്രത്തിന്റെ അവിഭാജ്യഘടകമായി മാറിക്കഴിഞ്ഞിരിക്കുന്നു. ഏറ്റവും നല്ല ഉദാഹരണം എം.എൻ. ശ്രീനിവാസിന്റെ 'റിമമ്പേഡ് വില്ലേജ്' (Remembered Village) എന്ന ഗ്രന്ഥമാണ്. എം.എൻ. ശ്രീനിവാസ് മൈസൂരിനടുത്തുള്ള ഒരു ഗ്രാമത്തിൽ ഒരു വർഷം പഠനം നടത്താനായി ചെലവഴിച്ചു. ആ ഗ്രാമത്തിന് 'രാംപുര' എന്നാണ് അദ്ദേഹം പേരിട്ടത്. ആ നിരീക്ഷണക്കുറിപ്പുകൾ തീപ്പിടിത്തത്തിൽ നശിച്ചുപോയതിനാൽ ഗ്രാമത്തെക്കുറിച്ച് അദ്ദേഹം ഓർമയിൽനിന്നാണ് എഴുതിയത്. അദ്ദേഹത്തിന്റെ പുസ്തകത്തിന്റെ തലക്കെട്ട് അതാണ് സൂചിപ്പിക്കുന്നത്.

1950കളിലെ മറ്റൊരു പ്രശസ്തമായ ഗ്രാമപഠനമാണ് എസ്.സി. ദുബെയുടെ 'ഇന്ത്യൻ വില്ലേജ്' (Indian Village). ഉസ്മാനിയ സർവകലാശാലയിലെ ഒരു സമൂഹനരവംശ ശാസ്ത്രജ്ഞനായിരുന്ന ദുബെ സെക്കന്തരാബാദിനടുത്തുള്ള ഷമീർപെറ്റ് എന്ന ഗ്രാമത്തെക്കുറിച്ച് പഠനം നടത്തിയ ഒരു മൾട്ടിഡിസിപ്ലിനറി സംഘത്തിലെ അംഗമായിരുന്നു. ഗ്രാമവികസനപദ്ധതികളുടെ ഒരു പരീക്ഷണശാല എന്ന നിലയിൽ കണ്ടുകൊണ്ട് ഷമീർപെറ്റ് ഗ്രാമത്തിന്റെ വികസനത്തെ ലക്ഷ്യമിട്ട ഒരു വലിയ പഠനപദ്ധതിയായിരുന്നു ഇത്.

1950 കളിൽ കോർണൈൽ സർവകലാശാല തുടക്കം കുറിച്ച 'കോർണൈൽ വില്ലേജ് സ്റ്റഡി പ്രോജക്ട്' ഗ്രാമപഠനങ്ങളുടെ മറ്റൊരു ശൈലി കാഴ്ചവച്ചു. അമേരിക്കൻ സമൂഹനരവംശശാസ്ത്രജ്ഞരും മനശ്ശാസ്ത്രജ്ഞരും ഭാഷാപണ്ഡിതരും അടങ്ങുന്ന ഒരു സംഘം കിഴക്കൻ ഉത്തർപ്രദേശിലെ അനേകം ഗ്രാമങ്ങളിൽ ഇത്തരം ബഹുവൈജ്ഞാനിക (Multi disciplinary) പഠനങ്ങൾ നടത്തി. ഇന്ത്യൻ പണ്ഡിതരും ഈ പദ്ധതിയിൽ ഉൾപ്പെട്ടിരുന്നു.

ഗവേഷണരീതിയല്ല. ഇതിന്റെ പരിമിതികളും ന്യൂനതകളുമെന്താണെന്നു നോക്കാം.

ഫീൽഡ്‌വർക്കിന് ദീർഘകാലം ആവശ്യമാണ്. മാത്രമല്ല, എല്ലാ ജോലിയും ഗവേഷകൻ തനിച്ച് ചെയ്യേണ്ടിവരുന്നു. സ്വാഭാവികമായും ചെറിയൊരുഭാഗം മാത്രമേ ഫീൽഡ്‌വർക്കിന് ഉൾക്കൊള്ളാൻ കഴിയുകയുള്ളൂ. അതായത് ചെറിയൊരു ഗ്രാമമോ സമുദായമോ മാത്രമേ പഠനപരിധിയിൽപ്പെടുത്താനാവൂ. ഫീൽഡ്‌വർക്ക് കാലത്ത് ഒരു ഗ്രാമത്തിലോ സമുദായത്തിലോ നിരീക്ഷിച്ച കാര്യങ്ങൾ, മറ്റു ഗ്രാമങ്ങൾക്കോ പ്രദേശങ്ങൾക്കോ സമുദായ

ങ്ങൾക്കോ ബാധകമാക്കാനാവില്ല. ഇതാണ് ഫീൽഡ്‌വർക്കിന്റെ ഏറ്റവും വലിയ ന്യൂനത. അതുപോലെ, ഫീൽഡ്‌വർക്കിലൂടെ ലഭിക്കുന്നത് ഗവേഷകന്റെ വീക്ഷണമാണോ പഠനവിധേയമാക്കുന്ന ജനങ്ങളുടെ വീക്ഷണമാണോയെന്ന് ഉറപ്പിച്ചു പറയാൻ കഴിയില്ല. പഠനവിധേയമാക്കുന്ന ജനങ്ങളുടെ അഭിപ്രായങ്ങളാണ് ഗവേഷകർ പ്രതിനിധീകരിക്കേണ്ടത്. എന്നാൽ പലപ്പോഴും ഇത് സംഭവിക്കാറില്ല. എഴുതാനായി എന്തു തിരഞ്ഞെടുക്കണമെന്നും എന്ത് വായനക്കാരുടെ മുൻപിൽ അവതരിപ്പിക്കണമെന്നും തീരുമാനിക്കുന്നത് ഗവേഷകരാണ്. സ്വാഭാവികമായും തെറ്റുകൾ സംഭവിക്കാം. ഗവേഷകരുടെ മുൻവിധികളും ചായ്‌വുകളും അതിൽ കടന്നുകയറിയേക്കാം. ഈ അപകടം എല്ലാ ഗവേഷണരീതിയിലും നിലനിൽക്കുന്നുണ്ട്.

ഫീൽഡ്‌വർക്ക് പൊതുവേ വിമർശിക്കപ്പെടുന്നത് അതിന്റെ അടിസ്ഥാനമായ ഏകപക്ഷീയ ബന്ധത്തിന്റെ (One sided relationship) പേരിലാണ്. ഫീൽഡ്‌വർക്കിൽ നരവംശശാസ്ത്രജ്ഞരോ സമൂഹശാസ്ത്രജ്ഞരോ ചോദ്യങ്ങൾ ചോദിക്കുകയും ഉത്തരങ്ങൾ അവതരിപ്പിക്കുകയും ജനങ്ങൾക്കുവേണ്ടി സംസാരിക്കുകയും ചെയ്യുന്നു. ഇവിടെ ജനങ്ങൾക്ക് ഒന്നും ചെയ്യാനില്ല.

ഈ പോരായ്മ മറികടക്കുന്നതിന് ചില പണ്ഡിതർ ഒരു സംവാദഘടനാരൂപം (Dialogue Format) നിർദേശിക്കുകയുണ്ടായി. ജനങ്ങളെയും പ്രതികർത്താക്കളെയും പ്രത്യക്ഷമായി ഫീൽഡ്‌വർക്കിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദേശങ്ങളാണ് അതിലുണ്ടായിരുന്നത്. ഇതുപ്രകാരം, ഗവേഷകരുടെ കൃതി ഫീൽഡ്‌വർക്ക് നടത്തപ്പെടുന്ന സമുദായത്തിന്റെ ഭാഷയിലേക്കു തർജമ ചെയ്യാനും അതു വായിച്ച് അഭിപ്രായം പ്രകടിപ്പിക്കാനും ആവശ്യപ്പെടണം. ഇത് ഗവേഷകനും ഗവേഷണം ചെയ്യപ്പെടുന്ന ജനങ്ങളും തമ്മിലുള്ള അകലം കുറയ്ക്കുന്നു. അതോടെ ഗവേഷകന്റെ വ്യാഖ്യാനങ്ങളെ ചോദ്യംചെയ്യാനും തിരുത്താനും ജനങ്ങൾക്ക് സാധിക്കും. ഇത് തീർച്ചയായും സമൂഹശാസ്ത്രഗവേഷണത്തെ സങ്കീർണവും വിവാദസാധ്യതയുള്ളതുമാക്കിയേക്കാം. പക്ഷേ, ദീർഘകാലാടിസ്ഥാനത്തിൽ അറിവ് ഉൽപ്പാദിപ്പിക്കുന്നതിൽ കൂടുതൽ ജനങ്ങളെ ഗവേഷണപ്രക്രിയയിൽ പങ്കാളികളാക്കാനും അതിലൂടെ സമൂഹശാസ്ത്രത്തെ കൂടുതൽ ജനാധിപത്യവൽക്കരിച്ച് മുന്നോട്ടു കൊണ്ടുപോകാനും സാധിക്കും.

### സർവേകൾ (Surveys)

സമൂഹശാസ്ത്രത്തിൽ ഏറ്റവും അറിയപ്പെടുന്ന ഗവേഷണരീതിയാണ് സർവേ. സമൂഹശാസ്ത്രത്തിൽ മാത്രമല്ല സർവേ ഉപയോഗിക്കപ്പെടുന്നത്. ഇന്ത്യയിൽ അക്കാദമികമല്ലാത്ത കാര്യങ്ങൾക്കും സർവേ ഉപയോഗിക്കുന്നു. തിരഞ്ഞെടുപ്പു ഫലങ്ങൾ പ്രവചിക്കാനും ഉൽപ്പന്നങ്ങൾ വിൽക്കാനുള്ള വിപണനതന്ത്രങ്ങൾ രൂപീകരിക്കാനും വിവിധ വിഷയങ്ങളിലുള്ള പൊതുജനാഭിപ്രായം പുറത്തുകൊണ്ടുവരാനുമൊക്കെയായി ഇന്ന് സർവേകൾ ഉപയോഗിക്കപ്പെടുന്നുണ്ട്.

സർവേ പൊതുവായി കാര്യങ്ങളെക്കുറിച്ച് ഒരവലോകനം നൽകുന്നു. തിരഞ്ഞെടുത്ത ഒരു സംഘം ആളുകളിൽനിന്ന് ശേഖരിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ വിഷയത്തെക്കുറിച്ച് സമഗ്രമായൊരു കാഴ്ചപ്പാട് ലഭിക്കാൻ സർവേയിലൂടെ സാധ്യമാകുന്നു. വിവരശേഖരണത്തിനായി തിരഞ്ഞെടുക്കുന്ന ജനങ്ങളെ പ്രതികർത്താക്കൾ (Respondents) എന്നു വിളിക്കുന്നു. ഗവേഷകരുടെ ചോദ്യങ്ങളോട് അവർ പ്രതികരിക്കുന്നു.

സർവേഗവേഷണം സാധാരണയായി നടത്താറുള്ളത് വലിയ സംഘങ്ങളാണ്. അതിൽ ഗവേഷകസഹചാരികൾ (Associates),


സഹായികൾ (Assistants) എന്നിവരും ഉൾപ്പെടുന്നു. അവർ പഠനത്തിന് പദ്ധതി ഒരുക്കുകയും രൂപരേഖ തയാറാക്കുകയും ചെയ്യുന്നു.

സർവേയുടെ ചോദ്യങ്ങൾ ചോദിക്കുന്നതിനും ഉത്തരങ്ങൾ സ്വീകരിക്കുന്നതിനും പല മാർഗങ്ങളുണ്ട്. ചോദ്യങ്ങൾ പലപ്പോഴും അന്വേഷകൻ സ്വകാര്യസന്ദർശന സമയത്ത് വാമൊഴിയായി ചോദിക്കുന്നു. ചിലപ്പോൾ ടെലിഫോണിലൂടെയും ചോദിക്കാറുണ്ട്. അന്വേഷകർ ചോദ്യാവലി ഫീൽഡിൽ കൊണ്ടുപോയി പ്രതികരണങ്ങൾ എഴുതി വാങ്ങാറുമുണ്ട്.

കമ്പ്യൂട്ടറുകളും വിവരസാങ്കേതികവിദ്യയും പ്രചരിച്ചതോടെ ഇലക്ട്രോണിക് സർവേകളും വ്യാപകമായിട്ടുണ്ട്. ഈ സംവിധാനത്തിൽ ഇ-മെയിൽ, ഇന്റർനെറ്റ് എന്നിവയിലൂടെ ചോദ്യങ്ങൾ സ്വീകരിക്കാനും ഉത്തരങ്ങൾ അയയ്ക്കാനും പ്രതികർത്താക്കൾക്ക് സാധിക്കുന്നു. ഫേസ്ബുക്ക്, വാട്സാപ്പ്, തുടങ്ങിയവ പുതിയ സങ്കേതങ്ങളാണ്.

സർവേക്ക് മറ്റു ഗവേഷണരീതികളെ അപേക്ഷിച്ച് ഒരു പ്രധാന മെച്ചമുണ്ട്

ജനസംഖ്യയിൽ ഒരു ചെറിയ വിഭാഗത്തെയെടുത്ത് പഠിച്ചുകൊണ്ട് അവയിലൂടെ ലഭ്യമാകുന്ന നിഗമനങ്ങളെ വലിയ സമഷ്ടി (Population)യിലേക്ക് സാമാന്യവൽക്കരിക്കാൻ



സർവേയ്ക്ക് സാധിക്കുന്നു. അങ്ങനെ ചുരുങ്ങിയ സമയംകൊണ്ട്, കുറഞ്ഞ അധ്വാനത്തിലും ചെലവിലും വലിയ കൂട്ടത്തെക്കുറിച്ച് പഠിക്കാൻ സർവേകൊണ്ട് സാധിക്കുന്നു. അതുകൊണ്ടാണ് സമൂഹശാസ്ത്രങ്ങളിലും മറ്റു മേഖലകളിലും സർവേ പ്രിയങ്കരമായത്.

മറ്റൊരു ഗവേഷണരീതിയായ സാമ്പിൾ സർവേ എന്താണെന്ന് നോക്കാം. സാമ്പിൾ സർവേയിൽ ഗവേഷകർ തിരഞ്ഞെടുക്കപ്പെട്ട വ്യക്തികളിൽ നിന്നുമാത്രമാണ് വിവരങ്ങൾ ശേഖരിക്കുന്നത്. പഠനവിധേയമാക്കുന്ന മൊത്തം ഗ്രൂപ്പിനെ - സമഷ്ടി അഥവാ ജനസംഖ്യ എന്നു പറയുന്നു. ഇവരിൽനിന്ന് പഠനത്തിനായി തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തികൾ മൊത്തം ജനസംഖ്യയെ പ്രതിനിധീകരിക്കുന്നു. ഈ ഗ്രൂപ്പിനെയാണ് സാമ്പിൾ (Sample) അല്ലെങ്കിൽ പ്രതിരൂപം എന്നു പറയുന്നത്. സാമ്പിൾ സർവേ/പ്രതിരൂപ സർവേയുടെ ഫലം ഉപയോഗിച്ച് സാമാന്യവൽക്കരണം (Generalisation) നടത്താൻ സാധിക്കുന്നു. സാംഖ്യകത്തിലെ (Statistics) സാമ്പ്ളിങ് സിദ്ധാന്തം (Sampling theory) ഉപയോഗിച്ചുകൊണ്ടാണ് സാമ്പിൾ സർവേ നടത്തുക. സാമ്പിൾ തിരഞ്ഞെടുക്കാൻ അനേകം രീതികളുണ്ട്.

ഇത് പ്രധാനമായും രണ്ടു തത്ത്വങ്ങളെ ആശ്രയിച്ചിരിക്കുന്നു.

1. സ്തരിതാ സാമ്പ്ളിങ് (Stratified sampling)
2. യാദൃച്ഛിക സാമ്പ്ളിങ് (Random Sampling)

ജനസംഖ്യയിലെ പ്രസക്തമായ എല്ലാ വിഭാഗങ്ങളെയും സാമ്പിളിൽ (പ്രതിരൂപം) പ്രതിനിധീകരിക്കുന്ന രീതിയാണ് സ്തരിതാ സാമ്പ്ളിങ്. ജനങ്ങൾ ഒരു ഏകവിഭാഗമല്ല. അവർ പല ഉപവിഭാഗങ്ങളിൽപ്പെട്ടവരാണ്. ഇതിനെ ശ്രേണീകരണം എന്നു വിളിക്കുന്നു. ഈ രീതിയനുസരിച്ച് സാമ്പിൾ എടുക്കേണ്ട ജനസംഖ്യയെ വർഗം, ജാതി, മതം, ലിംഗം,

**സെൻസസും നാഷണൽ സാമ്പിൾ സർവേ സംഘടനയും**
**(The Census and the National Sample Survey Organisation)**

ലോകത്ത് ഏറ്റവും കൃത്യമായി ജനസംഖ്യാകണക്കെടുപ്പു നടത്തുന്ന രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. ഓരോ പത്തുവർഷം കൂടുമ്പോഴും നാം ജനസംഖ്യാകണക്കെടുപ്പു നടത്തുന്നു.

ലക്ഷക്കണക്കിന് അന്വേഷകരും വിപുലമായ മുന്നൊരുക്കങ്ങളും ആവശ്യമുള്ള, ഭീമമായ ചെലവു വരുന്ന പ്രക്രിയയാണ് ഇന്ത്യൻ സെൻസസ്. എന്നാൽ ഇതിനു പകരമായി രാജ്യത്തുള്ള ഓരോ വീടിന്റെയും ഓരോ വ്യക്തിയുടെയും വിശദാംശങ്ങൾ ഉൾപ്പെടുത്തിയുള്ള സമഗ്രമായ സർവേഫലം നമുക്കു ലഭിക്കുന്നു. എന്നാൽ പല വിദേശരാജ്യങ്ങളും സാമ്പിൾ സർവേകളാണ് നടത്തുന്നത്. ഇതിന്റെ ഫലങ്ങളും കൃത്യത പുലർത്തുന്നതാണ്. സെൻസസുകളുടെ ഇടവേളകളിലായി ഇന്ത്യയിൽ നാഷണൽ സാമ്പിൾ സർവേ ഓർഗനൈസേഷൻ (NSSO) ഓരോ വർഷവും സാമ്പിൾ സർവേ നടത്തുന്നു. ദാരിദ്ര്യം, തൊഴിലില്ലായ്മ തുടങ്ങിയ വിഷയങ്ങളെക്കുറിച്ചാണ് സർവേ സംഘടിപ്പിക്കുന്നത്. NSSO ഓരോ അഞ്ചുവർഷം കൂടുമ്പോഴും 1.2 ലക്ഷം വീടുകളെയും ആറുലക്ഷത്തിലേറെ വ്യക്തികളെയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു വലിയ സർവേയും നടത്തിവരുന്നു. ഇത് വലിയൊരു സാമ്പിളായി കണക്കാക്കപ്പെടുന്നു. ലോകത്തിൽ കൃത്യമായി നടത്തപ്പെടുന്ന ഏറ്റവും വലിയ സർവേകളിൽ NSSO സർവേ ഉൾപ്പെടുന്നു. ശാസ്ത്രീയമായി തിരഞ്ഞെടുക്കുന്നതുകൊണ്ട് മൊത്തം ജനസംഖ്യയുടെ സവിശേഷതകൾ വിലയിരുത്താൻ NSSO സാമ്പിളിനുകഴിയുന്നു.

വയസ്സ് എന്നിവയുടെയൊക്കെ അടിസ്ഥാനത്തിൽ പലതട്ടുകളായി തരംതിരിക്കുന്നു.

(ഇവിടെ പ്രസ്താവിച്ച ശ്രേണീകരണം കേവലം സാംഖ്യക ആശയമാണെന്നും നാലാമധ്യായത്തിൽ ചർച്ചചെയ്ത സാമൂഹിക ശ്രേണീകരണം എന്ന ആശയത്തിൽനിന്നു വിഭിന്നമാണെന്നും പ്രത്യേകം ശ്രദ്ധിക്കുക). ഈ തട്ടുകളിൽനിന്നാണ് സാമ്പിളുകൾ തിരഞ്ഞെടുക്കുന്നത്. ഏതു തട്ടിനെയാണ് പ്രസക്തമായി കണക്കാക്കേണ്ടത് എന്നത് ഗവേഷണത്തിന്റെ പ്രത്യേക ലക്ഷ്യങ്ങൾക്കനുസരിച്ച് ഗവേഷകരാണ് തീരുമാനിക്കുക. ഉദാഹരണത്തിന്, മതത്തെക്കുറിച്ചുള്ള മനോഭാവം ഗവേഷണം ചെയ്യുമ്പോൾ എല്ലാ മതവിഭാഗങ്ങളിൽ നിന്നുള്ളവരെയും ഉൾപ്പെടുത്തണം. അതുപോലെ ട്രേഡ് യൂണിയൻ മനോഭാവങ്ങളെക്കുറിച്ച് ഗവേഷണം ചെയ്യുമ്പോൾ തൊഴിലാളികൾ, മാനേജർമാർ, വ്യവസായികൾ തുടങ്ങിയവരെയും പരിഗണിക്കേണ്ടതുണ്ട്.

സാമ്പിൾ തിരഞ്ഞെടുപ്പിന്റെ രണ്ടാമത്തെ തത്ത്വം യഥാർഥ ഏകകം (Unit) - തിരഞ്ഞെടുക്കുന്നത് വ്യക്തി അല്ലെങ്കിൽ ഗ്രാമം അല്ലെങ്കിൽ ഗൃഹം - ആകസ്മികതയെ മാത്രം ആശ്രയിച്ചിരിക്കുന്നു എങ്കിൽ ഇതിനെ യാദൃച്ഛികവൽക്കരണം (Randomisation) എന്നും സൂചിപ്പിക്കാറുണ്ട്. സംഭവ്യതകൾ (Probability) എന്ന സങ്കൽപ്പനത്തെയാണ് ഇതാശ്രയിച്ചിരിക്കുന്നത്. സംഭവ്യത എന്നതു കൊണ്ടുദ്ദേശിക്കുന്നത് യാദൃച്ഛികതയാണ്. യാദൃച്ഛികത ഒരു സംഭവം ഉണ്ടാകാനുള്ള സാധ്യതയാണ്. ഉദാഹരണത്തിന്, ഒരു നാണയം ടോസ് ചെയ്താൽ ഇരുവശങ്ങളിലൊന്ന് മുകളിൽ വരുന്നതിനുള്ള സാധ്യത തുല്യമാണ്. ഓരോന്നിലും 50% സാധ്യതയുണ്ടെന്നു പറയാം. മുകളിൽ വരുന്നത് നാണയത്തിന്റെ തലയോ വാലോ (Head or Tail) എന്നത് പൂർണമായും യാദൃച്ഛികതയെ ആശ്രയിച്ചിരിക്കുന്നു. ഇതുപോലുള്ള സംഭവങ്ങളാണ് യാദൃച്ഛികസംഭവ്യത (Random Events).

ഇതേ ആശയം തന്നെയാണ് ഒരു സാമ്പിൾ തിരഞ്ഞെടുക്കുമ്പോൾ നാം ഉപയോഗിക്കുന്നത്. സാമ്പിളിന്റെ ഭാഗമായി വ്യക്തിയോ സംഘമോ (ഗ്രാമമോ കുടുംബമോ ഏതും) യാദൃച്ഛികമായാണ് തിരഞ്ഞെടുക്കപ്പെടുന്നത്. പല രീതികൾ ഇതിനായി ഉപയോഗിക്കുന്നുണ്ട്. നറുക്കെടുപ്പ്, പ്രത്യേകം തയാറാക്കിയ പട്ടിക, ക്രമരഹിത പട്ടിക ഉപയോഗിക്കൽ, കമ്പ്യൂട്ടറുകൾ തിരഞ്ഞെടുക്കുന്ന ക്രമരഹിത നമ്പറുകൾ എന്നിവ ഉപയോഗിച്ച് യാദൃച്ഛിക സാമ്പ്ളിങ് നടത്താം.

എങ്ങനെയാണ് സ്തരിതാപ്രതിരൂപം തിരഞ്ഞെടുക്കുന്നത് എന്നു മനസ്സിലാക്കാൻ ഒരു ഉദാഹരണമെടുക്കാം. 'ചെറിയ സമുദായങ്ങൾക്കിടയിലാണ് വലിയ സമുദായങ്ങൾക്കിടയിൽ ജീവിക്കുന്നതിനേക്കാൾ കൂടുതൽ അടുപ്പവും സാമുദായികസൗഹാർദവും നിലനിൽക്കുന്നത്' എന്ന് ഒരു പരികൽപ്പന (Hypothesis) പരിശോധിക്കാം.

ഇന്ത്യയിലെ ഒരു സംസ്ഥാനത്തിലെ ഗ്രാമീണ മേഖലയിലാണ് നാം പഠനം നടത്തുന്നത് എങ്കിൽ ആ സംസ്ഥാനത്തെ എല്ലാ ഗ്രാമങ്ങളുടെയും അതിലെ ജനസംഖ്യയുടെയും ഒരു പട്ടിക തയാറാക്കിക്കൊണ്ടാണ് സാമ്പിൾ തിരഞ്ഞെടുക്കുന്ന പ്രക്രിയ ആരംഭിക്കുക. അതിനായി ഗ്രാമങ്ങളെ ചെറിയ ഗ്രാമങ്ങൾ, വലിയ ഗ്രാമങ്ങൾ എന്നിങ്ങനെ തരംതിരിക്കുന്നു. ചെറുതും വലുതുമല്ലാത്ത 'ഇടത്തരം' ഗ്രാമങ്ങളെ പട്ടികയിൽനിന്ന് ഒഴിവാക്കുന്നു. ഇങ്ങനെ പരിഷ്കരിച്ച പട്ടികയിൽ ചെറുതും വലുതുമായ ഗ്രാമങ്ങൾ മാത്രമാണുണ്ടാവുക. യാദൃച്ഛിക പ്രതിരൂപം പഠനരീതിയിൽ പഠനവിധേയമാക്കുന്ന ഗ്രൂപ്പിലെ എല്ലാവിഭാഗങ്ങൾക്കും തുല്യ അവസരമാണ് നൽകുക. അതിനാൽ ഇവിടെ ഓരോ ഗ്രൂപ്പിൽനിന്നും തുല്യയെണ്ണം ഗ്രാമങ്ങളെ വീതം നറുക്കെടുപ്പിലൂടെ തിരഞ്ഞെടുക്കുകയും തുടർന്ന് ഈ ഗ്രാമങ്ങളെക്കുറിച്ച് പഠിക്കുകയും ആദ്യമെടുത്ത പരികല്പന തെറ്റാണോ ശരിയാണോ എന്നു കണ്ടെത്തുകയും ചെയ്യുന്നു. ഇത്തരത്തിൽ സാമ്പിൾ തിരഞ്ഞെടുക്കുമ്പോൾ വളരെ ശ്രദ്ധ പുലർത്തേണ്ടതുണ്ട്. മുഴുവൻ ജനസംഖ്യയെയും അതിന്റെ സവിശേഷതകളെയും പ്രതിനിധീകരിക്കാൻ അതിന് കഴിയണം. എങ്കിൽ മാത്രമേ അതിൽനിന്നു ലഭിക്കുന്ന ഫലങ്ങൾ മൊത്തം ജനസംഖ്യയിലേക്ക് സാമാന്യവൽക്കരിക്കാൻ സാധിക്കുകയുള്ളൂ.

തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ജനസംഖ്യയുടെ സവിശേഷതകളുമായി വളരെ അടുത്ത സാമ്യമുള്ള സാമ്പിളുകൾ തന്നെ കണ്ടെത്തിയാലും ചെറിയ വ്യതിയാനങ്ങൾ സംഭവിച്ചേക്കാം. ഇതിനെ സാമ്പിൾ തിരഞ്ഞെടുപ്പിന്റെ 'പിഴവിലൂടെ വരുന്ന വ്യത്യാസങ്ങൾ' അഥവാ പ്രതിരൂപ പിശക് (Sampling Error) എന്നു പറയുന്നു. ഈ തെറ്റു സംഭവിക്കുന്നത് ഗവേഷകരുടെ കുറ്റംകൊണ്ടല്ല; ഒരു വലിയ സമഷ്ടിയെ പ്രതിനിധീകരിക്കാൻ ഒരു ചെറിയ സാമ്പിൾ ഉപയോഗിക്കുന്നതുകൊണ്ടാണ്. സാമ്പിൾ സർവേയിലെ ഫലങ്ങൾ റിപ്പോർട്ട് ചെയ്യുമ്പോൾ, ഗവേഷകർ അവരുടെ സാമ്പിളിന്റെ വലുപ്പവും പിഴവിലൂടെ വരാവുന്ന വ്യത്യാസങ്ങളും സൂചിപ്പിക്കണം. എങ്കിലും ചുരുങ്ങിയ സമയംകൊണ്ട് കുറഞ്ഞ ചെലവിൽ വലിയൊരു സമഷ്ടിയുടെ വിശാലമായ ഒരു അവലോകനം നൽകാൻ സഹായകമാണ് സാമ്പിൾസർവേ. കൂടുതൽ വലുപ്പമുള്ള സാമ്പിളുകൾ ഉപയോഗിച്ചാൽ സമഷ്ടിയെ യഥാർഥമായി പ്രതിനിധീകരിക്കാനുള്ള സാധ്യതയും കൂടും. മുഴുവൻ ജന ങ്ങളെയും ഉൾക്കൊള്ളുന്ന സെൻസസ് ഇതിന്റെ കുറ്റമറ്റ രൂപമാണ്.

പല വൻകിടസർവേകളും പതിനായിരക്കണക്കിന് വ്യക്തികളെ പ്രതിരൂപങ്ങളായി

കണ്ടെത്തി പഠനം നടത്താറുണ്ട്. എന്നാൽ സാമ്പിളുകളുടെ വലുപ്പം മാത്രമല്ല പ്രധാനം, അതു തിരഞ്ഞെടുക്കുന്ന രീതിയും വളരെ പ്രധാനപ്പെട്ടതാണ്. സാമ്പിളുകൾ തിരഞ്ഞെടുക്കുന്നത് പലപ്പോഴും പ്രായോഗിക പരിഗണനകളെ അടിസ്ഥാനപ്പെടുത്തിയായിരിക്കും. സെൻസസ് പ്രായോഗികമല്ലാത്ത സാഹചര്യങ്ങളിൽ സാമ്പിൾസർവേ മാത്രമാണ് ജനസംഖ്യയെ മൊത്തമായി പഠിക്കുന്നതിനുള്ള മാർഗം.

സർവേയുടെ ഏറ്റവും വലിയ നേട്ടം അത് സമഗ്രമായൊരു ചിത്രം നൽകുന്നു എന്നതാണ്. ഒരു കൂട്ടായ്മയെ അടിസ്ഥാനമാക്കിയുള്ള ചിത്രമാണ് സർവേ നൽകുന്നത്, അല്ലാതെ ഒരു വ്യക്തിയെയോ സംഘത്തെയോ വേർതിരിച്ചെടുത്ത ചിത്രമല്ല. സമഗ്രതലത്തിൽനിന്നു കൊണ്ട് മാത്രമേ പല സാമൂഹിക പ്രശ്നങ്ങളും നമുക്ക് തിരിച്ചറിയാൻ കഴിയുകയുള്ളൂ. സൂക്ഷ്മതലത്തിലുള്ള അന്വേഷണത്തിലൂടെ അവ കണ്ടെത്താൻ കഴിയുകയുമില്ല.

ഉദാഹരണമായി, സംഘബോധത്തിന്റെ ഫലമായി സൃഷ്ടിക്കപ്പെടുന്ന പല സാമൂഹിക പ്രതിഭാസങ്ങളെപ്പറ്റിയും സർവേകളിലൂടെ മാത്രമേ പഠിക്കാനാവൂ. വ്യക്തികളെ വേറിട്ടു കണ്ടുകൊണ്ട് ഇവ പഠിക്കാനാവില്ല.

മറ്റു ഗവേഷണരീതികളെപ്പോലെ സർവേ രീതിക്കും അതിന്റേതായ പോരായ്മകളുണ്ട്. സർവേ വ്യാപകമായചിത്രം നൽകുന്നുണ്ടെങ്കിലും പ്രതികർത്താക്കളിൽനിന്ന് ആഴത്തിലുള്ള വിവരങ്ങൾ ലഭിക്കാൻ സാധാരണനിലയിൽ സർവേയിലൂടെ സാധ്യ തയില്ല. പ്രതികർത്താക്കളുടെ എണ്ണം കൂടുതലായതിനാൽ ഓരോരുത്തരുമായി ചെലവഴിക്കാനുള്ള സമയം പരിമിതമായിരിക്കും. കൂടാതെ സർവേയുടെ ചോദ്യാവലി പ്രതികർത്താക്കളിലേക്ക് എത്തിക്കുന്നത് അനേകം അന്വേഷകരാണ്. അതിനാൽ സങ്കീർണമായ ചോദ്യങ്ങളും വിശദമായതോ കൃത്യത ആവശ്യമുള്ളതോ ആയ ചോദ്യങ്ങളും ഉൾപ്പെടുത്തുന്നത് ഉചിതമല്ല. കാരണം, ചോദ്യാവലി എല്ലാവരും ഒരേ രീതിയിൽ ചോദിക്കണമെന്നില്ല. ചോദ്യങ്ങൾ ചോദിക്കുന്നതിലും ഉത്തരങ്ങൾ രേഖപ്പെടുത്തുന്നതിലും സംഭവിക്കാവുന്ന വ്യത്യാസങ്ങൾ സർവേയിൽ തെറ്റുകൾ കടന്നുകൂടുന്നതിന് കാരണമാകുന്നു. അതിനാൽ സർവേക്ക് ആവശ്യ മായ ചോദ്യാവലി വളരെ ശ്രദ്ധാപൂർവം തയാറാക്കണം. ചോദ്യാവലി കൈകാര്യം ചെയ്യുന്നത് ഗവേഷകരല്ലാത്ത വ്യക്തികൾ ആയതിനാൽ ഉപയോഗിക്കുന്ന സമയത്ത് തിരുത്തലുകളും ഭേദഗതികളും നടത്താനുള്ള സാധ്യത കുറവാണ്.

സർവേയിൽ അന്വേഷകരും പ്രതികർത്താക്കളും തമ്മിൽ ദീർഘകാലബന്ധത്തിന് സാധ്യതയില്ല. അതിനാൽ സർവേ ചോദ്യങ്ങൾ രണ്ട് അപരിചിതർ തമ്മിൽ ചോദിക്കാവുന്നതും ഉത്തരം ലഭിക്കാവുന്ന തരത്തിലുമുള്ളവയായിരിക്കണം. വ്യക്തിപരവും പ്രകോപനപരവുമായ ചോദ്യങ്ങൾ ചോദിക്കാൻ പാടില്ല. അത്തരത്തിലുള്ള ചോദ്യങ്ങളോട് പൊതുവെ പ്രതികരിക്കുന്നവർ സത്യസന്ധമായ ഉത്തരം നൽകില്ല. പകരം, അവർക്ക് 'സുരക്ഷിതം' എന്നു തോന്നുന്ന ഉത്തരങ്ങൾ നൽകുകയും ചെയ്യും. അത്തരത്തിലുള്ള പ്രശ്നങ്ങളെ പ്രതിരൂപേതര പിശകുകൾ (Non Sampling Errors) എന്നു പറയുന്നു. സാമ്പ്ളിങ് പ്രക്രിയമൂലമല്ല ഈ തെറ്റുകൾ സംഭവിക്കുന്നത്. ഗവേഷണത്തിന്റെ രൂപകല്പനയിലും നടപ്പാക്കുന്ന രീതിയിലുള്ള പിശകുകളും പോരായ്മകളുമാണിതിനു കാരണം.

സർവേരീതിയിൽ കടന്നുകൂടുന്ന തെറ്റുകൾ പലതും മുൻകൂട്ടി കാണാനോ പ്രതിരോധിക്കാനോ കഴിയാത്തതാണ്. അതിനാൽ തെറ്റുപറ്റാനും തെറ്റിദ്ധരിപ്പിക്കുന്നതോ തെറ്റായതോ ആയ വിലയിരുത്തലുകൾ

നടത്തപ്പെടാനും സാധ്യതയുണ്ട്. സർവേയുടെ ഏറ്റവും വലിയ ന്യൂനത അതിന്റെ ചോദ്യാവലിയിൽ തന്നെയുണ്ട്. സർവേ വിജയിക്കണമെങ്കിൽ ചോദ്യാവലി കർശനമായി ചിട്ടപ്പെടുത്തിയതും വഴക്കമില്ലാത്തതും (Rigid) ആയിരിക്കണം. എന്നാൽ ഇത്തരം ചോദ്യങ്ങൾക്ക് സർവേയുടെ യഥാർഥ ലക്ഷ്യം കൈവരിക്കാനാവില്ല. എത്രതന്നെ മികച്ച ചോദ്യാവലിയായാലും അതിന്റെ അന്തിമവിജയം ആശ്രയിച്ചിരിക്കുന്നത് അന്വേഷകരും പ്രതികർത്താക്കളും തമ്മിലുള്ള പരസ്പരപ്രവർത്തനത്തിലാണ്. പ്രത്യേകിച്ച് പ്രതികർത്താക്കളുടെ സഹകരണത്തെയും സത്യസന്ധതയെയും ആശ്രയിച്ചായിരിക്കും.



പരിചയമുള്ള ഏതെങ്കിലും സർവേകളെക്കുറിച്ച് നിങ്ങൾ ചർച്ചചെയ്യുക. തിരഞ്ഞെടുപ്പുസർവേകളെക്കുറിച്ചോ പത്രങ്ങളും ചാനലുകളും നടത്തുന്ന സർവേകളെക്കുറിച്ചോ ആവാം.

ഇത്തരം സർവേഫലങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടപ്പോൾ സംഭവിക്കാവുന്ന പിഴവുകളെപ്പറ്റി അതിൽ സൂചിപ്പിച്ചിരുന്നോ?

സാമ്പിളിന്റെ വലുപ്പത്തെക്കുറിച്ചോ അവ തിരഞ്ഞെടുക്കപ്പെട്ട രീതിയെക്കുറിച്ചോ എവിടെയെങ്കിലും സൂചിപ്പിച്ചിരുന്നോ? ഗവേഷണപ്രക്രിയയിലെ ഇത്തരം കാര്യങ്ങൾകൂടി റിപ്പോർട്ടിൽ വ്യക്തമാക്കാത്തപക്ഷം അത്തരം സർവേയുടെ കണ്ടെത്തലുകളെ വിശ്വസനീയം എന്നു കരുതാനാവില്ല. കാരണം, സർവേഫലങ്ങളെ വിലയിരുത്താൻ മേൽപ്പറഞ്ഞ കാര്യങ്ങൾകൂടി അനിവാര്യമാണ്. മാധ്യമങ്ങൾ പലപ്പോഴും സർവേകളെ ദുരുപയോഗം ചെയ്തുകാണാറുണ്ട്.

പക്ഷപാതപരവും വേണ്ടത്ര പ്രാതിനിധ്യം ഇല്ലാത്തതുമായ പ്രതിരൂപങ്ങൾ ആസ്പദമാക്കി വലിയ വാദഗതികളുയർത്തുന്നതാണ് ഇത്തരം സർവേകളുടെ രീതി. ഈ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് നിങ്ങൾക്ക് പരിചയമുള്ള സർവേകളെ വിലയിരുത്തുക.



ചുവടെ കൊടുത്ത ചോദ്യങ്ങൾ മുൻനിർത്തി, നിങ്ങളുടെ വിദ്യാലയത്തിൽ ഒരു സർവേ പഠനം നടത്തണമെന്നു കരുതുക. മുഴുവൻ കുട്ടികളെയും പ്രതിനിധീകരിക്കത്തക്കവണ്ണം ഇതിനാവശ്യമായ സാമ്പിളുകൾ എങ്ങനെയാവും തിരഞ്ഞെടുക്കുക?

(i) ഏക സഹോദരനോ സഹോദരിയോ മാത്രമുള്ള വിദ്യാർഥികൾ ഒന്നിലേറെ സഹോദരങ്ങളുള്ള വിദ്യാർഥികളെ അപേക്ഷിച്ച് പഠനത്തിൽ മികച്ചവരോ അല്ലാത്തവരോ ആകുന്നുണ്ടോ?

(ii) പ്രൈമറി (I മുതൽ V വരെ ക്ലാസുകൾ), മിഡിൽ (VI മുതൽ VIII വരെ ക്ലാസുകൾ), സെക്കന്ററി (IX മുതൽ X വരെയുള്ള ക്ലാസുകൾ), ഹയർ സെക്കൻഡറി (XI മുതൽ XII വരെയുള്ള ക്ലാസുകൾ) എന്നീ വിഭാഗങ്ങളിലോരോന്നിലെയും വിദ്യാർഥികളുടെ ഏറ്റവും ഇഷ്ടപ്പെട്ട ഒഴിവുസമയപ്രവർത്തനങ്ങൾ എന്തെല്ലാം?

(iii) ഒരു വിദ്യാർഥിയുടെ പ്രിയപ്പെട്ട അധ്യാപിക/അധ്യാപകൻ പഠിപ്പിക്കുന്ന വിഷയം തന്നെയാണോ അവരുടെ ഇഷ്ടവിഷയമായിരിക്കുന്നത്? ഇക്കാര്യത്തിൽ ആ കുട്ടികൾക്കിടയിൽ വലിയ വ്യത്യാസങ്ങൾ കാണുന്നുണ്ടോ?

[കുറിപ്പ്: ഓരോ ചോദ്യത്തിനും വ്യത്യസ്തമായ പ്രതിരൂപപദ്ധതികൾ തയാറാക്കുക]

### ലിംഗാനുപാതത്തിലെ ആപൽക്കരമായ ഇടിവ് – സ്ഥിതിവിവരക്കണക്കുകൾ (Alarming Decline in the Sex Ratio)

ഇന്ത്യയിലെ കുറഞ്ഞുവരുന്ന ലിംഗാനുപാതത്തെക്കുറിച്ച് 3-ാമത്തെ അധ്യായത്തിൽ ചർച്ച ചെയ്തിട്ടുണ്ടല്ലോ. സമീപകാലത്ത് ആൺകുട്ടികളെ അപേക്ഷിച്ച് പെൺകുട്ടികളുടെ ജനനത്തിൽ ഗണ്യമായ കുറവുണ്ടായി. പഞ്ചാബ്, ഹരിയാന, ഡൽഹി, ഹിമാചൽപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ പെൺശിശുക്കളുടെ ജനനത്തിലുള്ള ഇടിവ് പരിഭ്രാന്തി ഉളവാക്കുന്ന നിലയെത്തിയിരിക്കുന്നു.

പ്രായഗ്രൂപ്പിൽ കുട്ടികളുടെ എണ്ണം അനുസരിച്ചാണ് ലിംഗാനുപാതം കണക്കാക്കുന്നത്. ഈ അനുപാതം ഇന്ത്യയിലൊട്ടാകെ കുത്തനെ താഴ്ന്നുകൊണ്ടിരിക്കുകയാണ്. ചില സംസ്ഥാനങ്ങളിൽ പ്രത്യേകിച്ചും. 1991 – 2001 എന്നീ വർഷങ്ങളിലെ സെൻസസ് പ്രകാരം രാജ്യത്തെ തിരഞ്ഞെടുത്ത ചില സംസ്ഥാനങ്ങളിലെ കുട്ടികളുടെ ലിംഗാനുപാതം താഴെ കൊടുത്തിരിക്കുന്നു.

**0–6 പ്രായഗ്രൂപ്പിൽ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും അനുപാതം (ആയിരത്തിൽ)**

| | 1991 | 2001 | 2011* |
|---|---|---|---|
| ഇന്ത്യ | 945 | 927 | 919 |
| പഞ്ചാബ് | 875 | 798 | 846 |
| ഹരിയാന | 879 | 819 | 834 |
| ഡൽഹി | 915 | 868 | 871 |
| ഗുജറാത്ത് | 928 | 883 | 890 |
| ഹിമാചൽപ്രദേശ് | 951 | 896 | 909 |

*സ്രോതസ്സ്: ഇന്ത്യ സെൻസസ് 2011 (www.pib.nic.in)

വ്യക്തിഗത കുടുംബങ്ങളിലേക്കു നോക്കുകയാണെങ്കിൽ ഈ പ്രശ്നത്തിന്റെ തീവ്രത മനസ്സിലാക്കാൻ സാധിക്കില്ല. സെൻസസ്, വലിയ തോതിലുള്ള സർവേ എന്നീ രീതികൾ ഉപയോഗിച്ച് മാത്രമേ ലിംഗാനുപാതം കണക്കാക്കാനും പ്രശ്നം തിരിച്ചറിയാനും സാധിക്കുകയുള്ളൂ.

സെൻസസ്, സർവേ എന്നീ മാർഗങ്ങൾ ഉപയോഗിച്ചു മാത്രം കണ്ടെത്താനാവുന്ന മറ്റു സാമൂഹികപ്രശ്നങ്ങൾ ഏതെല്ലാമെന്നു പറയാമോ?

### അഭിമുഖം (Interview)

സമൂഹശാസ്ത്രത്തിൽ വിവരശേഖരണത്തിന് വ്യാപകമായി ഉപയോഗിക്കുന്ന രീതിയാണ് അഭിമുഖം. വാമൊഴിയായി വിവരം ശേഖരിക്കുന്ന രീതിയാണിത്. അടിസ്ഥാനപരമായി ഗവേഷകരും പ്രതികർത്താക്കളും തമ്മിലുള്ള സംഭാഷണമാണ് അഭിമുഖം. അഭിമുഖത്തിന്റെ ഘടന അഥവാ രൂപം ലളിതമാണെങ്കിലും, ഒരു നല്ല അഭിമുഖസംഭാഷണം നടത്താൻ നല്ല പരിശീലനവും വൈദഗ്ധ്യവും ആവശ്യമാണ്. അഭിമുഖം രണ്ടു തരത്തിലുണ്ട്–ചിട്ടപ്പെടുത്തിയതും (Structured) ചിട്ടപ്പെടുത്താത്തതും (Unstructured).

ചിട്ടപ്പെടുത്തിയ അഭിമുഖം തികച്ചും ഔപചാരികമായ ഒന്നാണ്. സർവേ ചോദ്യാവലി ഉപയോഗിക്കുന്നതു പോലെയാണിത്തരം



അഭിമുഖങ്ങൾ. ഇതിൽ ചോദിക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങളും ക്രമവും ഗവേഷകൻ മുൻകൂട്ടി തയാറാക്കുന്നു. ഒരു നിശ്ചിത ക്രമമനുസരിച്ച് പ്രതികർത്താക്കളോട് ചോദ്യങ്ങൾ ചോദിക്കുന്നു. ചിട്ടപ്പെടുത്തിയ അഭിമുഖത്തിലൂടെ ലഭ്യമാകുന്ന വിവരങ്ങൾ കൂടുതൽ വിശ്വാസയോഗ്യമാണെന്ന് കരുതപ്പെടുന്നു.

ചിട്ടപ്പെടുത്താത്ത അഭിമുഖം അനൗപചാരികമായ ഒന്നാണ്. പങ്കാളിത്തനിരീക്ഷണ രീതിയിലെ പരസ്പരപ്രവർത്തനം പോലെയാണിത്. അഭിമുഖത്തിൽ ഗവേഷകരും പ്രതികർത്താക്കളാകുന്നവരും തമ്മിൽ അടുത്ത ബന്ധമുണ്ടായിരിക്കും. ഈ രീതിയുടെ ഏറ്റവും വലിയ മെച്ചം, അഭിമുഖത്തിന്റെ രൂപഘടനയിലുള്ള വഴക്കമാണ്. ഗവേഷകന് ഇഷ്ടമുള്ള ചോദ്യങ്ങൾ ചോദിക്കാനും ചോദ്യങ്ങളിൽ മാറ്റങ്ങൾ വരുത്താനും സ്വാതന്ത്ര്യമുണ്ട്. വ്യത്യസ്തമായ രീതിയിൽ വീണ്ടും ചോദിച്ച് കാര്യങ്ങൾ ഉറപ്പുവരുത്താം. സംഭാഷണത്തിന്റെ പുരോഗതിക്കനുസരിച്ച് വിഷയത്തിന്റെയും ചോദ്യങ്ങളുടെയും ക്രമങ്ങളിൽ മാറ്റങ്ങൾ വരുത്താം. വസ്തുതകൾ ലഭിക്കുന്നമുറയ്ക്ക് ചോദ്യങ്ങൾ വികസിപ്പിക്കാം. പ്രകോപനം സൃഷ്ടിക്കുന്ന ചോദ്യങ്ങൾ വെട്ടിച്ചുരുക്കുകയും മറ്റൊരവസരത്തിലേക്കു മാറ്റിവയ്ക്കുകയും ചെയ്യാം. ഇതെല്ലാം അഭിമുഖം നടന്നുകൊണ്ടിരിക്കുമ്പോൾതന്നെ ചെയ്യാവുന്ന കാര്യങ്ങളാണ്.

അഭിമുഖത്തിന് നേട്ടങ്ങളോട് ബന്ധപ്പെട്ടു കിടക്കുന്ന ചില കോട്ടങ്ങളുമുണ്ട്. അഭി മുഖത്തിന്റെ ഏറ്റവും വലിയ നേട്ടം അതിന്റെ വഴക്കമാണല്ലോ.

എന്നാൽ അതിന്റെ വഴക്കംതന്നെ പ്രതികർത്താവിന്റെ മാനസികാവസ്ഥയെ ബാധിച്ചേക്കാം. അഭിമുഖത്തിന്റെ രൂപഘടന അസ്ഥിരവും പ്രവചനാതീതവുമാണ്. അഭിമുഖം ഉദ്ദേശ്യമനുസരിച്ച് നടന്നില്ലെങ്കിൽ ദയനീയമായി പരാജയപ്പെടും.

അഭിമുഖം പലതരത്തിലുണ്ട് എന്നു സൂചിപ്പിച്ചല്ലോ. ചിലർ കർശനമായും ചിട്ടയായും നിശ്ചയിച്ച തരത്തിൽ അഭിമുഖം നടത്തുന്നു. മറ്റു ചിലർ ചിട്ടയില്ലാത്ത രൂപ ഘടനയാണ് ഉപയോഗിക്കുന്നത്. ചർച്ചാവിഷയങ്ങളുടെ ഒരു പട്ടിക തയാറാക്കി അവർ കാര്യങ്ങൾ അവതരിപ്പിക്കുന്നു. അഭിമുഖം രേഖപ്പെടുത്തുന്ന രീതിയിലും വ്യത്യാസങ്ങളുണ്ട്. സാഹചര്യങ്ങൾക്കും മുൻഗണനകൾക്കുമനുസരിച്ചണ് അഭിമുഖം രേഖപ്പെടുത്തുന്നത്. അഭിമുഖങ്ങളുടെ വീഡിയോ-ഓഡിയോ റെക്കോർഡിങ് നടത്തുന്നവരും അഭിമുഖസമയത്ത് വിശദമായ കുറിപ്പുകൾ എടുക്കുന്നവരും അഭിമുഖത്തിനുശേഷം അതിന്റെ റിപ്പോർട്ട് ഓർമയിൽനിന്ന് എടുത്തെഴുതുന്ന ഗവേഷകരുമുണ്ട്. ഓഡിയോ -വീഡിയോ റെക്കോർഡുകളുടെ ഉപയോഗവും എഴുത്തും ചിലപ്പോൾ പ്രതികർത്താക്കൾക്ക് അസ്വസ്ഥത സൃഷ്ടിച്ചേക്കാം. സംഭാഷണത്തിന്റെ ഒഴുക്കിനെ അത് ബാധിക്കാനും സാധ്യതയുണ്ട്. അങ്ങനെ വരുമ്പോൾ പ്രധാനപ്പെട്ട പല വിവരങ്ങളും ശ്രദ്ധിക്കാതെ വിട്ടുപോവുകയോ രേഖപ്പെടുത്താതെ പോവുകയോ ചെയ്യും. ചിലപ്പോൾ അഭിമുഖം നടത്തപ്പെടുന്ന ഭൗതികവും സാമൂഹികവുമായ സാഹചര്യങ്ങളാവും രേഖപ്പെടുത്തുന്ന രീതിയെ നിർണയിക്കുന്നത്.

പ്രസിദ്ധീകരിക്കുന്നതിനോ ഗവേഷണ റിപ്പോർട്ട് തയാറാക്കുന്നതിനോ നടത്തുന്ന അഭിമുഖം പിന്നീട് എഴുതുമ്പോൾ ദത്തത്തിൽ വലിയ വ്യത്യാസങ്ങളും ഉണ്ടാവാറുണ്ട്. ചില ഗവേഷകർ അഭിമുഖത്തിന്റെ കൈയെഴുത്തു

പ്രതി എഡിറ്റ് ചെയ്ത് ശുദ്ധമായ ഒരു ആഖ്യാനം അവതരിപ്പിക്കുന്നു. എന്നാൽ മറ്റു ചിലർ അഭിമുഖത്തിന്റെ തനിമ നിലനിർത്താനാണ് ശ്രമിക്കുക. അതിനാൽ ആത്മഗതങ്ങളും വിഷയത്തിൽ നിന്നുള്ള വ്യതിചലനവും അവർ റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നു.

അഭിമുഖം വിവരശേഖരണത്തിന് മാത്രമല്ല ഉപയോഗിക്കുന്നത്. നിരീക്ഷണം, സർവേ തുടങ്ങിയ മറ്റു രീതികളുടെ അനുബന്ധമായും അത് ഉപയോഗിക്കപ്പെടാറുണ്ട്. പങ്കാളിത്ത നിരീക്ഷണത്തിൽ പ്രധാന വിവരദാതാവുമായി നടത്തുന്ന ദീർഘമായ അഭിമുഖം പലപ്പോഴും വസ്തുതകൾക്ക് വ്യക്തത വരുത്താൻ സഹായിക്കുന്നു. അതുപോലെ സർവേയിലൂടെ കണ്ടെത്തുന്ന കാര്യങ്ങൾക്ക് അഭിമുഖങ്ങൾ ആഴവും വ്യക്തതയും വിശദാംശങ്ങളും നൽകുന്നു. എന്നിരുന്നാലും ഒരു അഭിമുഖത്തിന്റെ വിജയം ഗവേഷകരും പ്രതികർത്താവും തമ്മിലുള്ള വിശ്വാസത്തെയാണ് ആശ്രയിച്ചിരിക്കുന്നത്.



**അൽപ്പംകൂടി...**

പതിനാലാം നൂറ്റാണ്ടിനുമുമ്പ് കാര്യകാരണ (Cause - effect) ബന്ധത്തെയോ ഒന്ന് മറ്റൊന്നിന് കാരണമാണെന്ന യുക്തിബോധത്തോടുകൂടിയുള്ള നിലപാടുകളെയോ പരിഗണിച്ചിരുന്നില്ല. തെളിവുകൾ പരിശോധിക്കപ്പെടുകയോ പരിഗണിക്കുകയോ ചെയ്തിരുന്നില്ല. തെളിവ് എന്നു കണക്കാക്കിയിരുന്നത് കൂടുതൽ ആളുകൾ അംഗീകരിക്കുന്നതെന്താണോ, അതിനെ ആയിരുന്നു.

ശാസ്ത്രീയവിശദീകരണങ്ങൾ 'കാര്യകാരണം' എന്ന യുക്തിയെ ആശ്രയിച്ചു. അനുമാനങ്ങളെയും സുവ്യക്തമായി നിർവചിക്കപ്പെട്ട പദങ്ങളെയും പരിഗണിച്ചു. തെളിവുകൾ പരീക്ഷിക്കപ്പെടാമെന്ന ആശയത്തെ അംഗീകരിക്കുകയും ചെയ്തു. വായിക്കപ്പെടുന്ന ഗവേഷണപ്രബന്ധം (Research Report) വിശ്വാസ്യത ഉള്ളതാണോ എന്നറിയാൻ ശാസ്ത്രീയപ്രക്രിയയുടെ (Scientific Process) അടിസ്ഥാന പടവുകൾ (ഘട്ടങ്ങൾ) പിന്തുടർന്നുവോ എന്നു പരിശോധിക്കുകയും ചെയ്തു.

**ശാസ്ത്രീയപ്രക്രിയ**

1. പഠനവിഷയം തിരഞ്ഞെടുക്കൽ
2. ഈ വിഷയത്തെക്കുറിച്ച് മറ്റു ഗവേഷകർ കണ്ടെത്തിയത് എന്തെന്നു കണ്ടുപിടിക്കൽ.
3. ശരിയായ രീതിശാസ്ത്രം (Methodology) കണ്ടെത്തൽ.
4. ദത്തശേഖരണവും വിശകലനവും
5. കണ്ടെത്തിയവയെ മറ്റുള്ളവരുടെ കണ്ടെത്തലുമായി ബന്ധപ്പെടുത്തൽ.
6. പൊതുപരിശോധനയ്ക്കും വിമർശനങ്ങൾക്കും കണ്ടെത്തലുകൾ സമർപ്പിക്കൽ.

ഈ ശാസ്ത്രീയപഠന പ്രക്രിയകൾക്കു പുറമെ ഗവേഷണഫലങ്ങൾ പൊതുജനസമക്ഷം അവതരിപ്പിക്കുന്നതിനു മുമ്പ് പഠനത്തെക്കുറിച്ച് മൂന്നു ചോദ്യങ്ങൾക്ക് ഉത്തരവും കണ്ടെത്തണം.

1. എനിക്ക് ഇത് എങ്ങനെ അറിയാം?
2. അതുകൊണ്ട് എന്ത്? (എന്താണ് ഇതിന്റെ പ്രാധാന്യം? ഇതിനെക്കുറിച്ച് ആർക്കറിയാം?)
3. ഇപ്പോൾ എന്തു വേണം? (ഈ പുതിയ അറിവുകൊണ്ട് എന്തു ചെയ്യണം?)

***Reference***

Korgen. K.O. (*et al*) 2009. The Engaged Sociologist. USA, Pine Forge Press.



**കാനേഷുമാരി (ജനസംഖ്യാകണക്കെടുപ്പ്) (Census)**

ഒരു രാജ്യത്തെ/പ്രദേശത്തെ എല്ലാ മനുഷ്യരെയും സംബന്ധിച്ച സമഗ്രവിവരങ്ങൾ ശേഖരിക്കുന്ന പഠനരീതി.

**വംശാവലികളെക്കുറിച്ചുള്ള പഠനം (Geneology)**

തലമുറകളായി, ഒരു കുടുംബത്തിന്റെ ബന്ധുത്വത്തുടർച്ചയെ സൂചിപ്പിക്കുന്ന വംശവൃക്ഷരൂപരേഖ.

**പ്രതിരൂപേതര പിശക് (Non -sampling error)**

ഗവേഷണമാതൃകയിലോ ഗവേഷണരീതികളുടെ അവലംബത്തിലോ വന്നുചേരുന്ന തെറ്റുകൾ നിമിത്തം സർവേയിൽ കടന്നുകൂടുന്ന പിശകുകൾ.

**സമഷ്ടി/മൊത്തം ജനസംഖ്യ (Population)**

സാമൂഹിക സർവേക്കായി തിരഞ്ഞെടുക്കപ്പെടുന്ന മൊത്തം ജനസംഖ്യ.

**യാദൃച്ഛികവൽക്കരണം (Randomisation)**

ഒരു വലിയ യൂണിറ്റിൽനിന്ന് (സമൂഹം/ജനസംഖ്യ) ആകസ്മികമായി തിരഞ്ഞെടുക്കപ്പെടാൻ എല്ലാ പ്രതികർത്താക്കൾക്കും തുല്യസാധ്യത ഉറപ്പുവരുത്തുന്ന രീതി.

**സംഭവ്യത (Probability)**

ഒരു കൂട്ടത്തിൽനിന്ന് 'ഏതെങ്കിലും ഒന്ന്' തിരഞ്ഞെടുക്കപ്പെടാനുള്ള തുല്യമായ അവസരം.

**പ്രതിഫലനം (Reflexivity)**

സ്വയം നിരീക്ഷിക്കാനും വിലയിരുത്താനും ഗവേഷകനുള്ള കഴിവ്.

**പ്രതിരൂപം (Sample)**

ഒരു ജനസംഖ്യയുടെ/സംഘത്തിന്റെ പ്രത്യേകതകളുടെ, പ്രാതിനിധ്യസ്വഭാവമുള്ള ഒരു ചെറിയ ഭാഗം.

**പ്രതിരൂപങ്ങളിലെ പിശക് (Sampling Error)**

തിരഞ്ഞെടുക്കപ്പെടുന്ന ജനസംഖ്യയുടെ സവിശേഷതകളുടെ പ്രാതിനിധ്യസ്വഭാവമുള്ള ഒന്നായിരിക്കും സാമ്പിൾ. എന്നാൽ ഒരു വലിയ ഗ്രൂപ്പിൽനിന്ന് സാമ്പിൾ എടുക്കുമ്പോൾ ചെറിയ ചില വ്യത്യാസങ്ങൾ സംഭവിക്കാം. ഈ വ്യത്യാസങ്ങളെയാണ് സാമ്പ്ളിങ് പിശക് എന്നു പറയുന്നത്.



1. സമൂഹശാസ്ത്രത്തിൽ 'ശാസ്ത്രീയരീതി' (Scientific method) പ്രത്യേക പ്രാധാന്യമർഹിക്കുന്നതെന്തുകൊണ്ട്?
2. സാമൂഹ്യശാസ്ത്രങ്ങളിൽ (Social sciences) പ്രത്യേകിച്ച്, സമൂഹശാസ്ത്രം പോലൊരു പഠനശാഖയിൽ 'വസ്തുനിഷ്ഠത' (Objectivity) ഉറപ്പാക്കുക എന്നത് ഏറെ സങ്കീർണമായ പ്രക്രിയയാണ്. അതിനുള്ള കാരണങ്ങൾ വിശദമാക്കുക.

   സമൂഹശാസ്ത്രജ്ഞർ എങ്ങനെയാണ് ഇത്തരം ബുദ്ധിമുട്ടുകൾ മറികടന്നുകൊണ്ട് വസ്തുനിഷ്ഠത കൈവരിക്കാൻ ശ്രമിക്കുന്നത്?
3. പ്രതിഫലനം (Reflexivity) എന്നാൽ എന്താണ്? സമൂഹശാസ്ത്രത്തിൽ അതിനുള്ള പ്രാധാന്യം വിശദമാക്കുക.
4. പങ്കാളിത്തനിരീക്ഷണം (Participant observation) നടത്തുമ്പോൾ നരവംശ ശാസ്ത്രജ്ഞരും സമൂഹശാസ്ത്രജ്ഞരും ശ്രദ്ധിക്കുന്ന പ്രധാന കാര്യങ്ങളെന്തെല്ലാമാണ്?
5. ഒരു ഗവേഷണരീതി എന്ന നിലയിൽ പങ്കാളിത്തനിരീക്ഷണത്തിന്റെ ശക്തികളും ദൗർബല്യങ്ങളും വിവരിക്കുക.
6. സർവേരീതിയുടെ അടിസ്ഥാനഘടകങ്ങൾ എന്തെല്ലാമാണ്? ഈ രീതിയുടെ മുഖ്യനേട്ടം വിശദമാക്കുക.
7. പ്രാതിനിധ്യ സാമ്പിളുകൾ (Representative Samples) തിരഞ്ഞെടുക്കുന്നതിനുള്ള ചില മാനദണ്ഡങ്ങൾ വിവരിക്കുക.
8. സർവേരീതിയുടെ പോരായ്മകൾ ചൂണ്ടിക്കാണിക്കുക.
9. ഒരു ഗവേഷണരീതിയെന്ന നിലയിൽ അഭിമുഖത്തിന്റെ പ്രധാന സവിശേഷതകൾ വിവരിക്കുക.




Bauman, Zygmunt. 1990. *Thinking Sociologically*. Basil Blackwell, Oxford University Press, New Delhi.

Becker, Howard S. 1970. *Sociological Work : Method and Substance*. The Penguin Press, Allen Lane.

Beteille, Andre and Madan, T.N. ed. 1975. *Encounter and experience : Personal Accounts of Fieldwork*. Vikas Publishing House, Delhi.

Burgess, Robert G. ed. 1982. *Field Research : A Sourcebook and Field Manual*. George Allen and Unwin, London.

Coser, Lewis. Rhea, A.B. Steffan, P.A. and Nock, S.L. 1983. *Introduction to Sociology*. Harcourt Brace Johanovich, New York.

Srinivas. M.N. Shah, A.M. and Ramaswamy, E.A. ed. 2002. *The Fieldworker and the Field : Problems and Challenges in Sociological Investigation*. 2nd Edition, Oxford University Press, New Delhi.